# ബൈബിൾഭാഷ്യം

രക്ഷ–പഴയനിയമത്തിൽ

ഫാ. കെ. എം. അലക്സാണ്ടർ

ജനതകളുടെ പരിത്രാണം: പഴയനിയമത്തിൽ

പ്രൊഫ. വാൻ ദെ വാല്ലെ എസ്. ജെ.

ദൈവരാജ്യം

ഡോ. സേവ്യർ കൂടപ്പുഴ

രക്ഷ–സെൻറ് പോളിൻെറ വീക്ഷണത്തിൽ

പ്രൊഫ. സീൻ കെല്ലഹർ

യേശുവിൻെറ ശൈശവം

ഡോ. ജോർജ്ജ് മങ്ങാട്ട്



1972

ഡിസംബർ

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

## എഡിറേറാറിയൽ ബോർഡ്

ചീഫ് എഡിററർ

ഡോ. ജോർജ്ജ് പുന്നക്കോട്ടിൽ

അസോ. എഡിറേറഴ്സ്

ഡോ. ജോർജ്ജ് മങ്ങാട്ട്

ഡോ. മാത്യു വെള്ളാനിക്കൽ

മാനേജർ

ഫാ. ജോസഫ് പാമ്പാറ എം. എ.

www.malankaralibrary.com

## വരിക്കാരുടെ ശ്രദ്ധയ്ക്ക്

1. ബൈബിൾഭാഷ്യം മാർച്ച്, ജൂൺ, സെപ്റ്റംബർ, ഡിസംബർ മാസങ്ങളിലാണ് പ്രസിദ്ധീകരിക്കുക.
2. ലേഖകരുടെ വ്യക്തിപരമായ അഭിപ്രായങ്ങൾ പത്രാധിപസമിതി അംഗീകരിക്കുന്നതാകണമെന്നില്ല.
3. പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ, പകരം അയയ്ക്കുന്ന പ്രസിദ്ധീകരണങ്ങൾ, നിരൂപണത്തിനുള്ള ഗ്രന്ഥങ്ങൾ, അന്വേഷണങ്ങൾ, അഭിപ്രായങ്ങൾ എന്നിവ ചീഫ് എഡിറ്റർ, ബൈബിൾഭാഷ്യം പി. ബി. 1. കോട്ടയം—10 എന്ന വിലാസത്തിൽ അയയ്ക്കുക.
4. വരിസംഖ്യ മുൻകൂർ, മണിയോർഡറായി അയയ്ക്കുക. ചെക്കുകൾ സ്വീകരിക്കുന്നതല്ല.
5. കത്തിടപാടുകളിൽ രജിസ്റ്റർ നമ്പർ പ്രത്യേകം കാണിച്ചിരിക്കണം:

മേൽവിലാസം:
മാനേജർ
ബൈബിൾഭാഷ്യം
പി. ബി. 1
കോട്ടയം—10

വാർഷികവരിസംഖ്യ 5 ക.
ഒററപ്രതി 1.25 ക.

www.malankaralibrary.com

ബൈബിൾ വിജ്ഞാനീയത്തിന്
ഒരു ത്രൈമാസികം

# ബൈബിൾഭാഷ്യം


| | പേജ് |
|---|---|
| രക്ഷ—പഴയനിയമത്തിൽ<br>ഫാ. കെ. എം. അലക്സാണ്ടർ | 339 |
| ജനതകളുടെ പരിത്രാണം: പഴയനിയമത്തിൽ<br>പ്രൊഫ. വാൻ ദെ വാല്ലെ എസ്. ജെ. | 350 |
| ദൈവരാജ്യം<br>ഡോ. സേവ്യർ കൂടപ്പുഴ | 364 |
| രക്ഷ—സെൻറ് പോളിൻെറ വീക്ഷണത്തിൽ<br>പ്രൊ. സീൻ കെല്ലഹർ | 383 |
| യേശുവിൻെറ ശൈശവം<br>ഡോ. ജോർജ്ജ് മങ്ങാട്ട് | 410 |
| വിഷയസൂചിക | 436 |


വാല്യം 1 ലക്കം 4

ഡിസംബർ 1972

സെൻറ് തോമസ് അപ്പസ്തോലിക്
സെമ്മിനാരി.
പി. ബി. 1
കോട്ടയം–10

www.malankaralibrary.com

# അവതരണക്കുറിപ്പ്

ബൈബിളിലെ ചില പ്രമുഖ ആശയങ്ങളായിരുന്നു കഴിഞ്ഞ ലക്കങ്ങളിലെ പ്രതിപാദ്യം. മറെറാരു മുഖ്യപ്രമേയമായ 'രക്ഷ'യാണ് ഇത്തവണ ഞങ്ങൾ തിരഞ്ഞെടുത്തിരിക്കുന്നത്. ബൈബിളിൻെറ പ്രതിപാദ്യം 'രക്ഷാചരിത്ര'മാണെന്നു സാമാന്യമായി പറയാം. ദൈവം രക്ഷ സജ്ജമാക്കുന്നതും, ക്രിസ്തുവിലൂടെ രക്ഷ പ്രദാനംചെയ്യുന്നതും, ക്രിസ്തുവിൻെറ രണ്ടാമത്തെ ആഗമനത്തോടെയുള്ള രക്ഷയുടെ പരിപൂർത്തീകരണവുമാണ് ബൈബിളിൻെറ ഉള്ളടക്കം. ചുരുക്കത്തിൽ രക്ഷയ്ക്കായുള്ള കാത്തിരിപ്പും, രക്ഷാപ്രാപ്തിയുമാണ്.

പഴയനിയമത്തിൽ വളരെ വിശാലമായ അർത്ഥത്തിലാണ് 'രക്ഷ'യെന്ന പദം പ്രയോഗിച്ചിരിക്കുന്നത്. വ്യക്തികൾക്കും ജനത്തിനു പൊതുവേയും നേരിടുന്ന അപകടങ്ങളിൽനിന്നുള്ള മോചനത്തിന് കേവലാർത്ഥത്തിൽ രക്ഷയെന്നു പറയുന്നു. വ്യക്തികളുടെ രക്ഷയായാലും, ജനത്തിൻെറ രക്ഷയായാലും രക്ഷകൻ ദൈവമാണ്. 'രക്ഷകൻ' എന്നത് അവിടുത്തെ സംജ്ഞയും.

ഇസ്രായേൽജനം ദൈവത്തിൻെറ തെരഞ്ഞെടുക്കപ്പെട്ട ജനമാകയാൽ 'രക്ഷ' യെന്ന ആശയത്തിൻെറ വ്യാപ്തി കേവലം ഭൗതികാർത്ഥത്തിൽ ഒതുങ്ങിനിൽക്കുന്നില്ല. ദൈവജനത്തിൻെറ 'വിമോചന'ത്തിന് ആദ്ധ്യാത്മികമായ അർത്ഥവിവക്ഷയുണ്ട്. ദൈവജനത്തിൻെറ ഭാഗധേയം ദൈവത്തിൻെറ രക്ഷാകരപദ്ധതിയുടെ ഭാഗമാകയാൽ ജനത്തിൻെറ രക്ഷ ആ ദൈവികപദ്ധതിയിൽപ്പെടും. ഭൗതികമായ രക്ഷയും ഭാവിയിലെ രക്ഷയ്ക്കുകളമൊരുക്കുകയാണ്. ഭാവിയിലെ രക്ഷാകരസംഭവത്തിലേയ്ക്കുള്ള മറെറാരു കാൽവയ്പാണത്.

ഇസ്രായേൽ ജനത്തിൻെറ ജീവിതത്തിലെ നിർണ്ണായകമായ അനുഭവമായിരുന്ന ഈജിപ്തിൽനിന്നുള്ള പുറപ്പാട്: അതു കേവലമൊരു വിമോചനമല്ല, ദൈവജനത്തിൻെറ സ്വാതന്ത്ര്യപ്രാപ്തിയാണ്, രക്ഷയാണ്. ഇതുവഴി ദൈവജനത്തിൻെറ

www.malankaralibrary.com

ശത്രുവിനെ പരാജയപ്പെടുത്തിക്കൊണ്ട് ദൈവം അവക്കു വിജയമേകി. സമാധാനപൂർണ്ണമായ ഒരു ജീവിതത്തിനു വഴിയൊരുക്കി. ഭാവിരക്ഷയെ ഈ സംഭവത്തിൻെറ വെളിച്ചത്തിലാണ് ഇസ്രായേൽ ജനം മനസ്സിലാക്കിയതു്. പ്രവാചകന്മാർ പുറപ്പാടിൻെറ പ്രതിരൂപമുപയോഗിച്ചാണ് ഭാവിരക്ഷയെ ചിത്രീകരിക്കുന്നതു്.

കാലം ചെല്ലുന്തോറും ഇസ്രായേൽ ജനം രക്ഷയെ കൂടുതൽ കൂടുതൽ ആദ്ധ്യാത്മികമായ അത്ഥത്തിൽ മനസ്സിലാക്കാൻ തുടങ്ങി. പ്രവാചകവീക്ഷണത്തിൽ രക്ഷ കേവലം അടിമത്തത്തിൽനിന്നുള്ള വിമോചനമോ ശത്രുഭയത്തിൽ നിന്നുള്ള രക്ഷയോ അല്ല. ഭൗതികാനുഗ്രഹങ്ങളിൽ രക്ഷ ഒതുങ്ങി നിൽക്കുന്നുമില്ല. രക്ഷയ്ക്കു് ആദ്ധ്യാത്മികമായ ഒരത്ഥമുണ്ട്. മെസയാനികയുഗത്തിൽ നടക്കുവാൻ പോകുന്ന പരിത്രാണത്തെ ദ്യോതിപ്പിക്കുവാൻ പ്രവാചകന്മാർ 'രക്ഷ'യെന്ന പദം ഉപയോഗിക്കുന്നു. പാപത്തിൽനിന്നുള്ള വിമോചനം ഇതിൻെറ ഭാഗമാണ്. പശ്ചാത്താപവും ഹൃദയപരിവത്തനവുംവഴി ദൈവത്തോടുള്ള ബന്ധം പുന:സ്ഥാപിതമാകും. ദൈവത്തിൻെറ കൃപാവരവർഷവും സവ്വവിധ മെസയാനികദാനങ്ങളും ഈ രക്ഷയുടെ ഭാവാത്മകവശങ്ങളാണ്. ഇങ്ങനെ രക്ഷയെന്ന പദം മെസയാനികയുഗത്തിൽ ലഭിക്കുവാൻ പോകുന്ന രക്ഷയുടെ സംജ്ഞയായി മാറി.

രക്ഷയെ ആദ്ധ്യാത്മികാത്ഥത്തിൽ മനസ്സിലാക്കുന്നതോടെ രക്ഷയുടെ വ്യാപ്തിയും പ്രവാചകന്മാരുടെ ചിന്താവിഷയമാകുന്നു. രക്ഷ ഇസ്രായേൽ ജനത്തിനു് മാത്രമാണോ? യഹ്വേ ഇസ്രായേലിൻെറ മാത്രം ദൈവമാണോ? വിജാതീയക്കും ദൈവികദാനങ്ങളിൽ ഭാഗഭാഗിത്വം ലഭിക്കുമോ? വിപ്രവാസാനന്തരമുള്ള കൃതികളിൽ ഈ പ്രശ്നത്തിനു് പ്രത്യേക പ്രാധാന്യം ലഭിക്കുന്നുണ്ട്. തിരഞ്ഞെടുപ്പും അതിൻെറ സൽഫലങ്ങളും ഇസ്രായേലിനു മാത്രമാണെന്നും, അതല്ല ദൈവം ഇസ്രായേല്യരുടേയും വിജാതീയരുടേയും ദൈവമാകയാൽ ഇവരും കാരുണ്യഭാജനമാകുമെന്നും, ഇസ്രായേൽ വിജാതീയക്ക് പ്രകാശമായിരിക്കണമെന്നും രണ്ടഭിപ്രായങ്ങൾ ഇസ്രായേല്യരുടെയിടയിലുണ്ടായി. രണ്ടാം ഏശയ്യായും (ഏശ 40–55), റൂത്തും, യോനായും ഇതിൽ രണ്ടാമത്തെ അഭിപ്രായത്തെ പ്രതിനിധാനം ചെയ്യുന്നു.

www.malankaralibrary.com

പുതിയ നിയമത്തിലേയ്ക്കു കടന്നാൽ രക്ഷ യേശുവിന്റെ വ്യക്തിത്വവുമായി അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. യേശുവെന്ന പേരിന്റെ അർത്ഥംതന്നെ 'രക്ഷകനെ'ന്നാണ് (മത്താ 1:21) ആട്ടിടയന്മാരെ 'രക്ഷകന്റെ' ജനനവാർത്ത ദൈവദൂതന്മാർ അറിയിക്കുന്നു. യേശുവിന്റെ ജനനോദ്ദേശ്യം മാനവരക്ഷയാണ്. യേശുവിന്റെ ജനനംവഴി പ്രതീക്ഷാവിഷയമായിരുന്ന രക്ഷാകരയുഗം ഉദയംചെയ്തു. ഈ വസ്തുത യേശുവിന്റെ ശൈശവചരിത്രത്തിൽനിന്ന് ആവോളം വ്യക്തമാണ്. യേശു രോഗങ്ങൾ സൗഖ്യമാക്കിക്കൊണ്ടും, പിശാചുക്കളെ പുറത്താക്കിക്കൊണ്ടും, തിന്മയുടെ ശക്തിയിൽനിന്ന് മനുഷ്യനെ രക്ഷിക്കുന്നയാളായി സ്വയം അവതരിപ്പിച്ചു. പാപങ്ങൾ ക്ഷമിച്ചുകൊണ്ട്, നഷ്ടപ്പെട്ടതിനെ അന്വേഷിച്ചുകൊണ്ട്, അവിടുന്ന് രക്ഷാകൃത്യം നിർവഹിക്കുന്നു. പലപ്പോഴും ദൈവരാജ്യത്തിന്റെ പ്രതീകമുപയോഗിച്ചാണ് യേശു രക്ഷയെ ചിത്രീകരിക്കുന്നത്. യേശു അറിയിക്കുന്ന രാജ്യത്തിന്റെ സുവിശേഷം 'രക്ഷയുടെ സദ്വാർത്ത'യാണ്. ആ സന്ദേശം സ്വീകരിച്ച് രാജ്യത്തിൽ പ്രവേശിക്കുക രക്ഷാപ്രാപ്തിക്കുള്ള മാർഗ്ഗമാണ്. ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതുവഴി മനുഷ്യൻ തിന്മയുടെ ശക്തിയിൽനിന്ന് വിമോചിതനാകുന്നു. ദൈവാധിപത്യത്തിന് വിധേയനാകുന്നു. അങ്ങനെ രക്ഷ ദൈവരാജ്യപ്രവേശനവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. എങ്കിലും ദൈവരാജ്യം ഇപ്പോൾ പരിപൂർണ്ണമല്ലാത്തതുപോലെ രക്ഷയും പൂർണ്ണമല്ല. യുഗാന്ത്യത്തിലാണ് ദൈവരാജ്യം പൂർത്തീകരിക്കപ്പെടുക. അന്നാണ് രക്ഷ പൂർണ്ണമാകുന്നതും.

രക്ഷയെന്നും, രക്ഷിക്കുകയെന്നുമുള്ള പദങ്ങൾ പുതിയ നിയമത്തിൽ ഏററവുമധികം പ്രയോഗിച്ചിട്ടുള്ളത് വി. പൗലോസ് അപ്പസ്തോലനാണ്. വി. പൗലോസിന്റെ ദർശനത്തിലെ മുഖ്യ ആശയങ്ങളിലൊന്നാണ് രക്ഷ. രക്ഷയ്ക്ക് ഭാവാത്മകവും നിഷേധാത്മകവുമായ രണ്ടു വശങ്ങളുണ്ട്. നിഷേധാത്മകാർത്ഥത്തിൽ രക്ഷ പാപത്തിൽനിന്നും പാപത്തിന്റെ അനന്തരഫലമായ മരണത്തിൽനിന്നുമുള്ള വിമോചനമാണ്. നിയമം, ജഡം എന്നിവയുടെ ആധിപത്യത്തിൽനിന്നുള്ള സ്വാതന്ത്ര്യവും ഇതിൽ ഉൾപ്പെടും. ഭാവാത്മകാർത്ഥത്തിൽ യേശുവഴി ലഭിക്കുന്ന സർവ്വദാനങ്ങളേയും ഈ പദം സൂചിപ്പിക്കുന്നു.

www.malankaralibrary.com

സുവിശേഷത്തിന്റെ സൽഫലങ്ങളെ രക്ഷയെന്നു പറയാം. പാപവിമോചനവും, ആന്തരികനവീകരണവും, പരിശുദ്ധാത്മാദാനവും, ദൈവപുത്രസ്ഥാനവുമെല്ലാം രക്ഷയുടെ ഭാവാത്മകവശങ്ങളാണ്. എന്നാൽ രക്ഷ അന്ത്യാത്മകവുമാണ്. അതു് പൂർത്തീകരിക്കപ്പെടേണ്ടതു് ശരീരങ്ങളുടെ ഉത്ഥാനത്തിലും ദൈവജനത്തിന്റെ നിത്യസൗഭാഗ്യാനുഭവത്തിലുമാണ്. തന്മൂലം രക്ഷ ഒരു ഭാവിസംഭവവുംകൂടിയാണ്. ഇതിനകം ആരംഭിച്ചുകഴിഞ്ഞതും, ഈ സമയം നടന്നുകൊണ്ടിരിക്കുന്നതും എന്നാൽ ഭാവിയിൽ പൂർത്തീകരിക്കപ്പെടേണ്ടതുമാണ് രക്ഷ.

രക്ഷയെന്ന സുപ്രധാനവിഷയത്തെപ്പററി മുഖ്യമായി നാലു ലേഖനങ്ങളാണ് ഈ ലക്കത്തിലുള്ളതു്. ആദ്യത്തെ രണ്ടു ലേഖനങ്ങൾ രക്ഷയെ സംബന്ധിച്ച പഴയനിയമപ്രബോധനം ചർച്ച ചെയ്യുന്നു. ഈ വിഷയത്തെപ്പററിയുള്ള സമാന്തരസുവിശേഷങ്ങളുടെ വീക്ഷണവും വി. പൗലോസിന്റെ വിചിന്തനവുമാണ് തുടർന്നുള്ള രണ്ടു ലേഖനങ്ങളിൽ. യേശുവിന്റെ ജനന, ശൈശവതവിവരണങ്ങളിൽതന്നെ അവിടുത്തെ രക്ഷാകരദൌത്യത്തിന്റെ സൂചനകൾ വേണ്ടുവോളമുണ്ടു്. ഈ ശൈശവചരിത്രമാണ് അടുത്ത ലേഖനത്തിന്റെ ഉള്ളടക്കം.

ഈ ലക്കത്തോടെ ഭാഷ്യത്തിനു് ഒരു വയസ്സ് പൂർത്തിയാകുകയാണ്. ബൈബിൾ പഠിതാക്കളുടെ ഉദാരമായ പിന്തുണയും പ്രോത്സാഹനവും ഭാഷ്യത്തിനു് ലഭിക്കുന്നുണ്ടെന്ന വസ്തുത ഈ അവസരത്തിൽ ഞങ്ങൾ കൃതജ്ഞതയോടും സന്തോഷത്തോടുംകൂടെ അനുസ്മരിക്കുന്നു. ഈ സഹായസഹകരണങ്ങൾ തുടർന്നും ലഭിക്കുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. ഭാഷ്യത്തിന്റെ വരിക്കാർക്കും, വായനക്കാർക്കും അഭ്യുദയകാംക്ഷികൾക്കും ക്രിസ്മസ് മംഗളങ്ങൾ.

പത്രാധിപർ

www.malankaralibrary.com

# രക്ഷ_പഴയനിയമത്തിൽ

മററു പല പുതിയനിയമപദങ്ങളുടേതുമെന്നപോലെ രക്ഷയുടെയും പിന്നിലുള്ളതു് പഴയനിയമപ്രബോധനവും പദപ്രയോഗവുമാണു്. പഴയനിയമത്തിൽ രക്ഷയെന്ന പദം പലപ്പോഴും ലൗകികാർത്ഥത്തിൽ വ്യക്തികളുടേയും രാജ്യത്തിൻേറയും രക്ഷയെ വിവക്ഷിക്കുന്നതിനു് ഉപയോഗിക്കുന്നുണ്ടു്. എങ്കിലും ഇസ്രായേൽ ജനത്തിൻെറ ഈജിപ്തിൽനിന്നുള്ള വിമോചനമാണു് ജനത്തിൻെറ ജീവിതത്തിലെ രക്ഷാകരസംഭവം. ഇതു് മെസയാനികയുഗത്തിലെ രക്ഷയുടെ പ്രതിരൂപവുമാണു്. രക്ഷയെപ്പററിയുള്ള പഴയനിയമപ്രബോധനമാണു് ഈ ലേഖനത്തിൻെറ ഉള്ളടക്കം.

ഒരർത്ഥത്തിൽ എല്ലാ മതങ്ങളുടെയും ആത്യന്തികലക്ഷ്യം രക്ഷയാണെന്നു പറയാം. ബൈബിൾ ഒരു വസ്തുത വിളംബരം ചെയ്യുന്നു: ദൈവം തൻെറ ജനത്തെ നാശത്തിൽനിന്നു രക്ഷിച്ചു. ദൈവം രക്ഷയുടെ ദൈവമാണു്. പഴയനിയമത്തിൻേറയും പുതിയനിയമത്തിൻേറയും പ്രമേയം ഇതുതന്നെ. ദൈവം സ്വന്തം ജനതയെ രക്ഷിച്ചു; രക്ഷിക്കും. ബൈബിൾ വീക്ഷണത്തിൽ രക്ഷ ചരിത്രപരവും യുഗാന്തോന്മുഖവുമായ ഒരു യാഥാർത്ഥ്യമാണു്. മററു വാക്കുകളിൽ പറഞ്ഞാൽ ബൈബിൾ മുഴുവൻേറയും മർമ്മപ്രധാനമായ വിഷയം രക്ഷയാണു്.

## പ്രയുക്തപദങ്ങൾ

a) യാഷ: 'വിമോചിക്കുക' എന്നാണു് ഈ മൂലത്തിൻെറ അർത്ഥം. ഇതിൽനിന്നത്രേ 'യേശു'വെന്ന പദത്തിൻെറ ഉത്ഭവം. ന്യായാധിപന്മാർ 3:9,15 എന്നീ വാക്യങ്ങളിൽ ഈ പദം പ്രത്യക്ഷപ്പെടുന്നു.[1]

b) ഗാ അൽ: പഞ്ചഗ്രന്ഥിയിൽ ഈ പദം പ്രയോഗിക്കുമ്പോഴെല്ലാം കുടുംബബന്ധങ്ങളുടെ തലത്തിൽ വരുന്ന കാര്യങ്ങളാണു്

1 'രക്ഷ', 'രക്ഷിക്കുക', 'രക്ഷകൻ' എന്നിവയെ സൂചിപ്പിക്കുവാൻ ലുത്രോൺ (Lutron) എന്ന വാക്കാണു് സപ്തതിയിൽ പ്രയോഗിച്ചിരിക്കുന്നതു്. 'ലുത്രോൺ' എന്ന ഗ്രീക്കു പദം 'ഗാ അൽ', 'പാദ' എന്നീ ഹീബ്രു മൂലങ്ങളിൽനിന്നു വരുന്നു.

www.malankaralibrary.com

സൂചിതമായിരിക്കുന്നതു്. ബന്ധുവിനെ തുണയ്ക്കുന്ന പ്രവൃത്തിയാണു് ഈ വാക്കിനാൽ വിവക്ഷിതം.

1) രക്തച്ചൊരിച്ചിലുണ്ടാവുന്ന സന്ദർഭത്തിൽ: രക്തത്തിനു് പ്രതികാരം ചെയ്യുന്നവൻ (ഗോഎൻ) കുടുംബത്തിന്റെ മാനം കാക്കുന്നു (സംഖ്യ 35:12; ആവർത്തനം 19:6,12; ജോഷ്വാ 20: 3,5,9; 2 സാമുവൽ 14:11).

2) കുടുംബം അന്യംനിന്നുപോകുന്ന സന്ദർഭത്തിൽ: സന്താനമില്ലാതെ മരിച്ച ആളിന്റെ വിധവയെ അയാളുടെ സഹോദരൻ ഭാര്യയായി സ്വീകരിച്ചുകൊണ്ടു് സഹോദരന്റെ പേരിൽ സന്താനങ്ങളെ ജനിപ്പിക്കുന്നതു് ഇതിനുദാഹരണമാണു്.

3) ഭൂമിയുടെ ഉടമസ്ഥാവകാശം അന്യരുടെ കയ്യിലകപ്പെടുന്ന സന്ദർഭത്തിൽ; 'ഗാഅൽ' ശബ്ദം വീണ്ടെടുക്കുക എന്ന അർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു (ലേവ്യർ 25:26,33).

4) ഒരു കുടുംബാംഗം അടിമയാകുന്ന സന്ദർഭത്തിൽ; അയാളെ തിരിച്ചുവാങ്ങുന്നതിനേയും ഈ പദം സൂചിപ്പിക്കുന്നു (ലേവ്യർ 25:48ff).

ബന്ധുവിനെപ്പോലെ പ്രവർത്തിക്കുക, കുടുംബത്തിനു നഷ്ടമായിപ്പോകുന്നതിനെ വീണ്ടെടുക്കുകയെന്നതാണു് ഈ പദത്തിന്റെ മൂലാർത്ഥം. ധർമ്മമനുഷ്ഠിച്ചുകൊണ്ടു് അയാൾ ബന്ധുവായി വർത്തിക്കുന്നു.

40 തവണ 'യഹ്‌വേ' കർത്താവായി ഈ ക്രിയ പ്രയോഗിച്ചിട്ടുണ്ടു്. തന്മൂലം തന്റെ ജനത്തിന്റെ ഏററവും വലിയ ബന്ധുവും വിമോചകനും യഹ്‌വേയാണു്. അവിടുന്നു് അവരെ ബുദ്ധിമുട്ടുകളിൽ സഹായിക്കുന്നു; അപകടങ്ങൾ നേരിട്ടപ്പോൾ രക്ഷിക്കുന്നു. രണ്ടാം ഏശയ്യായുടെ പുസ്തകത്തിൽ (Deutero-Isaiah) യഹ്‌വേ ഇസ്രായേലിന്റെ രക്ഷകനാണെന്നു വ്യക്തമായിപ്പറഞ്ഞിരിക്കുന്നു (ഏശ. 41:14; 43:14). ഈജിപ്തിലേയും ബാബിലോണിലേയും അടിമത്തങ്ങളിൽനിന്നുള്ള വിമോചനത്തെ സൂചിപ്പിക്കുവാൻ ഈ പദം പലപ്പോഴും പ്രയോഗിച്ചിട്ടുണ്ടു്. യഹ്‌വേ 'രക്ഷക'നായും അവിടുത്തെ ജനം 'രക്ഷിത'രായും ചിത്രീകരിക്കപ്പെട്ടിരിക്കുന്നു (ഏശ.40:66). രാഷ്ട്രീയവിമോചനത്തിൽ ഒതുങ്ങിനില്ക്കുന്നതല്ല യഹ്‌വേയുടെ

www.malankaralibrary.com

രക്ഷാകരപ്രവൃത്തി. വ്യക്തികളെ തിന്മയിൽനിന്നും മോചിക്കുന്നതും വിശുദ്ധരെ സദാ രക്ഷിക്കുന്നതും അതിൽപ്പെടുന്നു (സൃഷ്ടി 48:16; സങ്കീ 69:19, സുഭാ 23:11)

യഹ്‌വേ കർത്താവായിരിക്കുമ്പോൾ 'ഗാഅൽ' ശബ്ദത്തിന്റെ അർത്ഥം 'സ്വാതന്ത്ര്യമാക്കുക'; 'വിമോചിക്കുക'; 'മുക്തി നൽകുക' എന്നൊക്കെയാണ്. 'തിരികെ വാങ്ങുക' യെന്ന ആശയം അതിലില്ല.

c) പാദാ: ഗാഅൽ ശബ്ദം കുടുംബത്തിനോടും രാഷ്ട്രീയ നിയമങ്ങളോടും ബന്ധപ്പെട്ടതാണെങ്കിൽ വ്യാപാരതലത്തിലാണ് പാദായെന്ന പദം പ്രത്യക്ഷപ്പെടുന്നത്. അതിൽ ബന്ധുത്വത്തിൽനിന്ന് ഉയിർക്കൊള്ളുന്ന കടമകൾ സൂചിതമല്ല. യഹ്‌വേ കർത്താവായി 35 തവണ 'പാദാ' പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. ഈജിപ്തിൽനിന്നുള്ള വിമോചനത്തെക്കുറിക്കുവാൻ പലപ്പോഴും ഇതുപയോഗിച്ചിട്ടുണ്ടെങ്കിലും വിപ്രവാസത്തിൽ നിന്നുള്ള വിമോചനത്തെ കാണിക്കുവാൻ ഇത് അധികം പ്രയോഗിച്ചു കാണുന്നില്ല. എന്തിൽനിന്ന് എന്ന കാര്യം വ്യക്തമാക്കാതെ, ഇസ്രായേൽക്കാരുടെ വിമോചനത്തെ പൊതുവിൽ സൂചിപ്പിക്കുവാനും ചിലപ്പോൾ 'പാദാ' പ്രയോഗിച്ചിട്ടുണ്ട് (ആവ. 21:8; നെഹ. 1:10).

പാദാ ശബ്ദം സൂചിപ്പിക്കുന്ന വിമോചനം തിന്മയിൽ നിന്നോ വിപത്തുകളിൽനിന്നോ ഉള്ളതാകാം. (സങ്കീ. 25:22; 130:8) ഇത് രാഷ്ട്രത്തെയെന്നതിനേക്കാൾ വ്യക്തിയേയാണ് സ്പർശിക്കുന്നത് (2 സാമു 4:9). ഈ പദപ്രയോഗത്തിൽ വിമോചനമെന്ന ആശയമാണ് പ്രധാനം. വിലകൊടുത്തുള്ള 'വീണ്ടെടുക്കൽ' അപ്രധാനമത്രെ. 'ചാവുകടൽ ചുരുളുകൾ' (Dead Sea Scrolls) എന്നറിയപ്പെടുന്ന കുമ്രാൻ രേഖകളിൽ 'പാദോത്ത്' എന്ന നാമരൂപം അനേകതവണ കാണുന്നുണ്ടെങ്കിലും അതിനൊരിക്കലും 'വീണ്ടെടുക്കൽ' എന്നർത്ഥമില്ല.

പഴയനിയമത്തിലും യഹൂദമതാചാര്യന്മാരുടെ (റബ്ബി) ഗ്രന്ഥങ്ങളിലും ഗാഅൽ എന്ന പദമാണ് രക്ഷയെ സൂചിപ്പിക്കുവാൻ മുഖ്യമായും ഉപയോഗിച്ചിട്ടുള്ളത്. ബന്ധുത്വം, വീണ്ടെടുക്കൽ എന്നീ ആശയങ്ങൾ രക്ഷയെപ്പററിയുള്ള യഹൂദധാരണയോട് വളരെ ബന്ധപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ രക്ഷാ

www.malankaralibrary.com

കരപ്രവൎത്തനങ്ങളെ കാണിക്കുവാൻ കൂടെക്കൂടെ പ്രയോഗിക്കപ്പെട്ടിരിക്കുന്ന 'ഗാഅൽ' 'പാദാ' ശബ്ദങ്ങൾ വീണ്ടെടുക്കൽ എന്നതിനേക്കാൾ വിമോചനമെന്ന ആശയത്തിനാണ് പ്രാധാന്യം കല്പിക്കുന്നതു്. നാമപദമായ 'ഗോഎൽ' വരുവാനിരുന്ന മെസയായെ–സുവൎണ്ണഭാവിയിലെ മഹാരക്ഷകനെ–സൂചിപ്പിക്കുവാൻ റബ്ബിമാർ പലപ്പോഴും പ്രയോഗിച്ചിരുന്നു. തന്മൂലം മെസയായെ മൂശയെപ്പോലുള്ള ഒരു വിമോചകനായി അവർ സങ്കല്പിച്ചുപോന്നു.

## സെദെക്—സെദാഖാ (നീതി)

രക്ഷയോടു ബന്ധപ്പെട്ടതാണ് ഈ പദവും. രണ്ടാം ഏശയ്യായുടെ വീക്ഷണത്തിൽ ദൈവത്തിന്റെ നീതി വെളിപ്പെടുന്നതു് അവിടുത്തെ രക്ഷാകരപ്രവൎത്തനത്തിലാണ്. ഈ പദത്തിന്റെ ധാൎമ്മികാൎത്ഥം നിഷേധിക്കാനാവില്ല. എങ്കിലും തന്നിൽ വിശ്വാസമൎപ്പിക്കുന്ന എളിയവരെ രക്ഷിക്കുന്ന ദൈവത്തിന്റെ ശക്തിപ്രവൎത്തനത്തിനാണ് പ്രാധാന്യം കല്പിച്ചിരിക്കുന്നതു്. രണ്ടാം ഏശയ്യായുടെ പുസ്തകത്തിൽ നീതി പ്രസാദവരത്തിന്റേയും രക്ഷയുടേയും പൎയ്യായമാണ്. എഡ്മണ്ടു് ജേക്കബ്ബ് ഇപ്രകാരമെഴുതുന്നു: "നീതി അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം, മറ്റിതരുടെ വിമോചനവും, പൂൎവ്വസ്ഥിതിയിലേയ്ക്കുള്ള അവരുടെ പുന:സ്ഥാപനവും മാത്രമല്ല. അതുവരെയുണ്ടായിരുന്നതിനേക്കാൾ മഹത്തരമായ പുതിയൊരു സിദ്ധിയുടെ ദാനവുമത്രെ. ഇസ്രായേൽക്കാൎക്കു മാത്രമല്ല നീതി ലഭിക്കുക, എല്ലാ ജനതകൾക്കുമാണ്."

## രക്ഷയെന്ന ആശയത്തിന്റെ വികാസചരിത്രം

ദൈവശാസ്ത്രപരമായ അൎത്ഥത്തിലും അല്ലാതെയും 'രക്ഷിക്കുക' എന്ന പദവും ഇതര സദൃശപദങ്ങളും പഴയനിയമത്തിൽ പ്രയുക്തമായിരിക്കുന്നു. ദൈവശാസ്ത്രത്തിൽ പ്രധാനമായ മറ്റു പല പദങ്ങളെയുംപോലെ, രക്ഷയ്ക്കും ആരംഭത്തിൽ മതേതരമായ അൎത്ഥമാണുണ്ടായിരുന്നതു്. "വേശ്യയായ റാഹാബിനേയും അവളുടെ പിതൃകുടുംബത്തേയും അവളുടെ ബന്ധുക്കളെല്ലാവരേയും ജോഷ്വ (ജീവനോടെ) രക്ഷിച്ചു" (ജോഷ്വ 6:25). ദാവീദ് സാവൂളിന്റെ പക്കൽനിന്നു് രക്ഷപ്പെട്ട സന്ദൎഭങ്ങൾ വിവരിക്കുമ്പോഴെല്ലാം ദൈവശാസ്ത്രപരമായ ഒരൎത്ഥമാണ്

www.malankaralibrary.com

ഈ പദത്തിനുള്ളത് (1 സാമു 19:10,18). രക്ഷയുടെ അത്ഥം സംഗ്രഹിച്ച വിവരിക്കുകയാണ് 91–ാം സങ്കീത്തനമെന്ന് ജെ. പെഡേർസെൻ പറയുന്നു.

പഴയനിയമത്തിൽ ഈ പദം ഭൗതികവും ആധ്യാത്മികവുമായ പലതരത്തിലുള്ള വിമോചനത്തെ സൂചിപ്പിക്കുന്നുണ്ട്. രാഷ്ട്രീയകലാപങ്ങളിൽനിന്നോ വിപത്തുകളിൽനിന്നോ ഉള്ള രക്ഷയെയാണ് ഇതു് പൊതുവെ സൂചിപ്പിക്കുക. സുരക്ഷിതമായി ചെങ്കടൽ കടന്നുപോന്നതിനേയും ഫറവോനും അദ്ദേഹത്തിൻെറ സൈന്യവും നശിച്ചതിനേയുമെല്ലാം 'രക്ഷ'യെന്നാണ് പഴയനിയമം വിളിക്കുന്നതു് (പുറ. 14:13:5:2). 'ന്യായാധിപ'ന്മാരുടെ നേതൃത്വത്തിൽ വിദേശീയമദ്ദനത്തിൽനിന്നു് ലഭിച്ച മുക്തിയും രക്ഷതന്നെയാണ്. ന്യായാധിപന്മാർ 'രക്ഷകന്മാ'രാണ്. കാരണം മനുഷ്യരായ അവക്ക് ശക്തി നൽകുന്നതു് യഹ്‌വേയത്രേ. അങ്ങനെ ഓരോ രക്ഷാകരപ്രവൃത്തിയുടേയും കത്താവ് വാസ്തവത്തിൽ ദൈവമാണ്. രക്ഷ ദൈവത്തിൽനിന്നാണെന്നു് സങ്കീത്തകൻ ചൂണ്ടിക്കാണിക്കുന്നു (സങ്കീ 3:8). 'നമ്മുടെ രക്ഷയുടെ ശില'യാണ് യഹ്‌വേ (സങ്കീ. 95:1). സുരക്ഷിതനിലനില്പും ക്ഷേമവാഴ്ചയും രക്ഷയെന്ന ആശയത്തിൽ അന്തർഭവിക്കുന്നു. ജോവാഷ് 'യഹ്‌വേയുടെ വിജയാസ്ത്രം' ഡമാസ്ക്കസിനു മുകളിലൂടെ തൊടുത്തുവിടുന്നു (2രാജ. 13:17). രക്ഷിക്കുകയെന്നാൽ ഏതൊരാവശ്യത്തിലും വിഷമത്തിലും സഹായസംരക്ഷണങ്ങൾ നൽകുകയാണ്. യഹ്‌വേയുടെ കൃപാകടാക്ഷത്തിൻെറ പര്യായമാണ് രക്ഷ.

ഓ. ജെ. ബാബു് ഇപ്രകാരം വിശദീകരിക്കുന്നു. നിഷേധാത്മകാത്ഥത്തിൽ രക്ഷ രാഷ്ട്രീയപരാജയം, ദാരിദ്ര്യം, ക്ഷാമം, വ്യക്തിപരമായ ഭയം, രോഗം ആദിയായവയിൽനിന്നുള്ള മുക്തിയെ സൂചിപ്പിക്കുന്നു. ഭാവാത്മകാത്ഥത്തിൽ, രക്ഷ ആധ്യാത്മികവും ധാമ്മികവുമായ ഫലങ്ങളെ കുറിക്കുന്നു. 'രക്ഷിത' സമൂഹം സാമൂഹ്യനീതിയുടെ തത്വങ്ങൾ പരിപാലിക്കണം. 'രക്ഷിത' വ്യക്തിയാകട്ടെ, തൻെറ ജീവിതത്തിൽ ദൈവസാന്നിദ്ധ്യം ദർശിച്ച് ആനന്ദംകൊള്ളുന്നു (ആവ 4:29).

യഹ്‌വേയ്ക്കു മാത്രമെ രക്ഷിക്കുവാൻ കഴിയൂവെന്നു് പഴയനിയമത്തിൽ പ്രഖ്യാപിച്ചിരിക്കുന്നു (ഹോസയ 13:4). സങ്കീത്തകൻ പറയുന്നു: "ദൈവം എൻെറ പ്രകാശവും എൻെറ രക്ഷ

www.malankaralibrary.com

യുമാകുന്നു'' (27:1). അവിടുന്നു് സ്വന്ത ശക്തിയാൽ രക്ഷിക്കുന്നു (ഏശ 59:16;63:5). രക്ഷിക്കുവാൻ കഴിവില്ലാത്ത ഇതര വ്യാജ ദേവന്മാരിൽനിന്നു് യഹ്‌വേയ്ക്കുള്ള വ്യത്യാസം എടുത്തു കാണിക്കുന്നു (ഏശ 45:20; 46:7).

രക്ഷയുടെ ആഴമേറിയ അർത്ഥങ്ങൾ വിശദീകരിച്ചതു് പ്രവാചകന്മാരാണു്. ദൈവം ഈ പ്രപഞ്ചത്തിനു പിന്നിൽ വർത്തിക്കുന്നതിനാൽ സൃഷ്ടി രക്ഷ വിളംബരം ചെയ്യുക കൂടി ചെയ്യുന്നുവെന്നു് രണ്ടാം ഏശയ്യാ പറയുന്നു (40:26ff). പാപത്തിൻെറ പിടിയിൽനിന്നുള്ള മോചനമെന്ന ആധ്യാത്മികമായ അർത്ഥം രക്ഷയ്ക്കുണ്ടെന്നു് പ്രവാചകൻ മനസ്സിലാക്കി. സൃഷ്ടി രണ്ടുമുതൽ ഏഴുവരെയുള്ള അദ്ധ്യായങ്ങൾ മനുഷ്യജീവിതത്തിനു് വരാവുന്ന പാപമെന്ന വിപത്തു് എടുത്തുകാണിക്കുന്നു. രണ്ടാം ഏശയ്യാ 53-ാമദ്ധ്യായത്തിൽ പാപത്തിൽനിന്നുള്ള മോചനത്തെക്കുറിച്ചു പറയുന്നു. എസക്കിയേൽ പ്രവാചകൻ ദൈവനാമത്തിൽ ഉദ്ഘോഷിക്കുന്നു: ''ദുഷ്ടൻെറ മരണത്തിൽ ഞാനാഹ്ലാദിക്കുന്നില്ല; പ്രത്യുത അവൻ തൻെറ പാതയിൽനിന്നു് പിന്തിരിയുന്നതിനും ജീവിക്കുന്നതിനുമാണു് ഞാനാഗ്രഹിക്കുന്നതു്'' (33:11). ഇവിടെ 'ജീവിക്കുക' എന്നതു് ശാരീരികജീവനെ മാത്രമല്ല സൂചിപ്പിക്കുന്നതു്. ദൈവവുമായി രമ്യതയിൽ കഴിയുന്ന ജീവിതത്തെ അതു് തീർച്ചയായും അർത്ഥമാക്കുന്നുണ്ടു്. അനുതപിക്കുന്ന പാപിയോടു് ദൈവം കരുണകാണിക്കുന്നുവെന്നും, അവനോടു് ക്ഷമിക്കുമെന്നും രണ്ടാം ഏശയ്യാ വീണ്ടും പറയുന്നു. ''അവൻ ഇസ്രായേലിനെ അതിൻെറ പാപങ്ങളിൽനിന്നെല്ലാം രക്ഷിക്കു''മെന്നു് സങ്കീർത്തകൻ ഉറപ്പിച്ചു പ്രഖ്യാപിക്കുന്നു (103:3).

രക്ഷ തങ്ങളെ വലയംചെയ്യുന്നുവെന്ന അന്യാദൃശ്യമായ ഒരവബോധം യഹൂദന്മാർക്കുണ്ടായിരുന്നു (സങ്കീ 32:7). രക്ഷയെ ലക്ഷ്യമാക്കിയാണു് തങ്ങളെ ദൈവം തെരഞ്ഞെടുത്തതെന്നു് അവർക്കറിയാമായിരുന്നു (ആവ. 33:27-29). ''രക്ഷയുടെ ഗീതങ്ങൾ'' ഉൾക്കൊള്ളുന്ന സങ്കീർത്തനപ്പുസ്തകം ഈ സത്യം സ്ഥാപിക്കുന്നു (സങ്കീ. 18:30-31;46;48). ഇസ്രായേൽക്കാർക്കു് ദുരന്തങ്ങൾ നേരിട്ടപ്പോഴെല്ലാം ജനങ്ങൾ പാപംമൂലം ദൈവത്തിൻെറ രക്ഷയെ തിരസ്ക്കരിക്കുകയായിരുന്നുവെന്നു് പ്രവാചകന്മാർ വിശദീകരിച്ചിരുന്നു. അവർ അനുതാപസന്ദേശം അറിയിക്കുകയും ചെയ്തു (ഏറ. 3:22-23).

www.malankaralibrary.com

## രക്ഷയെപ്പററിയുള്ള ബൈബിൾ പ്രബോധനം

'രക്ഷക-ദൈവത്തെ'പ്പററി ഇസ്രായേൽക്കാക്കുണ്ടായിരുന്ന ധാരണ പുറപ്പാടിൻെറ സമയത്തു് ചെങ്കടലിൽവെച്ചു് അവക്കു കൈവന്ന ചരിത്രപരമായ രക്ഷയെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. പിന്നീടുള്ള അവരുടെ ജീവിതത്തിൽ ഈ അനുഭവം ഒരു മായാമുദ്ര പതിച്ചിരുന്നു. പഴയനിയമത്തിലെ ഓരോ ഭാഗത്തും ഈ മുദ്ര പതിഞ്ഞിട്ടുണ്ടു്. ''അതു് സങ്കീത്തനങ്ങളിലൂടെ ആലപിക്കപ്പെട്ടു; കഥകളിലൂടെ അനുസ്മരിക്കപ്പെട്ടു; പെസഹാചരണത്തിലൂടെ പുനരവതരിപ്പിക്കപ്പെട്ടു'' (ആവ 7: 20-24). മററു വാക്കുകളിൽ, ചരിത്രാധിഷ്ഠിതമായ രക്ഷയുടെ അനുഭവത്തിൽനിന്നാണു് രക്ഷയെപ്പററിയുള്ള ബൈബിൾ ധാരണ രൂപംകൊണ്ടതു്.

രക്ഷയെപ്പററിയുള്ള ബൈബിൾ പ്രബോധനം ഒരു സിദ്ധാന്തമോ, ദൈവത്തെപ്പററിയുള്ള കുറെ ആശയങ്ങളോ അല്ല. ആസ്തികദർശനത്തിൽനിന്നു സ്വീകരിക്കുന്ന യുക്ത്യധിഷ്ഠിതമായ നിഗമനവുമല്ലതു്. ദൈവികതയിലേയ്ക്കുള്ള യോഗാത്മക വിലയനവുമല്ല. പ്രത്യുത ചരിത്രത്തിൽ സംഭവിച്ച ഒരു സംഗതിയുടെ പ്രഖ്യാപനമത്രേ.

''അപ്പോൾ നീ നിൻെറ മകനോടു് പറയണം: നാം ഈജിപ്തിൽ ഫറവോൻെറ അടിമകളായിരുന്നു. കരുത്തേറിയ കരത്താൽ കത്താവു് നമ്മെ ഈജിപ്തിൽനിന്നാനയിച്ചു. നമ്മുടെ കൺമുമ്പാകെ, ഈജിപ്തിനും ഫറവോനും അയാളുടെ കുടുംബത്തിനു മുഴുവനും എതിരായി വലുതും വിനാശകരവുമായ അത്ഭുതങ്ങളും അടയാളങ്ങളും അവിടുന്നു പ്രവത്തിച്ചു. നമ്മുടെ പിതാക്കന്മാരോടു് അവിടുന്നു് വാഗ്ദാനം ചെയ്തിരുന്ന ദേശത്തേയ്ക്കു് കൊണ്ടുവരുന്നതിനും അതു നമുക്കു തരുന്നതിനുമായി അവിടെനിന്നു് അവിടുന്നു നമ്മെ കൊണ്ടുപോന്നു'' (ആവ 6: 21-23).

ഇങ്ങനെ മതത്തിൻെറ തത്ത്വശാസ്ത്രത്തിനല്ല ബൈബിൾ പ്രാധാന്യം കല്പിക്കുന്നതു്. പ്രത്യുത പ്രഘോഷണത്തിനത്രെ (Kerygma), സദ്‌വാത്തയ്ക്കത്രെ (evangellion). ദൈവസ്വഭാവം നമുക്കറിയുവാൻ കഴിയുക അവിടുന്നുതന്നെ അതു് സ്വപ്രവത്തനത്തിലൂടെ വെളിപ്പെടുത്തുമ്പോൾ മാത്രമാണു്. 'ദൈവം

www.malankaralibrary.com

സ്നേഹമാകുന്നു'വെന്നതു് അവിടുത്തെ സ്വഭാവത്തെപ്പററിയുള്ള വിചിന്തനത്തിൽനിന്നുളവാകുന്ന ഒരു നിഗമനമല്ല. ചരിത്രത്തിൽ അവിടുന്നു പ്രവർത്തിച്ച രക്ഷാകരകൃത്യങ്ങളിലൂടെ നമുക്കു ലഭിച്ച അവിടുത്തെ ആത്മാവിഷ്ക്കാരത്തിൻെറ ഫലമാണതു് (ആവ 7:8–9). ദൈവത്തിൻെറ സ്നേഹപ്രകൃതിയിൽ നിന്നല്ല നാം രക്ഷയെന്ന ആശയത്തിലേക്കെത്തുക; പ്രത്യുത രക്ഷാനുഭവം വഴിയത്രേ നാം ദൈവം സ്നേഹമാണെന്നു വിശ്വസിക്കുക. ഇതത്രേ രക്ഷയെപ്പററിയുള്ള പ്രബോധനത്തിൻെറ സവിശേഷത: "ദൈവം തൻെറ ജനത്തെ സന്ദർശിക്കുകയും അവരെ രക്ഷിക്കുകയും ചെയ്തിരിക്കുന്നു" (ലൂക്കാ: 68).

ഈ സംഭവം നടന്നതു വളരെ മുമ്പാണെങ്കിലും അതു് ഒരു വിധത്തിൽ നമ്മുടെ അസ്തിത്വത്തിൻെറ ഭാഗമായിത്തീർന്നിരിക്കുന്നു. പെസഹാഭക്ഷണത്തിലൂടെ രക്ഷാകരസംഭവം ഇന്നത്തെ അനുഭവമായിത്തീരുന്നു. ദൈവജനത്തിൻെറ തുടർന്നുള്ള ചരിത്രത്തിൽ ദൈവം ചെയ്ത വിമോചകപ്രവർത്തനം സജീവവും ശക്തവുമായി നിലകൊള്ളുന്നു. ബൈബിളനുസരിച്ചു്, അതു് ഒരു ഭൂതകാലസംഭവം മാത്രമല്ല. ഈ സംഭവം കൂദാശയിലൂടെയും വചനത്തിലൂടെയും ആചരിക്കുമ്പോഴെല്ലാം ആരാധകരുടെ ജീവിതത്തിൽ അതു വീണ്ടും വീണ്ടും സജീവമാകുന്നു, യഥാർത്ഥമാകുന്നു. ആരാധനകൃതജ്ഞതകൾവഴി ഇതിനു പ്രത്യുത്തരം നല്കുന്ന കുടുംബങ്ങളും വ്യക്തികളും ഈ രക്ഷയിൽ പങ്കുചേരുന്നു (പുറ 12:26–27; ആവ 6:20–25; യോഹ 6:53–58).

## യുഗാന്തോന്മുഖമായ വശം

രക്ഷ പൂർണ്ണമായും ഭാവിയിൽ നടക്കുവാനിരിക്കുന്ന ഒരു സംഭവമോ യാഥാർത്ഥ്യമോ, ഇപ്പോൾ ലഭിക്കുന്ന ഒരനുഭവമോ അല്ല. രക്ഷ നമുക്കിപ്പോൾ അനുഭവവേദ്യമാകുന്നുണ്ടെങ്കിലും അതൊരിക്കലും അതിൻെറ തികവിൽ യാഥാർത്ഥ്യമാകുന്നില്ല എന്നതാണു് ഇതിനർത്ഥം. ഇതുതന്നെയത്രേ പഴയനിയമത്തിലേയും പുതിയനിയമത്തിലേയും വീക്ഷണം. നാം "സമയങ്ങൾ"ക്കിടയ്ക്കായതുകൊണ്ടു് രക്ഷയെ പരിപൂർണ്ണമായി ഗ്രഹിക്കുകയോ പ്രാപിക്കുകയോ ചെയ്തിട്ടില്ല. പഴയനിയമത്തിൽ പുറപ്പാടിൻെറ സമയത്തു് രക്ഷ കൈവന്നു; അതിൻെറ സ്ഥിരീകരണമാകട്ടെ, സീനായ് മലമുകളിൽ വെച്ചായിരുന്നു. ഇസ്രായേൽക്കാരുടെ സാമൂഹികവും വ്യക്തിപരവുമായ ജീവിത

www.malankaralibrary.com

ത്തിൽ തുടരുന്ന ഒരു യാഥാർത്ഥ്യവും അനുഭവവുമാണ് രക്ഷയെന്ന് പ്രവാചകന്മാർ ഉറപ്പിച്ചു പ്രസ്താവിച്ചു. യുഗാന്തരത്തിൽ ലഭിക്കുവാനിരുന്ന പരിപൂർണ്ണ രക്ഷാകരാനുഭവത്തെപ്പററിയും അവർ പരാമർശിച്ചു. ''പുതിയ ആകാശവും പുതിയ ഭൂമിയും''–ഈ വാക്കുകളാണ് അവർ അതു് സൂചിപ്പിക്കുവാൻ പ്രയോഗിച്ചതു്. രണ്ടാം ഏശയ്യായുടെ പ്രവചനത്തിൽ ഇതിന്റെ വിശദരൂപം കാണാം. ചരിത്രപരമായ വശത്തിനും യുഗാന്തോന്മുഖമായ വശത്തിനും തമ്മിൽ വിയോജിപ്പിനു കാരണമില്ല. ചരിത്രാധിഷ്ഠിതമായ രക്ഷ ചരിത്രാതീതമായി സംഭവിക്കുവാനിരിക്കുന്ന പരമസാക്ഷാത്ക്കാരത്തെ പ്രതിബിംബിപ്പിക്കുകയും വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

പ്രവാചകന്മാരെ സംബന്ധിച്ചിടത്തോളം രക്ഷ സൃഷ്ടിയുടെ പര്യായംതന്നെയാണെന്നു പറയാം. രക്ഷാകരപ്രവൃത്തി ഒരു പുതിയ സൃഷ്ടികർമ്മമാകാതെ തരമില്ല. ഇതും രണ്ടാം ഏശയ്യ ഏററവും വ്യക്തമായി പ്രഖ്യാപിക്കുന്നുണ്ടു്. വീണ്ടെടുക്കലിൽ ഒരു പുതിയ സൃഷ്ടി അന്തർഭവിക്കുന്നു. രക്ഷയെപ്പററിയുള്ള പ്രബോധനത്തിൽ സെൻറു് പോൾ ഈ ആശയം സ്വീകരിക്കുകയുണ്ടായി (2 കൊറി 5:17–18).

രക്ഷയിൽ സൃഷ്ടികർമ്മം ആവർത്തിക്കപ്പെടുന്നു. പുതിയൊരു സൃഷ്ടികർമ്മത്തിനു് സമമാണ് രക്ഷ. ഈജിപ്തിൽനിന്നും ബാബിലോണിൽനിന്നും ഇസ്രായേൽക്കാരെ മോചിപ്പിച്ചപ്പോൾ യഹ്‌വേ അവർക്കു് പുതിയൊരസ്തിത്വം നൽകുകയായിരുന്നു. പുതിയ ഇസ്രായേലിനെപ്പററിയുള്ള ആശയം യഹ്‌വേ പ്രദാനംചെയ്യുന്ന രക്ഷയെക്കുറിച്ചുള്ള ധാരണയിൽ അടങ്ങിയിരിപ്പുണ്ടു്. തന്മൂലം ഒരു പുതിയ ലോകത്തെപ്പററിയുള്ള പ്രത്യാശ വരുവാനിരിക്കുന്ന മഹനീയ രക്ഷയെക്കുറിച്ചുള്ള പ്രതീക്ഷയേയും ഉളവാക്കുന്നു. ഒന്നാം ഏശയ്യാ ഇക്കാര്യം പ്രകൃതിക്രമത്തിന്റെ നവീകരണമായി–ആദ്യകാലത്തേതുപോലുള്ള ഒരു പറുദീസാജീവിതമായി–ചിത്രീകരിക്കുന്നു (ഏശ 9:2–7; 11:1–9). രണ്ടാം ഏശയ്യായുടെ ചിത്രീകരണത്തിൽ ഒരു പുതിയ രാഷ്ട്രീയവ്യവസ്ഥിതിയാണ് നാം കാണുക. എല്ലാ ജനതകളും ഓർശ്ലേമിനു് കപ്പം കൊടുക്കും, അവളെ വണങ്ങും. അങ്ങനെ ഇസ്രായേൽ പുറജാതികൾക്കു് പ്രകാശവും ലോകം മുഴുവന്റേയും രക്ഷയുമായിത്തീരും (ഏശ 49:

www.malankaralibrary.com

5–13; ഹാഗ 2:4–9; സഖ 2:7–13). ഏശയ്യായുടെ ശിഷ്യ സമൂഹം കുറെക്കൂടി യാഥാത്ഥ്യബോധമുണ്ടായപ്പോറം അതിനെ പുതിയ ആകാശവും പുതിയ ഭൂമിയുമായി ചിത്രീകരിച്ചു. ആദ്യത്തെ ആകാശവും ഭൂമിയും കടന്നുപോകും (ഏശ 65:17; 66:22). വിപ്രവാസാനന്തരമുള്ള പ്രവാചകചിന്ത ഇപ്രകാരം അത്യധികം യുഗാന്തോന്മുഖമായിത്തീന്നു. ദൈവം രക്ഷയുടെ ദൈവമായതുകൊണ്ട്, അവിടുത്തെ ഹിതങ്ങറം നിറവേററപ്പെടുന്ന പുതിയൊരു ലോകം സൃഷ്ടിക്കപ്പെടേണ്ടിയിരിക്കുന്നു. പറുദീസായിലെ കളങ്കരഹിതമായ അവസ്ഥ ആ പുതിയ ഓർശ്ലേമിൽ നമുക്ക് വീണ്ടും കൈവരും (ഏശ 65:17–25).

കാലാന്തരത്തിൽ രക്ഷയെ പൂർണ്ണമായും യുഗാന്തോന്മുഖമായി വീക്ഷിക്കുവാൻ തുടങ്ങി. പുതിയ സൃഷ്ടിയുടെ ദിവസം ലോകത്തിൽ മുഴുവൻ സ്ഥാപിതമാകാനിരിക്കുന്നതാണ് രക്ഷ. യാഹ്വേയുടെ ആ മഹത്വപൂർണ്ണമായ ദിനത്തിൽ എല്ലാവരും അവിടുത്തെ സമീപിച്ച് വന്ദിക്കും.

ജോൺ എൽ. മെക്കൻസി എസ്. ജെ. ഇപ്രകാരം എഴുതുന്നു: "രക്ഷ വ്യക്തിഗതവും സാമൂഹ്യവുമായ എല്ലാ തിന്മകളിൽ നിന്നുമുള്ള മോചനവും പൂർണ്ണസുരക്ഷിതത്വത്തിൻെറ ലബ്ധിയുമാണെന്നു പറയാം. ആദ്ധ്യാത്മികനന്മ പ്രാപിക്കുകയെന്ന അത്ഥം ഇതിനു വ്യക്തമായും ഉണ്ടെന്നു പറഞ്ഞുകൂടാ. സങ്കീ 61:16–ൽ അപേക്ഷകൻ പാപത്തിൽനിന്നു തന്നെ രക്ഷിക്കണമെന്നു ദൈവത്തോടപേക്ഷിക്കുന്നു. പാപത്തിൻെറ ഫലങ്ങളിൽനിന്നു തന്നെ രക്ഷിക്കണമെന്നതായിരിക്കാം ഈ അഭ്യത്ഥനയുടെ പൊരുറം. എന്നാൽ ആന്തരികവും ധാർമ്മികവുമായ ഒരു നവീകരണമാണ് സങ്കീർത്തനത്തിൻെറ പൊതുയാചനാവിഷയം. എസക്കിയേൽ 36:29; 37:23 എന്നീ വാക്യങ്ങളിൽ പുതിയ ഇസ്രായേൽ മാലിന്യങ്ങളിൽനിന്നും, വിശ്വാസത്യാഗങ്ങളിൽനിന്നും, വിമുക്തമായിരിക്കുമെന്നു പറഞ്ഞിരിക്കുന്നു. ചരിത്രപരവും പ്രവചനപരവുമായ പഴയനിയമഭാഗങ്ങളിൽ ഇസ്രായേലിൻെറ പാപത്തേയും, വിശിഷ്യ യഹ്വേയോടുള്ള അവരുടെ അവിശ്വസ്തതയേയുമാണ് ഇസ്രായേലിൻെറ രക്ഷയ്ക്കുള്ള ഏററവും വലിയ ഭീഷണിയായി ചിത്രീകരിച്ചിട്ടുള്ളത്. പ്രസ്തുത ഭീഷണി നിമ്മാർജ്ജനം ചെയ്യപ്പെടാത്തിടത്തോളം പൂർണ്ണവും നിത്യവുമായ രക്ഷയെപ്പററി ഇസ്രായേലിനു ചിന്തിക്കാൻ സാദ്ധ്യമല്ല.

www.malankaralibrary.com

പക്ഷേ, ഈ ഭീഷണിയുടെ നിമ്മാജ്ജനം യഹ്വേയുടെ ഒരു രക്ഷാകരപ്രവൃത്തിയായി പഴയനിയമം കാണുന്നെന്നു് പറയാൻ വയ്യാ.''

രക്ഷയെപ്പററിയുള്ള ധാരണ ഒരു രക്ഷകനെപ്പററിയുള്ള ധാരണയേയും ഉൾക്കൊള്ളുന്നുണ്ടു്. യഹ്വേയല്ലാതെ മററാരും രക്ഷകനായിട്ടില്ലെന്നു പഴയനിയമത്തിൽ ചിലയിടങ്ങളിൽ അസന്നിഗ്ദ്ധമായി പ്രസ്താവിച്ചു കാണുന്നു (ഏശ 43:11). മെസയായിൽപ്പോലും പഴയ നിയമം രക്ഷകസ്ഥാനം പൊതുവേ ആരോപിക്കുന്നില്ല. എങ്കിലും രണ്ടാം ഏശയ്യ മൂശയെപ്പോലുള്ള ഒരു പുതിയ രക്ഷകൻെറ തൂലികാചിത്രം നൽകുന്നുണ്ടു്. ആ രക്ഷകനെ 'യഹ്വേയുടെ ദാസൻ' എന്നത്രേ അദ്ദേഹം നാമകരണം ചെയ്തിട്ടുള്ളതു്. ഇങ്ങനെ പഴയനിയമം പുതിയനിയമത്തിലെ അതിൻെറ പൂർത്തീകരണത്തിലേക്കു് എത്തിനോക്കുന്നുവെന്നു പറയാം.

ഒരു രക്ഷകനെപ്രതിയുള്ള ആഗ്രഹവും പ്രതീക്ഷയും അവതാരംചെയ്ത ദൈവസുതനിൽ, യേശുക്രിസ്തുവിൽ സഫലീകൃതമായി.

ഫാദർ കെ. എം. അലക്സാണ്ടർ എം. ററിഎച്ച്
കോട്ടയം—1

www.malankaralibrary.com

# ജനതകളുടെ പരിത്രാണം: പഴയനിയമത്തിൽ

ഇസ്രായേൽജനം വളരെ സങ്കുചിതവും പ്രാദേശികവുമായ മനോഭാവമാണ് പുലർത്തിയിരുന്നതെന്ന് ഒററനോട്ടത്തിൽ തോന്നാം. എന്നാൽ സമീപസ്ഥജനങ്ങളിൽനിന്ന് ഇസ്രായേൽ പലതും കടമെടുക്കുകയും അനുരൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അവരുടെ രക്ഷയെപ്പററിയും ഒരളവിൽ ഇസ്രായേൽ ചിന്തിച്ചിരുന്നു. വിജാതീയരുടെ രക്ഷയെപ്പററിയുള്ള ഇസ്രായേല്യരുടെ വീക്ഷണ ഗതിയാണ് ലേഖകൻ അപഗ്രഥിക്കുന്നത്.

## യഹൂദരും വിജാതീയ ജനങ്ങളും തമ്മിലുള്ള ബന്ധം

ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനമാണ് തങ്ങൾ എന്ന ധാരണ യഹൂദരിൽ ദൃഢമൂലമായിരുന്നു. എങ്കിലും അയൽ രാജ്യങ്ങളും അവിടുത്തെ ജനങ്ങളുമായി ഒരു തരത്തിലും ബന്ധപ്പെടാതെ തങ്ങളുടെ സ്ഥലത്ത് ഒതുങ്ങിക്കഴിഞ്ഞിരുന്ന യഹൂദർ എന്നു ധരിക്കേണ്ടതില്ല. ഇസ്രായേൽ ജനത്തിനു അടുത്ത സമ്പക്കമുണ്ടായിരുന്ന കാനാൻകാർ, മെസൊപ്പൊട്ടാമിയാക്കാർ, ഈജിപ്തുകാർ, ഫെനീഷ്യാക്കാർ തുടങ്ങിയ ജനതകളുടെ സംസ്ക്കാരങ്ങൾ യഹൂദരെ കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. ഈ സ്വാധീനത്തിൻെറ ലാഞ്ഛനകൾ വിവിധ മണ്ഡലങ്ങളിൽ ദൃശ്യമാണ്.

സൃഷ്ടിവിവരണം ഏകദൈവത്തിലുള്ള വിശ്വാസപ്രഖ്യാപനമാണെങ്കിലും ഉൽപത്തിയുടെ ആദ്യഅദ്ധ്യായങ്ങളിൽ മെസൊപ്പൊട്ടാമിയാക്കാരുടെ ജഗദുൽപത്തിപുരാണത്തിൻെറ അവശിഷ്ടങ്ങൾ കാണാം. പ്രപഞ്ചസംവിധാനത്തെപ്പററിയുള്ള ഇസ്രായേൽ ജനത്തിൻെറ ധാരണ സമീപസ്ഥരായ മററു ജനതകളുടേതിനോടു സദൃശമാണ്.

വിജ്ഞാനകൃതികളാണു വിജാതീയ സംസ്ക്കാരത്തിൻെറ സ്വാധീനം പ്രകടമായിക്കാണുന്ന മറെറാരു രംഗം. പത്തൊമ്പതും ഇരുപത്തൊമ്പതും സങ്കീർത്തനങ്ങൾ കാനൻകാരുടെ

www.malankaralibrary.com

കീർത്തനങ്ങളുടെ അനുരൂപണമായിരിക്കാമെന്നു് വ്യാഖ്യാതാക്കാം കരുതുന്നു. 104–ാം സങ്കീർത്തനത്തോടു വളരെ സാമ്യമുള്ളതാണു് ഈജിപ്തുകാരുടെ സൂര്യദേവകീർത്തനം. മററു വിജ്ഞാനകൃതികളുടെ കാര്യത്തിൽ സമീപസ്ഥജനതകളുടെ വിജ്ഞാനസമാഹാരത്തിൽ നിന്നുള്ള കടം വാങ്ങലിന്റെ സാദ്ധ്യതകുറേക്കൂടി കൂടുതലാണു്. 'അമെനെമോപ്പെററിന്റെ ഉപദേശം', 'അഹിക്കാറിന്റെ കഥ' എന്നിവയിലെ പല ചൊല്ലുകളും സുഭാഷിതങ്ങളിൽ കാണാം.

സാഹിത്യസാംസ്ക്കാരികരംഗങ്ങളിൽ മാത്രമല്ല, മതാചാരങ്ങളുടെ കാര്യത്തിലും ചില കടംകൊള്ളലുകളും അനുരൂപണങ്ങളും നടന്നിട്ടുണ്ടു്. ഉദാഹരണത്തിനു് കാനാൻദേശം ദൈവത്തിന്റെ വിശുദ്ധനാടാണെന്ന വിശ്വാസം. ദേവന്മാർ സ്വന്തമായ ഒരു രാജ്യവും അധികാരപരിമിതിയും ഉള്ളവരാണെന്നു് മദ്ധ്യപൗരസ്ത്യദേശങ്ങളിലെ പുരാതനനിവാസികാം വിശ്വസിച്ചിരുന്നു. കാനാനിലെ കർഷകജനതയുടെ ബാഹ്യാരാധനാരൂപങ്ങളിൽ ചിലതു് ഇസ്രായേൽ സ്വീകരിക്കുകയുണ്ടായി. ഓർശ്ലേംദേവാലയം ബാൽദേവന്റെ അമ്പലത്തിന്റെ മാതൃകയിലാണ നിർമ്മിക്കപ്പെട്ടതു്. ബാൽമതാവലംബിയായ ടയറിലെ ഹീരാം രാജകുമാരനാണു് ദേവാലയനിർമ്മാണത്തിന്റെ മേൽനോട്ടം വഹിച്ചതു്. ദേവാലയവിതാനത്തിനു് സ്വീകരിച്ച ചില പ്രതീകങ്ങാം മററുമതങ്ങളിലും സ്വീകരിക്കപ്പെട്ടിരുന്നവയാണു്. ഇങ്ങനെ വിദേശസംസ്ക്കാരങ്ങളിൽനിന്നു് ഇസ്രായേൽജനം പലതും കടംകൊള്ളുകയും അനുരൂപപ്പെടുത്തുകയും ചെയ്തു.

## ജനതകളുടെ പരിത്രാണം

വിദേശസംസ്ക്കാരങ്ങളിലെ ഐതിഹാസികമൂല്യങ്ങാം കടംവാങ്ങി തങ്ങളുടെ ജഗദുൽപത്തി ചരിത്രത്തിൽ (cosmogony) ബന്ധിപ്പിച്ചപ്പോഴും അയൽരാജ്യങ്ങളിലെ ചില വിജ്ഞാനവചസ്സുകാം സ്വന്തമാക്കിയപ്പോഴും അവരുടെ ആരാധനക്രമവും ദേവാലയാലങ്കാരവേലകളും അനുരൂപപ്പെടുത്തിയപ്പോഴും ഈ വിദേശികളുടെ രക്ഷ ഇസ്രായേൽക്കാർക്കു് ഒരിക്കലും ഒരു പ്രശ്നമേയല്ലായിരുന്നു.

www.malankaralibrary.com

അപകേന്ദ്രകശക്തിയായി (Centrifugal) പ്രവൎത്തിക്കുന്ന, മററു ജനതകളുടെ മദ്ധ്യത്തിലേക്കിറങ്ങിച്ചെന്നു രക്ഷാകരസന്ദേശം പ്രസംഗിക്കുന്ന, ഒരു മിഷനെപ്പററി പഴയനിയമത്തിൽ ഒരിടത്തുംതന്നെ പരാമർശമില്ല. യോനായുടെ പുസ്തകം ഇതിനൊരപവാദമായി കണക്കാക്കാൻ സാധിച്ചേക്കും. അതേപ്പററി പിന്നീട ചിന്തിക്കാം. അഭികേന്ദ്രകമായ (Centripetal) ഉദ്ദേശത്തോടെ പ്രവൎത്തിച്ചപ്പോഴും[1] യഹൂദരല്ലാത്തവരെ സീയോനിലേയ്ക്കാനയിക്കുന്നതിനുള്ള പ്രേഷിത തീക്ഷ്ണത വളരെ വിരളമായി മാത്രമേ വിശുദ്ധ ലിഖിതങ്ങളിൽ കാണുവാൻ സാധിക്കൂ.

വിപ്രവാസസമയത്തും അതിനുശേഷവും യാഹ്വേയെ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും നാഥനുമായി ഇസ്രായേൽജനം പ്രത്യേകം ഏററുപറഞ്ഞു. "നദിയ്ക്കക്കരെനിന്നു ക്ഷൗരക്കത്തി വാടകയ്ക്കെടുക്കുന്നതിനോ" "ദുശ്ശാഠ്യക്കാരായ ഇസ്രായേൽക്കാരെ ശിക്ഷിക്കുന്നതിനുള്ള ദണ്ഡായി അസ്സീറിയാ രാജാവിനെ ഉപയോഗപ്പെടുത്തുന്നതിനോ" (ഏശ7:20;10:20) "ദൈവജനത്തിന്റെ ശത്രുക്കളെ പരാജിതരാക്കുന്നതിനുവേണ്ടി സൈറസ്സിനെ തന്റെ ദാസനായി അഭിഷേകം ചെയ്യുന്നതിനോ" (ഏശ45:1) അവിടത്തേയ്ക്കു ശക്തിയുണ്ടു. എന്നാൽ സമസ്തജനതകളും ആരാധനയൎപ്പിക്കേണ്ട സാൎവ്വത്രികരക്ഷകനായി വളരെ ചുരുക്കമായി മാത്രമേ അവർ അവിടുത്തെപ്പററി പരിചിന്തിച്ചുള്ളു.

ചില അവസരങ്ങളിൽ യാഹ്വേയെ ജനതകളുടെ പ്രകാശമായി ചിത്രീകരിക്കുന്നുണ്ടു. അവിടുന്നു അവയ്ക്കു സ്വന്ത മഹത്വം വെളിപ്പെടുത്തിയത്രേ. എന്നാൽ ഈ മഹത്വം (കബോദ്) "ശിഷ്ടഭാഗത്തിന്റെ"[2] രക്ഷ അതായതു സൎവ്വലോകത്തിനും മുമ്പിൽ അവരുടെ നിരപരാധിത്വം തെളിയിക്കുകയാകാൻ സാദ്ധ്യതയുണ്ടു. "എന്റെ നീതി അടുത്തിരിക്കുന്നു; എന്റെ രക്ഷ ആവിർഭവിച്ചിരിക്കുന്നു; എന്റെ കരങ്ങാം

1 Cfr. A de. Groot. The Bible on the salvation of the nations. St. Norbert Abbey Press. 1966. P. 3.

2 തിന്മ പ്രവൎത്തിച്ച ഇസ്രായേലിനെ യാഹ്വേ കഠിനമായി ശിക്ഷിക്കുമെന്നും, എങ്കിലും ജനത്തിന്റെ ഒരുഭാഗം ശിക്ഷയെ അതിജീവിക്കുമെന്നും ഇവരിൽ ഇസ്രായേലിന്റെ സവിശേഷദൗത്യം പൂൎത്തിയാകുമെന്നുമുള്ള പ്രവാചകന്മാരുടെ പ്രബോധനം.

www.malankaralibrary.com

ജനതകളെ ഭരിക്കും'' (ഏശ 51:5). വിദൂരദേശങ്ങളിൽ നാടുകടത്തപ്പെട്ടിരിക്കുന്നവർ മോചിതരാകും. ദൈവത്തിന്റെ നീതിയെപ്പററി ജനതകളെ പഠിപ്പിക്കുന്നതിനു് പ്രവാചകൻ കഴിവുററവനായിത്തീരുകയും ചെയ്യും. ''ഭൂമിയുടെ അതിർത്തിവരെ എന്റെ പരിത്രാണകർമ്മം വ്യാപിക്കേണ്ടതിനുവേണ്ടി''യത്രേ ഇതു് (ഏശ 49:6). അന്ധന്മാർ ദൈവത്തിന്റെ വിധി കാണുന്നതിനും, തടവുകാർ മോചിതരാകുന്നതിനും വേണ്ടിയാണു് ജനതകളുടെ പ്രകാശമായ അവിടുത്തെ ദാസനെ ഒരു ഉടമ്പടിയായി സ്ഥാപിച്ചിരിക്കുന്നതു് (ഏശ 42:6f). "പ്രകാശത്തെ'' 'അവശേഷിച്ച ജനത്തിന്റെ രക്ഷയായി' വ്യാഖ്യാനിക്കുകയാണു് സങ്കീ 98:2 മുതൽ വാക്യങ്ങൾക്കു് ഏററം അനുയോജ്യമായ വ്യാഖ്യാനം. ''ദൈവം തന്റെ വിജയം പ്രഖ്യാപിച്ചിരിക്കുന്നു. ജനമദ്ധ്യത്തിൽ അവിടുത്തെ മാദ്ധ്യസ്ഥ്യം വെളിപ്പെടുത്തിയിരിക്കുന്നു. ഇസ്രായേൽ ഗോത്രത്തോടുള്ള സ്ഥിരപ്രതിഷ്ഠിതമായ സ്നേഹവും വിശ്വസ്തതയും അവിടുന്നനുസ്മരിച്ചിരിക്കുന്നു. ലോകം മുഴുവൻ നമ്മുടെ ദൈവത്തിന്റെ വിജയം ദർശിക്കുകയും ചെയ്തു (സങ്കീ 98: 2 ശേഷം).

ഈവക ദൈവിക ഇടപെടലിനെ അന്ത്യാത്മകവിധിയായും വിവരിക്കുന്നുണ്ടു്. യാഹ്‌വേ നീതിമാനാണെന്നും എല്ലാ ദേവന്മാരേക്കാൾ സമുന്നതനാണെന്നും അവൻ ഭൂമിയിലെ സർവ്വ ജനതകളാലും സ്തുതിക്കപ്പെടണമെന്നും (സങ്കീ 67:97,6-9) ഇതു ജനതകളെ ബോദ്ധ്യപ്പെടുത്തും. രക്ഷാകരമായ ഈ ഇടപെടലും ജനതകളുടെയിടയിലുള്ള ഈ ''മഹത്വവും'' അവിടുന്നു് ആകാശത്തെ സൃഷ്ടിച്ചുവെന്ന വസ്തുതയും അവിടുത്തെ സാർവ്വത്രികമായ ന്യായാധിപസ്ഥാനത്തേയും രാജത്വത്തേയുംപററി സർവ്വജനതകൾക്കും ഉത്തമബോദ്ധ്യം ഉളവാക്കേണ്ടതാണു്. മരവും കല്ലുംകൊണ്ടു നിർമ്മിതമായ ദേവന്മാരെയെല്ലാം പരിത്യജിച്ചു് യാഹ്‌വേയുടെ സന്നിധിയിൽ കാഴ്ചകളുമായി അവർ അണയണമെന്നും ഇതവരെ മനസ്സിലാക്കണം. (സങ്കീ 96: 1-10).

ഏശ 2:1-4 ലും, മിക്കാ 4:1-4 ലും പ്രതിപാദിക്കുന്ന 'സീയോൻ കീർത്തനം' മേൽപ്രസ്താവിച്ച ''വിധി'' കല്പന, സങ്കീർത്തനങ്ങളോടു് (Judgement psalms) അല്പമൊക്കെ സാദൃശ്യം കാട്ടുന്നുണ്ടു്. സീയോൻ യാഹ്‌വേയുടെ പർവ്വതമാണു്. നിയമം

www.malankaralibrary.com

പഠിക്കുന്നതിനായി എല്ലാ ജനതകളും അവിടെ വരും. സമാധാനത്തിൻെറ വിധികർത്താവും രാജാവുമായി യാഹ്‌വേ സിംഹാസനാരൂഢനാകുന്നതും അവിടെത്തന്നെ.[3] ഈ കീർത്തനഭാഗത്തെപ്പററി വൈവിദ്ധ്യം നിറഞ്ഞ അഭിപ്രായങ്ങൾ പൊന്തിവന്നിട്ടുണ്ട്. വിപ്രവാസം കഴിഞ്ഞാണ് ഇതിൻെറ ഉത്ഭവം എന്ന അഭിപ്രായത്തോട് പല പണ്ഡിതന്മാരും അനുകൂലിക്കുന്നില്ല. കർത്താവിൻെറ ദിവസത്തോട (Day of the Lord) ഇതിനെ ബന്ധിപ്പിക്കുവാനാണ് ചിലരുടെ ശ്രമം. മററു ചിലരാകട്ടെ, ഉത്തരദിക്കിൻെറ മലയിലെ 'ബാൽസാഫോണിനെ' (Baalzaphon) കേന്ദ്രമാക്കിയുള്ള ഒരു സീറോ–കാനനൈററു പാരമ്പര്യവുമായി ഇതിനെ ബന്ധിപ്പിക്കുന്നു. ജബൂസ്യർ ഇസ്രായേലിനു കൈമാറിയതായിരിക്കാമത്രേ പ്രസ്തുത പാരമ്പര്യം. എന്തായാലും ദൈവനീതിയുടെ പ്രകാശത്തെപ്പററിയുള്ള അന്ത്യാത്മകമായ ഈ വിഷയം മൂന്നാം ഏശയ്യായിലും (Tritto Isaiah),[4] 87–ാം സങ്കീർത്തനത്തിലും ആവർത്തിക്കപ്പെടുന്നുണ്ട്. സൂര്യൻെറ തേജസ്സിനേയും മഹത്വത്തേയും വെല്ലുന്ന ശോഭയോടെ യാഹ്‌വേ ഉദിച്ചുയരുന്നു; ഭൂമിയിലെ രാജാക്കന്മാരെല്ലാം അവിടുത്തെ സമീപിക്കും. വിപ്രവാസകാലം അതിജീവിച്ചവരെ ജനതകളുടെയിടയിലേയ്ക്കും വിദൂരരാജ്യങ്ങളിലേയ്ക്കും അയയ്ക്കും. ജനം നാനാദേശങ്ങളിൽനിന്ന് ഓർശ്ലേത്തെത്തുകയും തെരഞ്ഞെടുക്കപ്പെട്ടവരുടെ ഗണത്തിൽ പേരെഴുതിക്കുകയും ചെയ്യും (സങ്കീ 87:4–6). അവർ യാഹ്‌വേയ്ക്ക് കാഴ്ചദ്രവ്യങ്ങൾ സമർപ്പിക്കും; അവരിൽ ചിലരെ ഇസ്രായേൽക്കാരോടൊപ്പം പുരോഹിതന്മാരായും ലേവായരായും നിയമിക്കുന്നതുമായിരിക്കും. (ഏശയ്യാ 66:18–23).

സിയോൻമല കേന്ദ്രമാക്കിയുള്ള ഒരു സാർവ്വത്രിക മതത്തെയാണ് മേലുദ്ധരിച്ച വേദപുസ്തകഭാഗങ്ങൾ വ്യക്തമാക്കുന്നത്. അവയുടെ സ്വഭാവം അന്ത്യാത്മകവും (eschatological) വെളിപാട് സ്വഭാവമുള്ളതും (apocalyptic) ആണെന്നുമാത്രം. അവ

3 സാർവ്വത്രികസമാധാനത്തെപ്പററിയും യുഗാന്തത്തിലെ സംലയനത്തെപ്പററിയും (eschatological harmony) ഏശ 16:6–9ലും 65:25ലും വിവരണമുണ്ട്. ജനതകളുടെ പരിത്രാണവുമായി അതിന് ബന്ധമൊന്നും ഇല്ലെന്നുമാത്രം.

4 ഏശയ്യാ 56–66 ന് മൂന്നാം ഏശയ്യാ എന്നു പറയുന്നു.

www.malankaralibrary.com

യുടെ ഉത്ഭവത്തെപ്പററി ശരിയായ അറിവു ലഭിച്ചിട്ടില്ല. യാഹ്‌വിസത്തിലേയ്ക്കു് അവ പൂർണ്ണമായി സ്വാംശീകരിക്കപ്പെട്ടിട്ടുമില്ല. മററു ചില ഭാഗങ്ങളിലാകട്ടെ, ദേശീയമായ (nationalistic) പരിഗണനകൾക്കാണു പ്രാമുഖ്യം. ശത്രുക്കളുടെ മാനസാന്തരത്തേയും രക്ഷയേയുംകാൾ അവരുടെ പരാജയത്തിനും അടിമത്തത്തിനുമാണു പ്രാധാന്യം. പരാജിതരായ വിജാതീയർ 'പൊടിമണ്ണു നക്കിയ' ശേഷം ഓർശ്ലേത്തെത്തും. വെള്ളിയും സ്വർണ്ണവും അവർ കപ്പം കൊടുക്കുകയും ഇസ്രായേൽക്കാർക്കു ദാസ്യവൃത്തി നടത്തുകയും ചെയ്യും (സങ്കീ 72:8–11,15). ചങ്ങലകളാൽ ബന്ധിതരായും നമ്രശിരസ്കരായും ആയിരിക്കും വിജയികളുടെ മുമ്പിൽ അവരുടെ ആഗമനം. വിജാതീയരുടെ സമ്പത്തു മുഴുവൻ സംവഹിക്കുന്ന ഒട്ടകഗണങ്ങളും അവരോടൊപ്പമുണ്ടായിരിക്കും. നഗരഭിത്തികൾ പുനരുദ്ധരിക്കുന്നതിനുവേണ്ടി അടിമവേലക്കായി ഇവരെയായിരിക്കും ഉപയോഗപ്പെടുത്തുക. 'അല്ലയോ ഇസ്രായേലേ നിങ്ങൾ, വിജാതീയരുടെ പാൽ കുടിക്കും; രാജാക്കന്മാരുടെ സമ്പത്തു നിങ്ങൾ അനുഭവിക്കും'' എന്നു ഏശയ്യ പ്രവാചകൻ പറഞ്ഞിരിക്കുന്നു. (ഏശ 60:5–16). സമാധാനസംസ്ഥാപകനായ ലോകാധിപതിയെന്നതിനു പകരം വൈരിനിര്യാതനോത്സുകനായി യാഹ്‌വേ പ്രത്യക്ഷനാകും. ശക്തനായ രക്ഷിതാവും വിജാതികളെ തന്റെ കോപത്തിൽ ചവുട്ടിമെതിക്കുന്നവനും അവരുടെ ജീവരക്തം ഭൂമിയിൽ ഒഴുക്കുന്നവനുമായി അവൻ കാണപ്പെടും. (ഏശ 63:1–6). ഇതു ഹിന്ദു പുരാണത്തിലെ കാളിയെ അനുസ്മരിപ്പിക്കുന്നു.

## വിഗ്രഹാരാധന

'ഗോയിം' (goim) എന്ന പദംകൊണ്ടു പരിച്ഛേദനം ചെയ്യാത്തവരും, വിഗ്രഹാരാധകരുമായ ഒരു വിഭാഗത്തെയാണു ഇസ്രായേൽക്കാർ പൊതുവെ വിവക്ഷിച്ചിരുന്നതു്. അവർ സൂര്യചന്ദ്രന്മാരെയും നക്ഷത്രജാലങ്ങളെയും ആരാധിക്കുന്നതിനെ പ്രായേണ സഹിഷ്ണുതയോടെ വീക്ഷിച്ചിരുന്നു. എന്നാൽ വിഗ്രഹങ്ങൾ നിർജ്ജീവങ്ങളാണു്. മനുഷ്യകരങ്ങളാൽ നിർമ്മിതങ്ങളായ പൊള്ളയായ വസ്തുക്കളാണവ. സ്വർണ്ണപ്പണിക്കാരനോ മരപ്പണിക്കാരനോ ആണു് അവയ്ക്കു രൂപം കൊടുത്തതു്. ഭക്ഷണം പാകംചെയ്യാനും തണുപ്പകററാനുമുള്ള വിറകും ദേവനെ നിർമ്മിക്കാനുള്ള തടിക്കഷണവും ഒരേ വൃക്ഷത്തിന്റെതന്നെ ഭാഗങ്ങളാണു് (ഏശ 44:9–20). കണ്ണുകളോ മററു് ഇന്ദ്രിയങ്ങ

www.malankaralibrary.com

ളോ ജീവൻപോലുമോ ഇല്ലാത്ത വെറും തടിക്കഷണങ്ങൾ മാത്രമാണ് ഈ ദേവന്മാർ. ഭക്തരെ ശത്രുക്കളിൽനിന്നു രക്ഷിക്കാൻ അവയ്ക്കു ശക്തിയില്ല. പ്രത്യുത, പരാജിതരായി ഓടുന്നവർക്കു ഈ ദേവവിഗ്രഹങ്ങൾകൂടി വഹിച്ചുകൊണ്ടുപോകേണ്ട ദുർവ്വിധിയാണ് പലപ്പോഴും സംഭവിക്കുക. (സങ്കീ 115:1–8; 135: 15–18; ഏശ 45:20; 46:1–7).

വിഗ്രഹാരാധന നടത്തുന്നവരുടെ വിഡ്ഢിത്തം വിവരിക്കുന്നതിനായി വിജ്ഞാനപുസ്തകത്തിന്റെ ഒരു ഭാഗംതന്നെ നീക്കിവച്ചിരിക്കുകയാണ്, സരസനായ ഗ്രന്ഥകർത്താവ് (വിജ്ഞാനം 13–15). ആരാധന നല്കുന്നതിനു ഒരു വസ്തുവിനെ അന്വേഷിച്ചു എന്നതിൽ ഈജിപ്റ്റുകാർ തെറ്റുകാരല്ല. എന്നാൽ അചേതനമായ ഒരു വിഗ്രഹത്തിൽ പ്രത്യാശയർപ്പിച്ചിരുന്ന അവരുടെ തെറ്റ് വളരെ വലുതാണ്. സമർത്ഥനായ ശില്പി മെനഞ്ഞെടുത്തു്, ചായപ്പണികളാൽ മാലിന്യങ്ങൾ മറച്ചുവച്ച പ്രതിമ മാത്രമാണത്. ഉരുണ്ടുവീഴാതിരിക്കാൻ ആണിയടിച്ച് ഉറപ്പിച്ചിരിക്കുന്നു, ഈ ദേവന്മാരെ. നിഷ്പ്രയോജനങ്ങളും നിരാശ്രയങ്ങളുമാണവ. വിഗ്രഹങ്ങളും ശില്പികളും ഒരുപോലെ ശപ്തരാണ് (വിജ്ഞാനം 14:8). വിഗ്രഹമെന്ന ആശയം വിഭാവനം ചെയ്യുന്നതുതന്നെ വ്യഭിചാരത്തിന്റെ ആരംഭമായി കണക്കാക്കാം. ശുദ്ധ വിഡ്ഢിത്തവും, സകല തിന്മകളുടേയും തുടക്കവും കാരണവും അന്ത്യവും വിഗ്രഹാരാധനയത്രേ. (വിജ്ഞാനം14:12; 15.5;14:27).

## വിജാതീയരുടെ രക്ഷാസാദ്ധ്യത

ഇസ്രായേൽക്കാരല്ലാത്തവരോടുള്ള അവജ്ഞാമനോഭാവം എല്ലാ ഇസ്രായേല്യരിലും രൂഢമൂലമായിരുന്നില്ല. സാർവ്വത്രികമായ രക്ഷയും നീതിയും വ്യക്തമാക്കുന്ന ഭാഗങ്ങൾ വിശുദ്ധ ഗ്രന്ഥങ്ങളിൽ അവിടവിടെയായി കാണാം.

സോദോമിലെ ഏതാനും നീതിമാന്മാർക്കുവേണ്ടി അബ്രാഹം നടത്തുന്ന മദ്ധ്യസ്ഥപ്രാർത്ഥന അതുല്യമാണ് (ഉൽ18:19).

ഈജിപ്തിലെ ബാധകളിലൊന്നായ ആലിപ്പഴവർഷത്തിനു മുമ്പ് ഈ വിവരം മുൻകൂട്ടി അറിയിച്ചുകൊണ്ട് യാഹ്‌വേയുടെ വാക്ക വിശ്വസിക്കുന്നതിന് ഈജിപ്തുകാർക്ക് ഒരവസരം നൽകി. തങ്ങൾക്കും തങ്ങളുടെ കാലികൾക്കും അത്യാവശ്യ

www.malankaralibrary.com

രക്ഷാനടപടികൾ സ്വീകരിക്കുന്നതിന് അവക്കു സാവകാശം ലഭിച്ചു (പുറ 9:19f).

ആമോറാക്കാരുടെ (Amorites) അധമ്മം പൂർണ്ണമായപ്പോൾ മാത്രമാണ് അവരെ നശിപ്പിക്കുവാനും, ഭൂമി കയ്യടക്കുവാനും ദൈവം അനുവദിച്ചതു് (ഉൽ 15:16).

ഇസ്രായേലിന് നൽകിയതിനേക്കാൾ കഠിനമായ ശിക്ഷയാണ് അവിശ്വാസികൾക്ക് യാഹ്‌വേ നൽകിയിരുന്നതു്. എങ്കിലും പശ്ചാത്താപത്തിനുള്ള അവസരം നൽകിക്കൊണ്ടു് സാവധാനം മാത്രമാണ് ഇവരുടെമേലുള്ള ന്യായവിധിയും ശിക്ഷയുമെല്ലാം നടത്തിയതു് (വിജ്ഞാനം 11:10, 20, 22). എന്നാൽ ഈ അവസരങ്ങളൊന്നും അവർ ഉപയോഗപ്പെടുത്താറില്ല എന്ന് വിജ്ഞാനം 12:10b–11–ൽ പറയുന്നു: "അവരുടെ ഉത്ഭവം തിന്മയിലാണെന്നും; ആരംഭംമുതലേ ശാപഗ്രസ്തരായ അവർ ഒരിക്കലും നന്നാകുകയില്ലെന്നും ദൈവത്തിനറിയാം."

ദുഷ്ടനായ അയൽക്കാരനെ അവന്റെ 'അവകാശത്തിലേക്കു്' (ദൈവദത്തമായ ആരാധനാസ്ഥലത്തേയ്ക്കു്) കൊണ്ടുവരുന്നതിനുതകുന്ന ദൈവികകാരുണ്യത്തെപ്പററി ഏറെമ്യാ പ്രവാചകൻ പ്രതിപാദിക്കുന്നുണ്ടു്. ദൈവജനത്തിന്റെ മാർഗ്ഗങ്ങൾ അവർ ശ്രദ്ധാപൂർവ്വം പഠിക്കുന്നുവെങ്കിൽ ദൈവം അവരെ അവിടുത്തെ ജനമദ്ധ്യേ സ്ഥാപിക്കും (ഏറ 13:14–16).

ഇത്തരത്തിലുള്ള മാനസാന്തരങ്ങൾ ഏശ 56:3a, 6–8 ഇവയിലും കാണാവുന്നതാണ്. സാബത്താചരണം നടത്തുകയും, യാഹ്‌വേയുടെ ഉടമ്പടി കാക്കുകയും ചെയ്യുന്ന വിദേശികൾക്ക് അവിടുത്തെ ഭവനത്തിൽ സ്വീകാര്യങ്ങളായ ബലികൾ അർപ്പിക്കാമത്രേ.

ഒരു വ്യക്തിയുടെ അത്ഥനയും, ഒരു കൃതജ്ഞതാസ്തോത്രത്തിനും ഇടയ്ക്കായി സങ്കീർത്തകന്മാരിലൊരാൾ ആത്മപ്രചോദിതനായി പറയുകയാണ്, എല്ലാ ജനതകളും കർത്താവിന്റെ മുമ്പിലെത്തി ശിരസ്സ് നമിക്കയും ലോകസ്രഷ്ടാവായി അവിടുത്തെ സ്തുതിക്കയും ചെയ്യും എന്ന് (സങ്കീ 86:98).

യാഹ്‌വേമതവിശ്വാസത്തിലേക്കു് വൻതോതിലുള്ള ഒരു പരിവർത്തന സംരംഭത്തെപ്പററി സഖറിയാ പ്രവാചകൻ പ്രസ്താവിക്കുന്നുണ്ടു്. അനേക രാഷ്ട്രങ്ങളും ശക്തങ്ങളായ ജനതകളും

www.malankaralibrary.com

സൈന്യങ്ങളുടെ കർത്താവിനെ തേടി ഓർശ്ലേമ്മിലേക്കു വരും. വിവിധ ഭാഷകൾ സംസാരിക്കുന്ന ഓരോ രാജ്യത്തിലേയും പത്തുപേർ വീതം ഓരോ യഹൂദനെ സമീപിക്കും. അവൻെറ വസ്ത്രത്തിൽ കടന്നുപിടിച്ചുകൊണ്ട് അവർ പറയും, ഞങ്ങൾ നിൻെറ കൂടെ നടന്നുകൊള്ളട്ടെ. കാരണം ദൈവം നിന്നോടുകൂടെയുണ്ടെന്ന് ഞങ്ങൾ കേൾക്കുവാനിടയായി'' (സഖ 8,22f).

മതപരിവർത്തനത്തിന് തയ്യാറാകുന്നവരോട് ഇസ്രായേൽക്കാർക്കുള്ള തുറന്ന മനഃസ്ഥിതി വ്യക്തമാക്കുന്ന ബൈബിൾ ഭാഗങ്ങൾ വളരെയൊന്നുമില്ല. ഉള്ളവതന്നെ ചിന്നിച്ചിതറിയാണ് കിടക്കുന്നത്. ഇസ്രായേലിൻെറ തികച്ചും നിഷേധകമായ നിലപാടിനെ ഇവ കുറെയെങ്കിലും മയപ്പെടുത്തുമെന്നതു തീർച്ച. ചുരുക്കം ചില സന്ദർഭങ്ങളിൽ വിദേശികളെ ദൈവജനത്തിൻെറ സമൂഹത്തിൽ സ്വീകരിച്ചിട്ടുമുണ്ട്. പുറപ്പാടിൻെറ അവസരത്തിൽ ഇസ്രായേല്യരല്ലാത്ത വലിയ ഒരു 'സമ്മിശ്ര പുരുഷാരവും' പലായനം ചെയ്യുന്ന അടിമവേലക്കാരോട് (=ഇസ്രായേൽ) ചേരുന്നതായി കാണാം (പുറ 12:38). ജറീക്കോയുടെ പതനശേഷം റാഹാബും അവളുടെ കുടുംബവും ദൈവജനത്തോടു ചേർന്നു (ജോഷ്വ 6:22–25). ഗിബയോൻകാർ ആദ്യം കൗശലം പ്രയോഗിച്ചെങ്കിലും ഒടുവിൽ അവരോട് ഹീബ്രു ജനത സഹിഷ്ണുതയോടെ പെരുമാറുന്നുണ്ട് (ജോഷ്വ 9:27). യഹൂദനായ ബോആസിനോടാണ് മോവാബുകാരിയായ റൂത്ത് വിവാഹിതയാകുന്നത്.

## രക്ഷ സീയോൻ സമൂഹത്തിനു പുറത്ത്

ഇസ്രായേൽ സമൂഹത്തിനു പുറത്തും യാഹ്‌വേ രക്ഷ പ്രദാനം ചെയ്യുന്നുവെന്ന് സൂചിപ്പിക്കുന്ന പ്രധാനപ്പെട്ട മൂന്ന് ബൈബിൾ ഭാഗങ്ങൾ ഉണ്ട്.

1) മലാക്കി പ്രവാചകൻെറ പുസ്തകത്തിൻെറ ആദ്യ അദ്ധ്യായത്തിൽ വിചിത്രമായ ഒരു യുക്തിബോധം കാണാം. ആദ്യമായി പ്രവാചകൻ പറയുകയാണ്, യാഹ്‌വേ ഏസാവിനെ വെറുക്കുകയും അവൻെറ അവകാശം മരുഭൂമിയിലെ കുറുക്കന്മാർക്ക് നല്കുകയും ചെയ്തു, എന്ന്. അതിനുശേഷം, ജറുസലം ദേവാലയത്തിലെ ആരാധനാക്രമത്തിലുള്ള അപാകതകളെ കുറ്റപ്പെടുത്തുന്നു. മുടന്തുള്ളതും രോഗം ബാധിച്ചവയുമായ മൃഗ

www.malankaralibrary.com

ങ്ങളെ ബലികഴിക്കുന്നതു് ദൈവനാമത്തെ അശുദ്ധമാക്കലാണ്. അയഹൂദരുടെ ബലിപീഠങ്ങളിൽ അർപ്പിക്കപ്പെടുന്ന ധൂപവും പ്രാർത്ഥനകളും ദൈവസന്നിധിയിലെത്തുന്നു. അവയാണ് സ്വജനത്തിൻെറ ബലികളേക്കാരം യാഹ്‌വേയ്ക്കു് സ്വീകാര്യം.

2. ഇസ്രായേലിൻെറ തെരഞ്ഞെടുപ്പ് അത്ര സവിശേഷമൊന്നുമല്ലെന്നും അബ്രാഹത്തിൻെറ സന്താനങ്ങളോടൊപ്പം വിജാതീയരും ദൈവഭവനത്തിലെ അംഗങ്ങളാണെന്നും സങ്കീർത്തകൻ പറയുന്നു (സങ്കീ 47: 8f).

3. ഇസ്രായേലിൻെറ ശത്രുരാജ്യങ്ങളായ ഈജിപ്തിൻേറയും അസ്സൂറിൻേറയും അന്ത്യാത്മകമായ (eschatological) തെരഞ്ഞെടുപ്പിനെപ്പററി (ഏശയ്യ 19:18–25) പ്രതിപാദിക്കുന്നുണ്ടു്. സൂര്യനഗരമായ ഹെലിയോപ്പോലിസ് സിയോൺ പോലെ യാഹ്‌വേയുടെ നഗരമായി ഭവിക്കും. സൈന്യങ്ങളുടെ കർത്താവിൻെറ അടയാളവും സാക്ഷ്യവുമായി അവിടെ ഒരു ബലിപീഠവും ഉണ്ടായിരിക്കും. ഈജിപ്ററുകാർ ദൈവത്തിനു് ബലിയർപ്പിക്കുകയും അവിടുത്തോടു ചെയ്ത നേർച്ചകരം നിറവേററുകയും ചെയ്യും. ഈജിപ്തിനേയും അസ്സൂറിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു രാജപാത പണിചെയ്യപ്പെടും. യഥാർത്ഥവും സ്വീകാര്യവുമായ ബലിയർപ്പണത്തിനു് ഈ രണ്ടു രാജ്യങ്ങളും ഒന്നിച്ചുചേരുന്നതുമാണു്. യാഹ്‌വേ തെരഞ്ഞെടുത്ത മൂന്നു സമൂഹങ്ങളായിരിക്കും ഈജിപ്ററും അസ്സീറിയായും ഇസ്രായേലും. ഇവിടെ ഒരു പ്രത്യേകത പരിഗണനാർഹമായുണ്ടു്. ഈ രണ്ടു രാഷ്ട്രങ്ങരംക്കും ദൈവം തൻെറ നാമം വെളിപ്പെടുത്തിയതും അവരെ തെരഞ്ഞെടുത്തതും നേരിട്ടാണു്, ഇസ്രായേലിൻെറ മദ്ധ്യസ്ഥതയിലല്ല. വിജാതീയരെ യാഹ്‌വേ സ്വീകരിച്ചതോടെ ഇസ്രായേൽ മാത്രമായിരിക്കുകയില്ല ഇനിമേൽ ദൈവത്തിൻെറ സ്വന്തജനം.

## യോനായുടെ പുസ്തകം

ഇസ്രായേൽക്കാരുടെ മുഖ്യശത്രുക്കളായ നിനിവേക്കാരെ മാനസാന്തരപ്പെടുത്തുന്നതിനു് അയയ്ക്കപ്പെട്ട ഒരു യഹൂദൻെറ കഥയായാണു് യോനായുടെ പുസ്തകത്തെ കരുതാറുള്ളതു്. അങ്ങനെയെങ്കിൽ ഇസ്രായേൽ അപകേന്ദ്രകമായി (centrifugal) മിഷൻ പ്രവർത്തനം നടത്തുന്നതിൻെറ ഏക ഉദാഹരണം ഇതു

www.malankaralibrary.com

മാത്രമായിരിക്കും. ഒരു പക്ഷേ, എസ്റായുടേയും നെഹേമിയായുടേയും കാലത്ത് എഴുതപ്പെട്ട ഈ പുസ്തകത്തെ യഹൂദമതത്തിന്റെ അതിർകടന്ന അഭിമാനഗർവ്വിനുനേരെയുള്ള വെല്ലുവിളിയായി കരുതാം.[5] പുറജാതിക്കാരുടെ പക്കൽ പോകുവാനും അവരോട് പ്രസംഗിക്കുവാനും മടികാണിച്ച പ്രവാചകനായ യോനായെ ദൈവം നിർബ്ബന്ധിച്ച് പറഞ്ഞയയ്ക്കുകയാണ് ചെയ്തത്. അങ്ങനെ അവിടുത്തെ സാർവ്വത്രിക പരിത്രാണ പദ്ധതിയിൽ സഹകരിക്കുന്നതിനു പ്രവാചകനെ നിർബ്ബന്ധിക്കുന്നു. ഒററ ദിവസംകൊണ്ട് വളർന്നു പന്തലിക്കുകയും ഒററ രാത്രികൊണ്ട് ഉണങ്ങിപ്പോവുകയും ചെയ്ത അത്ഭുതമരത്തിലൂടെ ദൈവം പ്രവാചകനെ ഒരു പാഠം പഠിപ്പിച്ചു. ദൈവം എല്ലാവരുടേയും രക്ഷ ആഗ്രഹിക്കുന്നതിൽ അവൻ കോപാകുലനാകരുത്. യോനായുടേയും പൗലോസിന്റേയും മനോഭാവങ്ങൾ താരതമ്യപ്പെടുത്തുന്നത് നന്നായിരിക്കും. വിശുദ്ധൻ ആദ്യം സന്ദർശിക്കുന്നത് യഹൂദരെയാണ്. പക്ഷേ അവർ രക്ഷാസന്ദേശം സ്വീകരിക്കുന്നതിനു വൈമുഖ്യം കാണിക്കുമ്പോൾ അദ്ദേഹം വിജാതീയരുടെ ഇടയിലേക്കു പോകുന്നു (നട 13:46; 18:6). യോനായുടെ പുസ്തകവും റോമാക്കാർക്കുള്ള ലേഖനം 9മുതൽ 11വരെ അദ്ധ്യായങ്ങളും തമ്മിൽ ഒരു താരതമ്യപഠനം ഉപയോഗപ്രദമായിരിക്കുമെന്ന് ചിലർ നിർദ്ദേശിക്കുന്നു.

യെഹെസ്ക്കെൻ കൗഫ്മാൻ ഇത്തരം വ്യാഖ്യാനങ്ങൾക്കു തികച്ചും എതിരാണ്.[6] ജെറോബോവാം രണ്ടാമന്റെ (784–744 ബി.സി.) കാലത്ത് വിരചിതമായതാണ് യോനായുടെ പുസ്തകമെന്ന ഇദ്ദേഹത്തിന്റെ അഭിപ്രായത്തോട് അധികമാരും യോജിക്കുന്നില്ല. കാരണം ശൈലിയും പദാവലിയും പിൽക്കാലത്തേതാണ്. ഹീബ്രുഭാഷയോടെന്നതിലുപരി അറമായ ഭാഷയോടാണ് അവയ്ക്കു ബന്ധം. കൂടാതെ പ്രതിഫലത്തിന്റേയും (retribution) യഹൂദേതരരുടെ മതപരിവർത്തനത്തിന്റേയും ആശയങ്ങൾക്കു നിദാനം ഏറ 18:7–8, രണ്ടാം ഏശ (= ഏശയ്യ 40–55) എന്നിവയാണ്.

---

5 മിശ്രവിവാഹങ്ങൾക്കെതിരായി എസ്റാ സ്വീകരിച്ച ഉറച്ച നിലപാടിനെതിരെ പ്രതിഷേധമുയർത്തുകയാണ് റൂത്തിന്റെ പുസ്തകത്തിന്റെ ലക്ഷ്യം.

6 The Religion of Israel pp. 283 ff

www.malankaralibrary.com

എങ്കിലും സൂക്ഷ്മാപഗ്രഥനത്തിൽ ദൈവത്തിനു് പാപികളോടുള്ള കരുണയും ക്ഷമയുമാണു് യോനായുടെ പുസ്തകത്തിലെ മുഖ്യപ്രതിപാദ്യമെന്നു് കാണാം. ''ദുഷ്ടൻെറ മരണത്തിൽ എനിക്കു് എന്തെങ്കിലും താല്പര്യമുണ്ടോ? . .അവൻ ദുഷ്ടമാർഗ്ഗത്തിൽനിന്നു പിന്തിരിയണമെന്നും ജീവിക്കണമെന്നുമല്ലേ ഞാൻ ആഗ്രഹിക്കുന്നതു്?'' (എസ 18:23,32) ഒരു അന്യദൈവത്തിൻെറ വിദേശീയ പ്രവാചകനെ ശ്രവിച്ച നിനിവേവാസികൾ തങ്ങളുടെ തെററുകൾ തിരുത്തി.[7] സങ്കുചിതമനസ്കനായ ഒരു തീവ്രവാദിയായിരുന്നതുകൊണ്ടല്ല യോനാ കോപിച്ചതു്; പ്രത്യുത ദൈവനീതിയുടെ പ്രചാരകനായതുകൊണ്ടാണു്. അതനുസരിച്ചു് ആ ദുഷ്ടനഗരത്തെ രക്ഷിക്കേണ്ടതില്ല. ദെഗ്രൂട്ടു് അഭിപ്രായപ്പെടുന്നതുപോലെ പുറജാതികളുടെ ഇടയിൽ മിഷൻ പ്രവത്തനം നടത്തുവാൻ ഉപദേശിക്കുകയല്ല ഗ്രന്ഥകത്താവിൻെറ ലക്ഷ്യം[8]; മറിച്ചു് സോദോമിനുവേണ്ടി മാദ്ധ്യസ്ഥ്യം പറയുവാൻ അബ്രാഹത്തെ പ്രേരിപ്പിച്ച അതേ മനഃസ്ഥിതി ഇസ്രായേലിലും വളത്തുകയാണു് (ഉൽ 18).

പുറപ്പാടു് 34:6f, ഏറ 18:7f ഇവയിലെ സന്ദേശങ്ങൾ സ്ഥാപിക്കുന്നതിനുപകരിക്കുന്ന ഒരു സാരോപദേശകഥ—മിദ്രാഷ് ഹഗ്ഗാദ' (midrash haggadah) ആയി ഇതിനെ പരിഗണിക്കാം. കത്താവു് കാരുണ്യവാനും ദയാനിധിയും, പെട്ടെന്നു കോപിക്കാത്തവനും അചഞ്ചലമായ സ്നേഹവും വിശ്വസ്തതയുമുള്ളവനും ആകുന്നു. അനേകായിരം തലമുറകളോളം കാരുണ്യം കാണിക്കുന്നവനും ദുഷ്ടതയും അക്രമവും പാപവും ക്ഷമിക്കുന്നവനുമത്രേ. എന്നാൽ അവിടുന്നു കുററക്കാരെ കുററമില്ലാത്തവരെന്നു് ഒരിക്കലും പ്രഖ്യാപിക്കുകയില്ല. .''(പുറ 34 6f). തന്നെ ഏല്പിച്ച ദൗത്യത്തിൽനിന്നു് ഒഴിഞ്ഞുമാറിയതിനു് ന്യായീകരണമായി ഈ വാക്യത്തിൻെറ ആദ്യഭാഗം ഉദ്ധരിക്കയാണു് ചെയ്തിരിക്കുന്നതു് യോനാ 4:2ൽ.

'ചിലപ്പോൾ ഒരു ജനതയെ അല്ലെങ്കിൽ ഒരു രാജ്യത്തെ വേരോടെ പിഴുതു ചീന്തിക്കീറി തകത്തുകളയണമെന്നു ഞാൻ

---

7 പശ്ചാത്തപിച്ച നിനിവേക്കാരുടെ വിഷയം സുവിശേഷങ്ങളിലും കാണുന്നുണ്ടു്.

8 A. de groot: The Bible on the Salvation of the Nations P. 41

www.malankaralibrary.com

പ്രഖ്യാപിക്കും. ഏതൊരു രാജ്യത്തിനെതിരായി ഞാൻ ഇങ്ങനെ സംസാരിച്ചുവോ, ആ രാജ്യം അതിൻെറ തിന്മകളെക്കുറിച്ച് അനുതപിക്കയാണെങ്കിൽ, ഞാനും ആ രാജ്യത്തിനു വരുത്താനുദ്ദേശിച്ച നാശത്തെക്കുറിച്ച് അനുതപിക്കും''
(ഏറ 18:7 f)

എന്തായാലും, സാർവ്വത്രികപരിത്രാണവിഷയത്തിൽ യോനായുടെ പുസ്തകത്തിന് കുറെയെല്ലാം സംഗത്യമുണ്ട്. കൊടുങ്കാറ്റ് കപ്പലിനെ ഉലച്ചപ്പോൾ യാത്രക്കാരെല്ലാം അവരവരുടെ ദൈവത്തെ വിളിച്ചു പ്രാർത്ഥിച്ചു. എന്നാൽ ഈ സമയമെല്ലാം യാഹ്‌വേയുടെ പ്രവാചകൻ അശ്രദ്ധനായി ക്ലേശം വലിച്ചുറങ്ങുകയായിരുന്നു. ഈ കാഴ്ച കപ്പിത്താനെ ഞെട്ടിപ്പിക്കുകതന്നെ ചെയ്തു. അതുകൊണ്ട് അയാൾ യോനായെ വിളിച്ചുണർത്തി അഭ്യർത്ഥിച്ചു, ആളുകളുടെ ജീവൻ രക്ഷിക്കുന്നതിന് യഹൂദരുടെ ദൈവത്തോടു പ്രാർത്ഥിക്കുവിൻ! (യോനാ 1:6). യഹൂദനായ യോനായെ ഒരു പുറജാതിക്കാരനാണു പ്രാർത്ഥനയ്ക്കു ക്ഷണിക്കുന്നതെന്ന കാര്യം ശ്രദ്ധേയമാണ്. കൂടാതെ, യഹൂദനേക്കാൾ മതചൈതന്യമുള്ളവർ പുറജാതിക്കാരാണെന്ന് കാണിക്കുന്നതിലൂടെ ഗ്രന്ഥകർത്താവ് അല്പം വിരോധാഭാസം പ്രയോഗിക്കുന്നതായും കണക്കാക്കാം.

ദൈവദൗത്യത്തിൽനിന്ന് ഒഴിഞ്ഞുമാറിയ തെററ് യോനാ പരസ്യമായി സമ്മതിച്ചു. വിജാതീയരായ സഹയാത്രികരെ രക്ഷിക്കുന്നതിനു സ്വജീവൻ അർപ്പിക്കുവാനുള്ള മഹാമനസ്കതയും അദ്ദേഹം കാണിച്ചു; ഒരു യഹൂദൻ 'ഗോയി' മിനുവേണ്ടി സ്വയം അർപ്പിക്കുന്നു!

കടലും കരയും സൃഷ്ടിച്ച സ്വർഗ്ഗീയ ദൈവമായ യാഹ്‌വേയാണ് തൻെറ ദൈവമെന്ന് യോനാ പ്രഖ്യാപിച്ചപ്പോൾ യഹൂദേതരർ യാഹ്‌വേയോടു പ്രാർത്ഥിക്കയും യാഗം കഴിച്ച് നേർച്ചകൾ നേരുകയും ചെയ്തു. അവർ മാനസ്സാന്തരപ്പെടുകയും അവരുടെ ജീവൻ രക്ഷിക്കപ്പെടുകയും ചെയ്തു.

ഐതിഹാസികമായ ഒരു സംഭവവും ഇതോടൊപ്പം വിവരിക്കുന്നുണ്ട്. കടലിൽ മുങ്ങിമറിയുന്ന പ്രവാചകനെ രക്ഷിക്കാൻ യാഹ്‌വേ ഒരു വലിയ മത്സ്യത്തെ ഉപയോഗപ്പെടുത്തുന്നു. അത് അദ്ദേഹത്തെ വിഴുങ്ങുകയും കരയിൽകൊണ്ടു

www.malankaralibrary.com

ചെന്നു് വിക്ഷേപിക്കയും ചെയ്തു. ഇതിനു ശേഷവും യോനാ മനസ്സില്ലാമനസ്സോടെയാണു് നിനിവേയ്ക്കു പോകുന്നതു്.

ഗ്രന്ഥകാരൻ ഒരിക്കൽക്കൂടി വളരെ അനുഭാവപൂർവ്വം നിനിവേനഗരവാസികളെ അവതരിപ്പിക്കുന്നു. അവർ തങ്ങളുടെ വഴികളിൽനിന്നു തിരിയുകയും പ്രായശ്ചിത്തം അനുഷ്ഠിക്കുകയും ചെയ്തു. യോനായെക്കാൾ ഭക്തിയുള്ളവരാണു് തങ്ങളെന്നു് അവർ തെളിയിച്ചു. യാഹ്‌വേ അവർക്കു് രക്ഷ നൽകി അനുഗ്രഹിക്കുകയും ചെയ്തു.

അത്ഭുതകരമായി വളർന്ന ചെടിയുടെ നാശത്തിനു ശേഷം ദൈവം പ്രവാചകനെ കളിയാക്കിക്കൊണ്ടു പറയുന്നു: ''ചുരയെപ്രതി കോപിക്കാൻ നിനക്കു കാരണമുണ്ടോ..പശ്ചാത്താപഭരിതരായ പാപികളുടെ ഈ വലിയ നഗരത്തോടു കരുണ തോന്നി അവരെ നാശത്തിൽനിന്നുദ്ധരിക്കുവാൻ ഞാൻ ശ്രമിക്കുമ്പോൾ നീ കോപിക്കുന്നു. എന്നാൽ അല്പായുസ്സായ ഈ ചെറുചെടിയെ ഞാൻ നശിപ്പിച്ചപ്പോൾ നീ അതിമാത്രം കുപിതനായിരിക്കുന്നുവല്ലോ. അതുകൊണ്ടു നീ ചിന്തിച്ചുനോക്കുക: നാശമോ രക്ഷയോ ഏതാണു് നീ ആഗ്രഹിക്കുന്നതു്?''

ദൈവം എല്ലാവരോടും കരുണയും ദയയുമുള്ള ഒരു പിതാവാണെന്ന വസ്തുത ഗ്രന്ഥകർത്താവു് വളരെ സരസമായി അവതരിപ്പിച്ചിരിക്കയാണു്. ദുഷ്കൃത്യങ്ങളെ വിഗണിക്കാത്തതാണു് അവിടുത്തെ നീതിയെങ്കിലും സകല മനുഷ്യരുടേയും രക്ഷമാത്രമാണു് അവിടുന്നു് ആഗ്രഹിക്കുന്നതു്.

## ഉപസംഹാരം

യോനായുടെ പുസ്തകത്തിനു് പഠിപ്പിക്കുവാനുള്ള ഈ സന്ദേശമല്ല യഹൂദ-വിജാതീയബന്ധത്തെപ്പററി വിപ്രവാസകാലത്തേയും അതിനുശേഷമുള്ള കൃതികളിലേയും മുഖ്യപ്രബോധനമെന്നതു ശരിതന്നെ, എങ്കിലും ഇതും ആ പ്രബോധനത്തിൻെറ ഭാഗമാണു്. പുതിയ നിയമം ഈ സത്യത്തെ ഒന്നുകൂടി വ്യക്തവും വിശദവുമായി പ്രഖ്യാപിക്കുന്നു: ''സർവ്വമനുഷ്യരും രക്ഷപ്രാപിക്കണമെന്നും സത്യത്തിൻെറ അറിവിലേയ്ക്കു് തിരിയണമെന്നും ദൈവം ഇച്ഛിക്കുന്നു'' (1തിമോ 2:4).

പേപ്പൽ അത്തനേവും
പൂനാ-14

വാൻ ദെ വാല്ലെ എസ്. ജെ.

www.malankaralibrary.com

# ദൈവരാജ്യം

ദൈവരാജ്യത്തിന്റെ രക്ഷാകരസന്ദേശമാണ് ക്രിസ്തു അറിയിച്ചത്. എന്നാൽ ഈ സുവിശേഷം യഹൂദരിൽ പലരും സ്വീകരിച്ചില്ല. അതിന്റെ ചരിത്രപശ്ചാത്തലം, ക്രിസ്തു അറിയിച്ച ദൈവരാജ്യത്തിന്റെ വിവിധ വശങ്ങൾ, സഭയുമായുള്ള ബന്ധം എന്നിവയാണ് ഈ ലേഖനത്തിലെ പ്രതിപാദ്യം.

യേശുക്രിസ്തുവിന്റെ പരസ്യജീവിതം ആരംഭിക്കുന്നത് ദൈവരാജ്യ[1]ത്തിന്റെ സുവിശേഷം അറിയിച്ചുകൊണ്ടാണ്. ''സമയം ആഗതമായി; ദൈവരാജ്യം സമീപസ്ഥവും. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുക'' (മർക്കോ 1:15). ക്രിസ്തുവിന്റെ മുന്നോടിയായ സ്നാപകയോഹന്നാനും ഇതേ സന്ദേശമാണ് നല്കുവാനുണ്ടായിരുന്നത്. ''പ്രായശ്ചിത്തം ചെയ്യുക, സ്വർഗ്ഗരാജ്യം സമീപസ്ഥമാണ്'' (മത്താ 3:2). ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽ ദൈവരാജ്യം (Kingdom of God) എന്ന പദം അൻപതിൽപരം പ്രാവശ്യം പ്രയോഗിച്ചിട്ടുണ്ട് (മർക്കോ 4, ലൂക്കാ 32, മത്താ 14). എന്നാൽ ഇതേ അർത്ഥത്തിൽ 'സ്വർഗ്ഗരാജ്യം' (Kingdom of heaven) എന്ന പദം മത്തായിയുടെ സുവിശേഷത്തിൽ മുപ്പത്തിമൂന്നു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നതായി കാണുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ രണ്ടു സ്ഥലത്തുമാത്രമേ 'ദൈവരാജ്യം' എന്ന പദം ഉപയോഗിക്കുന്നുള്ളു (യോഹ 3:3,5).

ദൈവരാജ്യത്തിന്റെ സന്ദേശം യഹൂദരിൽ പലരും തെററിദ്ധരിച്ചതായി സുവിശേഷങ്ങളിൽ കാണുന്നുണ്ട്. വരുവാനിരിക്കുന്ന രക്ഷകനെ സ്വീകരിക്കുന്നതിനും രക്ഷാകരകർമ്മത്തിൽ

---

1 'ദൈവരാജ്യം' എന്ന പദത്തിന്റെ അർത്ഥം വ്യക്തമാക്കേണ്ടിയിരിക്കുന്നു. Kingdom എന്ന വാക്കിനു 'രാജ്യം' എന്നു പറയുന്നു. എന്നാൽ 'രാജത്വം' (Kingship), രാജകീയഭരണം (Kingly rule) എന്ന അർത്ഥത്തിലാണ് സുവിശേഷത്തിൽ 'ദൈവരാജ്യം' എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. രാജ്യം എന്ന പദത്തിനു രാജാവിന്റെ അധികാരത്തിൻ കീഴിലുള്ള ആളുകൾ ഉൾപ്പെട്ട സ്ഥലം എന്ന അർത്ഥമാണല്ലോ ഉള്ളത്.

www.malankaralibrary.com

ആത്മാത്ഥമായി സഹകരിക്കുന്നതിനും ദൈവം പ്രത്യേകം തെരഞ്ഞെടുത്തു് നയിച്ചിരുന്ന ഒരു ജനതയായിരുന്നല്ലോ യഹൂദർ. എന്നാൽ അവരിൽ പലരും ക്രിസ്തു അറിയിച്ച ദൈവരാജ്യത്തിൻെറ അത്ഥം ശരിയായി മനസ്സിലാക്കിയില്ല. യഹൂദസമുദായത്തിൻെറ പ്രതാപൈശ്വര്യങ്ങൾ പുന:സ്ഥാപിക്കുന്ന വലിയൊരു ജേതാവിനെ അവരിൽ പലരും പ്രതീക്ഷിച്ചു. യഹൂദരുടെ അന്നത്തെ ചരിത്രപശ്ചാത്തലവും ഈ തെററിദ്ധാരണക്കു് കുറെയൊക്കെ വഴിതെളിച്ചു.

## ചരിത്രപശ്ചാത്തലം

ഏതാനും നൂററാണ്ടുകളായി വിദേശാധിപത്യത്തിൽ നിന്നു് വിമോചനം നേടാൻ നിരന്തരം പൊരുതിവന്ന ചരിത്രമായിരുന്നു അന്നവരുടേതു്. ക്രിസ്തു പിറക്കുമ്പോൾ പലസ്തീന റോമാസാമ്രാജ്യത്തിൻെറ ഭാഗമാണു്. ബി. സി. എട്ടാം നൂററാണ്ടിൽ അസ്സീറിയാക്കാരും ആറാം നൂററാണ്ടിൽ കൽദായരും പലസ്തീന ആക്രമിച്ചധീനമാക്കുകയും വളരെയധികം യഹൂദരെ തടവുകാരായി കൊണ്ടുപോകുകയും ചെയ്തു. ഈജിപ്ററിലെ ടോാമി (ptolemy) രാജാക്കന്മാർ (328–198 B.C.) അനേകായിരം യഹൂദരെ ആ രാജ്യത്തേക്കു കൊണ്ടുപോയി. ഇപ്രകാരം അവിടെ വസിച്ചിരുന്ന യഹൂദപണ്ഡിതർ ചേന്നാണു് പഴയ നിയമം ഗ്രീക്കുഭാഷയിലേക്കു് (Septuagint) തജ്ജമ ചെയ്തതു്.

വിദേശാധിപത്യകാലത്തു് യഹൂദക്കു് തങ്ങളുടെ മതപാരമ്പര്യങ്ങളും അനുഷ്ഠാനങ്ങളും തുടരുന്നതിനു് പല ബുദ്ധിമുട്ടുകളുമുണ്ടായി. പിന്നീടു് ബി. സി. രണ്ടാം നൂററാണ്ടിൽ സിറിയായിലെ അന്തിയോക്കസ് എപ്പിഫാനസ് (Antiochus Ephiphanes) ഇപ്രകാരം പ്രതിബന്ധങ്ങൾ സൃഷ്ടിച്ചവരിൽ പ്രധാനിയാണു്. തന്മൂലം യഹൂദർ സംഘടിതമായി ഇദ്ദേഹത്തെ എതിക്കുകയും സ്വാതന്ത്ര്യം വീണ്ടെടുക്കുകയും ചെയ്തു. എന്നാൽ ബി. സി. 63–ൽ അവർ മറെറാരു പ്രബല വിദേശശക്തിക്കു കീഴിലായി. റോമാക്കാർ പലസ്തീന അധീനമാക്കി.

യഹൂദജനതയെ റോമാക്കാരുടെ നുകത്തിൻകീഴിൽ നിലനിത്തുവാൻപോരുന്ന ഒരു ഭരണക്രമമാണു് ക്രിസ്തു പിറന്നപ്പോൾ അവിടെ ഉണ്ടായിരുന്നതു്. റോമൻ ചക്രവത്തി സീസറിൻെറ സ്നേഹിതനും ഇഡുമേയക്കാരനുമായ അന്തിപ്പാത്ത

www.malankaralibrary.com

റിൻെറ പുത്രൻ ഹേറോദേസായിരുന്നു യൂദയായിലെ ഭരണാധിപൻ. റോമാക്കാരുടെ താല്പര്യങ്ങളും മേധാവിത്വവും സുരക്ഷിതമാക്കാൻ അദ്ദേഹം വേണ്ടതെല്ലാം ചെയ്തു. എല്ലാ എതിരാളികളേയും നാമാവശേഷമാക്കി. അതേസമയം യഹൂദരുടെ പ്രീതി സമ്പാദിക്കാൻ ചിലതൊക്കെ ചെയ്തിരുന്നു. ജറൂസലേം ദേവാലയം പുതുക്കിപ്പണിതതു് ഈ ഉദ്ദേശത്തോടെയാണു്. ഇതൊന്നും അസ്വസ്ഥരായിരുന്ന യഹൂദജനതയെ സംതൃപ്തരാക്കിയില്ല.

അവസാനം തൻെറ മൂന്നുമക്കൾക്കായി (Archelaus, Antipas, Philip) രാജ്യം വിഭജിച്ചു. യൂദയാ, സമറിയ, ഇഡുമേയ എന്നിവ അർക്കലാവോസിൻെറ കീഴിലായി. ഈ അധികാര കൈമാററം അരക്ഷിതാവസ്ഥ സൃഷ്ടിച്ചു. തന്മൂലം എ.ഡി.6–ൽ റോമാക്കാർ നേരിട്ടു് ഇടപെടുകയും അർക്കലാവോസിനെ മാററി പുതിയൊരു ഭരണസംവിധാനത്തിനു് രൂപം കൊടുക്കുകയും ചെയ്തു. കേസറിയ (Caesarea) യിൽ താമസമുറപ്പിച്ചിരുന്ന റോമൻ പ്രൊക്കുറേറർ സിറിയായിലെ റോമൻ ഗവർണ്ണറിൻെറ സഹായത്തോടെ യഹൂദരെ ഭരിക്കണമെന്നതായിരുന്നു പുതിയ വ്യവസ്ഥിതി. എന്നാൽ യഹൂദരുടെ മതപരവും ആഭ്യന്തരവുമായ കാര്യങ്ങളിൽ അവർ നേരിട്ടിടപെട്ടില്ല. ഈ രംഗത്തു് നേതൃത്വം നല്കുവാൻ അവരുടെ പ്രധാന പുരോഹിതൻെറ നേതൃത്വത്തിലുള്ള 'സാൻഹെദ്രി'മിനെ അധികാരപ്പെടുത്തി. ഈ ഭരണസംവിധാനവും യഹൂദർക്കു് അസ്വീകാര്യമായിരുന്നു. യഹൂദരുടെ പുണ്യസ്ഥലമായ ജറൂസലേമിൽത്തന്നെ റോമൻ പട്ടാളക്കാർ താമസമാക്കി; ജറൂസലം അവരുടെ ശക്തികേന്ദ്രമാക്കിയതും റോമാക്കാർക്കു് കരം കൊടുക്കേണ്ടിവന്നതും വലിയൊരു ദൗർഭാഗ്യവും മാനഹാനിയുമായി യഹൂദജനത കരുതി. ഈ വിദേശമേൽക്കോയ്മയിൽ നിന്നും കഴിവതുംവേഗം വിമോചനം നേടേണ്ടതു് തങ്ങളുടെ മതപരവും രാഷ്ട്രീയവുമായ അടിയന്തിരാവശ്യമാണെന്നു് അവർ വിശ്വസിച്ചു.

ഈ ദേശീയവിമോചനത്തിനു നേതൃത്വം നല്കുന്നൊരു രക്ഷകനെ അവർ ആഗ്രഹിച്ചു. അതിനുവേണ്ടി പ്രാർത്ഥിച്ചു; അക്ഷമരായി കാത്തിരുന്നു. ഇത്തരമൊരു പശ്ചാത്തലത്തിലാണു 'ദൈവരാജ്യം' സമീപിച്ചിരിക്കുന്നു എന്ന സദ്വാർത്തയുമായി ക്രിസ്തു പരസ്യജീവിതം ആരംഭിച്ചതു്.

www.malankaralibrary.com

## യഹൂദരുടെ തെററിദ്ധാരണ

ദേശീയവിമോചനത്തിനു നേതൃത്വം നല്കുവാൻ 'ദാവീദിൻെറ പുത്രൻ' ജനിക്കുമെന്നവർ പ്രത്യാശിച്ചു. ഇദ്ദേഹം യഹൂദജനതയുടെ പുരാതനമഹത്വവും പ്രതാപവും വീണ്ടെടുക്കുമെന്നും വിദേശാധിപത്യത്തിൽനിന്നു സ്വതന്ത്രരാക്കുമെന്നും കരുതി. സുവിശേഷത്തിൽ ഇതു വളരെ വ്യക്തമാണ്. സക്കറിയായുടെ കൃതജ്ഞതാഗീതത്തിൽ ഭക്തനായ ഒരു യഹൂദൻെറ ആഗ്രഹം പ്രകടമാണ്.

"നമ്മുടെ പിതാക്കന്മാരോടു കാരുണ്യം പ്രവർത്തിക്കുമെന്നും ശത്രുക്കളിൽനിന്ന് നാം വിമുക്തരാവുമെന്നും ആയുഷ്ക്കാലപര്യന്തം നിർഭയം തിരുസ്സന്നിധിയിൽ വിശുദ്ധിയിലും നീതിയിലും ജീവിക്കുവാൻ കൃപനല്കുമെന്നും (ലൂക്കാ 1:71,75) അദ്ദേഹം ഉൽക്കടമായ പ്രതീക്ഷ പ്രകടമാക്കി. ദേശീയവിമോചനത്തിന് സായുധവിപ്ലവംതന്നെ നയിക്കേണ്ടതാണെന്നു കരുതിയിരുന്ന യഹൂദവിപ്ലവകാരികളും അന്നുണ്ടായിരുന്നു.

സെബദിയുടെ പുത്രന്മാർ രണ്ടുപേരും അമ്മയുടെ നേതൃത്വത്തിൽ ക്രിസ്തുവിനെ സമീപിച്ച് പ്രത്യേകം ആനുകൂല്യങ്ങൾക്കായി അഭ്യർത്ഥന നടത്തിയ സംഭവം മിശിഹായെപ്പററിയുള്ള അവരുടെ ധാരണ പ്രകടമാക്കുന്നു. "അങ്ങ് രാജാധികാരത്തിൽ വരുന്നകാലത്ത് എൻെറ രണ്ടു മക്കളിലൊരാൾ അങ്ങേ വലത്തും മറേറയാൾ ഇടത്തും ഇരിക്കുവാൻ തിരുമനസ്സാകണം" (മത്താ 20:21cfr. മർക്കോ 10:37–45; ലൂക്കാ 22:24–27)

മിശിഹായുടെ രാജ്യം പ്രാതൈശ്വര്യങ്ങൾ നിറഞ്ഞതാണെന്നും പ്രത്യേകാനുകൂല്യങ്ങളും പദവികളും ലഭിക്കുവാൻ സാദ്ധ്യതയുണ്ടെന്നും കരുതിയാണ് അവർ ഇപ്രകാരം സമീപിച്ചത്. അതുപോലെതന്നെ ക്രിസ്തു അഞ്ചപ്പംകൊണ്ട് അയ്യായിരംപേരെ സൽക്കരിച്ചതിനെ തുടർന്നു യഹൂദർ പ്രകടമാക്കിയ ആവേശം ഈ വഴിക്കുള്ളതാണ്. ഇതേപ്പററി യോഹന്നാൻ പറയുന്നു "അവർ വന്ന്തന്നെ ബലാൽ പിടിച്ച് രാജാവാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിഞ്ഞ് ഈശോ ഏകനായി മലയിലേക്കു മടങ്ങി" (യോഹ 6:15). ഓശാന തിരുനാളിൽ ആഘോഷമായി ജറുസലേമിൽ പ്രവേശിച്ചപ്പോഴും ദാവീദിൻെറ രാജകീയ പ്രൗഢിയിൽ ക്രിസ്തുവിനെ പങ്കുകാരനാക്കാനുള്ള ആവേശമാണു യഹൂദർ പ്രകടിപ്പിച്ചത് (മർക്കോ 11:10).

www.malankaralibrary.com

ഇതേ ആഗ്രഹം ശിഷ്യന്മാരിൽ ചിലരിലും ഉണ്ടായിരുന്നു. എമ്മാവൂസ്സിൽവെച്ച ശിഷ്യന്മാർ ഇതു പ്രകടമാക്കുന്നു. "ഇസ്രായേലിനെ രക്ഷിക്കുവാനുള്ള ആളായിരുന്നു എന്നു് ഞങ്ങൾ പ്രത്യാശിച്ചിരുന്നു" (ലൂക്കാ 24:21).

ഇപ്രകാരം ഒരു പ്രതീക്ഷ വച്ചുപുലർത്തിയിരുന്ന യഹൂദ ജനതയോടാണു് ക്രിസ്തു ദൈവരാജ്യം പ്രസംഗിച്ചതു്. ദൈവത്തിൻെറ ഹിതാനുസരണം ജീവിക്കണമെന്നും ആ രാജ്യം സമാഗതമായെന്നും പൂർണ്ണമായി കൈവരുവാൻ പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്യണമെന്നും അവിടുന്നാവശ്യപ്പെട്ടു.

## ദൈവത്തിൻെറ രാജകീയാധികാരം പഴയനിയമത്തിൽ

ദൈവത്തിൻെറ രാജകീയ ഭരണത്തിൻെറ സ്വഭാവം ശരിയായി മനസ്സിലാക്കാൻ പഴയനിയമത്തിൽ എപ്രകാരമാണു് ഈ ആശയം വളർന്നു വികസിച്ചതെന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

ദൈവത്തിൻെറ രാജകീയാധികാരത്തെപ്പററി യഹൂദജനതയ്ക്കു് ആദ്യകാലത്തു് വ്യക്തമായ ധാരണ ഉണ്ടായിരുന്നില്ല. പിന്നീടു മരുഭൂമിയിൽ അലഞ്ഞിരുന്ന കാലഘട്ടത്തിൽ യാഹ്‌വെ തങ്ങളുടെ ഇടയനും രാജാവുമാണെന്ന ആശയം ഉണ്ടാകുന്നതായി കാണാം (പുറ 15 11-13). ബാലാം ഇസ്രായേലിനെ അനുഗ്രഹിക്കുമ്പോൾ ദൈവത്തിൻെറ രാജകീയനേതൃത്വത്തെപ്പററി പറയുന്നു. "യാക്കോബിൽ വിഗ്രഹങ്ങളൊന്നുമില്ല; ഇസ്രായേലിൽ ബിംബങ്ങളില്ല. അവനോടുകൂടിയുണ്ടു്, കർത്താവായ ദൈവം; അവനിലുണ്ടു് ഒരു രാജാവിൻെറ വിജയകാഹളം" (സംഖ്യ 23:21). ദൈവംമാത്രമാണു യഥാർത്ഥ ഭരണാധികാരിയെന്നു് ഗിദെയോൺ പറയുന്നു. "ഞാനോ എൻെറ സന്തതിയോ നിങ്ങളെ ഭരിക്കുകയില്ല; കർത്താവു നിങ്ങളെ ഭരിക്കും" (ന്യായാ 8:23) ഒരു രാജാവിനെ ലഭിക്കുന്നതിനു് സാമുവലിനെ സമീപിച്ച യഹൂദപ്രമാണികളോടു ദൈവം മാത്രമാണു് അവരുടെ യഥാർത്ഥ രാജാവെന്നു് ചൂണ്ടിക്കാണിക്കുന്നതു ശ്രദ്ധാർഹമാണു് (1 സാമു 8:6-11). പിന്നീടു യഹൂദരുടെ പുണ്യസ്ഥലമായ ജറുസലേമിൽ യാഹ്‌വെയുടെ സിംഹാസനം സ്ഥാപിക്കുന്നതായി കാണാം (1 ദിനവൃ 28:5;29:23). സോളമൻെറ ദേവാലയത്തിലെ പേടകം ദൈവത്തിൻെറ സിംഹാസനമായാണു് യഹൂദർ കരുതിയിരുന്നതു് (1 രാജാ 8:6).

www.malankaralibrary.com

ദൈവത്തിൻെറ ഏകത്വത്തിൽ അചഞ്ചലമായി വിശ്വസിച്ചിരുന്ന യഹൂദജനത ഈ പ്രപഞ്ചവും മാനവകുലം മുഴുവനും ഭരിക്കുന്ന യാഹ്‌വെയുടെ പരമാധികാരം ഏററുപറഞ്ഞു. തന്മൂലം എല്ലാ ജനപദങ്ങളുടേയും നാഥനും വിധാതാവും യാഹ്‌വെ തന്നെയാണെന്ന ധാരണയും വളർന്നുവന്നു. ആകാശത്തിൻേറയും ഭൂമിയുടേയും അധിപനാണെന്നും (ഏശ 6:3). ആരംഭവും അന്ത്യവുമില്ലാത്ത സർവ്വശക്തനാണെന്നും (സങ്കീ 104). ദൈവത്തെ പ്രകീർത്തിക്കുന്നതായിക്കാണാം. മലയിലെ പ്രസംഗത്തിൽ ഈ ആശയം ആവർത്തിക്കുന്നു (മത്താ 5:34–36). ദൈവത്തെ രാജാവെന്നും ദൈവമെന്നും സങ്കീർത്തകൻ അഭിസംബോധനചെയ്യു (സങ്കീ 5:2). ദൈവത്തെ എല്ലാ ജനതകളുടേയും രാജാവെന്നു വിളിക്കുന്നു. ‘‘ജാതികളുടെ രാജാവേ, ആരു് അങ്ങയെ ഭയപ്പെടാതിരിക്കും. അങ്ങു് തികച്ചും ഭയാർഹനാണു്. വിജാതീയരായ സകല ജ്ഞാനികളുടെയിടയിലും അവരുടെ സകല രാജ്യങ്ങളിലും അങ്ങേയ്ക്കു തുല്യനായി ആരുണ്ടു്..... കർത്താവാകുന്നു സത്യദൈവം. അവിടുന്നു ജീവനുള്ള ദൈവവും നിത്യരാജാവുമത്രെ’’ (ഏറമ്യാ 10:7–10; cfr ഏശ 40:12–25).

സങ്കീർത്തനങ്ങൾ യഹൂദരുടെ ആരാധനാഗീതങ്ങളാണല്ലോ. അവയിലൂടെ ദൈവത്തിൻെറ രാജകീയപദവി ഏററുപറയുകയും സ്തുതിഗീതങ്ങൾ ആലപിക്കുകയും ചെയ്യുന്നു. ദൈവം എല്ലാററിൻേറയും അധിപനാണെന്നും ഈ പ്രപഞ്ചം മുഴുവൻ അവിടുത്തെ നിയമത്തിനു് വിധേയമാണെന്നും സങ്കീർത്തനങ്ങൾ ഉദ്ഘോഷിക്കുന്നു. ‘‘കർത്താവു മഹത്വത്തോടെ ഭരിക്കുന്നു: അവിടുന്നു ശക്തിയും ബലവുമുള്ളവനായി......യുഗങ്ങൾക്കെല്ലാം മുമ്പുതന്നെ അങ്ങേ സിംഹാസനം സുസ്ഥിരമാണല്ലോ: കർത്താവേ അങ്ങു് അനാദിയാകുന്നു (സങ്കീ 93:1–2 cfr. സങ്കീ 47. 1–4). യഹൂദരുടെ ആരാധനാക്രമത്തിലും ദേവാലയശുശ്രൂഷകളിലും യാഹ്‌വെയുടെ രാജത്വം ഏററുപറയുന്നതിൻെറ ഉദാഹരണമാണിതു്.

യാഹ്‌വെയുടെ രാജകീയ മഹത്വവും പ്രതാപവും പ്രകടമാക്കുവാൻ ജറുസലേം ദേവാലയത്തിൽവച്ചു് നടത്തിയിരുന്ന സ്തുതിഗീതങ്ങളുടെ ഭാഗമായി ചില സങ്കീർത്തനങ്ങൾ കരുതപ്പെടുന്നു. ‘‘വാതിലുകളേ, ശിരസ്സുയർത്തുവിൻ, നിത്യകവാടങ്ങളേ, തുറക്കുവിൻ, മഹത്വത്തിൻെറ രാജാവു പ്രവേശിക്കട്ടെ

www.malankaralibrary.com

....ഈ മഹത്വത്തിൻെറ രാജാവ് ആരാകുന്നു....'' (സങ്കീ 24:7–10; cfr· also 68:25–30; 47:93).

യഹൂദജനതയുടെ ദുരിതമെല്ലാം യാഹ്വെയുടെ ഭരണത്തിൽ മാറുമെന്നായിരുന്നു അവരുടെ ശക്തിയായ പ്രത്യാശ. ശാശ്വതസമാധാനവും ശാന്തിയും സമൃദ്ധിയും യാഹ്വെയുടെ ഭരണത്തിൽ സംസിദ്ധമാവും (മിക്കെയാ 4:7: ഏശ 40:3–6; 43:15; 52:7–10; ഏറമ്യ 23:1–5; എസ്സക്കി 34:23–25). പ്രവാചകന്മാർ അറിയിച്ച ദൈവികഭരണംതന്നെതാണ് ക്രിസ്തുവും അറിയിച്ചത്. ദൈവഹിതം പൂർണ്ണമായി നിറവേറുകയും അതു ജീവിതനിയമമായി തീരുകയും ചെയ്യുന്ന ദൈവരാജ്യമാണ് ഉദാഹരണങ്ങളിലൂടെ പ്രവാചകർ അവതരിപ്പിച്ചത്. യാഹ്വെയുടെ തിരുമനസ്സ് ജീവിതപ്രമാണമായി സ്വീകരിക്കുന്നതിനും ദൈവരാജ്യം അറിയിക്കുവാനും യഹൂദരെ അവർ ചുമതലപ്പെടുത്തി. എന്നാൽ അവരുടെ പ്രത്യേക ചരിത്രപശ്ചാത്തലത്തിൽ ശത്രുക്കളെ നശിപ്പിക്കുന്ന ദൈവികശക്തി ദർശിക്കുവാനാണ് അവർ വെമ്പൽകൊണ്ടത്. സങ്കീർത്തനത്തിലും ഈ ആശയം പ്രകടമാണ്. ''അങ്ങേ സഹായത്തെ ആശ്രയിച്ചുകൊണ്ടു ഞാൻ സൈന്യനിരകളെ നേരിടും. ......എൻെറ ശത്രുക്കളെ ഞാൻ പിന്തുടർന്നു പിടിക്കും. അവരെ ഹനിക്കാതെ ഞാൻ മടങ്ങുകയില്ല.. ....യുദ്ധത്തിനുവേണ്ടി അങ്ങു് എന്നെ ശക്തനാക്കി—ശത്രുക്കളെ എനിക്കു് കീഴ്പ്പെടുത്തി'' (സങ്കീ 17:27–51).

## ക്രിസ്തു അറിയിച്ച ദൈവരാജ്യം

ക്രിസ്തു ദൈവരാജ്യം സമാഗതമായെന്നറിയിക്കുകയും അതിനു് പൂർണ്ണമായി വിധേയമാകുവാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. ദൈവരാജ്യത്തെപ്പററിയുള്ള സദ്വാർത്ത പഴയനിയമത്തിലെ ആശയങ്ങളുമായി ബന്ധപ്പെടുത്തിയാണ് ക്രിസ്തു അവതരിപ്പിച്ചത്. ദൈവരാജ്യമാണ് സുവിശേഷത്തിൻെറ കാതൽ. ഉപമകളിലൂടെയും ഉദാഹരണങ്ങളിലൂടെയും ക്രിസ്തു ആവിഷ്ക്കരിച്ച പ്രധാന പ്രമേയം ഇതുതന്നെ. സ്വശിഷ്യന്മാരെയും ദൈവരാജ്യത്തിൻെറ സുവിശേഷം അറിയിക്കാനാണ് നിയോഗിച്ചത് (മത്താ 10:7; ലൂക്ക 10:9–11). ഈ സന്ദേശം സ്വീകരിക്കുന്നവർ നിർണ്ണായകമായ പുതിയൊരു തീരുമാനമെടുക്കുകയാണ്. അവർ എല്ലാവിധ അടിമത്തത്തിൽ നിന്നുംവിമുക്തരായി ദൈവമക്കളുടെ സ്വാതന്ത്ര്യവും ഉന്നതസ്ഥാന

www.malankaralibrary.com

വും സ്വീകരിക്കുകയാണ്. വിമോചനത്തിന്റെയും വികസനത്തിന്റെയുമാണ് ഈ സുവിശേഷം.

ക്രിസ്തു അറിയിച്ച ദൈവരാജ്യം ഏറ്റവും വലിയ സദ്വാർത്തയായിരുന്നു. ദൈവത്തോടും മനുഷ്യരോടും ശരിയായ ബന്ധം സ്ഥാപിക്കുവാനുള്ള മാർഗ്ഗമാണ് ദൈവരാജ്യത്തിന്റെ സുവിശേഷത്തിലൂടെ വിശദീകരിച്ചുകൊടുത്തത്. എല്ലാ ഉപദേശങ്ങളും ദൈവരാജ്യത്തെ ആസ്പദമാക്കിയാണ്. റബ്ബിമാരെപ്പോലെ പഴയനിയമം അപ്പടി പഠിപ്പിക്കുകയായിരുന്നില്ല ക്രിസ്തുവിന്റെ ലക്ഷ്യം. എന്നാൽ സിനഗോഗിൽ പഠിപ്പിച്ചപ്പോൾ നിയമജ്ഞരുടെ രീതിയിലാണ് വിഷയം അവതരിപ്പിച്ചിരുന്നത് (ലൂക്കാ 4:16–22). ദൈവത്തിന്റെ ഹിതം എന്താണെന്ന് ആധികാരികമായി പഠിപ്പിച്ചു. പാപികൾക്കും നീതിമാന്മാർക്കും ഒരുപോലെ ആകർഷകമായ അവതരണരീതിയാണ് ക്രിസ്തു സ്വീകരിച്ചത്. മലയിലെ പ്രസംഗം ഇതിനു മകുടോദാഹരണമാണ്. ജീവിത യാഥാർത്ഥ്യങ്ങളെ മുൻനിർത്തി അവസ്ഥ ചേർന്ന നിയമങ്ങൾ നല്കി. നിയമത്തെ ജീവിതത്തോട് പൂർണ്ണമായി ബന്ധപ്പെടുത്തിയാണ് അവിടുന്ന് ദൈവരാജ്യം അവതരിപ്പിച്ചത്. യഹൂദപാരമ്പര്യത്തിന്റെ വിശ്വസ്തകാവൽക്കാരായ റബ്ബിമാരാക്കാനുള്ള പരിശീലനമല്ല ക്രിസ്തു സ്വശിഷ്യർക്കു നല്കിയത്.

## ദൈവരാജ്യവും ജീവിതപരിവർത്തനവും

ദൈവഹിതത്തിനു വിധേയമാകാനുള്ള ക്ഷണമായിരുന്നു സുവിശേഷം. ദൈവഹിതം ജീവിതനിയമമാക്കാതെ പററില്ല. അതിന് ഉൾക്കരുത്തും ഉത്തേജനവുമൊക്കെ ആർജ്ജിക്കേണ്ടത് ചൈതന്യസ്രോതസ്സായ ദൈവത്തിൽ നിന്നുതന്നെ.

ദൈവരാജ്യത്തിനു ചേർന്ന പുതിയൊരു ജീവിതമാവശ്യമാണ്. ആന്തരികപരിവർത്തനമാണ് ഇവിടെ ഉണ്ടാകേണ്ടത്. എപ്രകാരമുള്ള വ്യതിയാനമാണ് ദൈവരാജ്യത്തിനു ചേർന്നതെന്ന് ഉപമകളിലൂടെ വ്യക്തമാക്കുന്നു. ധൂർത്തപുത്രൻ പിതൃഭവനത്തിൽ തിരിച്ചെത്തുന്നു. നിർണ്ണായകമായൊരു തീരുമാനമായിരുന്നത് (ലൂക്കാ 15:11–32). അനുതാപിയായ ചുങ്കക്കാരൻ വിനീതനായി ദേവാലയത്തിൽ മനംനൊന്ത് പ്രാർത്ഥിക്കുന്നു. കരുണ യാചിക്കുന്നു (ലൂക്ക 18:10–14). പരസ്യ

www.malankaralibrary.com

പാപിനി പശ്ചാത്താപത്തിൻെറ കണ്ണീരുമായി യേശുവിൻെറ പാദാന്തികത്തിലണഞ്ഞു് മാപ്പപേക്ഷിക്കുന്നു (ലൂക്ക7:36–50), പാപികളായി വിധിക്കപ്പെട്ടിരുന്ന ചുങ്കക്കാരിൽ പ്രധാനിയായ സക്കേവൂസ് പശ്ചാത്തപിച്ച് ക്രിസ്തുവിനെ സ്വഭവനത്തിൽ സ്വീകരിക്കുന്നു. നീതിക്കു ചേർന്ന പുതിയൊരു കർമ്മപദ്ധതിയ്ക്കു് ക്രിസ്തുവിൻെറ സാന്നിദ്ധ്യത്തിൽ രൂപം കൊടുക്കുന്നു (ലൂക്ക 19:1–10). ഹൃദയപരിവർത്തനത്തിനു് കുട്ടികളുടെ നൈർമ്മല്യം മാതൃകയാക്കാൻ ക്രിസ്തു ആഹ്വാനം ചെയ്തു (മത്താ 18:3).

ഇവിടെയെല്ലാം വലിയ മാററമാണു് ജീവിതത്തിൽ ഉണ്ടാകുന്നതു്. ശരിയായ ജീവിതമൂല്യങ്ങളെ കണ്ടെത്തുകയാണിവിടെ. പുതിയൊരു ജീവിതദർശനമാണിതു്. നിരാശയിലാണ്ടവർക്കു് പ്രത്യാശയും ദുഃഖിതർക്കു് ആനന്ദവും ലഭിക്കുന്നു. അടിമത്തത്തിലിരിക്കുന്നവർ മോചനം പ്രാപിക്കുന്നു. ദുഷ്ടതയുടേയും പാപത്തിൻേറയും ദാസ്യത്തിൽനിന്നു് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കു നീങ്ങുന്നു. ശാരീരികവും ആന്തരികവുമായ എല്ലാ ദുരിതങ്ങളിൽനിന്നും വിമോചിതരാകുന്നു.

എന്നാൽ സ്വയം നിതീകരിക്കുന്നവർക്കു് നാശമാണുണ്ടാവുക. സ്വയംനീതീകരണം ജീവിതപരിവർത്തനത്തിനു് സഹായകമല്ല. ഇതു് ജീവിതനവീകരണത്തിനു് എതിരാണു്. വികാരങ്ങളുടെ ദാസ്യത്തിൽനിന്നു് വിമോചനം പ്രാപിക്കുന്നവനു് സ്വാതന്ത്ര്യമെന്തെന്നു് മനസ്സിലാക്കാനും ആസ്വദിക്കാനും സാധിക്കും. മാനസാന്തരമുണ്ടാവുന്നവരിൽ ശരിയായ വിമോചനമാണു് ഭവിക്കുക. അവരിൽ ദൈവം സംപ്രീതനാണു് (ലൂക്ക 15:17). കാരണം, ഇവിടെ നഷ്ടപ്പെട്ടവരെ ദൈവരാജ്യത്തിനു് വീണ്ടുകിട്ടുകയാണു് (ലൂക്ക 15:24).

മാനസാന്തരത്തിനു് രണ്ടു ഘടകങ്ങളുണ്ടു്. ആന്തരികപരിവർത്തനവും വിശ്വാസവും. സുവിശേഷം പൂർണ്ണമായി സ്വീകരിക്കുന്നതിനുള്ള വ്യതിയാനമാണു് ജീവിതത്തിലുണ്ടാകേണ്ടതു്. കഴിഞ്ഞ ജീവിതത്തെപ്പററി ദുഃഖിച്ചതുകൊണ്ടു് പശ്ചാത്താപം പൂർണ്ണമല്ല. വീണ്ടും വ്യതിചലിക്കാതിരിക്കുവാൻ, സുവിശേഷം ജീവിതപ്രമാണമായി സ്വീകരിക്കണം. അപ്പോളാണു് പശ്ചാത്താപം പൂർണ്ണമാവുക, അർത്ഥമുള്ളതും.

www.malankaralibrary.com

ദൈവരാജ്യത്തിന്റെ സുവിശേഷം ചിലതൊക്കെ വ്യക്തമായി വ്യക്തികളിൽനിന്ന് ആവശ്യപ്പെടുന്നു. ആത്മാർത്ഥതനിറഞ്ഞ സമീപനവും ഹൃദയവിശാലതയും ശരിയായ മാനസാന്തരത്തിന് അപരിത്യാജ്യമാണ്. ഈ പശ്ചാത്തലമാണ് സുവിശേഷത്തിനാവശ്യം. ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ഇരുമുഖങ്ങളാണ് മാനസാന്തരവും വിശ്വാസവും.

മലയിലെ പ്രസംഗത്തിൽ ദൈവരാജ്യത്തിന് ആരൊക്കെയാണ് അർഹരെന്ന് പ്രഖ്യാപിക്കുന്നു (മത്താ 5:3–10). ദൈവരാജ്യം അന്വേഷിക്കുന്നതിനും അതിനായി പ്രാർത്ഥിക്കുന്നതിനും പഠിപ്പിക്കുന്നു (മത്താ6:9–13). മാനസാന്തരത്തിലൂടെ നവീകരിക്കപ്പെട്ട മനുഷ്യനെയാണ് ക്രിസ്തു ആവശ്യപ്പെടുന്നത്. ലോകയാഥാർത്ഥ്യങ്ങളിൽനിന്ന് ഒഴിഞ്ഞുമാറാനല്ല അവയിലൂടെ ദൈവരാജ്യത്തിന് യോഗ്യരാകുവാനാണ് ക്രിസ്തുവിന്റെ ആഹ്വാനം. സ്നേഹസ്വരൂപനായ ദൈവത്തിൽ എല്ലാവരും പരസ്പരം ബന്ധിതരാവണം. ഐക്യത്തിൽ വർത്തിക്കണം. ഇപ്രകാരമൊരു വ്യവസ്ഥിതിയാണ് സുവിശേഷാധിഷ്ഠിതമായി രൂപം കൊള്ളേണ്ടത് (ലൂക്ക 10:30–37). രണ്ടു നാഥന്മാരെ സേവിക്കുക സാദ്ധ്യമല്ല. ദൈവരാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. മറ്റെല്ലാം ഉണ്ടായിക്കൊള്ളും (മത്താ 6:25–33). സ്വയം ത്യജിക്കാതെ ക്രിസ്ത്യാനിയായിത്തീരുക സാദ്ധ്യമല്ല. സത്യത്തിന്റെ സേവകരാകണം. സത്യാത്മാവിൽനിന്ന് ചൈതന്യം ലഭിക്കണം. ഇതാണ് ദൈവരാജ്യത്തിനുവേണ്ടിയുള്ള ജീവിതപരിവർത്തനം.

## ദൈവരാജ്യം: ആദ്ധ്യാത്മികവും സാർവ്വത്രികവും

ക്രിസ്തു അറിയിച്ച ദൈവരാജ്യം ദേശീയമോ, രാഷ്ട്രീയമോ, സാമുദായികമോ ആയ പരിധികളിൽ ഒതുങ്ങി നില്ക്കുന്നതല്ല. ദൈവത്തിന്റെ ഭരണം എല്ലാ പരിമിതികൾക്കും ഉപരിയാണ്. അതിനു പരിധി നിർണ്ണയിക്കുക സാദ്ധ്യമല്ല. സങ്കുചിതമായ ചേരിതിരിവുകൾക്കധീനമാക്കാനുള്ള എല്ലാ പ്രവണതകളേയും ക്രിസ്തു നിരുത്സാഹപ്പെടുത്തി.

രക്ഷകനെ യഹൂദസമുദായത്തിന്റെ സമുദ്ധാരകനും നേതാവും രാജാവുമായിമാത്രം ചിത്രീകരിച്ചതിനെ ക്രിസ്തു ഒട്ടും അംഗീകരിച്ചില്ല; അതിനോടു സഹകരിച്ചുമില്ല. വിഭാഗീയ ചിന്ത

www.malankaralibrary.com

കളെ നിശിതമായി എതിർത്തു. ഇടുങ്ങിയ ധാരണകളിൽ നിന്നു് ഉയൎന്ന ദൈവരാജ്യം വിശാലമായ പശ്ചാത്തലത്തിൽ അവിടുന്നു് ആവിഷ്ക്കരിച്ചു.

വലിയ "അത്ഭുത പ്രവർത്തകൻ" "യഹൂദരുടെ രാജാവു്" (യോഹ 6:15) എന്നീ നിലകളിലാണു് യഹൂദർ ക്രിസ്തുവിനെ വീക്ഷിച്ചതു്. ഇതേ ലക്ഷ്യത്തിലാണു് തീവ്രവാദികൾ ദേശീയവിമോചനത്തിനു നേതൃത്വം നല്കാൻ ക്രിസ്തുവിനോടഭ്യർത്ഥിച്ചതു്. ഒട്ടും അനുഭാവമില്ലാത്ത മറുപടിയാണു് അവൎക്കു ലഭിച്ചതു് (ലൂക്കാ 13:1–5). ജറൂസലേമിലേയ്ക്കു് പ്രതാപത്തോടെ ഓശാനദിവസം പ്രവേശിച്ച ക്രിസ്തുവിനെ കണ്ടപ്പോൾ അവർ ആഹ്ളാദിച്ചാർപ്പുവിളിച്ചു: "ഓശാന, നമ്മുടെ രാജാവായ ദാവീദിന്റെ ആസന്നരാജ്യം അനുഗൃഹീതം" (മൎക്കോ 11:10). പ്രത്യേകാനുകൂല്യങ്ങളും പദവികളും ലഭിക്കാൻ യോഹന്നാനും യാക്കോബും ക്രിസ്തുവിനെ സമീപിച്ചതു് ഇതിനു് ഉദാഹരണമാണു് (മൎക്കോ 10:35–45). ഈ സന്ദർഭങ്ങളിലെല്ലാം ദൈവരാജ്യത്തിന്റെ ഉന്നതമായ മാനങ്ങളിലേയ്ക്കു് അവരുടെ ശ്രദ്ധ ആകർഷിക്കുകയാണു് ക്രിസ്തു ചെയ്തതു്. ഭൗമികപറുദീസായിൽനിന്നു് അവരുടെ ശ്രദ്ധ അകററുവാനാണു് ക്രിസ്തു പരിശ്രമിച്ചതു്.

ക്രിസ്തു അറിയിച്ച ദൈവരാജ്യം സാൎവ്വത്രികമാണു്. എന്നാൽ യഹൂദജനതയെയാണു് ഈ സദ്വാർത്ത ആദ്യമറിയിച്ചതു് (മത്താ 10:6; 15:24). പിന്നീടു സകല ജനതകളേയും ഈ സുവിശേഷമറിയിക്കാൻ യഹൂദരായ അപ്പസ്തോലന്മാരെയും ശിഷ്യഗണത്തേയും നിയോഗിക്കുകയും ചെയ്തു (മത്താ 28: 18–20).

സകലരുടേയും പിതാവായ ദൈവത്തിനു പക്ഷഭേദമില്ല. അവിടുത്തെ മുമ്പിൽ ഉച്ചനീചത്വവുമില്ല. എല്ലാവരേയും സമാശ്ലേഷിക്കുന്ന സാൎവ്വത്രികസ്നേഹമാണു് ദൈവത്തിന്റേതു്. "കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ വന്നു് സ്വർഗ്ഗരാജ്യത്തിൽ അബ്രാഹമിനോടും ഇസ്ഹാക്കിനോടും യാക്കോബിനോടുംകൂടി വിരുന്നുകഴിക്കും" (മത്താ 8:11) എന്ന മുന്നറിയിപ്പു് സുവിശേഷത്തിൽ കാണാം. പ്രത്യേകം വിളിക്കപ്പെട്ട യഹൂദരിൽ പലരും ഉപേക്ഷിക്കപ്പെടുമെന്നും ക്രിസ്തു വ്യക്തമാക്കി (ലൂക്കാ 13:28–30).

www.malankaralibrary.com

ദൈവത്തിന്റെ പ്രത്യേകസ്നേഹിതരെന്ന് സ്വയം അവകാശപ്പെട്ടിരുന്ന യഹൂദജനതയ്ക്ക് അസ്വീകാര്യമായ ഒരു മുന്നറിയിപ്പായിരുന്നു ഇത്. അബ്രാഹത്തിന്റെ വംശജരെന്ന വ്യത്ഥാഭിമാനമുപേക്ഷിച്ച് സത്യത്തിലും നീതിയിലും ദൈവരാജ്യത്തിന്റെ സന്ദേശം സ്വീകരിക്കേണ്ടതിന്റെ ആവശ്യം ക്രിസ്തുവും സ്നാപകയോഹന്നാനും വ്യക്തമാക്കി. "പശ്ചാത്താപത്തിനു അനുയോജ്യമായ ഫലം പുറപ്പെടുവിക്കുക. ഞങ്ങൾക്കു പിതാവായ അബ്രാഹമുണ്ട് എന്നല്ലേ നിങ്ങളുടെ ഭാവം? ഈ കല്ലുകളിൽനിന്ന് അബ്രാഹത്തിനു സന്തതികളെ ഉല്പാദിപ്പിക്കുവാൻ ദൈവത്തിനു സാധിക്കുമെന്ന് ഞാൻ നിങ്ങളോടു പറയുന്നു" (മത്താ 3:8-9; ലൂക്കാ 13:8)

മത്തായിയുടെ സുവിശേഷത്തിൽ അന്ത്യവിധി വിവരിക്കുന്ന അവസരത്തിലും ദൈവരാജ്യത്തിന്റെ വിശ്വവിശാലത വ്യക്തമാക്കുന്നു. ദൈവപുത്രനെ ജീവിതകാലത്തു ബോധപൂർവ്വം അറിയാത്തവരും നീതിമാന്മാരുടെ കൂട്ടത്തിൽ പെടുത്തുന്നു (മത്താ 25:37–39). ഹൃദയകാഠിന്യം നിമിത്തം യഹൂദർ ശിക്ഷിക്കപ്പെടുകയും പുറജാതികൾ രക്ഷിക്കപ്പെടുകയും ചെയ്യുന്ന രംഗങ്ങൾ ഉണ്ടാവുമെന്ന് പലയവസരങ്ങളിലും മുന്നറിയിപ്പ് നല്കിയിട്ടുണ്ട്. ദൈവരാജ്യം അനുതപിക്കാത്ത യഹൂദരിൽ നിന്നെടുത്തു സത്യത്തിലും നീതിയിലും സൽപ്രവൃത്തികൾ ചെയ്യുന്ന നീതിമാന്മാർക്കു നല്കുമെന്ന മുന്നറിയിപ്പും നമ്മുടെ ശ്രദ്ധയർഹിക്കുന്നു (cfr. മർക്കോ 12:1–9).

പരസ്യജീവിതകാലത്ത് ഇസ്രായേൽക്കാരെയാണ് സുവിശേഷം പ്രധാനമായി അറിയിച്ചത്. എന്നാൽ ഉത്ഥാനത്തിനു ശേഷം ലോകജനതമുഴുവൻ ദൈവരാജ്യത്തിന്റെ സുവിശേഷമറിയേണ്ടവരാണെന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ചു. "നിങ്ങൾ പോയി എല്ലാ ജാതികളേയും പഠിപ്പിക്കുക" (മത്താ 28:18–20). "ലോകം മുഴുവനും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക" (മർക്കോ 16:15). "ഓർശ്ലേമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ സീമകളിൽപോലും നിങ്ങളെനിക്കു സാക്ഷികളാവുക" (നടപടി 1:8). ഇവയെല്ലാം ദൈവരാജ്യത്തിന്റെ സാർവ്വത്രികത വ്യക്തമാക്കുന്നു. ഇസ്രായേൽക്കാരുടെ സങ്കുചിതമനോഭാവത്തിനു ചേരാത്ത സന്ദേശമാണിത്. ഉന്നതവും വിശാലവും ആദ്ധ്യാ

www.malankaralibrary.com

ത്മികവുമായ കാഴ്ചപ്പാടിലൂടെ ദൈവരാജ്യത്തിന് ഒരുങ്ങുവാൻ ക്രിസ്തു ക്ഷണിക്കുകയും ചെയ്തു.

## ദൈവരാജ്യം രക്ഷാകരം

എല്ലാ മനുഷ്യർക്കും രക്ഷ നല്കുകയായിരുന്നു ക്രിസ്തുവിന്റെ ലക്ഷ്യം. യഹൂദജനതയുടെ വ്യതിചലനങ്ങളും ധാർമ്മിക വൈകൃതങ്ങളും ചൂണ്ടിക്കാണിച്ച് അവർ ദൈവകോപത്തിന് ഇരയാവാതെ രക്ഷപ്രാപിക്കാനുള്ള മുന്നറിയിപ്പ് പ്രവാചകന്മാർ നല്കിയിരുന്നു. എന്നാൽ, പ്രതികാരത്തിന്റേയും ദൈവശിക്ഷയുടേയും മുന്നറിയിപ്പായിട്ടല്ല ക്രിസ്തു ദൈവരാജ്യം അറിയിച്ചതു്. ഇതു് രക്ഷയുടേയും സമാധാനത്തിന്റേയും സദ്വാർത്തയാണു്. എല്ലാവരേയും രക്ഷിക്കാൻ ആഗ്രഹിക്കുന്ന ദൈവത്തിന്റെ തിരുമനസ്സ് അറിയിക്കുകയാണു് ക്രിസ്തു ചെയ്തതു്. അങ്ങനെയാണ് ഇതു് സുവിശേഷമായതു്.

ക്രിസ്തു പരസ്യപാപികളുമായി അടുത്തു പെരുമാറി. ആരെയും അകററി നിർത്തിയില്ല. അവരെ രക്ഷയുടെ സന്ദേശം അറിയിച്ചു (മർക്കോ 2:15–17; ലൂക്കാ 7:34,36–50). പശ്ചാത്താപവും മാനസാന്തരവും അവിടുന്ന് ആവശ്യപ്പെട്ടു. എന്നാൽ എപ്പോഴും ശിക്ഷയുടെ മുന്നറിയിപ്പിനേക്കാൾ രക്ഷയുടെ സദ്വാർത്തയ്ക്കായിരുന്നു മുൻതൂക്കം. ദൈവം കരുണാസമ്പന്നനാണെന്നും സകല മനുഷ്യരും അപ്രകാരം മററുള്ളവരോട് കരുണ കാണിക്കേണ്ടവരാണെന്നും ക്രിസ്തു പഠിപ്പിച്ചു (മത്താ 18:23–35). പാപിയായിരുന്ന സക്കേവൂസിന്റെ ഭവനം സന്ദർശിച്ചതു് രക്ഷയുടെ സദ്വാർത്ത അറിയിക്കാനാണു്; ദൈവരാജ്യത്തിന്റെ സമാധാനം നല്കുവാനാണ് (ലൂക്ക 19:1–10). ഏശയ്യാ പ്രവാചകൻ വരുവാനിരിക്കുന്ന രക്ഷകനെപ്പററി നല്കിയ പ്രവചനം വളരെ അർത്ഥവത്താണു്. സമാധാനം പ്രഖ്യാപിക്കുകയും പ്രസംഗിക്കുകയും നന്മ അറിയിക്കുകയും രക്ഷ വിളംബരം ചെയ്യുകയും ചെയ്യുന്ന രാജാവായ രക്ഷകനെപ്പററി അദ്ദേഹം പ്രവചിച്ചിട്ടുണ്ട് (ഏശ 52:7).

പരസ്യപാപികളെന്നു മുദ്രയടിക്കപ്പെട്ടിരുന്നവർക്ക് പാപമോചനം ലഭിച്ച വാർത്ത വിശുദ്ധരെന്നും നീതിമാന്മാരെന്നും സ്വയം കരുതിയിരുന്ന യഹൂദപ്രമാണികളെ അസൂയാലുക്കളാക്കി. ദൈവത്തിന്റെ കരുണനിറഞ്ഞ ക്ഷണത്തിന് ആത്മാർത്ഥമായ

www.malankaralibrary.com

പ്രത്യുത്തരം നല്കുവാനാണ് പാപികളെ സമീപിച്ചതും അതിനായിക്ഷണിച്ചതും (മർക്കോ 1:15). സ്നേഹത്തിൻേറയും കരുണയുടേയും ക്ഷണം നിരസിക്കുന്നതു് ശിക്ഷാകരമാണെന്നും ക്രിസ്തു പഠിപ്പിച്ചു (ലൂക്കാ 13:1–10; 1:13–15; മത്താ 10:7–15). രക്ഷയുടെ സന്ദേശം അവഗണിക്കുന്നതു് ക്രൂരതയും പാപവുമാണെന്നും വ്യക്തമാക്കി (ലൂക്കാ 19:42;18:28; മത്താ 10:15). പശ്ചാത്താപവും അതു് പ്രകടമാക്കുന്ന പ്രവർത്തനങ്ങളുംവഴി രക്ഷകനെ സ്വീകരിക്കുവാൻ സ്നാപകയോഹന്നാൻ ആഹ്വാനം ചെയ്തു. മിശിഹായുടെ വരവിനുള്ള ഒരുക്കമായിരുന്നു ഇതു്. പ്രവാചകന്മാർ പഴയനിയമത്തിൽ നടത്തിയ ശക്തമായ മുന്നറിയിപ്പുകളുടെ സ്വഭാവം ഇതിനുണ്ടു്.

എന്നാൽ ദൈവത്തിൻെറ അതിത്തിയില്ലാത്ത കരുണയും സ്നേഹവുമാണ് സുവിശേഷത്തിൻെറ കാതൽ. ഇതു മനസ്സിലാക്കാത്തതും സ്വീകരിക്കാത്തതുമാണ് ഏററവും വലിയ കുററം. രക്ഷയുടെ സമയം ആഗതമായി. അതു സ്വീകരിക്കുക. പുതിയ ജീവനിൽ പങ്കുചേരുക, ദൈവികപദ്ധതിയോടു് സഹകരിക്കുക എന്നിവയാണ് സുവിശേഷത്തിലൂടെയുള്ള ആഹ്വാനം. പീഡിതരും സമാധാനതല്പരരും നീതിക്കുവേണ്ടി പ്രയത്നിക്കുന്നവരും ചൂഷണംചെയ്യപ്പെടുന്നവരുമെല്ലാം ഭാഗ്യവാന്മാരാണ്. ദൈവത്താൽ അവർ വിമോചിതരാവും. അവർ സുവിശേഷത്തിലൂടെ ദൈവരാജ്യത്തിൽ പ്രവേശിക്കും (മർക്കോ 9:43,45; 10:17; ലൂക്ക 18:18).

നസ്രസിലെ പ്രാർത്ഥനാലയത്തിൽവച്ചു് വിമോചനത്തിൻെറ രക്ഷാകരസന്ദേശം വ്യക്തമാക്കുന്നു. ക്രിസ്തു ഏശയ്യാ പ്രവാചകൻെറ വാക്കുകൾ ഉദ്ധരിച്ചശേഷം തൻെറ രക്ഷാകരദൗത്യത്തിൻെറ സ്വഭാവം വ്യക്തമാക്കുന്നു. "കർത്താവിൻെറ ആത്മാവു് എന്നിൽ; അദ്ദേഹം എന്നെ അഭിഷേചനം ചെയ്തിരിക്കുന്നു. ദരിദ്രരോടു്സുവിശേഷം പ്രസംഗിക്കാനും, ഹൃദയദുഃഖമനുഭവിക്കുന്നവരെ ആശ്വസിപ്പിക്കുവാനും, കാരാഗൃഹസ്ഥർക്ക് മോചനവും കുരുടന്മാർക്ക് കാഴ്ചയും നൽകാനും, മർദ്ദിതരെ സ്വതന്ത്രരാക്കാനും, കർത്താവിൻെറ സ്വീകാര്യവത്സരം പ്രഖ്യാപിക്കാനും എന്നെ അയച്ചിരിക്കുന്നു.". ഈ തിരുവെഴുത്തു് ക്രിസ്തുവിൻെറ സാന്നിദ്ധ്യത്തിൽ പൂർത്തിയായെന്നു് അവിടുന്നു് അവരെ അറിയിച്ചു. ഇപ്രകാരം എല്ലാവിധ മർദ്ദനങ്ങളിലുംനിന്നു് മനുഷ്യ

www.malankaralibrary.com

നെ മോചിപ്പിക്കാനാണ് രക്ഷകൻ പിറന്നതെന്നും വിമോചനത്തിൻെറ സുവിശേഷമാണ് ക്രിസ്തു അറിയിച്ചതെന്നും വ്യക്തമാവുന്നു.

ദൈവികഭരണംതന്നെയാണ് രക്ഷ. അതിൻെറ ആഗമനമാണ് ക്രിസ്തു അറിയിച്ചത്. രക്ഷയ്ക്കുള്ള വഴിയാണ് ക്രിസ്തു. ദൈവികഭരണത്തിൻെറ പൂർത്തീകരണവും ക്രിസ്തുതന്നെ.

## ദൈവരാജ്യം അന്ത്യോന്മുഖം

ദൈവരാജ്യത്തെപ്പററിയുള്ള പ്രതിപാദനങ്ങൾ പലതരത്തിലുള്ളവയാണ്. ദൈവം ഇസ്രായേലിനേയും മററെല്ലാ ജനതയേയും ഭരിക്കുന്നു. അതോടൊപ്പം ചരിത്രത്തിൻെറ വിധാതാവായി യുഗാന്ത്യത്തിൽ പ്രത്യക്ഷപ്പെടും. പ്രപഞ്ചം മുഴവനിലുമുള്ള ദൈവത്തിൻെറ ആധിപത്യം സുവിശേഷത്തിൽ പ്രകടമാണ് (മത്താ 5:34_35).

യഹൂദർ ദൈവത്തിൻെറ മഹത്വപൂർണ്ണമായ ആഗമനം പ്രതീക്ഷിച്ചിരുന്നു (ലൂക്കാ 19:11). ദൈവരാജ്യം സമാഗതമായെന്നും അതോടൊപ്പം ദൈവരാജ്യത്തിൻെറ ആഗമനത്തിനായി പ്രാർത്ഥിക്കണമെന്നും ക്രിസ്തു പഠിപ്പിച്ചു (മത്താ 6:10; ലൂക്കാ 11:12). അശുദ്ധാത്മാക്കളെ പുറത്താക്കുന്നതോടെ ദൈവരാജ്യം കൈവരുന്നതിനെപ്പററിയും പറയുന്നുണ്ട്. (മത്താ 12:28; ലൂക്കാ 11:20). ദൈവരാജ്യം പ്രതാപത്തോടെ വരാനുള്ളതെന്നും (മക്കോ 9:1; ലൂക്കാ 22:18) സമീപസ്ഥമെന്നും (മക്കോ 1:15) ഇതിനകം വന്നുവെന്നും (ലൂക്കാ 17:20) അതിൻെറ വരവിന് ഒരുങ്ങേണ്ടതാണെന്നും (ലൂക്കാ 13:24) അത് അന്വേഷിക്കേണ്ടതാണെന്നും (ലൂക്കാ 12:31) വിവരിക്കുന്ന ഭാഗങ്ങൾ സുവിശേഷത്തിൽ കാണാം.

ഇത് ദൈവികഭരണത്തിൻെറ വിവിധ വശങ്ങൾ കാണിക്കുന്നു. ക്രിസ്തുവിനെ സ്വീകരിക്കുകയും ദൈവത്തിൻെറ ഭരണം പൂർണ്ണമായി അംഗീകരിക്കുകയും ചെയ്യുന്നവരാണ് ദൈവരാജ്യത്തിനു യോജിച്ചവർ. അവരാണ് അതിലെ പൗരർ. ഈ ഭരണം ആരംഭിച്ചു. എന്നാൽ, ഇപ്പോൾ പൂർണ്ണമല്ല. വ്യക്തിപരവും സാമൂഹികവുമായ തലങ്ങളിൽ വളരുകയും വികസിക്കുകയും ചെയ്യേണ്ടതാണ് ഈ ദൈവരാജ്യം. ദൈവരാജ്യം

www.malankaralibrary.com

ജീവിതപ്രമാണമായി ഒരിക്കൽ സ്വീകരിച്ചവർ പലവിധ കാരണങ്ങളാൽ അതിൽനിന്നു ഭാഗികമായോ പൂർണ്ണമായോ വ്യതിചലിച്ചേക്കാം. ദൈവരാജ്യം പൂർണ്ണമായി പ്രാപിക്കുക ഭാവിയിലുള്ളതാണ്. അതു കൈവന്നു. എങ്കിലും അന്ത്യോന്മുഖമാണ്.

ദൈവരാജ്യം ജീവന്റെ സ്രോതസ്സായ ദൈവത്തിൽ നിന്നാരംഭിക്കുന്നു. ആ ചൈതന്യം ദൈവത്തിലേക്കു നയിക്കുന്നു. ജീവന്റെ പൂർണ്ണതയും ലക്ഷ്യവുമായ ദൈവത്തിലേക്ക് എപ്പോഴും വളർന്നുകൊണ്ടിരിക്കുന്നതാണ് ദൈവരാജ്യം. വ്യക്തികളിലും സമൂഹങ്ങളിലും ദൈവരാജ്യം ഉണ്ട്. എന്നാൽ അതേസമയം ദൈവത്തിന്റെ പൂർണ്ണഅധികാരത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. ദൈവഹിതത്തിനു വിധേയമായുള്ള ഈ വളർച്ച ദൈവോന്മുഖമാണ്. അതോടൊപ്പം അന്ത്യോന്മുഖവും.

## ക്രിസ്തുവും ദൈവരാജ്യവും

ദൈവികഭരണത്തിന് പൂർണ്ണമായി വിധേയമാവുകയും ദൈവേഷ്ടത്തിന് സ്വയം അർപ്പിക്കുകയും ചെയ്യുന്നവനാണ് ദൈവരാജ്യത്തിന് ഏററവും യോജിച്ചവൻ. ദൈവഹിതം ലോകത്തെ അറിയിക്കാനും ജീവിതത്തിൽ നിറവേററുന്നതിനും ദൈവം മനുഷ്യനായി പിറന്നു. ദൈവഹിതം ഏററവും പൂർണ്ണമായി നിറവേററിയതു ക്രിസ്തു മാത്രമാണ്. ‘‘എന്നെ അയച്ചവന്റെ ഇഷ്ടം നിറവേററി അവന്റെ പ്രവൃത്തി പൂർത്തിയാക്കുകയാണ് എന്റെ ആഹാരം’’ (യോഹ 4:34) എന്നാണ് സ്വശിഷ്യരോടു ക്രിസ്തു പറഞ്ഞതു്. അവിടുന്നു ദൈവാധിപത്യത്തിന്റെ മകുടോദാഹരണമാണ്. മഹനീയ മാതൃകയാണ്. പരസ്യജീവിതത്തിന്റെ ആരംഭത്തിൽ പ്രലോഭനങ്ങളുമായി സമീപിച്ച സാത്താനോടു പറഞ്ഞു: ‘‘ദൈവാധരങ്ങളിൽനിന്നു നിർഗ്ഗമിക്കുന്ന ഓരോ വചനം കൊണ്ടുമാണ് മനുഷ്യൻ ജീവിക്കുന്നതു്.’’ (മത്താ 4:4). പരസ്യജീവിതത്തിന്റെ അവസാന നിമിഷംവരെ ഏററവും വേദനനിറഞ്ഞ നിമിഷങ്ങളിലും പിതാവായ ദൈവത്തിന്റെ ഹിതത്തിന് പൂർണ്ണമായി വിധേയനായ ക്രിസ്തുവിനെയാണ് നമ്മൾ കാണുക. ‘‘എന്റെ ഇഷ്ടമല്ല അങ്ങേ ഇഷ്ടം നിറവേറട്ടെ’’ (ലൂക്കാ 22:42).

www.malankaralibrary.com

ക്രിസ്തു ദൈവരാജ്യത്തിലേക്കു് മനുഷ്യരെ നയിക്കുന്നു. ദൈവഹിതം നിറവേററുന്നതിന്റെ മഹനീയമാതൃക കാട്ടിത്തരികയും അതിനായി മനുഷ്യരെ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. ക്രിസ്തുവിനോടു് ഒന്നുചേർന്നു് ദൈവരാജ്യത്തിനു് ക്രിസ്തുപനുയായികൾ പങ്കുകാരാകുന്നു. വഴിയും ജീവനും സത്യവുമായ ക്രിസ്തുവാണു മാതൃകയും വഴികാട്ടിയും (യോഹ 14:6). ആ വഴിയിലൂടെയും സത്യത്തിലൂടെയും ജീവിച്ചു് ദൈവരാജ്യത്തിലെ യഥാർത്ഥ പൗരന്മാരാവണം. ക്രിസ്തുവിലുള്ള ഈ ജീവിതം വിശ്വാസത്തിന്റെ ജീവിതമാണു്. ദൈവഹിതമാണു് ജീവിതനിയമം. ക്രിസ്തു അതിന്റെ മാതൃകയും.

ക്രിസ്തു മനുഷ്യാവതാരത്തിലൂടെ പാപത്തിന്റെ ശക്തിയിൽനിന്നു മനുഷ്യരെ സ്വതന്ത്രരാക്കി. ഈ സ്വാതന്ത്ര്യത്തിന്റെ വിജയം കുരിശിന്റെ വിജയമാണു്. ഇതു അരൂപിയിലുള്ള പുതിയ ജീവിതമാണു്. അരൂപിയിൽ ജനിച്ചു് അരൂപിക്കു ചേർന്ന ജീവിതം നയിക്കാനാണു് ക്രിസ്തു ആവശ്യപ്പെടുന്നതു്. ജലത്തിലും പരിശുദ്ധാത്മാവിലും വീണ്ടും ജനിക്കണം. ഇപ്രകാരം ജനിക്കുന്ന ദൈവജനത്തിന്റെ ശിരസ്സാണു് ക്രിസ്തു. ശിരസ്സായ ക്രിസ്തുവിനോടു് ഒന്നുചേർന്നു് അവിടുന്നു വെളിപ്പെടുത്തിത്തന്ന ദൈവഹിതത്തിനു് യോജിച്ച ജീവിതം നയിക്കുമ്പോൾ ദൈവരാജ്യത്തിനു് സാക്ഷികളാവുന്നു. സജീവ സ്രോതസ്സായ ക്രിസ്തുവിൽനിന്നു് ക്രിസ്ത്വനുയായികൾ ചൈതന്യം ഉൾക്കൊണ്ടു ദൈവരാജ്യത്തിന്റെ സ്വാതന്ത്ര്യം അനുഭവിക്കുന്നു. അതിന്റെ പൂർണ്ണതയിലേക്കു ആനീതരാവുന്നു.

ജീവൻ നല്കുവാനും അതു സമൃദ്ധമായി നല്കുവാനുമാണു് ക്രിസ്തു മനുഷ്യനായതു് (യോഹ 10:10). ലോകത്തെ എല്ലാവിധദാസ്യത്തിൽനിന്നും വിമോചിപ്പിച്ചു ദൈവരാജ്യത്തിലെ മക്കളും പൗരന്മാരുമാക്കുകയാണു് ക്രിസ്തു. ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനത്തിൽ ദൈവികഭരണം സമ്പൂർണ്ണമാകും. തിന്മയുടെ ശക്തികളെ ക്രിസ്തു തോല്പിക്കും. "മനുഷ്യപുത്രൻ പ്രതാപത്തോടും, സർവ്വസ്വർഗ്ഗീയദൂതന്മാരുടെ അകമ്പടിയോടുംകൂടി വരുമ്പോൾ മഹിമയുടെ സിംഹാസനത്തിൽ ഇരിക്കും. അപ്പോൾ തിരുസ്സന്നിധിയിൽ സകല ജാതികളും സമ്മേളിക്കും" (മത്താ 25:31–32).

www.malankaralibrary.com

## സഭയും ദൈവരാജ്യവും

മനുഷ്യപുത്രനായ ക്രിസ്തുവിന്റെ സുവിശേഷം സ്വീകരിച്ച് പുതിയ ജീവിതം നയിക്കുന്ന ദൈവജനമാണ് സഭ. പഴയനിയമത്തിലെപ്പോലെ പ്രത്യേകമൊരു ദൗത്യം നിറവേററാൻ വിളിക്കപ്പെട്ടതാണ് ഈ സമൂഹം. ഇസ്രായേൽ മിശിഹായെ സ്വീകരിച്ചില്ല. എന്നാൽ മിശിഹായെ സ്വീകരിച്ചവരാണ് പുതിയ നിയമത്തിലെ ദൈവജനമായ സഭ. അവർ പൂർണ്ണത പ്രാപിച്ചവരല്ല. അതിനായി പ്രത്യേകം വിളിക്കപ്പെട്ടവരാണ് (മത്താ 5:48). 'എക്ലേസിയ' എന്ന ഗ്രീക്ക പദത്തിന്റെ അർത്ഥം വിളിക്കപ്പെട്ടവരുടെ സമൂഹം എന്നാണല്ലോ.

ദൈവരാജ്യത്തിന്റെ സുവിശേഷമറിയിക്കാൻ അനുയായികളെ ക്രിസ്തു അധികാരപ്പെടുത്തി (ലൂക്കാ 10:9–11;17–19; മത്താ 28:18–20). സമൂഹത്തിന് ആദ്ധ്യാത്മികസേവനം ചെയ്യുന്നതിനുള്ള ദൗത്യവും അവരെ ഏല്പിച്ചു. പാപങ്ങൾ മോചിക്കുന്നതിനും സ്നേഹത്തിലുള്ള ഐക്യം പരിപോഷിപ്പിക്കുന്നതിനും അവരെ ഉത്തരവാദിത്വപ്പെടുത്തി (യോഹ 20:20–23; മത്താ 18:18). ലോകത്തിൽ ഉപയോഗിക്കുന്ന അധികാരം സ്വർഗ്ഗത്തിലും അംഗീകരിക്കപ്പെട്ടുമെന്നും അറിയിച്ചു.

ദൈവരാജ്യത്തിന്റെ സാന്നിദ്ധ്യവും അതോടൊപ്പം അതിലേക്കുള്ള വളർച്ചയും സഭ കുറിക്കുന്നു. കൂദാശകളിലൂടെ പ്രത്യേകിച്ച് വി. കുർബാനയിലൂടെ ക്രിസ്തു ദൈവരാജ്യത്തിൽ നമ്മെ വളർത്തുന്നു; അതിന് ക്ഷണിക്കുന്നു. ദൈവരാജ്യത്തിലെ സ്വർഗ്ഗീയവിരുന്നിന്റെ മുന്നാസ്വാദനമാണ് സഭയിൽ നടക്കുക. ഇപ്രകാരം സഭ ദൈവരാജ്യത്തിലേക്ക നയിക്കുന്നതോടൊപ്പം അതിന്റെ മുന്നാസ്വാദനത്തിലൂടെ നമ്മെ ധന്യരാക്കുകയും ചെയ്യുന്നു. സഭ ഈലോകത്തിന്റേതാണ്. അതോടൊപ്പം ദൈവരാജ്യത്തിന്റേയും. സ്ഥലകാലങ്ങൾക്കുള്ളിലാണ് സഭ നിലനില്ക്കുന്നത്. ഈ കാലത്തിന്റെ മുഖമുദ്ര അതിനുണ്ട്. എന്നാൽ ദൈവരാജ്യമാണ് അതിന്റെ ലക്ഷ്യം. ദൈവരാജ്യത്തിന് വിളിക്കപ്പെട്ടവരാണ് സഭയിലുള്ളത്. പരസ്പരൈക്യത്തിന്റേയും സ്നേഹത്തിന്റേയും അടയാളമാണ് സഭ. (യോഹ13:34–35). ദൈവികജീവനിൽ അവർ പങ്കുകാരാണ്.

സഭ ക്രിസ്തുവിന്റെ ദൈവത്വവും രാജത്വവും പൂർണ്ണമായി വിശ്വസിക്കുന്നു. ക്രിസ്തുവിന്റെ രാജ്യമാണ് സഭയെന്നു പറ

www.malankaralibrary.com

യാം. ക്രിസ്തുവാണ് സ്ഥാപകൻ. അവിടുന്നാണ് അതിന് രൂപവും ഭാവവും ചൈതന്യവും ലക്ഷ്യവും നല്കിയതു്. സഭയിലൂടെ പ്രവർത്തിക്കുന്നതും ക്രിസ്തുതന്നെ. "പിതാവായ ദൈവം അന്ധകാരശക്തിയിൽനിന്ന് വീണ്ടെടുത്തു് പ്രിയപുത്രന്റെ രാജ്യത്തിലേക്കു് നമ്മെ കൊണ്ടുവന്നു. ആ ദൈവപുത്രനിലാകുന്നു നമ്മുടെ രക്ഷ. അവിടുത്തെ രക്തംവഴി പാപമോചനവും" (1 കൊളോ 1:13,14). സഭയിൽ ദൈവം നമ്മെ വിളിച്ചിരിക്കുന്നതു് സ്വർഗ്ഗീയ സമൂഹത്തിലേയ്ക്കാണ്.

ദൈവരാജ്യത്തിന്റെ വിളി സ്വീകരിച്ചവർ ദൈവരാജ്യത്തിന്റെ പൗരന്മാരാണ്. എല്ലാവിധ ദാസ്യത്തിൽനിന്നും അവർ സ്വതന്ത്രരായി ദൈവമക്കളുടെ സ്വാതന്ത്ര്യം അനുഭവിക്കണം. ലോകത്തിന്റെ വശീകരണങ്ങൾ ദൈവസുതരെ അടിമപ്പെടുത്തുവാൻ പാടില്ല. ഈ ആകർഷണവലയത്തിനുപരി നിലകൊള്ളുവാൻ ദൈവകരങ്ങൾ താങ്ങിനിർത്തും. ഇത്ര ഉന്നതമായ സ്ഥാനത്തേക്കാണ് സഭയിലൂടെ ക്രിസ്തു തന്റെ അനുയായികളെ ക്ഷണിക്കുന്നതു്. അടിപതറാതെ അചഞ്ചലരായി സുവിശേഷത്തിന്റെ പാതയിലൂടെ ദൈവരാജ്യം മാത്രം ലക്ഷ്യമാക്കി ജീവിക്കുവാൻ നമ്മെ സഹായിക്കുകയാണ് സഭയുടെ ദൗത്യം. ദൈവരാജ്യത്തിന്റെ രക്ഷാകരസന്ദേശമാണ് മാനവകുലത്തെ സഭ സദാ അറിയിക്കുന്നതു്.

സെൻറ് തോമസ് സെമിനാരി
കോട്ടയം-10

ഡോ. സേവ്യർ കൂടപ്പുഴ

www.malankaralibrary.com

# രക്ഷ_സെൻറ് പോളിൻെറ വീക്ഷണത്തിൽ

വി. പൗലോസിൻെറ ദർശനത്തിലെ മുഖ്യ ആശയങ്ങളിലൊന്നാണ് രക്ഷ. യേശുവിലൂടെയും യേശുവഴിയായിമാത്രവുമേ രക്ഷ സാദ്ധ്യമാകയുള്ളു എന്ന് അദ്ദേഹം അസന്നിദ്ധമായി പ്രഖ്യാപിക്കുന്നു. രക്ഷയുടെ നിഷേധാത്മകവും ഭാവാത്മകവുമായ വശങ്ങൾ, പാപത്തിൽനിന്നും അതിൻെറ മാരകഫലങ്ങളിൽ നിന്നുമുള്ള മോചനവും മെസയാനിക അനുഗ്രഹപ്രാപ്തിയും, വി. പൗലോസ് സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. വി. അപ്പസ്തോലൻെറ ചിന്തയുടെ ഒരു സമഗ്രപഠനമാണ് ഈ ലേഖനം.

രക്ഷയെന്ന ആശയം പുരാതന യവനകൃതികളിലും വിശുദ്ധഗ്രന്ഥത്തിലും സർവ്വസാധാരണമായിക്കാണുന്നു. പഴയനിയമത്തിലും പുതിയനിയമത്തിലും ഈ ആശയം വളരെയധികം പരാമർശിക്കപ്പെട്ടിട്ടുണ്ട്. വിമോചനം, സംരക്ഷണം, യാത്രാനന്തരമുള്ള സുരക്ഷിതപ്രത്യാഗമനം എന്നൊക്കെയാണ് ഈ വാക്കിനു് അർത്ഥം കല്പിച്ചിരുന്നതു്. സാധാരണ ഗ്രീക്കു പ്രയോഗത്തിൽ ആരോഗ്യസുസ്ഥിതിക്കും ഈ വാക്കു തന്നെ ഉപയോഗിച്ചിരുന്നു.

പഴയ നിയമത്തിൻെറ ഗ്രീക്കു വിവർത്തനത്തിൽ ഭദ്രതയും സുരക്ഷിതത്വവുമാണു രക്ഷയെന്ന പദം സൂചിപ്പിക്കുന്നതു്. സങ്കീർത്തനങ്ങളിൽ ഇതു് ഉപദ്രവങ്ങളിൽ നിന്നുള്ള വിമുക്തിയെ കാണിക്കുന്നു. പ്രത്യേകിച്ചും സങ്കീർത്തനങ്ങളിൽ കൂടെക്കൂടെ വിവരിക്കപ്പെടുന്ന നിഗൂഢശത്രുക്കളുടെ ഉപദ്രവത്തിൽ നിന്നുള്ള വിമുക്തി.

പുതിയനിയമത്തിൽ പഴയനിയത്തിലെ അർത്ഥംതന്നെ ചിലപ്പോൾ ഈ പദത്തിനു നൽകിയിരിക്കുന്നതായി കാണാം. ഉദാഹരണത്തിനു് സെൻറു് പോൾ കപ്പലപകടത്തിൽനിന്നു രക്ഷപ്പെട്ടതിനെ സൂചിപ്പിക്കുവാൻ ഈ പദം ഉപയോഗിച്ചിട്ടുണ്ട് (നട 27:20). പക്ഷേ ഇത്തരം പ്രയോഗങ്ങൾ താരതമ്യേന വളരെ കുറച്ചുമാത്രമേയുള്ളു. സെൻറു പോളിൻെറ ലേഖന

www.malankaralibrary.com

ങ്ങളിൽ രക്ഷയെന്ന പദത്തിൻെറ അർത്ഥം അത്യധികം സമ്പുഷ്ട മത്രേ. രക്ഷയെ സംബന്ധിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന വീക്ഷണം വിശകലനംചെയ്യുവാനുദ്ദേശിക്കുന്ന ഈ ലേഖനത്തെ നാലു ഭാഗമായി തിരിക്കാം:

1. വിമോചനം എന്തിൽ നിന്ന്?
2. ദൈവം രക്ഷയുടെ വിധാതാവ്?
3. ക്രിസ്തു മനുഷ്യരക്ഷയ്ക്കുള്ള ഉപാധി (ഉപകരണം)
4. ദൈവദത്തമായ രക്ഷയോടുള്ള മനുഷ്യൻെറ പ്രതികരണവും അതിൻെറ ആത്യന്തികഫലവും.

## വിമോചനം എന്തിൽനിന്ന്?

മനുഷ്യൻെറ നിലനില്പിനും സുസ്ഥിതിക്കും വിഘാതമായ അനേകം ശത്രുശക്തികളെപ്പററി സെൻറ്പോൾ പരാമർശിക്കുന്നു. "ഈ യുഗത്തിൻെറ ഭരണകർത്താക്കൾ (1 കൊറി 2:6–8) എന്നദ്ദേഹം അവയെ വിളിക്കുന്നു. ക്രിസ്തുവിൻെറ ദ്വിതീയാഗമനവേളയിൽ നിർവീര്യമാകാനിരിക്കുന്ന "എല്ലാ പ്രഭുത്വവും അധികാരവും ശക്തിയു"മാണവ (1 കൊറി 15:24). പാപപൂർണ്ണവും, ക്രിസ്തു സ്ഥാപിച്ച രാജ്യത്തിനു വിരുദ്ധവുമായ അന്ധകാരശക്തിയെക്കുറിച്ച് അദ്ദേഹം പറയുന്നുണ്ട് (കൊളോ 1:13). "ഈ സിംഹാസനങ്ങളും ശക്തികളും, പ്രഭുത്വങ്ങളും, അധികാരങ്ങളുമെല്ലാം" ക്രിസ്തു വഴിയാണു സൃഷ്ടിക്കപ്പെട്ടതു് (കൊളോ 1:16). എങ്കിലും എഫേസിയക്കുള്ള ലേഖനം (2:2) അവയെ പൊതുവെ "വായുവിൻെറ അധിപൻ, അനുസരണമില്ലാത്തവരിൽ ഇപ്പോൾ പ്രവർത്തിക്കുന്ന അരൂപി" എന്നെല്ലാം വിളിച്ചു കാണുന്നു. സഭയിലൂടെ ദൈവത്തിൻെറ രക്ഷാകരപദ്ധതി–അവിടുത്തെ 'വിജ്ഞാനം'– "സ്വർഗ്ഗത്തിലെ പ്രഭുത്വങ്ങൾക്കും അധികാരങ്ങൾക്കും" വെളിപ്പെടുത്തപ്പെടുന്നു (എഫേ 3:10). ക്രൈസ്തവരെപ്പോഴും ജാഗരൂകരായിരുന്നേ മതിയാവൂ. കാരണം, രക്ഷ കൈവന്നിട്ടുണ്ടെങ്കിലും അതു ഖണ്ഡിതമല്ല; നഷ്ടപ്പെടുവാൻ സാദ്ധ്യതയുള്ളതത്രേ. "അനുസരണമില്ലാത്ത സന്തതികളോടു സംസർഗ്ഗം പുലർത്തുവാനും അവരെ അനുകരിക്കുവാനും പ്രകാശത്തിലല്ലാതെ അന്ധകാരത്തിൽ ചരിക്കുവാനും എളുപ്പമാണ്" (എഫേ 5:8–11).

www.malankaralibrary.com

ഈ അന്ധകാരശക്തികൾ ആരാണ്? അവരെ പിശാച് എന്ന ഒററപ്പേരിൽ ഒതുക്കി നിറുത്തുവാനുള്ള ഒരു പ്രവണതയാണ നമുക്കിന്നുള്ളത്. പഴയനിയമകാലഘട്ടത്തിൻെറ അവസാനമായപ്പോഴേക്കും നമുക്കിന്നനുഭവവേദ്യമാകുന്ന ചരിത്രം അവസാനിക്കുമെന്നൊരു പ്രതീക്ഷ യഹൂദരിൽ ഉടലെടുത്തിരുന്നു. ഈ പ്രതീക്ഷയെ സൂചിപ്പിക്കുന്ന ലിഖിതങ്ങൾ വെളിപാടുകൾ (Apocalyptics) എന്നറിയപ്പെടുന്നു. പഴയനിയമത്തിൽ ദാനിയേലിൻെറ പുസ്തകവും പുതിയ നിയമത്തിൽ യോഹന്നാൻെറ വെളിപാടും ഇതിനു ഉത്തമോദാഹരണങ്ങളാണ്., സെൻറു പോളിനെ ഈ ലിഖിതങ്ങൾ വളരെയധികം സ്വാധീനിച്ചിരുന്നുവെന്നതിൽ സംശയമില്ല.

വെളിപാടുലിഖിതങ്ങൾ മനുഷ്യാനുഭവത്തെ രണ്ടു തരമായി തിരിച്ചിരുന്നു: ഈ യുഗം, വരുവാനിരിക്കുന്ന യുഗം; അഥവാ ഈലോകം, വരുവാനിരിക്കുന്ന ലോകം എന്നായിരുന്നു ആ വിഭജനം. ഇവയ്ക്കിടയിൽ ഒരു നേരിയ വിഭജനരേഖയാണുള്ളത്. ആ സമയം വരുമ്പോൾ ലോകത്തിൽ ഒരു വലിയ പോരാട്ടം നടക്കും. നന്മയുടെ ശക്തികൾ ഈ പോരാട്ടത്തിൽ തിന്മയുടെ ശക്തികളോടേറ്റുമുട്ടിപ്പിണയും. എങ്കിലും അന്തിമ വിജയം നന്മയുടെ ശക്തികൾക്ക് തന്നെ ആയിരിക്കും. അതോടെ ഇസ്രായേൽ ജനതയിലൂടെ ദൈവം തൻെറ രാജ്യം എന്നേയ്ക്കുമായി സ്ഥാപിക്കും.

പ്രസ്തുത ലിഖിതങ്ങളിൽ മാലാഖാമാർക്ക് ഒരു നിർണ്ണായക സ്ഥാനമുണ്ട്. ദാനിയേലിൻെറ പുസ്തകത്തിൽ അവരെ രാഷ്ട്രങ്ങളോടും സാമ്രാജ്യങ്ങളോടും ബന്ധപ്പെടുത്തി ചിത്രീകരിച്ചിരിക്കുന്നു. നിഗൂഢ വ്യക്തികളായ 'പേർഷ്യൻ പ്രഭുവിനേയും' 'യവനപ്രഭുവിനേയുംപററി' ദാനിയേൽ പത്താമദ്ധ്യായത്തിൽ നാം വായിക്കുന്നു. ഇസ്രായേൽജനത്തിൻെറ പ്രമാണി മിഖായേലാണ്. സ്വന്തം ജനതകൾക്കുവേണ്ടി ഈ പ്രമാണികൾ അന്യോന്യം ഏററുമുട്ടുന്നതായും ചിലപ്പോൾ ചിത്രീകരിച്ചിട്ടുണ്ട്. ഇവയിൽ ചിലർ ദൈവത്തിൻെറ ശത്രുക്കളാണ്. അക്കൂട്ടർക്ക് അവിടുത്തെ പദ്ധതികളെക്കുറിച്ച് ഒരു രൂപവുമില്ല. മാലാഖമാരുടെ അജ്ഞതയെപ്പററി അപൂർവ്വമായി പുതിയനിയമത്തിലും പരാമർശങ്ങളുണ്ട് (മത്താ 24:36; മർക്കോ 13:32; 1 പത്രോ 1:12).

www.malankaralibrary.com

തിന്മയെന്ന ഒരു വൈയക്തികശക്തിയെപ്പററിയുള്ള വിശ്വാസം സെൻറു പോളിനുണ്ടായിരുന്നോ? ഈ വിധത്തിലുള്ള ധാരണകൾ പഴയനിയമചരിത്രത്തിൻെറ അവസാന ഘട്ടകളിൽ മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളു. വെളിപാട് ലിഖിതങ്ങളിൽ അവ സർവ്വസാധാരണമാണെങ്കിലും ഇതര പഴയനിയമ പുസ്തകങ്ങളിൽ അവ അപൂർവ്വമായേ കാണുന്നുള്ളു. പഴയനിയമം മാത്രമല്ല, സമകാലിക യഹൂദ ലിഖിതങ്ങളും സെൻറു പോളിനെ സ്വാധീനിച്ചിട്ടുണ്ടാകണം. അല്ലെങ്കിൽ നോസ്റ്റിസിസത്തിൻെറ പ്രാരംഭരൂപത്തെ നേരിടുന്നതിനുള്ള വ്യഗ്രതയുമാവാം അദ്ദേഹത്തിൻെറ ലേഖനങ്ങളിൽ കാണുന്നത്. നോസ്റ്റിക്കമതം (സെൻറു പോളിൻെറ ലേഖനങ്ങളിൽ കാണുന്നപോലെ), സ്വർഗ്ഗീയജീവികളിൽ അധികാരം ആരോപിച്ചിരുന്നു; അവയെ 'അധികാരങ്ങ'ളെന്നു വിളിച്ചിരുന്നു.

യശശ്ശരീരനായ സി. എസ്. ലൂയിസ് ഇപ്രകാരമെഴുതി: പിശാചിൻെറ ഏററവും സമർത്ഥമായ തന്ത്രങ്ങളിലൊന്ന് തനിക്കസ്തിത്വമില്ലെന്ന ബോധ്യം മനുഷ്യരിൽ ജനിപ്പിക്കുകയത്രേ. അതെങ്ങനെയുമിരിക്കട്ടെ. സെൻറു പോളിനെ സംബന്ധിച്ചിടത്തോളം ഇവ യഥാർത്ഥ വ്യക്തികളായിരുന്നു. അവ മനുഷ്യൻെറ ശത്രുക്കളാണ്. മനുഷ്യർ അവയിൽനിന്നും രക്ഷിക്കപ്പെടേണ്ടിയിരിക്കുന്നു. ഈ തിന്മയുടെ ശക്തികളുടെ വൈയക്തികാസ്തിത്വം ആവിഷ്കൃതസത്യമായി ക്രൈസ്തവരെല്ലാം അംഗീകരിക്കണമെന്ന് സെൻറ് പോൾ കരുതിയോ എന്നതിനെപ്പററി ഭിന്നാഭിപ്രായത്തിനു സാദ്ധ്യതയുണ്ട്.

തിന്മയുടെ ശക്തികളെ യഥാർത്ഥ വ്യക്തികളായോ, അവരുടെ വ്യക്തിത്വം വെളിപ്പെടുത്തപ്പെട്ട സത്യമായോ സെൻറു പോൾ ധരിച്ചിരുന്നെങ്കിലും, ഇല്ലെങ്കിലും, മനുഷ്യൻ തിന്മയെന്ന ശക്തിക്കു അടിമയാണെന്ന ആശയം അദ്ദേഹത്തിനുണ്ടായിരുന്നു. മനുഷ്യരുടെ ഉള്ളിൽത്തന്നെയുള്ള ശക്തിയേയാണ് അദ്ദേഹം സൂചിപ്പിക്കുന്നതെന്ന് ഇന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ട്. അവരുടെ വീക്ഷണത്തിൽ, നാംതന്നെയാണ് നമ്മുടെ പിശാച്. തിന്മയെന്ന ശക്തി മനുഷ്യൻെറ ഉള്ളിലുള്ളതോ മനുഷ്യനു ബാഹ്യമായതോ ആയിക്കൊള്ളട്ടെ. ഈ ശക്തിയിൽ നിന്നുള്ള വിമോചനമത്രേ സെൻറു പോളിൻെറ വീക്ഷണത്തിൽ രക്ഷ.

തിന്മ ചെയ്യാനുള്ള ഈ ശക്തി എന്താണ്? അതു പാപം

www.malankaralibrary.com

തന്നെയാണെന്നു പറയാം. പാപവും തിന്മയുടെ ശക്തിയും സഖ്യം ചേർന്നു മനുഷ്യനെ പാരതന്ത്ര്യശൃംഖലകൊണ്ടു ക്രൂരമായി ബന്ധിക്കുന്നു. പുതിയനിയമത്തിൽ പാപത്തെ സൂചിപ്പിക്കുവാൻ സാമാന്യമായി സ്വീകരിച്ചിട്ടുള്ള പദം, 'ഹമർത്തിയ' ആണു്. സെൻറു് പോളിൻെറ ലേഖനങ്ങളിൽത്തന്നെ 60 പ്രാവശ്യത്തോളം ഈ വാക്കു കാണുന്നുണ്ടു്. ഇത്രയധികം ആവർത്തിച്ചുപയോഗിച്ചിട്ടുള്ള ഈ പദം പുതിയനിയമത്തിൽ അതിപ്രധാനമാണെന്നു വരുന്നു; രക്ഷയുടെ അർത്ഥം മനസ്സിലാക്കുവാൻ ഈ പദത്തിൻെറ സൂചന ആഴമായി ഗ്രഹിച്ചേ മതിയാവൂ.

സെൻറു്പോൾ പാപത്തിൽ വ്യക്തിത്വം ആരോപിക്കുന്നു. മനുഷ്യഹൃദയമാകുന്ന വേദിയിൽ കയറിവന്നു് മനുഷ്യവംശത്തിനു മുഴുവൻ ഭീകരവിന വരുത്തിവച്ചു, പാപം. "ഒരു മനുഷ്യനിലൂടെ പാപം ലോകത്തിൽ പ്രവേശിച്ചു" (റോമ 5:12). ഈ പാപം (ഹമർത്തിയ) ഒരു രാജാവാകുന്നു. അതു് മനുഷ്യരുടെമേൽ ആധിപത്യം നടത്തുന്നു (റോമ 5:2). അതു നമ്മുടെ മർത്ത്യശരീരത്തിൻമേൽ കർത്തൃത്വം നടത്തുന്നു (റോമ 6:12). മനുഷ്യർ പാപത്തിൽ അടിമകളായിരുന്നു. ഇനിയും ആകാം (റോമ 6:6-21). ചെയ്ത ജോലിക്കു് അർഹമായ പ്രതിഫലം നൽകുന്ന യജമാനനാണു പാപം; അവൻ നൽകുന്ന പ്രതിഫലമോ, മരണവും (റോമാ 6:23).

സെൻറു് പോൾ പാപത്തെയും മരണത്തെയും ബന്ധിച്ചു വീക്ഷിക്കുന്നു. പാപവും മരണവും തമ്മിലുള്ള ഈ ബന്ധത്തെ ആധുനികർ ചോദ്യം ചെയ്യും. ഇത്രത്തോളം ചോദ്യം ചെയ്യപ്പെടുന്ന മറേറതെങ്കിലും പുതിയനിയമ സത്യമുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ആധുനികശാസ്ത്രവും പാശ്ചാത്യചിന്തയും ഇതിനെ പൂർണ്ണമായും നിഷേധിക്കുന്നു. ചുരുങ്ങിയതു് ഒരു ദാർശനിക വീക്ഷണത്തിലെങ്കിലും മനുഷ്യജീവിതം മരണോന്മുഖമാണു്, മരണത്തിനുള്ള തയ്യാറെടുപ്പാണു്. ഈ ദർശനം ശാസ്ത്രത്തോടുചേർന്നു പ്രഖ്യാപിക്കും: മനുഷ്യാവയവങ്ങൾ പ്രകൃത്യാ ക്ഷയോന്മുഖമാണെന്നും, അവസാനം മരണത്തോടെ സമ്പൂർണ്ണക്ഷയത്തിനു വിധേയമാവുമെന്നും. മനുഷ്യപ്രകൃതിയിൽത്തന്നെ അന്തർലീനമായ ഒരു തത്വത്തെ വിശദീകരിക്കുവാൻ പാപത്തിൻെറ കൂട്ടുപിടിക്കുന്നതു് ചുരുങ്ങിയപക്ഷം യുക്തിയുക്തമല്ലെന്നെങ്കിലും അവർ പറയും.

www.malankaralibrary.com

ശാസ്ത്രീയഗവേഷണങ്ങൾക്കുവിധേയമായ മനുഷ്യശരീരഘടനയെക്കുറിച്ചല്ല പോൾ പരാമർശിക്കുന്നത്. മനുഷ്യനെപ്പററി സംസാരിക്കുമ്പോൾ അദ്ദേഹം ഒരു പ്രത്യേക ദാർശനിക വീക്ഷണത്തോടും മമത കാണിക്കുന്നില്ല. ദർശനങ്ങൾക്കെല്ലാം അതീതമായൊരു നിലപാടാണ് അദ്ദേഹം ലേഖനങ്ങളിൽ സ്വീകരിച്ചുകാണുന്നത്. 'മരണ'മെന്ന പദംകൊണ്ടു പോൾ അർത്ഥമാക്കുന്നത് എന്താവാം? ശാരീരികമരണമാണെന്നു സുനിശ്ചിതമായിപറഞ്ഞുകൂടാ. മരണത്തിൽനിന്നുള്ള മോചനത്തെപ്പററിയും അദ്ദേഹം പറയുന്നുണ്ട് (റോമ 7:24). ശാരീരികമരണം മാത്രമല്ല അദ്ദേഹം ഉദ്ദേശിക്കുന്നതെന്ന് അതിൽനിന്നുതന്നെ വ്യക്തം. പോൾ അർത്ഥമാക്കുന്നതു മരണത്തെ അതിൻെറ പൂർണ്ണ അർത്ഥത്തിലാണ്. ദൈവത്തിൽനിന്നുള്ള മനുഷ്യൻെറ വ്യതിചലനം, അവൻെറ അസ്തിത്വം മുഴുവൻേറയും ലക്ഷ്യഭ്രംശത്തിൽ പ്രതിഫലിക്കുന്നു (റോമ 7:13–23). പാപം നമ്മിൽ മരണം ഉളവാക്കുന്നു. നമ്മുടെ അസ്തിത്വത്തിൻെറ ഒരംശം ആഗ്രഹിക്കുന്നതിനു കടകവിരുദ്ധമാണു മറെറാരംശം ആഗ്രഹിക്കുന്നത് എന്ന നിലയാകുന്നു. ഈ പരാധീനതയുടേയും വ്യതിചലനത്തിൻേറയും ബാഹ്യവും സാമൂഹ്യവുമായ സൂചനമാത്രമേ ആകുന്നുള്ളു, ശരീരികമരണം. ശാസ്ത്രത്തിൻേറയും ദർശനത്തിൻേറയും വാദങ്ങൾക്കപ്പുറത്താണു മരണത്തെപ്പററിയുള്ള പോളിൻെറ വിശകലനം. അവരുടെ പിടിയിലൊരുതരത്തിലും ഒതുങ്ങാത്ത മൗലികമാനുഷികരഹസ്യങ്ങളാണ് അദ്ദേഹം ആഴമായി ചർച്ച ചെയ്യുന്നത്.

സമൂലനാശമാകുന്ന ഈ ഭീകരശത്രു ക്രിസ്തുവിൻെറ മരണത്താൽ ആട്ടിയോടിക്കപ്പെട്ടു. "മരണമുള്ള ഈ ശരീരത്തിൽനിന്നു ആരെന്നെ രക്ഷിക്കും? നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ എനിക്കു നൽകപ്പെട്ട ദൈവപ്രസാദം" (റോമ7:25). ഇതുകൊണ്ടുതന്നെയാവണം മരണത്തെ അഭിമുഖം ദർശിക്കുവാനോ അതിനെ പേർ ചൊല്ലി വിളിക്കുവാനോ അദ്ദേഹത്തിനു ഭയമില്ലാതിരുന്നത്. ജീവിതം മരണത്തിനുള്ള പരിശീലനക്കളരിയാണെന്നുംമററും നിസ്സാരമായി ചിലർ സംസാരിക്കാറുണ്ടെങ്കിലും, മരണത്തെ ദുർജ്ഞേയമായ ഒരു രഹസ്യമായും ഒരു നിന്ദയായുമത്രേ ഭീതിയോടെ മനുഷ്യർ എക്കാലവും വീക്ഷിച്ചിട്ടുള്ളത്. "അവനിപ്പോഴില്ല, അയാൾ അന്ത്യശ്വാസം വലിച്ചു, അയാൾ കടന്നുപോയി." ആദിയായ പൊതിഞ്ഞുള്ള

www.malankaralibrary.com

സംസാരം ഇക്കാര്യം വ്യക്തമാക്കുവാൻ പോരുന്നവയാണ്. പുരാതനജനത മരണത്തെ 'നിദ്ര'യെന്ന പദംകൊണ്ടു സൂചിപ്പിച്ചിരുന്നു. ചിലപ്പോഠം പോളിൻെറ ലേഖനങ്ങളിലും ഇതു കാണുന്നുണ്ട്. ഉദാഹരണത്തിനു കൊറീന്ത്യക്കുള്ള ഒന്നാം ലേഖനം 15–ാമദ്ധ്യായത്തിൽ രണ്ടു തവണ ഇതു കാണാം. എങ്കിലും പൊതുവേ മരണത്തെ മരണമെന്നുതന്നെയാണ് അദ്ദേഹം പറയുക. മരണത്തിനു അതിൻെറ വിഷപ്പല്ല് നഷ്ടപ്പെട്ടു (1 കോറി 15:55). ശാരീരികമായ മരണം ഉന്മൂലനാശത്തെയോ ദൈവത്തിൽനിന്നുള്ള വേർപാടിനെയോ കുറിക്കുന്നില്ല. ക്രിസ്തുവിൻെറ മരണംമൂലം ശാരീരികമരണത്തിൻെറ അത്ഥം മാറിയിരിക്കുന്നു. ഇനിമുതൽ അതു പാപത്തിൻെറ കൂലിയല്ല. മനുഷ്യനെ ക്രിസ്തുവിൻെറ പുനരുത്ഥാനത്തിൻെറ മഹത്വത്തിലേയ്ക്കു നയിക്കുന്ന സജീവമായ ഒരു രക്ഷാകരോപാധിയായി മാറിയിരിക്കുന്നു മരണം. മനുഷ്യൻെറ ഏററവും വലിയ ശത്രു അവനെ മഹിമയുടെ ഉത്തുംഗശൃംഗങ്ങളിലേക്കാനയിക്കുന്ന അടിമയായിത്തീർന്നിരിക്കുന്നു.

## ദൈവം രക്ഷയുടെ വിധാതാവ്

പുതിയനിയമം മുഴുവനിലും ദൈവം മനുഷ്യരക്ഷയുടെ കാര്യത്തിൽ മുൻകൈയെടുക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നു. പുതിയ നിയമത്തിലെ ദൈവം സ്നേഹത്തിൻേറയും അനുകമ്പയുടേയും ദൈവമാണ്. മനുഷ്യരോടു ക്ഷമിക്കാൻ വിസമ്മതിക്കുന്ന ഒരു ദൈവത്തെയല്ല നാമിവിടെ കണ്ടുമുട്ടുക. ധൂത്തൻെറ പിതാവിനെപ്പോലെ മനുഷ്യനെത്തേടി പകുതി വഴിയോളമെത്തുകയും ദൂരെനിന്നു അവൻ വരുന്നതു കാണുകയും ചെയ്യുന്നവനത്രേ ദൈവം. മനുഷ്യരോടു ക്ഷമിക്കുന്നതിനുമുമ്പ് സ്വന്തം അവകാശം തിരിച്ചുകിട്ടണമെന്ന ശാഠ്യം ദൈവത്തിനില്ല.

സെൻറ് പോളിനേപ്പോലെ മററാരും ഇത്ര ഉറച്ച ബോദ്ധ്യത്തോടെ ഇക്കാര്യത്തെപ്പററി പ്രതിപാദിച്ചിട്ടില്ല. ക്രിസ്തുവിലൂടെ നാമെല്ലാവരും തൻെറ മുമ്പിൽ കളങ്കരഹിതരും പരിശുദ്ധരും ആകുവാൻ ദൈവം ലോകസ്ഥാപനത്തിനുമുമ്പേ നമ്മെ തെരഞ്ഞെടുത്തു (എഫേ 1:3). മൗലികമായി ഒരു ദൈവിക പ്രവൃത്തിയായ രക്ഷ ദൈവത്തെപ്പോലെ നിത്യമാണ്. ''കരുണയിൽ സമ്പന്നനായ ദൈവം നമ്മെ സ്നേഹിച്ച അധികമായ

www.malankaralibrary.com

തന്റെ സ്നേഹത്താൽ പ്രേരിതനായി, പാപങ്ങൾമൂലം നാം മരിച്ചിരുന്നപ്പോഴും ക്രിസ്തുവിൽ നമ്മെ ജീവിപ്പിച്ചു. അവിടുത്തെ കൃപയാൽ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു'' (എഫേ2:5). ''നമുക്കു നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവുവഴി ദൈവസ്നേഹം നമ്മിൽ വർഷിക്കപ്പെട്ടിരിക്കുന്നു'' റോമ 5:5). ''ദൈവം നമ്മോടുകൂടിയുണ്ടെങ്കിൽ ആർ നമുക്കെതിരു നില്ക്കും? സ്വന്തം പുത്രനെപ്പോലും ഒഴിവാക്കാതെ നമുക്കുവേണ്ടി അവിടുത്തെ ഏല്പിച്ചുകൊടുത്ത സ്ഥിതിക്കു്, അവിടുത്തോടുകൂടി സമസ്തവും ദൈവംനമുക്കു് തരാതിരിക്കുമോ?'' (റോമ 8:31f).

പുതിയനിയമത്തിൽ ഊന്നിപ്പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിഗണിക്കുമ്പോൾ രക്ഷയെപ്പററി ഉടലെടുത്തിട്ടുള്ള ചില സിദ്ധാന്തങ്ങൾ വി. ഗ്രന്ഥസൂചനകൾക്കു് അനുയോജ്യമല്ലെന്നു് പറയേണ്ടിയിരിക്കുന്നു. ദൈവത്തെ കർക്കശനായ ഒരു ന്യായാധിപനായി—പുതിയനിയമത്തിൽ വെളിപ്പെടുത്തപ്പെട്ട സ്നേഹമാകുന്ന ദൈവമെന്നതിനേക്കാൾ നീതിയായ ദൈവമായി—അവതരിപ്പിക്കുവാനുള്ള ഒരു പ്രവണത ദൈവശാസ്ത്രത്തിലും സുവിശേഷ പ്രസംഗങ്ങളിലും ഉണ്ടായിട്ടുണ്ടു്. മനുഷ്യൻ സ്വതന്ത്രനാണെന്നതും ദൈവം മനുഷ്യസ്വാതന്ത്ര്യത്തെ മാനിക്കുന്നുവെന്നതും വാസ്തവംതന്നെ. തനിക്കു നൽകപ്പെട്ടിരിക്കുന്ന ദൈവികമായ രക്ഷ തിരസ്കരിക്കുവാനുള്ള കഴിവു് ഈ സ്വാതന്ത്ര്യത്തിലടങ്ങിയിരിക്കുന്നു. ബോധപൂർവ്വം ദൈവത്തെ നിരസിക്കുന്നവൻ സ്വന്തം വിധികർത്താവാകുന്നു; അയാൾ തന്നെത്തന്നെ കുററക്കാരനെന്നു വിധിക്കുന്നു. ദൈവമയാളെ വിധിക്കേണ്ടതില്ല. നാമോരോരുത്തരും ദൈവദത്തമായ രക്ഷയെ സ്വീകരിക്കുന്നതിന്റെയും നിരസിക്കുന്നതിന്റെയും തോതനുസരിച്ചു് അനുദിനം നമ്മെത്തന്നെ വിധിച്ചുകൊണ്ടിരിക്കുന്നു. ഡാനിഷ് ദാർശനികനായ കീർക്കെഗോർ തന്റെ ഡയറിയിൽ എഴുതുന്നു: സ്വസ്രഷ്ടാവിനുനേരെ അങ്ങനെയൊരു സ്രഷ്ടാവില്ലെന്ന വിധം പെരുമാറത്തക്ക സ്വാതന്ത്ര്യത്തോടെ എന്തെങ്കിലുമൊന്നിനെ സൃഷ്ടിക്കുവാൻ സർവ്വശക്തനായ ഒരു ദൈവത്തിനു മാത്രമെ കഴിയൂ! മനുഷ്യമഹത്വമതാണു്; മനുഷ്യാസ്തിത്വത്തിന്റെ ദയനീയതയും മറെറാന്നല്ല.

മേൽപ്രസ്താവിച്ചവയെല്ലാം വാസ്തവമാണെങ്കിലും മൗലികമായി ദൈവം ശിക്ഷിക്കുന്നവനല്ല, പ്രത്യുത സ്നേഹിക്കുന്നവ

www.malankaralibrary.com

നാണെന്ന വസ്തുത വിസ്മരിച്ചുകൂടാ. പാപംമൂലം ദൈവം രോഷാകുലനാകുന്നുവെന്നും അതിനു പരിഹാരം ആവശ്യപ്പെടുന്നുവെന്നും, മനുഷ്യനായ സ്വപുത്രനുമാത്രമെ അതു് സാധ്യമായിരുന്നുള്ളുവെന്നുമൊക്കെ പഠിപ്പിക്കുന്നതുവഴി ദൈവത്തിൻെറ ഒരു വികൃതചിത്രമാണു് നാം അവതരിപ്പിക്കുക. വാസ്തവത്തിൽ പാപം ദൈവത്തെ ഒരുതരത്തിലും ബാധിക്കുന്നില്ല. മനുഷ്യനു് ദൈവത്തോടുള്ള ബന്ധത്തെയാണു് പാപം ഉലയ്ക്കുക; പാപനിർമ്മാർജ്ജനം ദൈവം ആവശ്യപ്പെടുന്നതു് സ്വന്തം ഗുണത്തിനുവേണ്ടിയല്ല, പിന്നെയോ മനുഷ്യൻെറ നന്മയ്ക്കുവേണ്ടി മാത്രമാണു്. ദൈവത്തിനു് മനുഷ്യരോടുള്ള സ്നേഹമത്രെ ഇതിനു് ദൈവത്തെ പ്രേരിപ്പിക്കുന്നതു്. 'വിജാതീയർക്കെതിരെയുള്ള വാദസമുച്ചയ' ത്തിൽ (Contra Gentiles) വി. തോമസ് അക്വൈനാസ് പറയുന്നു: "വ്യഭിചാരം മനുഷ്യനു് ഹാനികരമല്ലായിരുന്നുവെങ്കിൽ ദൈവം അതു് നിഷിദ്ധമാണെന്നു് കല്പിക്കുമായിരുന്നില്ല''. അപ്പോൾ ദൈവം സ്വസുതനെ ലോകത്തിലേയ്ക്കയച്ചതു് സ്നേഹത്താൽ പ്രേരിതനായിട്ടാണു്. അല്ലാതെ പരിഹാരം ആവശ്യപ്പെടാനൊ, തനിക്കെതിരായി ചെയ്യപ്പെട്ട തെററുകൾക്കു് സമാധാനം ലഭിക്കുവാനോ ആയിരുന്നില്ല. മനുഷ്യൻെറ പാപം മൂലം ക്രമരഹിതമായിക്കഴിഞ്ഞിരുന്ന ലോകത്തിൽ ഒരു നവ്യവ്യവസ്ഥിതി സ്ഥാപിക്കുവാൻവേണ്ടിയാണു് ദൈവം സ്വപുത്രനെ ലോകത്തിലേക്കയച്ചതു്. എങ്കിലും രക്ഷയെ നീതിയുടെ ഒരു പ്രവൃത്തിയായിട്ടും പരിഗണിക്കാം. ദൈവത്തിനു് മനുഷ്യരിൽനിന്നു് ചിലതു് ആവശ്യപ്പെടാം. ദൈവം ആവശ്യപ്പെടുന്നതു് അവിടത്തെ സ്നേഹത്തിനും രക്ഷാകരപ്രവർത്തനത്തിനും മനുഷ്യൻെറ ഭാഗത്തുനിന്നുള്ള സ്നേഹസമന്വിതമായ പ്രത്യുത്തരമാണു്. ക്രിസ്തുവഴി മനുഷ്യനു് കൈവന്ന രക്ഷയിലൂടെ, ഈ സ്നേഹം മൗലികമായിട്ടെങ്കിലും ദൈവത്തിനു് അവൻ കൊടുക്കുന്നു.

## A ക്രിസ്തു മനുഷ്യരക്ഷക്കുള്ള ഉപാധി

ദൈവത്തിനു് മനുഷ്യരോടുള്ള സ്നേഹം പ്രകാശിതമായതു് ക്രിസ്തുവെന്ന വ്യക്തിയിലൂടെയും അവിടുത്തെ പ്രവർത്തനങ്ങളിലൂടെയുമായിരുന്നു. ക്രിസ്തുവിലൂടെ അതു് ചരിത്രപരവും അനുഭവവേദ്യവുമായി. ക്രിസ്തുവിനെപ്പററി പറയുമ്പോൾ പ്രത്യയങ്ങൾ —ക്രിസ്തുവിലൂടെ, ക്രിസ്തുവിൽ എന്നീ പ്രത്യയ

www.malankaralibrary.com

ങ്ങൾ—പോൾ പലപ്പോഴും ഉപയോഗിക്കുന്നു. 'ഇൽ' എന്ന പ്രത്യയം ഉപാധിയെ (കാരണത്തെ) സൂചിപ്പിക്കുന്നു. ഇതിനു് മററു പല സൂചിതാൎത്ഥങ്ങളും ഇല്ലെന്നില്ല. ശ്രദ്ധിച്ചു വായിക്കുന്ന ഒരാൾക്കു് ഉപാധിയെ അൎത്ഥമാക്കുന്ന സന്ദർഭങ്ങൾ മനസ്സിലാക്കുവാൻ വിഷമമില്ല.

'ഇൽ' എന്ന പ്രത്യയം പലപ്പോഴും മറെറാരു പ്രധാന പദത്തോടു് ചേൎന്നു് വി. പൗലോസിന്റെ ലേഖനങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ടു്. 'പരിത്രാണനം' (വീണ്ടെടുപ്പു്— Apolutrosis) ആണു് ഈ പദം. സുപ്രധാനമായ ഈ വാക്കു് വളരെ പുരാതനമല്ലെന്നു് വില്യം ബാർക്ലേ അഭിപ്രായപ്പെടുന്നു. ഗ്രീക്കു ഭാഷയിൽ വളരെ വൈകിമാത്രമെ ഇതുപയോഗത്തിലിരുന്നുള്ളു. അതും അപൂൎവ്വമായിമാത്രം. യുദ്ധത്തടവുകാരെ പണം നല്കി മോചിപ്പിക്കുന്നതിനെ ഈ പദം സൂചിപ്പിച്ചിരുന്നു. ലിത്രൂൻ (Lytroun) എന്ന ക്രിയയുടെ നാമത്തോടു് 'അപ്പോ' (Apo) എന്ന പ്രത്യയം ചേൎത്താണു് ഈ പദം രൂപം കൊണ്ടിരിക്കുന്നതു്. ഈ ക്രിയ പഴയനിയമഗ്രീക്കു വിവൎത്തനത്തിൽ ഏകദേശം 65 പ്രാവശ്യം കാണുന്നുണ്ടു്. ഇസ്രായേൽക്കാരെ ദൈവം ഈജിപ്തിൽനിന്നു രക്ഷിച്ചതു് വിവരിക്കുമ്പോഴാണു് ഈ ക്രിയാരൂപം മിക്കവാറും ഉപയോഗിച്ചിരിക്കുന്നതു് (പുറ 6.6). നാമരൂപമാകട്ടെ പഴയനിയമത്തിലാകെക്കൂടി ഒരിക്കൽ മാത്രമേ വരുന്നുള്ളു, ദാനിയേൽ 4:30–ൽ.

അവിടെ ഈ പദത്തിനൎത്ഥം തിരിച്ചുവാങ്ങൽ, വിലകൊടുത്തു് വീണ്ടെടുക്കൽ എന്നാണു്. പുതിയ നിയമത്തിൽ 'പരിത്രാണനം' താരതമ്യേന കൂടുതൽ തവണ പ്രയോഗിച്ചിട്ടുണ്ടെന്നു് പറയാം—ആകെ പത്തു തവണ. നാലു സുവിശേഷങ്ങളിലുംകൂടി ഒരിക്കൽ മാത്രമേ ഇതു വരുന്നുള്ളു (ലൂക്ക 21:23). ഏഴു പ്രാവശ്യം പോളിന്റെ ലേഖനങ്ങളിലും രണ്ടു പ്രാവശ്യം എബ്രായക്കുള്ള ലേഖനത്തിലും കാണുന്നു (എഫേ 1:7; 4:30; കൊളോ 1:4; റോമ 3:24; 8:23; 1 കൊറി 1:30; എഫേ 1:14).

ഈ വാക്കിനോടനുബന്ധിച്ചു് 'വില'യെന്ന പദവും ചിലപ്പോൾ കാണാം. കൊറീന്ത്യക്കുള്ള പ്രഥമ ലേഖനത്തിൽത്തന്നെ രണ്ടുതവണ ഇതു വരുന്നുണ്ടു്: "നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല; വിലകൊടുത്തു വാങ്ങപ്പെട്ടവരാണു്. നിങ്ങളുടെ

www.malankaralibrary.com

ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ'' (6:20). നിങ്ങൾ വിലകൊടുത്തു വാങ്ങപ്പെട്ടവരത്രെ; നിങ്ങൾ മനുഷ്യരുടെ അടിമകളാവരുതു്''' (7:23).

'ദാസ്യമോചനം' എന്ന പേരിൽ അടിമകളെ സ്വതന്ത്രരാക്കുവാൻ ഒരു പ്രത്യേകാചാരം യവനലോകത്തിൽ നടപ്പിലിരുന്നു (Sacred manuminsion). അടിമ കററവർഷംകൊണ്ടു് ഒരു തുക സമ്പാദിക്കുന്നു. അടിമയും യജമാനനും കൂടി ഏതെങ്കിലുമൊരു ദേവൻെറ ക്ഷേത്രത്തിൽ ചെല്ലുന്നു. ദേവപ്രതിമയെ സാക്ഷിയാക്കി അടിമ ആ പണം യജമാനനു് നല്കുന്നു. അതോടെ അവൻ സ്വതന്ത്രനാക്കപ്പെടുന്നു. ഈ സന്ദർഭങ്ങളിൽ ദേവൻ വിമോചനം നല്കിയിരുന്നുവെന്നതായിരുന്നു പൊതുസങ്കല്പം. ലൗകിക യജമാനൻെറ ദാസ്യത്തിൽനിന്നു വിമുക്തനായ അടിമ ഇനി മുതൽ ദേവൻെറ ദാസനായിരിക്കും. കൊറീന്ത്യൻ സഭയിലെ നല്ലൊരു ഭാഗം ക്രൈസ്തവരും അടിമകളായിരുന്നു. തന്മൂലം മുകളിലുദ്ധരിച്ച വാക്യങ്ങൾ (1 കോറ 6:20;7:23) ഈ ആചാരത്തെ അവരുടെ സ്മരണയിലേക്കാനയിച്ചിരിക്കണം. ഡെൽഫിനഗരത്തിൽനിന്നുതന്നെ ഇത്തരം ദാസ്യമോചനത്തിൻെറ 500-ഓളം രേഖകൾ കിട്ടിയിട്ടുണ്ടു്. കോറിന്തിൽനിന്നു വളരെ അകലെയല്ല ഈ സ്ഥലം.

സെൻറ് പോളിനു് ഈ ആചാരം അജ്ഞാതമല്ലായിരുന്നു. തൻെറ വാക്കുകൾ കൊറീന്ത്യൻ ക്രൈസ്തവരെ ഇക്കാര്യം ഓർമ്മിപ്പിക്കുമെന്നു് അദ്ദേഹം കരുതിയിരുന്നിരിക്കണം. എങ്കിലും അദ്ദേഹത്തിൻെറ പ്രതിരൂപത്തിനടിസ്ഥാനം യവനസംസ്കാരമെന്നതിനേക്കാൾ പഴയനിയമം തന്നെയാണു്. പഴയനിയമത്തിൽ ഇസ്രായേൽജനം ഈജിപ്തിൽ ഒരടിമയായിരുന്നതായും, ദൈവം തൻെറ 'ശക്തമായ കരത്താലും നീട്ടപ്പെട്ട ഭുജത്താലും' അവളെ മോചിപ്പിച്ചതായും പറഞ്ഞിട്ടുണ്ടു് (ആവ 5:15). പഴയനിയമത്തിലെ ഈദൃശപ്രയോഗങ്ങളാണു് പോൾ മുന്നിൽ കാണുന്നതു്; ദാസ്യമോചനാചാരവും അദ്ദേഹം മനസ്സിൽക്കണ്ടിരിക്കാമെങ്കിലും.

പഴയനിയമത്തിലെ ഇസ്രായേൽഅടിമകളുടെ വിമോചനം പുതിയനിയമത്തിൽ ക്രിസ്തു സാധിച്ച രക്ഷാകരകൃത്യത്തിലത്രെ പൂർത്തിയായതു്. ഒരു കാര്യം ശ്രദ്ധേയമാണു്. കൊറീന്ത്യർക്കുള്ള ലേഖനത്തിൽ ആക്കൊണ വിലകൊടുത്തതെന്നു പോൾ ഒരി

www.malankaralibrary.com

ക്കലും പറയുന്നില്ല. പിന്നീടുവന്ന ദൈവഭാഷ്യകാരന്മാർ ''പിശാചിന്, ദൈവത്തിന്'' എന്നൊക്കെ വിശദീകരണം നൽകുകയാണുണ്ടായത്. പോൾ ഇതേപ്പററി ഒന്നും പറയുന്നില്ല എന്നതാണ് വസ്തുത. തന്മൂലം ആക്കും വില കൊടുത്തിട്ടില്ലെന്നും, വിലയെന്ന പദം ആലങ്കാരികാത്ഥത്തിൽ പ്രയോഗിച്ചിട്ടുള്ളതാണെന്നും നാം അനുമാനിക്കേണ്ടിയിരിക്കുന്നു. ക്രിസ്തു വലിയ നഷ്ടം സഹിച്ചാണു നമ്മെ സ്വന്തമാക്കിയതെന്ന് സാരം. പഴയനിയമത്തിൽ ദൈവം ഇസ്രായേലിനെ സ്വന്തമാക്കിയതു സീനായ്മലയിൽവച്ച് മൃഗങ്ങളുടെ രക്തത്താൽ ഒരുടമ്പടി സ്ഥാപിച്ചുകൊണ്ടായിരുന്നു (പുറ 24:5–8). പുതിയ നിയമത്തിലാകട്ടെ പുതിയ ജനത്തെ ദൈവം തനിക്കുവേണ്ടി സമ്പാദിക്കുന്നതു്, മൃഗങ്ങളുടെ രക്തം നൽകിയല്ല പ്രത്യുത, സ്വപുത്രൻെറതന്നെ രക്തം ചൊരിഞ്ഞുകൊണ്ടത്രെ. കൂടാതെ ഈ സന്ദർഭങ്ങളിലെല്ലാം സ്വന്തമാക്കലിനാണ് പ്രാധാന്യം കല്പിച്ചിട്ടുള്ളതു്. നാം യഥാത്ഥത്തിൽ ക്രിസ്തുവിൻെറ അവകാശമാകുന്നു. കാരണം അവിടുന്ന് നമ്മെ സമ്പാദിച്ചു. ദൈവം ക്രൂശിതനായ ക്രിസ്തുവിനെ സ്വന്തരക്തത്താൽ പ്രക്ഷാളിതമായ കൃപാസനമായി പ്രദർശിപ്പിച്ചുവെന്ന് വി. പൗലോസ് പറയുന്നു (റോമ3:25). പഴയനിയമത്തിലെ പാപപ്പരിഹാരോപാധിയാകട്ടെ മൃഗങ്ങളുടെ രക്തത്താൽ അഭിഷേകം ചെയ്യപ്പെട്ട കൃപാസനമായിരുന്നു (ഹീബ്രു 9:5; പുറ 25:16ff).

അപ്പോൾ ക്രിസ്തു നമ്മുടെ ഉദ്ധാരകനാണെന്നു പറയുന്നതിൻെറ അത്ഥമെന്താണ്? മററു വാക്കുകളിൽ എന്തിൽ നിന്നാണു ക്രിസ്തു നമ്മെ രക്ഷിച്ചതു്? ദൈവത്തിൽനിന്നുള്ള സമഗ്രവ്യതിചലനം എന്നത്ഥമായ സമ്പൂർണ്ണമൃത്യുവിൽനിന്ന് എന്നു തന്നെ ഉത്തരം. ക്രിസ്തു മനുഷ്യരാശിയിലെ അംഗമായി. അവിടുന്ന് ഒരാദർശമനുഷ്യനാകയല്ല ചെയ്തതു്. മനുഷ്യൻ എങ്ങനെയായിരിക്കുന്നുവോ ആ നിലയിൽ–പാപിയെന്ന നിലയിൽ–അവനോടു ബന്ധപ്പെട്ടു. ദൈവത്തിൽനിന്നുള്ള വിദൂരത ക്രിസ്തുവും ഒരളവിൽ അനുഭവിച്ചു. ലോകപാപഭാരത്താൽ ഞെരുങ്ങുന്ന മനുഷ്യൻെറ അനുഭവമാണതു്. നമ്മെപ്രതി പാപമെന്തെറിയാതിരുന്ന ക്രിസ്തു പാപമാക്കപ്പെട്ടു. പാപപൂർണ്ണമായ മാനവികതയോടു താദാത്മ്യം പ്രാപിച്ചു. ഇതു് മനുഷ്യർ ദൈവത്തിൻെറ മുമ്പിൽ നീതീകരിക്കപ്പെടുവാൻവേണ്ടി ആയിരുന്നു (2കൊറി 5:21). ഇതിൻെറ അന്തിമലക്ഷ്യം ''മർത്ത്യത ജീവനാൽ ഗ്രസി

www.malankaralibrary.com

ക്കപ്പെടുക'' എന്നതായിരുന്നു (2കൊറി 5:4). പുതിയ നിയമം പൊതുവെ ക്രിസ്തുവിൻെറ രക്ഷാകരദൗത്യത്തെ വീക്ഷിക്കുന്നതു് ദൈവപ്രതിപുരുഷനായ ക്രിസ്തുവും തിന്മയുടെ ശക്തികളും തമ്മിലുള്ള ഒരു പോരാട്ടമായിട്ടത്രെ. നിത്യമരണത്തിൻെറ അടയാളമായ ശാരീരികമരണമാണ് ഈ ശക്തികളിൽ അവസാനത്തേതു്. മരണം വിജയിച്ചുവെന്നുതോന്നി. പക്ഷേ ആത്മീയമായ പുതിയ ജീവനിലേക്കുള്ള ക്രിസ്തുവിൻെറ പുനരുത്ഥാനം എല്ലാററിനേയും, മരണത്തെത്തന്നെയുംമാററിക്കളഞ്ഞു.

അങ്ങനെ ക്രിസ്തുവിൻെറ ജീവിതത്തിൽ ഒരു മുന്നേററമുണ്ടു്. നമ്മോടു സാത്മ്യം പ്രാപിച്ചു് അവിടുന്നു നമ്മുടെ ലോകത്തിലേക്കുവന്നു. ദൈവപുത്രനെന്ന നിലയിൽ തൻെറ മനുഷ്യത്വത്തിൽ പൂർണ്ണതപ്രാപിച്ചുകൊണ്ടു് അവിടുന്നു പാപമയമായ നമ്മുടെ ലോകത്തിൽനിന്നുയർന്നു. അവിടത്തെ പുത്രത്വം ലോകത്തിലായിരുന്നപ്പോൾ പരിപൂർണ്ണമായിരുന്നില്ല. പുനരുത്ഥാനമാണ് അതിനു പരിപൂർത്തി കൈവരുത്തിയതു്. മനുഷ്യരുടെയിടയിൽ പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോൾ അവിടുന്നു ''ശാരീരികമായി ദാവീദിൻെറ വംശത്തിൽനിന്നു് ജനിച്ചവനായി കാണപ്പെട്ടു. മരിച്ചവരിൽനിന്നുള്ള ഉത്ഥാനംവഴി പരിശുദ്ധിയുടെ ആത്മാവിനാൽ ശക്തനായ ദൈവപുത്രനായി അവൻ അവരോഹിതനായി'' (റോമ 1:3–4). ഇങ്ങനെ ഉത്ഥാനത്തിലൂടെ ക്രിസ്തു മരണത്തെ പരാജയപ്പെടുത്തി; അതിനെ നിർവീര്യമാക്കി. പാപത്തിൻെറ പ്രതിഫലമായ മരണത്തെ ജീവൻെറ കവാടമാക്കിത്തീർത്തു. ''ഒരു മനുഷ്യൻവഴി മരണം ലോകത്തിൽ പ്രവേശിച്ചതുപോലെ, ഒരു മനുഷ്യൻ വഴി മരിച്ചവരിൽനിന്നുള്ള ഉത്ഥാനവുമുണ്ടായി'' (1കൊറി 15:21).

വസ്ത്വൈക്യത്തിൻെറ ഉററബന്ധത്തിൻെറ ഭാഷ ധാരാളം ബൈബിളിലുണ്ടു്. അതിന്നു് നമുക്കു നല്ലപോലെ മനസ്സിലാക്കാൻ പ്രയാസമാണു്. ശാസ്ത്രീയവും, വസ്തുനിഷ്ഠവുമായ പ്രവണത അനുധ്യാനത്തിൻേറയും അപഗ്രഥനത്തിൻേറയും അനുഭവത്തിൻേറയും വിഷയത്തിൽനിന്നു നമ്മെ അകററുന്നു. ഇസ്രായേൽ ജനതയ്ക്കു ഈവിധത്തിലുള്ള വിഷമമില്ലായിരുന്നു. ബൈബിളിലെ 'ഇൽ' പ്രയോഗം അതിസമ്പുഷ്ടമാണു്. മനു

www.malankaralibrary.com

ഷ്യനും മനുഷ്യനും, പുരുഷനും സ്ത്രീയും, മനുഷ്യനും ലോകവും തമ്മിലുള്ള ഗാഢബന്ധങ്ങളെ സൂചിപ്പിക്കുവാനത്രേ ഇതുപയോഗിച്ചിട്ടുള്ളതു്. പുരുഷനും സ്ത്രീയും ഒരാൾ മറ്റൊരാളിൽ എന്ന വിധം ചേർന്നിരിക്കുന്നു; അവർ ഏകജഡമായി ബന്ധിതരുമാണു് (സൃഷ്ടി 2:24). ഇവിടെ ദൃഢൈക്യമുണ്ടു്.

ഇതുപോലെതന്നെ ആദ്യമനുഷ്യനുമായും അവൻെറ പാപവുമായും മററു മനുഷ്യർ ദൃഢമായി ബന്ധപ്പെട്ടിരിക്കുന്നു. ആദം തൻെറ ഛായയിലും സാദൃശ്യത്തിലും സേത്തിനു് ജന്മം കൊടുത്തു. സാദൃശ്യം (Eikon) ചലനാത്മകതയെ സൂചിപ്പിക്കുന്നു. മാതൃകയുടെ പ്രവർത്തനങ്ങൾക്കു സദൃശമായി പ്രതിരൂപവും പ്രവർത്തിക്കുന്നുവെന്നു് ഇതു ദ്യോതിപ്പിക്കുന്നു. മരണത്തിലും പൊടിയിലും അവസാനിച്ച പാപമായിരുന്ന ആദത്തിൻെറ പ്രവർത്തനം. ആദത്തിനോടു് ദൃഢമായി ബന്ധിതരായ നാം അയാളെ അനുകരിക്കയും അവസാനം അവനേപ്പോലെ അവനോടൊത്തു് പൊടിയിലേക്കു മടങ്ങുകയും ചെയ്യുന്നു.

പക്ഷേ ഇതിനേക്കാൾ ദൃഢതരമായ മറ്റൊരു ബന്ധം സ്ഥാപിതമായി. വിശ്വാസവും ജ്ഞാനസ്നാനവുംവഴി ക്രിസ്തുവിനോടു് നാം ദൃഢമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. ''നാം ഭൗമികമനുഷ്യൻെറ സാദൃശ്യം വഹിച്ചതുപോലെ സ്വർഗ്ഗീയ മനുഷ്യൻെറയും സാദൃശ്യം വഹിക്കും'' (1 കൊറി 15:49). മാമ്മോദീസവഴി നമ്മിൽ ബീജാവാപം ചെയ്യപ്പെടുന്ന ഈ സാദൃശ്യം സ്വർഗ്ഗീയമനുഷ്യൻെറ പ്രവർത്തനചൈതന്യം നമുക്കു നൽകുന്നു. നാമിപ്പോൾ ആദത്തോടുള്ള ദൃഢബന്ധത്തിൽനിന്നു വിമുക്തരായി ക്രിസ്തുവിനോടു ഗാഢഗാഢം ബന്ധിതരായിക്കൊണ്ടിരിക്കുന്നു. ഇതിൻെറ പരിസമാപ്തി നമ്മുടെ പുനരുദ്ധാനത്തിലായിരിക്കും.

ആദം ഒരു വ്യക്തിയായിരുന്നോ എന്നൊരു പ്രശ്നമുണ്ടു്. പോൾ സമകാലിക യഹൂദരേവരേയുംപോലെ ആദത്തെ ഒരു വ്യക്തിയായി പരിഗണിച്ചു. പക്ഷേ ഇതൊരു വിശ്വാസസത്യമായി അദ്ദേഹം പഠിപ്പിക്കുന്നുവെന്നു കരുതുവാൻ ന്യായമില്ലെന്നു പറയേണ്ടിയിരിക്കുന്നു. മനുഷ്യർ പാപത്തോടു ബന്ധിതരാണെന്നതാണു് പ്രധാനകാര്യം. ഈ പാപത്തിനു് സാമൂഹിക സ്വഭാവമാണുള്ളതു്. എങ്കിലും ഓരോ വ്യക്തിയിലും ആന്തരികമായ വ്യതിചലനങ്ങൾക്കു് പാപം കാരണമാകുന്ന

www.malankaralibrary.com

ണ്ടു്. ഈ വ്യതിചലനം നിത്യമരണത്തിലേക്കു് നയിക്കുന്നു. അതിൽനിന്നു ക്രിസ്തു നമ്മെ രക്ഷിച്ചു.

## രക്ഷയുടെ അർത്ഥം മനുഷ്യപാപത്തിൽ

A ക്രിസ്തുവഴി ദൈവം ചെയ്ത കാര്യങ്ങൾ മനുഷ്യനെ എങ്ങനെ സ്പർശിക്കുന്നു?.... തനിക്കുവേണ്ടി ദൈവം ചെയ്തിട്ടുള്ള കാര്യങ്ങളെക്കുറിച്ചു് മനുഷ്യൻ ബോധവാനാകുന്നതും അവയെ സ്വന്തമാക്കുന്നതും എപ്രകാരമാണു്? മനുഷ്യനു് അവയുമായി ബന്ധപ്പെടുവാൻ ഏററവും പററിയ മാർഗ്ഗം സുവിശേഷപ്രഘോഷണമാണു്–വിമോചനസന്ദേശത്തിൻെറ വിളംബരമാണു്. ഒരുവൻ ഈ സദ്വാർത്ത സ്വീകരിക്കുമ്പോൾ തന്നെത്തന്നെയും തൻെറ അസ്തിത്വം മുഴുവനേയും ദൈവത്തിനു സമർപ്പിക്കുന്നു. ക്രിസ്തുവഴി മഹാദാനങ്ങൾ നമ്മിൽ വർഷിച്ച ദൈവത്തിനു സ്വയം സമർപ്പിക്കുന്ന മനുഷ്യൻെറ സമഗ്രാഭിമുഖ്യത്തിൻേറയും സമൂലമായ ഈ പരിവർത്തനത്തെ 'വിശ്വാസത്തിൻെറ അനുസരണമെന്നു്'' പോൾ പറയുന്നു (റോമ 1:5). പ്രേഷിതപ്രസംഗത്തിലൂടെ മാത്രമേ ഈ വിശ്വാസം ജനിക്കൂ. ''ഞങ്ങളിപ്രകാരം പ്രസംഗിക്കുന്നു. നിങ്ങളിപ്രകാരം വിശ്വസിക്കുന്നു'' (1കൊറി 15:11) ''വിശ്വാസം വചനശ്രവണത്താലാണു്'' (റോമ 10:17) ''ഞങ്ങളിൽനിന്നു നിങ്ങൾ കേട്ട ദൈവവചനം മനുഷ്യൻെറ വചനമായിട്ടല്ല നിങ്ങൾ സ്വീകരിച്ചതു്; പ്രത്യുത യഥാർത്ഥത്തിൽ അതായിരിക്കുന്നതുപോലെ, വിശ്വാസികളായ നിങ്ങളിൽ പ്രവർത്തിക്കുന്ന ദൈവവചനമായിട്ടത്രെ'' (1തെസ 2:13).

ഈ വിശ്വാസമനോഭാവത്തിൽ ചില കാര്യങ്ങൾ അന്തർഭവിക്കുന്നു. ബൌദ്ധികമായ ഒരു ഘടകവും, ഇതരനു് സ്വയം സമർപ്പിക്കുവാൻ പ്രേരിപ്പിക്കുന്ന ക്രിയാത്മകമായ മറെറാരു വശവും വിശ്വാസത്തിൽ അടങ്ങിയിട്ടുണ്ടു്. വിശ്വാസത്തിൽ നാം ചിലതു് വിശ്വസിക്കുന്നു; നമ്മെ മുഴുവൻ ഒരാൾക്കു് അർപ്പിക്കുന്നു. ജർമ്മൻകാരുടെ ശൈലിയിൽ, വിശ്വസിക്കുമ്പോൾ 'നീ' (thou) എന്നും (ബൌദ്ധികമായ അംഗീകാരം) അതെ (yes) എന്നും (മനസ്സിൻെറ അർപ്പണം) നാം പറയുന്നു. പോൾ തനിക്കു ക്രിസ്തുവിനോടുള്ള മനോഭാവം വിവരിക്കുന്നതിൽ ഈ രണ്ടു വശങ്ങളും സംഗ്രഹിച്ചിട്ടുണ്ടു്. ''നിയമാനുസൃതമായ എൻെറ

www.malankaralibrary.com

നീതിവഴിയല്ല വിശ്വാസത്തെ ആശ്രയിച്ചുള്ള ദൈവനീതി വഴി-മിശിഹായിലുള്ള വിശ്വാസംവഴി ലഭിക്കുന്ന നീതിവഴി —ഞാൻ ക്രിസ്തുവിൽ കാണപ്പെടുന്നതിനും, അവിടുത്തേയും അവിടുത്തെ ഉത്ഥാനത്തിന്റെ ശക്തിയേയും അറിയുന്നതിനും അവിടുത്തെ പീഡാനുഭവത്തിൽ ഭാഗഭാക്കായി അവിടുത്തെ മരണത്തിൽ സദൃശനാകുന്നതിനും, കഴിയുമെങ്കിൽ മരിച്ചവരിൽനിന്നുള്ള ഉത്ഥാനം പ്രാപിക്കുന്നതിനുംവേണ്ടിആയിരുന്നു" (ഫിലി 3:9-11).

വിശ്വാസത്തെ സംബന്ധിച്ച പോളിനുണ്ടായിരുന്ന ആശയം സി. എച്ച്. ഡോഡ് ഇപ്രകാരം വിവരിക്കുന്നു: "പോളിനെ സംബന്ധിച്ചിടത്തോളം വിശ്വാസമെന്നതു ജീവിതത്തിന്റെ മഹിതലക്ഷ്യങ്ങൾ പ്രാപിക്കുവാൻ നമുക്കുള്ള തികഞ്ഞ അപ്രാപ്തിയെ ഏററുപറഞ്ഞു്, ദൈവത്തിന്റെ പ്രാപ്തിയിൽ പൂർണ്ണമായും ആശ്രയിക്കുന്ന മനോഭാവമാണു്. ആത്മപ്രകടനത്തിൽനിന്നു തീർത്തും പിന്തിരിയുന്നതിലും (നീതിക്കുവേണ്ടിയുള്ള ശ്രമം പോലും ഉപേക്ഷിച്ചു്) ദൈവപ്രവർത്തനത്തിനു സാഹചര്യം സൃഷ്ടിക്കുന്നതിലും അതടങ്ങിയിരിക്കുന്നു. ഈദൃശവിശ്വാസമുള്ളവൻ ജീവനിലേക്കു് അതിന്റെ നാനാതലങ്ങളിൽ പ്രവേശിക്കുന്നു. കുറച്ചുകൂടി വ്യക്തമാക്കാം.... ദൈവത്തോടുള്ള വിശ്വസ്തതയല്ല വിശ്വാസം. കാരണം അതു് അതിൽതന്നെ പ്രതിഫലാർഹമാണെന്ന ചിന്തയുദിച്ചേക്കാം. കേവല വിശ്വാസംവഴി ദൈവത്തിൽനിന്നു ശക്തി പ്രാപിക്കുന്നതുവരെ പോൾ ഇതു തനിക്കു സാധിക്കുമെന്നു കരുതുകയില്ല. വിശ്വാസത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഭൗതിക വിശ്വാസങ്ങൾ കടന്നുവരുമെന്നിരുന്നാലും വിശ്വാസം ഒരു പ്രസ്താവനയിലുള്ള വിശ്വാസമല്ല. എല്ലാ പ്രവർത്തനങ്ങളുടേയും നിഷേധമായ ഒരു പ്രവർത്തനമത്രേ വിശ്വാസം. പ്രവർത്തനശേഷി പുറപ്പെടുന്ന നിഷ്ക്രിയാത്മകതയുടെ നിമിഷം; കാരണം അപ്പോൾ ദൈവം പ്രവർത്തിക്കുന്നു."

എസ് ലിയോണെ വിശ്വാസത്തിനു നല്കുന്ന വിവരണം ഇപ്രകാരമത്രേ. "ദൈവത്തിൻ പക്കലേക്കുള്ള മനുഷ്യപ്രത്യാഗമനം തീർത്തും ദൈവികപ്രവർത്തനഫലമാണു്. ഇതിൽ (വാഗ്ദാനത്തിലൂടെ) ദൈവംതന്നെ മുൻകൈ എടുക്കുന്നു; ദൈവംതന്നെ (പരിത്രാണനത്തിലൂടെ) ഈ കൃത്യം അനുഷ്ഠിക്കുന്നു. എങ്കിലും

www.malankaralibrary.com

മനുഷ്യപക്ഷത്തുനിന്ന് പ്രത്യാഗമനം ആവശ്യമായിരിക്കുന്നതു കൊണ്ടു സ്വാതന്ത്ര്യമനസ്സിൻെറ ഉപയോഗംവഴി മനുഷ്യൻ ഈ കൃത്യത്തിൽ പങ്കു വഹിക്കണം. സെൻറ് പോളിൻെറ ദൃഷ്ടിയിൽ മനുഷ്യൻെറ ഈ പ്രവർത്തനമത്രേ വിശ്വാസം; തികച്ചും സ്വാതന്ത്ര്യവും തന്മൂലം തികച്ചും മാനുഷികവുമായ ഒരു പ്രവൃത്തിയാണ് വിശ്വാസം. മനുഷ്യൻ തൻെറ മൗലികമായ അപര്യാപ്തതയെ ഏററു സമ്മതിക്കുന്ന ഒരു പ്രവൃത്തിയുമാണതു്. മനുഷ്യൻ കാണുന്നുണ്ടെങ്കിലും അതു് മററൊരാളിൽനിന്നു വരുന്ന പ്രകാശത്താൽ ലഭിക്കുന്ന അവബോധം വഴിയത്രേ. ഇതുകൊണ്ടു തന്നെയാണ്, വിശ്വാസത്തിൻെറ നിർവ്വചനത്തിൽനിന്നു പര്യാപ്തതയുടെ എല്ലാ സൂചനയും നീക്കപ്പെട്ടിരിക്കുന്നതായി തോന്നുന്നതു്. അതൊരു ദൈവദാനമാകയാൽ വിധേയത്വപ്രകടനമാണ്; ദൈവം തന്നിൽ പ്രവർത്തിക്കുന്നതിനുള്ള സമ്മതപ്രകടനമാണ്. . അബ്രാഹത്തിനെന്നതുപോലെ ദൈവം തൻെറ വാക്കിനോടു വിശ്വസ്തത പുലർത്തുമെന്ന ബോധ്യത്തിലധിഷ്ഠിതമായ ഉറപ്പ് വിശ്വാസത്തിലുണ്ടു്. വിശ്വാസത്തിൽ ആത്മാവു പൂർണ്ണമായും ഒരു വ്യക്തിയെ അവലംബമാക്കുന്നു. ഈ വിശ്വാസം ക്രിയാത്മകമാണ്; ഇതു മനുഷ്യപ്രവർത്തനമാണെങ്കിലും, അതിലുമധികം മനുഷ്യനിലുള്ള ദൈവത്തിൻെറ പ്രവർത്തനമാണ്.'' ദൈവാത്മാവിൻെറ ഫലമാണ്.[1]

വിശ്വാസം ജനിപ്പിക്കുന്ന ദൈവവചനം വ്യക്തികളോടും സമൂഹത്തോടും മനുഷ്യവംശം മുഴുവനോടുമുള്ളതാണ്. തന്മൂലം വിശ്വാസത്തിൽ വ്യക്തിപരവും സാമൂഹികവുമായ വശങ്ങൾ അവശ്യം അന്തർഭവിക്കുന്നു. പുതിയനിയമം വ്യക്തമാക്കുന്നതുപോലെ ഹൃദയത്തിൻെറ അന്തരാളങ്ങളിൽമാത്രം ഒതുങ്ങിനില്ക്കുന്നില്ല വിശ്വാസം. വിശ്വാസം പ്രകൃത്യാ പരസ്യമാക്കപ്പെടണം, സാമൂഹ്യമാവണം. ആകയാൽ സെൻറ് പോൾ എഴുതുന്നു: ''യേശു കർത്താവാണെന്ന് അധരങ്ങൾകൊണ്ടേററു പറയുകയും, ദൈവം അവിടുത്തെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയർത്തിപ്പിടിച്ചുവെന്ന് ഹൃദയംകൊണ്ടു് വിശ്വസിക്കുകയും ചെയ്യുന്നുവെങ്കിൽ നിങ്ങൾ രക്ഷപ്രാപിക്കും. മനുഷ്യൻ ഹൃദയംകൊണ്ടു വിശ്വസിക്കുന്നു. അതുവഴി നീതീകരിക്കപ്പെടുന്നു; അധരങ്ങൾകൊണ്ടേററു പറയുന്നു, അതുവഴി രക്ഷപ്രാപിക്കുന്നു'' (റോമ 10:9-10).

1 S Lyonnet, Epitres de S. Paul aux Galates et aux Romains, Bible de Jerusalem, pp. 5 ff

www.malankaralibrary.com

യേശു കർത്താവാണ് എന്നവാക്യം 1കോറി 12:3–ലും കാണുന്നുണ്ട്. ആരാധനായോഗങ്ങളുമായി ബന്ധപ്പെട്ട ദീർഘവിവരണത്തിന്റെ ഒരു ഭാഗമാണിത്. തന്മൂലം പരസ്യമായ വിശ്വാസപ്രഖ്യാപനം പ്രത്യേകിച്ച് ആരാധനയുടെ അവസരങ്ങളിൽ നടക്കുന്നു. വിശ്വാസവും ആരാധനയും ചേർന്നുപോകുന്നു. ജ്ഞാനസ്നാനവും വി. കുർബ്ബാനയും വിശ്വാസത്തിന്റെ മുദ്രയാണ്, അന്തിമപ്രകാശനമാണ്. അതുകൊണ്ടുതന്നെയാണ് മദ്ധ്യയുഗത്തിൽ ആദ്യം പാശ്ചാത്യദൈവശാസ്ത്രത്തിൽ ഈ കൂദാശകളെ ''വിശ്വാസത്തിന്റെ അടയാളങ്ങൾ'' (Sacrament Fidei) എന്നു പറഞ്ഞിരുന്നത്.

## B പരിശുദ്ധാത്മാവു്

വിശ്വാസം പരിശുദ്ധാത്മാവിന്റെ ദാനമാണ്. വിശ്വാസംവഴി ക്രൈസ്തവന് അരൂപിയെന്ന ദാനം ലഭിക്കുന്നു. അവന്റെ ജീവിതത്തിൽ അവിടുത്തെ നിരന്തരപ്രവർത്തനവും ഉണ്ടാകുന്നു. മനുഷ്യന് പുറമെനിന്നുവരുന്ന ഒരു ദൈവികസ്വാധീനമാണ് അരൂപി; ഒപ്പം അവന്റെയുള്ളിൽ വസിച്ചുകൊണ്ടു് അവന്റെ ജീവിതത്തെ കരുപ്പിടിപ്പിക്കുന്ന ഒരു പ്രവർത്തനതത്വവും. നടപടി പുസ്തകത്തിൽ, അപ്പസ്തോലന്മാർ പ്രസംഗിക്കുകയും വിശ്വാസികൾ അതു ശ്രവിക്കുകയും ചെയ്തപ്പോൾ പരിശുദ്ധാത്മാവു് ശ്രോതാക്കളുടെമേൽ ഇറങ്ങിവന്നുവെന്നും അവരെല്ലാം വിവിധഭാഷകൾ സംസാരിക്കുവാൻ തുടങ്ങിയെന്നും—അതായതു് പുളകിതരായി പ്രാർത്ഥിച്ചുവെന്നും,—നാം വായിക്കുന്നു. ''പത്രോസ് ഇവ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ അദ്ദേഹത്തെ ശ്രവിച്ചുകൊണ്ടിരുന്ന എല്ലാവരുടേയുംമേൽ പരിശുദ്ധാരൂപി എഴുന്നള്ളിവന്നു..... അവർ അന്യഭാഷകൾ സംസാരിച്ചു; ദൈവത്തെ മഹത്വപ്പെടുത്തി'' (നട 10:44–46).

യേശുവിന്റെ ജീവിതത്തിലുടനീളം വർദ്ധമാനമായിരുന്ന പരിശുദ്ധാത്മാവിന്റെ സ്വാധീനം ദർശിക്കാം. പുനരുദ്ധാനത്തിലാണ് ക്രമശ: വർദ്ധിച്ചുകൊണ്ടിരുന്ന ഈ സ്വാധീനം അതിന്റെ പരമകാഷ്ഠയിലെത്തിയതു്. യേശുവിന്റെ പുനരുത്ഥാനത്തിനു കാരണം ദൈവാത്മാവാണെന്നു പറയാം: ''യേശുവിനെ മരിച്ചവരിൽനിന്നുയർപ്പിച്ച അവിടുത്തെ (പിതാവിന്റെ) ആത്മാവിനെപ്പററി'' പോൾ പരാമർശിക്കുന്നുണ്ടു് (റോമ 8:11). പുനരുത്ഥാനം സാധ്യമാക്കുന്നതു് ഈ ആത്മാവാണ്.

www.malankaralibrary.com

"മരിച്ചവരുടെ ഇടയിൽനിന്നുള്ള ഉത്ഥാനംവഴി പരിശുദ്ധാത്മാവിൽ യേശു സുശക്തനായ ദൈവപുത്രനായി നിയുക്തനായിരിക്കുന്നു" (റോമ 1:4). യേശു ഇപ്പോഴം സുശക്തനായ ദൈവപുത്രനാണ്. ഈ നിഗൂഢപദത്തിൻെറ ശരിയായ അത്ഥം ഇങ്ങനെയാവാം: "ഇപ്പോഴം അവിടുത്തേക്കു അരൂപിയുടെ തികവുണ്ടെന്നു മാത്രമല്ല, ഈ തികവിൽനിന്നു് അരൂപിയെ നല്കുവാനുള്ള അധികാരവുമുണ്ട്." 1കൊറി 15:45–ൻെറ അത്ഥം ഇതാണ്. ഉത്ഥാനംവഴി ക്രിസ്തു അക്ഷരാത്ഥത്തിൽ ജീവദായകനായ അരൂപിയായിത്തീരുന്നു.

വിശ്വാസംവഴി നാം നീതീകരിക്കപ്പെടുന്നു. നമ്മുടെ കത്താവായ യേശുക്രിസ്തുവഴി നാം ദൈവത്തോടു രമ്യപ്പെട്ടിരിക്കുന്നു. . നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവുവഴി നമ്മുടെ ഹൃദയത്തിൽ ദൈവസ്നേഹം ചൊരിയപ്പെട്ടിരിക്കുന്നു" (റോമ5:1–5). പരിശുദ്ധാത്മാവു് ക്രിസ്തുവിൽ ചെയ്തതു്—ദൈവസുതനനുസൃതമായ മനുഷ്യത്വത്തിൽ അവിടുത്തെ പരിപൂണ്ണനാക്കി—വിശ്വാസവും മാമ്മോദീസായുംവഴി നമ്മിലും തുടരുന്നു. ആത്മാവു് വിശുദ്ധീകരണത്തിൻെറ കത്താവാണ്. വിശുദ്ധിയുടെ തലത്തിൽ ഗുണവ്യത്യാസമില്ല. എങ്കിലും ക്രിസ്തുവിനു ആത്മാവു് നല്കിയതും നമുക്കു നല്കുന്നതുമായ വിശുദ്ധിയുടെ പദവിയിൽ സാരമായ വ്യത്യാസമുണ്ട്.

## C ക്രൈസ്തവസ്വാതന്ത്ര്യം

ആത്മാവു് സ്വാതന്ത്ര്യത്തിൻെറ അരൂപിയാകുന്നു. സ്വാതന്ത്ര്യം പുതിയനിയമത്തിലെ ഒരു പ്രധാന പദമാണ്. "കത്താവിൻെറ അരൂപി എവിടെയുണ്ടോ അവിടെ സ്വാതന്ത്ര്യമുണ്ട്" (2 കൊറി 3:17). സ്വാതന്ത്ര്യംതന്നെ രണ്ടുവിധത്തിൽ മനസ്സിലാക്കാം. എന്തിൽനിന്നുള്ള സ്വാതന്ത്ര്യം: എന്തിനുള്ള സ്വാതന്ത്ര്യം

### എന്തിൽനിന്നുള്ള സ്വാതന്ത്ര്യം

ഏതെല്ലാം ശത്രുക്കളിൽനിന്നു മനുഷ്യൻ വിമുക്തനായെന്നു് ഈ ലേഖനത്തിൻെറ ആദ്യഭാഗത്തു് ചർച്ച ചെയ്തിട്ടുണ്ടല്ലൊ. അവിടെ നിയമമാകുന്ന ശത്രുവിനേയും ഉൾപ്പെടുത്താമായിരുന്നു. പോളിൻെറ ജീവിതത്തിൽ മുഴവൻ ഈ വൈരുദ്ധ്യാത്മകത അദ്ദേ

www.malankaralibrary.com

ഹത്തെ അലട്ടിയിരുന്നു: നിയമമോ പ്രസാദവരമോ? പ്രവൃത്തിയോ വിശ്വാസമോ? ക്രൈസ്തവർ മൂശയുടെ നിയമം അനുസരിച്ചേ തീരൂ എന്നു ശഠിച്ചിരുന്ന കുറെ യഹൂദക്രൈസ്തവരാണ് ഈ പ്രതിസന്ധിയിലേക്ക് അദ്ദേഹത്തെ വലിച്ചിഴച്ചത്. പൌലോസ് ശക്തിപൂർവ്വം ഈ വീക്ഷണത്തെ എതിർത്തു. ജീവിതം മുഴുവൻ നീണ്ടുനിന്ന ഈ വാദപ്രതിവാദത്തിൻെറ പശ്ചാത്തലത്തിലാണ് വിശ്വാസം, വരപ്രസാദം, പ്രവൃത്തി, നിയമം എന്നിവയെക്കുറിച്ച് അദ്ദേഹം സംസാരിക്കുന്നത്. "നിയമത്തിൻെറ പ്രവൃത്തികളാൽ ആരും നീതീകരിക്കപ്പെടുകയില്ല" എന്നുവരെ അദ്ദേഹം പറയുന്നുണ്ട് (ഗാല 2.16). നിയമാനുസൃതമായ പ്രവൃത്തികളെ ആശ്രയിക്കുന്നവർ ശപിക്കപ്പെട്ടവരാണ് (3:10). "നിയമം പിന്നെ എന്തിനായിരുന്നു? ലംഘനങ്ങൾ നിമിത്തമാണ് അതുണ്ടായത്" (3:19). അവസാന വാക്യത്തിൽ, നിയമം ലംഘനത്തിനവസരം നല്കുന്നതായി അദ്ദേഹം കരുതുന്നു. മനുഷ്യനെത്ര വ്യതിചലിച്ചിട്ടുള്ളവനാണെന്നും, മനുഷ്യരക്ഷ അവനെത്ര ആവശ്യമായിരിക്കുന്നുവെന്നും, നിയമം മനുഷ്യരെ മനസ്സിലാക്കുന്നതായും പരിഗണിക്കുന്നു. (റോമ 7:7–25 ൽ ഇതു ദീർഘമായി സെൻറ് പൌലോസ് വിശദീകരിക്കുന്നു. ഉത്തമപുരുഷൻ ഏകവചനമാണ് (ഞാൻ) ഇവിടെ പ്രയോഗിച്ചിരിക്കുന്നതെങ്കിലും സൃഷ്ടിയുടെ പുസ്തകത്തിലെ ആദാമിൻെറ സംഭവം അദ്ദേഹത്തിൻെറ മനസ്സിലുണ്ടായിരുന്നതുപോലെ തോന്നുന്നു. നിയമം പാപം ചെയ്യാൻ മനുഷ്യന് അവസരം നല്കുന്നുവെന്നും, ദൈവവുമായുള്ള ശരിയായ ബന്ധത്തിൽ കഴിയുവാൻ–നീതീകരണം സാധിക്കുവാൻ–നിയമത്തിനു പ്രാപ്തിയില്ലെന്നും അദ്ദേഹം ഉപസംഹരിക്കുന്നു.

ഇതിൽനിന്നും ക്രിസ്ത്യാനികൾ യഥേഷ്ടം വർത്തിക്കാമെന്നു വരുന്നുണ്ടോ? എന്തും പ്രവർത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യം അവനുണ്ടോ? ക്രൈസ്തവർ വിലകൊടുത്തു വാങ്ങപ്പെട്ടവരാണെന്നും, ക്രിസ്തു മോചനദ്രവ്യം നല്കി വീണ്ടെടുത്തവരാണെന്നും പറയുമ്പോൾ (1 കോറി 6:20:7–23) നമ്മുടെ വിമോചനം മാത്രമല്ല പ്രധാനം; പ്രത്യുത നാം ക്രിസ്തുവിനാൽ സമാജ്ജിക്കപ്പെട്ടവരാണെന്നും, അവിടുന്നു നിയമാനുസൃതം സ്വന്തമാക്കിയവർ എന്ന നിലയിൽ നാം അവിടുത്തേതാണെന്നും അവിടുത്തേക്കു നമ്മുടെമേൽ പരിപൂർണ്ണാധികാരമുണ്ടെന്നും, ക്രൈസ്തവരായ നാം മാനുഷികയജമാനരോടും നിയമത്തോടുമുണ്ടായിരുന്ന

www.malankaralibrary.com

ദാസ്യത്തേക്കാറം ബാധ്യത നിറഞ്ഞ ഒരു പുതിയ ദാസ്യത്തിലേക്ക പ്രവേശിച്ചവരാണെന്നുമെല്ലാം പോറം ഊന്നിപ്പറയുന്നുണ്ടവിടെ.

പോറം ഒററ വീർപ്പിൽ മനുഷ്യകുലത്തിൻെറ മൂന്നു കടുത്ത ശത്രുക്കളെ – ഒരുതരം അശുദ്ധത്രിത്വത്തെ – എണ്ണിയെണ്ണി പറയുന്നുണ്ടെന്നതു വാസ്തവംതന്നെ. അവയിൽനിന്നു ക്രിസ്തു നമ്മെ മോചിപ്പിച്ചു. അവയിൽ നിയമമാണ് ഏററവും അധികം ദ്രോഹം ചെയ്തിരുന്നത്. കാരണം മററു രണ്ടിനും അവസരം ഉണ്ടാക്കിയതു നിയമമായിരുന്നു: "യേശുക്രിസ്തുവിലായിരിക്കുന്നവക്കു ശിക്ഷാവിധിയില്ല. യേശുക്രിസ്തുവിൽ ജീവാത്മാവിൻെറ നിയമം പാപത്തിൻേറയും മരണത്തിൻേറയും നിയമത്തിൽനിന്നു് എന്നെ സ്വതന്ത്രനാക്കിയിരിക്കുന്നു" (റോമ 8:2_3). നിയമം നിരസിക്കപ്പെട്ടു; അതിൻെറ സ്ഥാനം പരിശുദ്ധാത്മാവുതന്നെ ഏറെറടുക്കുകയും ചെയ്തു. നിയമം ഒരു ബാഹ്യസമ്മർദ്ദമത്രേ; അതിനാൽ പാപത്തിനുള്ള പ്രേരണയും. പരിശുദ്ധാത്മാവാകട്ടെ, മനുഷ്യൻെറ ഉള്ളിൽ വസിക്കുന്ന ആന്തരികജീവൻേറയും പ്രവത്തനത്തിൻേറയും പ്രഭവമാണ്. ദൈവികകല്പനകറം പാലിക്കുവാൻ ആത്മാവ് അധിവസിക്കുന്ന മനുഷ്യനു് ഫലപ്രദമായ ദൈവിക പ്രേരണ ലഭിക്കുന്നു. നിയമം നിസ്സഹായമായി ഈ കല്പനകളെ ചൂണ്ടിക്കാണിക്കുകമാത്രമേ ചെയ്തിരുന്നുള്ളു. അങ്ങനെ പരിശുദ്ധാത്മാവിലുള്ള ജീവിതം നിയമത്തിൻ കീഴിലുള്ള ജീവിതത്തേക്കാറം കൂടുതലെളുപ്പമാകുന്നതിനുപകരം കൂടുതൽ ബാധ്യതകറം നിറഞ്ഞതത്രേ.

പരിശുദ്ധാത്മാവിൻെറ ആജ്ഞകറം ഏററവും നിബ്ബന്ധിതമായി പ്രത്യക്ഷപ്പെടുന്നതു് സ്നേഹത്തിൻെറ (Agape) തലത്തിലാണ്. ക്രൈസ്തവനെ ഇതരക്രൈസ്തവരോടും ക്രൈസ്തവരെ മനുഷ്യവഗ്ഗംമുഴവനോടും ബന്ധിക്കുന്ന ഈ സ്നേഹത്തിൻെറ ജീവിതംതന്നെയാണ് ദൈവാത്മപ്രിയാൽ നയിക്കപ്പെടുന്ന ജീവിതവും. ഈയത്ഥത്തിൽ പരിശുദ്ധാത്മാവും സ്നേഹവും വിഭിന്നമല്ല. റോമൻറീത്തിൽ ക്രൈസ്തവ സമൂഹത്തെ "പരിശുദ്ധാത്മാവിൻെറ ഐക്യം" എന്നു വിശേഷിപ്പിക്കുന്നതു് ഇതുകൊണ്ടുതന്നെയാകാം. ക്രിയാത്മകമായ ക്രൈസ്തവസ്നേഹത്തെ പരിശുദ്ധാത്മാവിനോടു് പോറം എപ്പോഴും ബന്ധിപ്പിക്കുന്നു.

www.malankaralibrary.com

ആത്മാവ് മൂലമോ വൃക്ഷമോ ആണ്; സ്നേഹം അതിന്റെ എല്ലാ മാനങ്ങളിലും ഫലമത്രെ (ഗാല5:22). ആത്മാവ് കാരണമാണ്; സ്നേഹം കാര്യവും (കൊളോ1:8). ക്രൈസ്തവൻ ആത്മാവിൽ ചരിക്കുന്നു (റോമ8:4); സ്നേഹത്തിലും (എഫേ 5:2). ക്രൈസ്തവൻ സ്നേഹത്തിനാലും ആത്മാവിനാലും വിശുദ്ധീകരിക്കപ്പെട്ടവനാണ് (റോമ 15:16); ദൈവാത്മാവും (എഫേ2:22) സ്നേഹവും (എഫേ 4:16; 1 കോറി 8:1)സഭ പണുതുയർത്തുന്നു.

ഇങ്ങനെ എന്തിലെങ്കിലുംനിന്നുള്ള വിമുക്തി എന്നതിനേക്കാൾ എന്തോ ഒന്നിനുള്ള സ്വാതന്ത്ര്യമാണ് ക്രൈസ്തവാസ്തിത്വം. കൊറീന്ത്യർ സ്വാതന്ത്ര്യത്തെ തെററിദ്ധരിച്ചു. പോൾ അവരുടെ ധാരണകൾ തിരുത്തുവാൻ മടിച്ചതുമില്ല (1കോറി6:12;10:23). ഈ ലേഖനത്തിൽ രണ്ടുതവണ "എല്ലാം നിയമാനുസൃതമാണ്". എന്ന മുദ്രാവാക്യം പോൾ ഉദ്ധരിക്കുകയും തിരുത്തുകയും ചെയ്യുന്നുണ്ടെന്നതു് ശ്രദ്ധേയമത്രേ. ഒമ്പതാമദ്ധ്യായത്തിൽ യേശുക്രിസ്തുവിന്റെ അപ്പസ്തോലനെന്ന നിലയ്ക്കു് തനിക്കു് ചില അവകാശങ്ങളും സ്വാതന്ത്ര്യങ്ങളുമുണ്ടായിരുന്നിട്ടും താനവയൊന്നും പ്രയോഗിയ്ക്കുകയുണ്ടായില്ല എന്ന വസ്തുത ദീർഘമായി വിശദീകരിക്കുന്നു. കുരിശിലെ ക്രിസ്തുവിൽനിന്നനുഭവിക്കുന്ന ക്രൈസ്തവജീവിതത്തിൽ സ്വാതന്ത്ര്യം സ്വേച്ഛാനുസൃതമായ പ്രവർത്തനത്തിനല്ല, പ്രത്യുത ആത്മനിഗ്രഹത്തിനാണ് സ്വാഭാവികമായും പ്രേരണ നൽകുക.

## D മനുഷ്യരക്ഷയുടെ പരമാന്ത്യം

പുതിയനിയമത്തിൽ മനുഷ്യരക്ഷ ഭൂതം, വർത്തമാനം, ഭാവി എന്നീ മാനങ്ങളിലായി സ്ഥിതി ചെയ്യുന്നു. നാം രക്ഷിക്കപ്പെട്ടു; രക്ഷിക്കപ്പെടുന്നു; രക്ഷപ്പെടും. കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും, നമ്മുടെ ദൈവത്തിന്റെ ആത്മാവിലും, നിങ്ങൾ ക്ഷാളനം ചെയ്യപ്പെടുകയും ശുദ്ധീകരിക്കപ്പെടുകയും, നീതീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു'' (1 കോറി 6:11). ഇവിടെ ക്രിയകളുടെ പൂർണ്ണരൂപമാണ് ഉപയോഗിച്ചിരിക്കുന്നതു്. ഭൂതകാലത്തു് സംഭവിച്ചവയും പൂർത്തിയാക്കപ്പെട്ടവയുമായ വസ്തുതകളെ ഇതു സൂചിപ്പിക്കുന്നു. പക്ഷെ ഇതേ ലേഖനത്തിൽ, മററു പല ലേഖനങ്ങളിലും കാണുന്നതുപോലെ, രക്ഷയുടെ പരിസമാപ്തിയെ ആജ്ഞാവാചകത്തിലൂടെ വിശേഷിപ്പിച്ചിട്ടുണ്ടു്: ''നിങ്ങൾ വിലകൊടുത്തു്

www.malankaralibrary.com

വാങ്ങപ്പെട്ടവരാണ്, തന്മൂലം നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തിക്കൊള്ളുവിൻ'' (1കോറി 6:20). രക്ഷയെ ഇപ്പോഴം നടക്കുന്ന സംഗതിയായി പോഴം മററു പലയിടത്തും ചിത്രീകരിക്കുന്നുണ്ട്.

ഇതേലേഖനത്തിൽ തന്നെപ്പററിയും, ക്രൂശിതനായ മിശിഹായെ രക്ഷകനായി സ്വീകരിച്ച കൊറീന്ത്യൻ ക്രൈസ്തവരെ സംബന്ധിച്ചും ''രക്ഷിക്കപ്പെടുന്നവർ'' എന്ന പദമാണ് സെൻറ് പോഴം പ്രയോഗിക്കുന്നത്. 'രക്ഷയുടെ പാതയിലായിരിക്കുന്നവർ, എന്നും ഈ വാക്യത്തെ തർജ്ജമ ചെയ്യാം.

റോമ 13:11-ൽ രക്ഷ (soteria)യെ ഒരു ഭാവിസംഭവം മാത്രമായി പറയുന്നു. ''നാമാദ്യം വിശ്വസിച്ച കാലത്തേക്കാഠം രക്ഷ സമീപസ്ഥമായിരിക്കുന്നു''. ഭൂതവർത്തമാനതഥങ്ങളിൽ സാധാരണ പ്രയോഗിക്കുന്ന ''വീണ്ടെടുപ്പ്'' (Apolutrosis) എന്ന പദംപോലും സ്വാഭാവികാർത്ഥത്തിൽ പ്രയോഗിച്ചിട്ടുണ്ട്. എഫേ 4:30ൽ. ''പരിശുദ്ധാത്മാവിയെ വ്യസനിപ്പിക്കരുത്. അവിടുന്നാണല്ലോ രക്ഷയുടെ ദിവസത്തേക്കായി നിങ്ങളെ മുദ്രകുത്തിയിരിക്കുന്നത്''.

തന്മൂലം ക്രൈസ്തവക്കനുഭവവേദ്യമാകുമ്പോലെ, രക്ഷയുടെ യാഥാർത്ഥ്യത്തെ സംബന്ധിച്ച് ഭൂതവർത്തമാനഭാവികഠം തമ്മിൽ ഒരു സംക്ഷോഭാവസ്ഥയുണ്ട്. യുഗാന്തത്തെ പ്രതീക്ഷിച്ചുകൊണ്ടിരുന്ന യഹൂദരുടെ മനോഭാവം പോളിനും ഉണ്ടായിരുന്നതാവാം ഇതിനൊരു കാരണം. യുഗാന്തത്തിൽ വിശ്വസിച്ചിരുന്ന അദ്ദേഹത്തിൻെറ സമകാലികർ ആകസ്മികമായ ദുരന്തങ്ങഠം മൂലം ഈ യുഗത്തിന്നറുതിവരുമെന്നും മരിച്ചവരെല്ലാം ഉയത്തെഴുന്നേല്ക്കുന്ന പുതിയ യുഗം ഉദയംചെയ്യുമെന്നും കരുതിയിരുന്നു. ആദ്യകാലസഭയ്ക്ക് ഒരു പ്രതിസന്ധിയെ നേരിടേണ്ടിയിരുന്നു. തങ്ങളുടെ വിശ്വാസത്തിലും പ്രസംഗത്തിലും പുനരുത്ഥാനം പരാമർശിക്കപ്പെട്ടിരുന്നു. എന്നാൽ അതൊരു മനുഷ്യൻെറ മാത്രം പുനരുത്ഥാനമായിരുന്നു; ഒരു വർഗ്ഗത്തിൻെറ ആയിരുന്നില്ല. തന്മൂലം അന്ത്യകാലികസംഭവം ഈ ഇരു ധ്രുവങ്ങഠംക്കും മദ്ധ്യേ, ഈ ഒരാളുടെ ഉത്ഥാനത്തിൻെറയും സാർവ്വത്രിക ഉത്ഥാനത്തിൻെറയും മദ്ധ്യേ നീണ്ടുപോകുന്നതായി കാണപ്പെട്ടു. രക്ഷാസംഭവം സമയത്തിലെ രണ്ടു ബിന്ദുക്കഠംക്കിടയിൽ പ്രതീക്ഷാതീതമായി നീണ്ടുപോയി. സാഹചര്യങ്ങഠം ഈ ബിന്ദുക്കഠം

www.malankaralibrary.com

വളരെയകലെയാണ് സ്ഥിതിചെയ്യുന്നതെന്ന വസ്തുത അംഗീകരിക്കുവാൻ സഭയെ പ്രേരിപ്പിച്ചു. അങ്ങനെ രക്ഷാസംഭവം മൗലികമായി ഭൂതകാലത്തിൽ അധിഷ്ഠിതമാണ്. എങ്കിലും അതു് വർത്തമാനത്തിലേക്കും ഭാവിയിലേക്കും വ്യാപിച്ചുകിടക്കുന്നു.

രക്ഷയുടെ ഈ മാനങ്ങളെയെല്ലാം ഏകീകരിക്കുകയാണ് പരിശുദ്ധാത്മാവിയുടെ ധർമ്മം. പരിശുദ്ധാത്മാവു് അവിടത്തെ പൂർണ്ണതയിൽ ഉത്ഥിതനായ രക്ഷകനു് നല്കപ്പെട്ടു. അവിടുന്നു് ക്രൈസ്തവരിലും സഭയിലും സന്നിഹിതനാണ്. പരിശുദ്ധാത്മാവിൻെറ വർത്തമാനകാലത്തെ പ്രവർത്തനം സൂചിപ്പിക്കുവാൻ അച്ചാരം (arrabon) എന്ന ഒരു പ്രധാനപദം പോൾ മൂന്നു തവണ പ്രയോഗിക്കുന്നുണ്ടു് (2 കോറി 1:22; എഫേ 1:14). അച്ചാരമെന്നുവെച്ചാൽ, പിന്നീടു് ഒരു വലിയ തുക കൊടുക്കുമെന്നു് ഉറപ്പുവരുത്തുവാൻ ആദ്യമേ നല്കുന്ന ഒരു ചെറിയ തുകയാണല്ലോ. പഴയനിയമത്തിൽനിന്നു് 'കൊയ്ത്തു്' എന്ന യുഗാന്തപ്രതിരൂപവും പോൾ സ്വീകരിക്കുന്നുണ്ടു്. നമുക്കു് ആത്മാവിൻെറ ആദ്യഫലങ്ങൾ ലഭിക്കുമെന്നു് അദ്ദേഹം പറയുന്നു (റോമ 8:23). ആദ്യഫലങ്ങൾ എന്നുവെച്ചാൽ കൊയ്ത്തിൻെറ ആരംഭത്തിൽ ലഭിക്കുന്നവ, എന്നർത്ഥം. പിന്നീടു് ലഭിക്കുവാനിരിക്കുന്നതിൻെറ മുന്നാസ്വാദനം..

പരിശുദ്ധാത്മാവിൻെറ നാമത്തോടു് ബന്ധപ്പെട്ട മറെറാരു യാഥാർത്ഥ്യം നാം ഇപ്പോൾ ദൈവപുത്രരാണെന്നത്രേ. "ദൈവത്തിൻെറ അരൂപിയാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവപുത്രരാണ്" (റോമ 8:14). ഈ പുത്രത്വത്തിൻെറ പ്രകടനമാണ് പ്രാർത്ഥന: "നാം 'ആബാ, പിതാവേ' എന്നു വിളിക്കുമ്പോൾ ദൈവാത്മാവു് നാം ദൈവമക്കളാണെന്നു് സാക്ഷ്യംവഹിക്കുന്നു (റോമ 8:15). "നിങ്ങൾ പുത്രരാകയാൽ 'ആബാ, പിതാവെ' എന്നു വിളിക്കുന്ന സ്വപുത്രൻെറ ആത്മാവിനെ ദൈവം നിങ്ങളുടെ ഹൃദയത്തിലേയ്ക്കയച്ചു (ഗാല 4:6).

ആത്മാവിൻെറ പൂർണ്ണത നമുക്കില്ലാത്തതുകൊണ്ടു് പൂർണ്ണമായ പുത്രസ്ഥാനവും നമുക്കില്ല: "പരിശുദ്ധാത്മാവിൻെറ പ്രഥമ ഫലങ്ങൾ അനുഭവിക്കുന്ന നാമും നമ്മുടെ ശരീരത്തിൻെറ വീണ്ടെടുപ്പിനായി പരമവേദന അനുഭവിക്കുകയാണ്, ദത്തുപുത്രസ്ഥാനത്തിനായി കാത്തിരിക്കുകയാണ്" (റോമ 8:23).

www.malankaralibrary.com

പ്രസവവേദനയുടെ പ്രതിരൂപം സ്വീകരിച്ചിരിക്കുന്നതിൻെറ ഉദ്ദേശ്യം, രക്ഷ തുടൻകൊണ്ടിരിക്കുന്നതും മരിച്ചവരിൽനിന്നുള്ള നമ്മുടെ ഉത്ഥാനത്തിൽ പൂർത്തിയാവുന്നതുമായ ഒരു പ്രക്രിയയാണെന്നു് സൂചിപ്പിക്കുകയത്രേ. അപ്പോഠം മാത്രമേ യഥാർത്ഥത്തിൽ നമ്മുടെ വിമോചനം പൂർത്തിയാകൂ. പുത്രത്വം പൂർണ്ണമാകൂ. ''നാമെല്ലാം ദൈവതേജസ്സു് പ്രാപിച്ച അവിടുത്തെ പ്രതിരൂപമായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു'' (2കോറി 3:8).

തുടൻ കൊണ്ടിരിക്കുന്ന ഈ പ്രക്രിയയിൽ മനുഷ്യവിമോചനം മാത്രമല്ല സംഭവിക്കുന്നതെന്നകാര്യം പ്രധാനമാണു്. വിമോചനം മനുഷ്യനേയും പ്രപഞ്ചത്തേയും ബാധിക്കുന്നുണ്ടു്. യഹൂദർ ഇന്നത്തെ മനുഷ്യരെപ്പോലെയല്ല ചിന്തിച്ചിരുന്നതു്. തങ്ങഠം പ്രകൃതിയോടു് അവഗാഢം ബന്ധിതരാണെന്ന ബോധ്യം അവക്കുണ്ടായിരുന്നു. മനുഷ്യപാപം പ്രകൃതിലോകത്തേയും വികലമാക്കിയെങ്കിൽ മനുഷ്യനോടൊപ്പം പ്രകൃതിലോകവും വിമോചിതമാകുകയും ഉദ്ധൃതമായിത്തീരുകയും ചെയ്യും. ആദ്യമനുഷ്യൻ ഭൂമിയിൽനിന്നെടുക്കപ്പെട്ടു; ഭൂമിയിലേയ്ക്കു് തിരിയെപ്പോയി (സൃഷ്ടി 2:7;2:17 ff). എസക്കിയേൽപ്രവാചകൻ യഹൂദരെ എതിർത്തവർ വസിച്ചിരുന്ന ഏദോമിലെ മലകളുടെമേലും ശാപവാക്യം ഉച്ചരിക്കുകയുണ്ടായി; ഇസ്രായേലിലെ മലകഠംക്കു് ആശിസ്സേകുകയും ചെയ്തു (35:23;6:1).

ഒരു മേശയിലിരിക്കുന്ന പുസ്തകത്തെപ്പോലെയല്ല മനുഷ്യൻെറ ഭൂമിയിലെ അസ്തിത്വം. മനുഷ്യൻ ഭൂമിയുടെ ഒരു ഭാഗമാണു്; ഭൂമിയുമായി യോജിച്ചു പോകുന്നവനാണു്; ഭൂമിയോടു ഗാഢഗാഢമായി ബന്ധിതനുമാണു്. അവൻെറ വിധി ഭൂമിയുടെതാണു്; ഭൂമിയുടെ വിധി അവൻേറതും. യവനർ പദാർത്ഥത്തെ തിന്മയായി പരിഗണിച്ചിരുന്നു. മനുഷ്യനിലെ പാദാർത്ഥികവും ആത്മീയവുമായ തത്വങ്ങളെ അവർ വേർതിരിച്ചു കണ്ടിരുന്നു. സെൻറു് പോളിനു് ഇത്തരത്തിലുള്ള ധാരണകഠം ഒന്നുമില്ലായിരുന്നു. 'ശരീരം ശവകടീരമത്രേ' എന്നൊരു ചൊല്ലു് യവനർക്കിടയിൽ പ്രസിദ്ധമായിരുന്നു (soma-sema). ശരീരത്തിൽനിന്നു് ആത്മാവു വിമുക്തമാകുന്നതത്രേ മരണം. രഹസ്യാരാധനാമതങ്ങളിലെ (Mystery Religions) ഒരു ശിലാലിഖിതത്തിൽ ഇപ്രകാരം കാണുന്നു. ''മണ്ണു് മണ്ണിലേക്കും, അരൂപി മുകളിലേക്കും പോകുന്നു.'' പോളിനെപ്പോലെയുള്ള

www.malankaralibrary.com

യഹൂദക്രൈസ്തവനാകട്ടേ, രക്ഷ ഭൗതികലോകത്തിൽ നിന്നല്ല, ഭൗതികലോകത്തോടുകൂടിയാണ്.

''സൃഷ്ടികൾ മർത്ത്യതയുടെ ശൃംഖലകളിൽനിന്നു വിമുക്തരായി ദൈവപുത്രന്മാരുടെ സ്വാതന്ത്ര്യവും മഹത്വവും പ്രാപിക്കുവാനുള്ളവയാണ്''' (റോമ 8:21). മനുഷ്യന്റേയും പ്രപഞ്ചത്തിന്റേയും വിധി ഒന്നുതന്നെ. തന്മൂലം മനുഷ്യന് ലോകത്തോട് നിസ്സംഗത പുലർത്തുവാൻ പാടില്ല. ദാരിദ്ര്യം, അജ്ഞത, പരിസരമലിനീകരണം, അന്തരീക്ഷമലിനീകരണം ആദിയായ പ്രശ്നങ്ങളെയെല്ലാം നേരിടേണ്ട ചുമതല ക്രൈസ്തവക്കുണ്ട്. കാരണം കർത്താവിന്റെ ആഗമനത്തിന് തങ്ങളെ മാത്രമല്ല, പ്രപഞ്ചത്തേയും ഒരുക്കുവാൻ ബാദ്ധ്യസ്ഥരാണവർ.

അവസാനമായി, ഈ ഇടവേളയിലെ, – കർത്താവിന്റെ പ്രഥമദ്വതീയാഗമനങ്ങൾക്കു മദ്ധ്യേയുള്ള കാലത്തെ – രക്ഷ വളർന്നുകൊണ്ടിരിക്കുന്ന ഇക്കാലത്തെ, ക്രൈസ്തവമനോഭാവത്തിന്റെ പ്രത്യേക സ്വഭാവം പ്രതീക്ഷയാകുന്നു. പ്രതീക്ഷയിൽ നാം രക്ഷിക്കപ്പെടുന്നുവെന്ന് സെന്റ് പോൾ പറയുന്നു. രക്ഷയുടെ അനുഭവത്തേക്കാൾ പ്രതീക്ഷയാണിപ്പോഴുള്ളത് (റോമ 8:24). പ്രതീക്ഷയെന്ന നാമം സുവിശേഷങ്ങളിലൊരിടത്തും ഉപയോഗിച്ചിട്ടില്ല. ക്രിയാരൂപവും അപൂർവ്വമായേ പ്രത്യക്ഷപ്പെടുന്നുള്ളു; അതും വളരെ പ്രാധാന്യമർഹിക്കുന്ന വിധത്തിലുമല്ല. പോളിന്റെ ലേഖനത്തിലാകട്ടെ പ്രതീക്ഷയെന്ന പദം അതിപ്രധാനമാണ്. ക്രൈസ്തവനുണ്ടായിരിക്കേണ്ട മൗലികാഭിമുഖ്യത്തെ സൂചിപ്പിക്കുവാൻ വിശ്വാസം, സ്നേഹം എന്നിവയോടൊപ്പം പ്രതീക്ഷയെന്ന പദവും അദ്ദേഹം പ്രയോഗിക്കുന്നു. തന്മൂലം, നേരെ വിപരീതമായ പ്രേരണകളുണ്ടായിരിക്കാമെങ്കിലും ക്രൈസ്തവർ തങ്ങളുടെ ലോകത്തെയും കാലഘട്ടത്തെയും പ്രതീക്ഷയോടെ അഭിമുഖീകരിച്ചേതീരൂ. മാംസചക്ഷുസ്സുകൾക്ക് അദൃശ്യനായ ദൈവത്തിന്റേയും അവിടുത്തെ പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും സ്നേഹവും പ്രവർത്തനവും ക്രൈസ്തവർ വിശ്വാസനേത്രത്താൽ ദർശിക്കുവാൻ കഴിയണം. പ്രതീക്ഷയുടെ ഈ ചൈതന്യം കൈമുതലായുണ്ടെങ്കിൽ പ്രത്യക്ഷസ്ഥിതികൾക്കതീതമായ ഒരു കാര്യം നമുക്ക് ബോധ്യമാകും: ലോകമിന്ന് അതു ദൈവകരങ്ങളിൽനിന്ന് ജന്മം കൊണ്ട സമയത്തേക്കാൾ കൂടുതൽ സുന്ദരവും മൂല്യമുള്ളതുമാണ്;

www.malankaralibrary.com

നമുക്കിപ്പോഠം അറിയാവുന്ന ചരിത്രവും സമയവും അവസാനിക്കുമ്പോഠം അതിന് സൗന്ദര്യത്തിൻെറ തികവു കൈവരുകയും ചെയ്യും.

മൗണ്ട് സെൻറ് അൽഫോൻസസ് സെമിനാരി, ബാംഗ്ളൂർ.

സീൻ കെല്ലഹർ

www.malankaralibrary.com

# യേശുവിൻെറ ശൈശവം (മത്താ 1-2)*

യേശുവിൻെറ ജനനത്തിലും ശൈശവസംഭവങ്ങളിലും ദൈവത്തിൻെറ രക്ഷാകരവാഗ്ദാനങ്ങൾ പൂർത്തിയാകുന്നു. രക്ഷാചരിത്രത്തിൻെറ പൂർത്തീകരണഘട്ടം ആഗതമായിരിക്കുന്നു. വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനാണ് യേശു. പുതിയ ഇസ്രായേലിനെ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കുന്ന പുതിയ മോശയാണ് അവിടുന്ന്. യേശു പ്രദാനം ചെയ്യുന്ന രക്ഷ സാർവ്വത്രികമാണ്. അത് ഇസ്രായേല്യർക്ക് മാത്രമല്ല, വിജാതീയർക്കുമാണ്. ഇസ്രായേല്യർവഴി അവർക്ക് യേശുവിനെ ലഭിക്കും. ഇതാണ് മത്തായിയുടെ സുവിശേഷത്തിലെ യേശുവിൻെറ ജനനചരിത്രത്തിൻെറ സന്ദേശമെന്ന് ലേഖകൻ വാദിക്കുന്നു. വിജ്ഞാനപ്രദമായ ഈ ലേഖനം മത്തായിയുടെ സുവിശേഷം ഒന്നും രണ്ടും അദ്ധ്യായങ്ങൾ കൺമുമ്പിൽ വച്ചുവേണം വായിക്കുവാൻ.

അപ്പസ്തോലസഭയുടെ സുവിശേഷപ്രസംഗം ആദ്യകാലങ്ങളിൽ യേശുവിൻെറ കുരിശുമരണത്തേയും ഉത്ഥാനത്തെയും കേന്ദ്രമാക്കിയായിരുന്നു. വി. പൗലോസിൻെറ ലേഖനങ്ങളും (cf 1കോറി 15:1-11) നടപടി പുസ്തകത്തിലെ സുവിശേഷ പ്രസംഗങ്ങളും (2:14-40; 3:12-26; 4:8-12; 5:29-32; 10:34-43; 13:16-41) ഇതിനു തെളിവാണ്. കർത്താവും രക്ഷക

* ഈ ഉപന്യാസരചനയ്ക്ക് ഉപകാരപ്പെട്ട പ്രധാന പ്രബന്ധങ്ങൾ താഴെപറയുന്നവയാണ്.

ASHBECK, D., The Literary Genre of Mathew 1-2, in: Bible Today, December 1971, pp. 572—578; BONNARD, P., L'Evangile selon saint Matthieu, Neuchatel, 1970; DANIELU, J., The Infancy Narratives, London, 1968; Grundmann, W., Das Evangelium nach Matthaeus, Berlin, 1968; LEON—DUFOUR, X., Etudes d'Evangile, Paris, 1965; NELLESSEN, E., Das Kind und seine Mutter, Stuttgart, 1969; Rasco, E., Mathew I—II: Structure, Meaning, Reality, in: Studia Evangelica IV, ed, by F.L. Cross, Berlin, 1968, pp. 214—230; SPINETOLI,. O da, Introduzione ai Vangeli dell Infanzia, Brescia, 1967; VOLCKAERT, J., (ed.). Commentary on the Lectionary of the Mass, 15, Ranchi, 1971.

www.malankaralibrary.com

നമായി ആദിമസഭ ആരാധിച്ചിരുന്ന യേശു കുരിശിൽ മരിച്ചു എന്നതു് യഹൂദർക്കും വിജാതീയക്കും ഒരുപോലെ ഇടർച്ചക്കു കാരണമായിരുന്നു (cf 1 കോറി 1:23). അതുകൊണ്ടു യേശുവിൻെറ ജീവിതം ശവകല്ലറയിൽ അവസാനിച്ചില്ലെന്നും, അദ്ദേഹത്തിൻെറ മരണവും ഉത്ഥാനവും ദൈവത്തിൻെറ രക്ഷാഹിതത്തിൻെറ പൂർത്തീകരണമായിരുന്നെന്നും തിരുവെഴുത്തുകൾ ഉദ്ധരിച്ചുകൊണ്ടു തെളിയിക്കാനാണ് ആദിമസഭ ശ്രമിച്ചതു്. പിന്നീടു് യേശുവിൻെറ പ്രവൃത്തികളും പ്രബോധനങ്ങളും എപ്രകാരം അദ്ദേഹത്തെ കുരിശിലേക്കു് നയിച്ചു എന്നു വിശദീകരിക്കുന്ന സുവിശേഷങ്ങൾ രൂപംകൊണ്ടു. ഇതിലെല്ലാം അന്തർഭവിച്ചിരുന്ന, യേശു ആരാണ്, യേശുവിൻെറ ദൗത്യം എന്താണ് എന്ന ചോദ്യങ്ങൾ യേശുവിൻെറ ജനനത്തെയും ശൈശവത്തെയും പററി പരിചിന്തിക്കാൻ പ്രചോദനം നൽകി. തൽഫലമായി അവയെപ്പററിയുള്ള പാരമ്പര്യങ്ങൾ ആദിമസഭയിൽ ജന്മംകൊണ്ടു. സുവിശേഷകന്മാരായ മത്തായിയും ലൂക്കായും തങ്ങളുടെ സുവിശേഷങ്ങളുടെ ആമുഖമായി അവതരിപ്പിക്കുന്നതു് ഈ പാരമ്പര്യങ്ങളാണ്. അവിശ്വാസികളെയെന്നതിനേക്കാൾ വിശ്വാസികളെ ഉദ്ദേശിച്ചാണ് അവ എഴുതപ്പെട്ടിട്ടുള്ളതു്. യേശുവിൻെറ കുടുംബത്തെയോ ശൈശവത്തെയോപററി കുറെ വിവരങ്ങൾ നൽകുകയല്ല സുവിശേഷങ്ങളുടെ ഉദ്ദേശ്യം. യേശുവിൻെറ ഉത്ഭവത്തിൽ ദൈവത്തിൻെറ അത്ഭുതാവഹമായ പ്രവർത്തനം, രക്ഷാചരിത്രത്തിൽ യേശുവിനുള്ള സാർവ്വത്രിക പ്രസക്തിയും പരമമായ സ്ഥാനവും, യേശുവിൽ കൈവന്ന വി. ലിഖിത പൂർത്തീകരണം തുടങ്ങിയ സദ്വാർത്താപരമായ സന്ദേശം പ്രഘോഷിക്കുകയാണ് സുവിശേഷകന്മാരുടെ ലക്ഷ്യം. ചുരുക്കത്തിൽ ചരിത്രവിവരണത്തേക്കാൾ സുവിശേഷപ്രഘോഷണമാണ് ഇവിടെ നാം കേൾക്കുന്നതു്.

## I മത്തായി 1–2: സവിശേഷതകൾ

### A മത്തായി–ലൂക്കാ: താരതമ്യപഠനം

സുവിശേഷകന്മാരായ മത്തായിയും ലൂക്കായും ഒരേ വിഷയത്തെപ്പററി–യേശുവിൻെറ ജനനത്തെയും ശൈശവത്തെയും പററി–പ്രതിപാദിക്കുന്നെങ്കിലും അവർ വിവരിക്കുന്ന സംഭവങ്ങളും വിവരണരീതികളും തികച്ചും വ്യത്യസ്തങ്ങളാണ്. താഴെ കൊടുത്തിരിക്കുന്ന രേഖാരൂപം (scheme) നോക്കുക.

www.malankaralibrary.com

| ലൂക്കാ 1–2 | മത്തായി 1–2 |
|---|---|
| 1:5–25:യോഹന്നാൻ മംഗലവാർത്ത | 1:1–17:വംശാവലി |
| 1:26–38:യേശു:മംഗലവാർത്ത | 1:18–25:ദൈവപുത്രൻ—ദാവീദിൻെറ പുത്രൻ |
| 1:39–56:മറിയം ഏലീശ്വായെ സന്ദർശിക്കുന്നു | 2:1–12:വിജ്ഞാനികളുടെ ആരാധന |
| 1:57–80:യോഹന്നാൻ:ജനനം പരിച്ഛേദനം | 2:13–15:ഈജിപ്തിലേക്ക് ഒളിച്ചോട്ടം |
| 2:1–40:യേശു:ജനനം പരിച്ഛേദനം സമർപ്പണം | 2;16–18:ശിശുവധം |
| | 2:19–23നസ്രസ് വാസസ്ഥലമാക്കുന്നു |
| 2:41–52:യേശു ദേവാലയത്തിൽ | |
| (3:23–38:വംശാവലി) | |

ലൂക്കായുടെ വിവരണങ്ങൾ 128 വാക്യങ്ങൾ ഉൾക്കൊള്ളുമ്പോൾ മത്തായിയുടേതു് 48 വാക്യങ്ങളിൽ ഒതുങ്ങി നില്ക്കുന്നു. ലൂക്കായിൽ വിവരിക്കുന്ന ഒരു രംഗംപോലും മത്തായിയിൽ കാണുന്നില്ല. മത്തായി നൽകുന്ന വംശാവലി ലൂക്കാ 3–ാമദ്ധ്യായത്തിലുള്ളതിൽനിന്നു് സാരമായി വ്യത്യാസപ്പെട്ടിരിക്കുന്നു. ലൂക്കായുടെ വിവരണങ്ങളിൽ മറിയത്തിനാണു് പ്രാധാന്യം; മത്തായിയുടേതിലാകട്ടെ യൗസേപ്പിനും. താരതമ്യേന ആനന്ദകരമായ രംഗങ്ങളാണു് ലൂക്കാ വിവരിക്കുന്നതു്: ഭക്തരും കുലീനരുമായ വ്യക്തികളുടെ സാന്നിദ്ധ്യം, ജറൂസലം ദൈവാലയത്തിൻെറ പൂജ്യത, ആറ്റാദജനകവും പ്രത്യാശാനിർഭരവുമായ സ്തുതിഗീതങ്ങൾ, ദൈവദൂതൻ അറിയിക്കുന്ന മംഗലവാർത്തകൾ ഇവയെല്ലാം ലൂക്കായുടെ വിവരണത്തെ നിറപ്പകിട്ടുള്ളതും ഹൃദയഹാരിയുമാക്കുന്നു. മത്തായിയാകട്ടെ സംഘർഷാത്മകമായ രംഗങ്ങളാണു് ചിത്രീകരിക്കുന്നതു്: യൗസേപ്പിൻെറ മനഃക്ലേശം, യേശുവിനെ നശിപ്പിക്കാനുള്ള ഹേറോദേശിൻെറ ശ്രമം, ക്രൂരമായ ശിശുവധം, ഈജിപ്തിലേക്കു് ഒളിച്ചോട്ടം അർക്കെലാവൂസിനെപ്പററിയുള്ള ഭീതി ഇവയെല്ലാമടങ്ങുന്ന മത്തായിയുടെ വിവരണം അസ്വസ്ഥവും പ്രക്ഷുബ്ധവുമായ ഒരന്തരീക്ഷത്തിൻെറ പ്രതീതിയാണു് ഉളവാക്കുന്നതു്.

മത്തായിയുടേയും ലൂക്കായുടേയും വിവരണങ്ങൾ പരസ്പരം പൊരുത്തപ്പെടുത്താനുള്ള ശ്രമം അപ്രസക്തമാണു്, അസാദ്ധ്യവുമാണു്. കാരണം, സുവിശേഷകന്മാർ വ്യത്യസ്ഥങ്ങളായ പ്രാദേശികസഭകൾക്കുവേണ്ടി തമ്മിൽ ബന്ധമില്ലാത്ത പാര

www.malankaralibrary.com

മ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ പരസ്പരാശ്രയംകൂടാതെയാണ് ഇവ എഴുതിയിട്ടുള്ളതു്. തന്മൂലം ഓരോ സുവിശേഷത്തേയും അതിൻേറതായ സവിശേഷതകളുടെ പശ്ചാത്തലത്തിൽ വീക്ഷിച്ച് അതിലെ പ്രത്യേക സന്ദേശം ഉൾക്കൊള്ളാനാണ് നാം ശ്രമിക്കേണ്ടതു്.

എങ്കിലും അടിസ്ഥാനപരമായ ചരിത്രസത്യങ്ങളുടെ കാര്യത്തിൽ സുവിശേഷകന്മാർ തമ്മിലുള്ള യോജിപ്പ് ശ്രദ്ധാർഹമാണ്:

യേശുവിൻെറ ജനനകാലം: ഹേറോദേസ് രാജാവിൻെറ വാഴ്ച–
മത്താ 2:1; ലൂക്കാ 1:5–26
ജനനസ്ഥലം: യൂദയായിലെ ബേത്ലഹം
മത്താ 2:1; ലൂക്കാ 2:4–7
അമ്മയുടെ പേര്: മറിയം–മത്താ 1:16; 2:11/ലൂക്കാ 1:27
മറിയത്തിൻെറ ഭർത്താവും തിരുക്കുടുംബനാഥനും: യൗസേപ്പ്–
മത്താ 1:18–25/ലൂക്കാ 1:26–38
(യേശുവിൻെറ കന്യാജനനം)
യേശു എന്ന നാമം: ദൈവനിശ്ചിതം–മത്താ 1:21/ലൂക്കാ 1:31; 2:21
തിരുക്കുടുംബം നസ്രസിൽ സ്ഥിരതാമസമാക്കുന്നു
മത്താ 2:22–23; ലൂക്കാ 2:39

വളരെ പുരാതനമായ പാരമ്പര്യങ്ങളാണ് ഇവിടെ നമുക്ക് ലഭ്യമാകുന്നതു്. ഇവയുടെ ചരിത്രപരമായ മൂല്യം അവിതർക്കിതമാണ്.

## A മത്താ 1–2: ഘടന

I യേശുവിൻെറ രക്ഷാചരിത്രപരമായ ഉത്ഭവം (1:1–25)
- A വംശാവലി: യേശു–ഇസ്രായേൽ ചരിത്രത്തിൻെറ പരമകാഷ്ഠ (വാ 1–17)
- B യൗസേപ്പിന് ലഭിച്ച മംഗലവാർത്ത: ദൈവപുത്രൻ–ദാവീദിൻെറ പുത്രൻ (വാ 18–25)

II ഭാവിയുടെ പ്രവചനാത്മകമായ ചിത്രീകരണം (2:1–23)
- A വിജാതീയർ യേശുവിനെ ആരാധിക്കുന്നു (വാ 1–12)
- B യഹൂദജനം യേശുവിനെ തിരസ്കരിക്കുന്നു (വാ 13–23)
  1. ഒളിച്ചോട്ടം–ഈജിപ്തിലേക്ക് (വാ 13–15)
  2. ശിശുവധം (വാ 16–18)
  3. ഈജിപ്തിൽനിന്ന് നസ്രസിലേക്ക് (വാ 19–23)

ആദ്യഭാഗത്ത് വംശാവലി ഉദ്ധരിച്ചുകൊണ്ട് യേശുവിൻെറ മാനുഷികമായ ഉത്ഭവം ഇസ്രായേൽ ജനത്തിലൂടെ ദൈവം

www.malankaralibrary.com

സാക്ഷാത്കരിക്കുന്ന രക്ഷാചരിത്രത്തിന്റെ അത്യുച്ചിയായി സുവിശേഷകൻ ചിത്രീകരിക്കുന്നു. എന്നാൽ യേശുവിന്റെ ഉത്ഭവം വാസ്തവത്തിൽ പരിശുദ്ധാത്മാവിന്റെ അത്ഭുതാവഹമായ പ്രവർത്തനഫലമാണെന്ന് യൗസേപ്പിനു ലഭിച്ച മംഗലവാർത്ത വെളിപ്പെടുത്തുന്നു. ദൈവപുത്രനായ യേശു ദാവീദിന്റെ പുത്രനാകുന്നത് യൗസേപ്പിലൂടെയാണെന്ന സൂചനയും ഇവിടെയുണ്ട്. കൂടാതെ മിശിഹാ, അബ്രാഹത്തിന്റെ പുത്രൻ, ദാവീദിന്റെ പുത്രൻ, എമ്മാനുവൽ, യേശു (=രക്ഷകൻ) തുടങ്ങിയ സ്ഥാനപ്പേരുകൾ യേശു ആരാകുന്നു എന്ന വിശ്വാസികളുടെ ചോദ്യത്തിനുത്തരം നൽകുന്നുണ്ട്.

രണ്ടാം ഭാഗത്തു വിവരിക്കുന്ന സംഭവങ്ങളെല്ലാം വിജ്ഞാനികളുടെ അന്വേഷണത്തിന്റേയും (2:8) അതു് ഹേറോദേശ് രാജാവിലും ഓർശ്ലേത്തും ഉളവാക്കിയ പ്രതികരണത്തിന്റേയും (2:3) പ്രത്യാഘാതങ്ങളാണ്. അവ മത്തായിയുടെ സുവിശേഷത്തിന്റെ മററുഭാഗങ്ങളിൽ വെളിപ്പെടാനിരിക്കുന്ന രക്ഷാകര സംഭവങ്ങൾ പ്രതീകാത്മകമായി പ്രതിഫലിപ്പിക്കുന്നു. വിജാതീയർ യേശുവിനെയും സുവിശേഷത്തെയും സ്വീകരിക്കുമ്പോൾ യഹൂദജനം അദ്ദേഹത്തെ തിരസ്കരിക്കുകയും പീഡിപ്പിക്കുകയും നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഈ ഭാഗത്ത് സ്ഥലനാമങ്ങൾക്കു നൽകുന്ന പ്രത്യേക പ്രാധാന്യവും ശ്രദ്ധാർഹമാണു (യൂദയാ, ഓർശ്ലേം, ബേത്ലഹം, ഈജിപ്ത്, റോമ, ഇസ്രായേൽദേശം, ഗലീലി, നസ്രത്ത്). യൂദയായിലെ ബേത്ലഹത്തു പിറന്ന യേശു എങ്ങനെ നസ്രായനായി അറിയപ്പെടുന്നു എന്ന ചോദ്യത്തിനുത്തരം നൽകുന്നതിനുള്ള ശ്രമമാണിവിടെ കാണുന്നത്. തിരുക്കുടുംബം ബേത്ലഹത്തുനിന്നു് ഈജിപ്ത് വഴി നസ്രസിൽ എത്തി സ്ഥിരതാമസമാക്കുന്നതു് ദൈവഹിതാനുസാരമാണ്.

## II വിശകലനം

### A യേശുവിന്റെ രക്ഷാചരിത്രപരമായ ഉത്ഭവം

#### 1. വംശാവലി: മത്താ 1:1–17

പഴയനിയമത്തിൽ പ്രചാരത്തിലിരുന്ന ഒരു സാഹിത്യരൂപമാണ് വംശാവലി (cf ഉൽ 5:1 ദിന 1–8) രാജവംശവുമായുള്ള തന്റെ ബന്ധം കാണിക്കാൻ ഫ്ളാവിയൂസ് ജൊസേഫൂസ് എന്ന യഹൂദചരിത്രകാരൻ ആത്മകഥയുടെ ആരംഭ

www.malankaralibrary.com

ത്തിൽ തൻെറ വംശാവലി ഉദ്ധരിക്കുന്നുണ്ട്. യേശുവിൻെറ വംശാവലി ക്രോഡീകരിക്കുന്നതിൽ സുവിശേഷകൻ സാരമായ പങ്ക് വഹിച്ചിട്ടുണ്ട്. നിലവിലിരിക്കുന്ന രേഖകളെ ആസ്പദമാക്കി ദൈവശാസ്ത്രപരമായ ഉദ്ദേശ്യത്തോടുകൂടെ അതിനെ സുവിശേഷകൻ രൂപീകരിച്ചു. സങ്കീർണ്ണമായ ഇസ്രായേൽ ചരിത്രത്തിൻെറ വിവിധ ഘട്ടങ്ങളെ പിന്നിട്ട് ദൈവത്തിൻെറ രക്ഷാപദ്ധതി അബ്രാഹത്തിൻെറയും ദാവീദിൻെറയും പുത്രനും വാഗ്ദാനങ്ങളുടെ അവകാശിയുമായ യേശുവിൽ അതിൻെറ പൂർത്തീകരണഘട്ടത്തിലേക്കു പ്രവേശിച്ചിരിക്കുന്നു എന്ന സന്തോഷകരമായ പ്രഖ്യാപനമാണ് ഈ വംശാവലി ഉൾക്കൊള്ളുന്നത്. ബൈബിളിലെ മററു വംശാവലികൾപോലെ ഇതും കൃത്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു കുടുംബരേഖ എന്നതിനെക്കാൾ ദൈവശാസ്ത്രപരമായ ഉദ്ദേശ്യത്താൽ പ്രചോദിതമായ സാഹിത്യസൃഷ്ടിയാണ്.

ഈ വംശാവലിയുടെ ഘടന ഇപ്രകാരമാണ്:

വാ 1: ശീർഷകം

**A** വാ 2–6: പൂർവ്വപിതാവായ അബ്രാഹം മുതൽ രാജാവായ ദാവീദുവരെ (14 തലമുറകൾ)

**B** വാ 7–11: ദാവീദുമുതൽ വിപ്രവാസം വരെ (14 തലമുറകൾ)

**C** വാ 12–16: വിപ്രവാസംമുതൽ യേശുമിശിഹാവരെ (14 തലമുറകൾ)

വാക്യം 17 സംഗ്രഹം

ആമുഖപ്രസ്താവനയായ 1–ാം വാക്യം വംശാവലിയുടെ ഉദ്ദേശ്യത്തെ സ്പഷ്ടമാക്കുന്നു. യേശുമിശിഹാ അബ്രാഹത്തിൻെറ പുത്രനാണ് (cf ഗാല 3:16); യഹൂദജനത്തിൻെറ പൂർവ്വപിതാവിനു സകല ജനങ്ങളുടേയും ഭാഗധേയ നിർണ്ണായകമായി നൽകപ്പെട്ട വാഗ്ദാനങ്ങളുടെ (cf ഉൽപ 12:2–3) അവകാശിയുമാണ് (cf ഗലാ 13:16). യേശു ദാവീദിൻെറ പുത്രനാണ് (cf റോമ 1:4) യഹൂദരാജവംശസ്ഥാപകന് നൽകപ്പെട്ട വാഗ്ദാനങ്ങളുടെ (2 സാമുവൽ 7:12–16) പൂർത്തീകരണവുമാണ്. അബ്രാഹത്തിനും ദാവീദിനും നൽകപ്പെട്ട വാഗ്ദാനങ്ങൾ മിശിഹായെ ലക്ഷ്യമാക്കിയുള്ളവയായിരുന്നു. മിശിഹായെപ്പററിയുള്ള യഹൂദക്രിസ്ത്യാനികളുടെ പ്രതീക്ഷയുടെ രത്നച്ചുരുക്കമാണിത്.

14 തലമുറകൾ വീതമുള്ള 3 ഖണ്ഡികകളായി വംശാവലിയെ വിഭജിച്ചിരിക്കുന്നു. (cf വാ 17). ഈ വംശാവലിയിൽ

www.malankaralibrary.com

സങ്കീർണ്ണമായ യഹൂദചരിത്രം മുഴുവൻ പ്രതിഫലിക്കുന്നു. ദൈവത്തിൻെറ പദ്ധതിയനുസരിച്ച് രക്ഷാചരിത്രം വിവിധ ഘട്ടങ്ങൾ കടന്നു പൂർത്തീകരണമായ യേശുവിൽ എത്തിച്ചേരുന്ന ചിത്രമാണു സുവിശേഷകൻ വരച്ചുകാണിക്കുന്നത്. മാനുഷികമായവീഴ്ചകളുടേയും ദുരന്തങ്ങളുടേയും മദ്ധ്യത്തിലും ദൈവത്തിൻെറ പരിപാലന രക്ഷാചരിത്രത്തെ അതിൻെറ ലക്ഷ്യത്തിലേക്കുനയിക്കുന്നു എന്നു് സുവിശേഷകൻ സൂചിപ്പിക്കുന്നു.

ആദ്യത്തെ 14 തലമുറകളുടെ ലിസ്റ്റ് (വാ 2–6a) പരമ്പരാഗതമാണ് (cf റൂത്ത് 4:18–22; 1 ദിന 2:1–15). ലൂക്കായുടെ ലിസ്റ്റിലെ പ്രസക്തഭാഗവുമായി (ലൂക്കാ 3:32–34) അതിനു സാരമായ സാമ്യമുണ്ട്. പൂർവ്വപിതാവായ അബ്രാഹത്തിൽ ആരംഭിച്ച് ദാവീദുരാജാവിനെയും യഹൂദജനത്തിൻെറ സുവർണ്ണകാലത്തെയും അനുസ്മരിച്ചുകൊണ്ടവസാനിക്കുന്ന ഈ ഖണ്ഡിക ഈജിപ്റ്റിലെ അടിമത്തം, പുറപ്പാട്, മരുഭൂമിയിലെ ഉഴൽച്ച, പാലസ്തീനാപ്രവേശം, രാജഭരണസ്ഥാപനം തുടങ്ങിയ ചരിത്രപ്രധാനമായ സംഭവങ്ങളുടെ കാലമാണ് നമ്മുടെ ചിന്തയിൽ കൊണ്ടുവരുക.

വാ. 6b–14 നൽകുന്ന ലിസ്റ്റിനു് 1 ദിന 3:10–16 ലെലിസ്റ്റുമായി പൊതുവേ പൊരുത്തമുണ്ട്; എന്നാൽ 3 രാജാക്കന്മാരുടെ പേരുകൾ ഇവിടെ കാണുന്നില്ല. ആദ്യഭാഗത്തിലെന്നപോലെ 14തലമുറകളിൽ ഈ കാലഘട്ടത്തെ ഒതുക്കാൻവേണ്ടിയായിരിക്കണം സുവിശേഷകൻ ഈ പേരുകൾ വിട്ടുകളഞ്ഞത്. അല്ലെങ്കിൽ, ഈ രാജാക്കന്മാർ വിഗ്രഹാരാധകരായിരുന്നതുകൊണ്ടുമാകാം. ലൂക്കായുടെ ലിസ്റ്റിൽനിന്നു തീർത്തും വിഭിന്നമാണീ ഭാഗം. മത്തായി ദാവീദിൽനിന്നു ശ്ലോമോൻ വഴിയുള്ള പിൻതുടർച്ച കാണിക്കുമ്പോൾ ലൂക്കാ കാണിക്കുന്നതു് നാത്താൻ വഴിയുള്ള പിൻതുടർച്ചയാണ്. രാജ്യവിഭജനം, ശിഷ്ടരും ദുഷ്ടരുമായ രാജാക്കന്മാരുടെ ഭരണകാലം, യുദ്ധങ്ങൾ, സമറിയായുടേയും ഓർശ്ലേത്തിൻേറയും വീഴ്ച തുടങ്ങിയ യഹൂദചരിത്രസംഭവങ്ങളിലൂടെ കടന്നു് ഏററം ഇരുളടഞ്ഞ കാലഘട്ടമായ ബാബിലോണിലെ പ്രവാസത്തിലവസാനിക്കുന്നു. ഈ കാലഘട്ടത്തിലും ദൈവത്തിൻെറ വാഗ്ദാനങ്ങളും പരിപാലനയും സുസ്ഥിരമായി നിലകൊള്ളുന്നു എന്നു് സുവിശേഷകൻ സൂചിപ്പിക്കുന്നു.

www.malankaralibrary.com

ബാബിലോണിലെ പ്രവാസത്തിനുശേഷം മൂന്നാംഘട്ടം ആരംഭിക്കുന്നു. അധഃപതനത്തിൽനിന്ന് മഹത്വത്തിന്റെ അത്യുച്ചിയിലേക്കുള്ള ഒരു കുതിപ്പാണിവിടെ. ലൂക്കായുടേതിൽ നിന്ന് തികച്ചും വിഭിന്നമായ ഈ ലിസ്റ്റിൽ ആദ്യത്തെ രണ്ടു പേരുകളൊഴിച്ച് (cf. 1 ദിന 3:17) ബാക്കിയെല്ലാം അജ്ഞാതങ്ങളാണ്. യഹൂദചരിത്രത്തിന്റെ അറുനൂറോളം വർഷങ്ങളിലെ ഗതിയെ പ്രതിനിധാനം ചെയ്യുന്ന ഈ അജ്ഞാതവ്യക്തികൾ അടിമത്തത്തിന്റെയും വിദേശീയാധിപത്യത്തിന്റെയും കെടുതികളിലൂടെ ദൈവികവാഗ്ദാനങ്ങളെ സംവഹിക്കുന്നു. അധഃപതനത്തിന്റെ ഈ കാലഘട്ടം അവസാനിക്കുന്നതു് പ്രതീക്ഷകളുടെ പൂർത്തീകരണവും ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ സാക്ഷാത്കാരവുമായ യേശുമിശിഹായിലാണ്.

അഗാധമായ രക്ഷാകരസത്യങ്ങളാണ് ഈ വംശാവലിയിൽക്കൂടെ സുവിശേഷകൻ പഠിപ്പിക്കുന്നതു്. മാനവചരിത്രത്തിന്റെ ഏതോ ഇരുളടഞ്ഞ മൂലയിൽ മറഞ്ഞുകിടക്കേണ്ട ഒരപ്രധാന സംഭവമല്ല യേശുവിന്റെ ജനനം. പ്രത്യുത, പഴയനിയമം മുഴുവൻ ഉൾക്കൊള്ളുന്ന ദൈവികപദ്ധതിയുടെ പൂർത്തീകരണവും രക്ഷാചരിത്രത്തിന്റെ മകുടവുമാണ്. യേശുവിൽ രക്ഷാചരിത്രത്തിന്റെ നിർണ്ണായകവും. അന്തിമവുമായ കാലഘട്ടം ആരംഭിക്കുന്നു. ഈ മിശിഹാക്കാലത്തിന്റെ നവീനത്വമാണ് 16-ാം വാക്യം സൂചിപ്പിക്കുന്നതു്. പഴയനിയമത്തിന്റെ കേവലമായ തുടർച്ചയല്ല യേശു. ദൈവത്തിന്റെ നേരിട്ടുള്ള രക്ഷാകരമായ ഇടപെടലിന്റെ ഫലമായാണ് യേശു കന്യകാമറിയത്തിൽനിന്നു പിറന്നതെന്ന വസ്തുത ഇതാണ് സൂചിപ്പിക്കുന്നതു്. ദൈവംതന്നെ ഒരു പുതിയ ഘട്ടത്തിന് ആരംഭമിടുന്നു. വാഗ്ദാനത്തിന്റെയും ഒരുക്കത്തിന്റെയും കാലം സമാപിച്ചിരിക്കുന്നു. പൂർത്തീകരണത്തിന്റെയും രക്ഷയുടേയും കാലം സമാഗതമായിരിക്കുന്നു.

## 2. യൗസേപ്പിനു ലഭിച്ച മംഗലവാർത്ത: മത്താ 1:18-25

യേശു അബ്രാഹത്തിന്റെ പുത്രനാണ്, ദാവീദിന്റെ പുത്രനാണ് (1:1) എന്നു സ്ഥാപിക്കാൻ ഉദ്ധരിക്കുന്ന വംശാവലി സമാപിക്കുന്നതു് ഒടുവിലത്തെ കണ്ണിയായ യൗസേപ്പിന്റെ പുത്രനല്ല യേശു എന്ന സൂചനയോടുകൂടിയാണ് (വാ 16). ഈ വൈരുദ്ധ്യം-രക്തബന്ധംവഴി ദാവീദിന്റെ പുത്രനല്ലെ

www.malankaralibrary.com

ങ്കിലും യേശു എപ്രകാരം ദാവീദിന്റെ പുത്രനാകുന്നു എന്ന പ്രശ്നം—വിശദീകരിക്കുകയാണ് ഈ ഖണ്ഡികയുടെ ഉദ്ദേശ്യം.

കലാവൈദഗ്ദ്ധ്യത്തോടുകൂടി രചിച്ചിരിക്കുന്ന ഈ ഖണ്ഡികയിൽ സുവിശേഷകൻ വിവിധ സാഹിത്യസങ്കേതങ്ങൾ സമ്യക്കായി ഇണക്കിച്ചേർത്തിരിക്കുന്നു. യേശുവിന്റെ ജനനത്തെപ്പററിയുള്ള പ്രവചനം (വാ 20–21) പരമ്പരാഗതമായ "മംഗലവാർത്ത" എന്ന സാഹിത്യരൂപത്തിലാണ് രചിച്ചിരിക്കുന്നത്. രക്ഷാചരിത്രത്തിൽ പ്രധാനമായ പങ്കു വഹിക്കേണ്ട വ്യക്തികളുടെ ജനനത്തെയും ദൗത്യത്തെയും പ്രവചിക്കുന്ന ഒരു സാഹിത്യരൂപമാണിത്. മൂന്നു ഭാഗങ്ങളാണിതിനുള്ളത്.

A ശിശുവിന്റെ ഗർഭധാരണത്തെയും ജനനത്തെയുംപററിയുള്ള മുന്നറിയിപ്പ്

B ശിശുവിന്റെ നാമത്തെപ്പററി അറിയിപ്പ്

C ശിശുവിന്റെ ഭാവിദൗത്യത്തെപ്പററിയുള്ള സൂചന (സാധാരണമായി നാമം ദൗത്യത്തെ സൂചിപ്പിക്കുന്നു).

ഉദാഹരണമായി ഉൽപ. 16:11–12;17:19; 18:10–14; ന്യായാ 13:5; ഏശ 7:14–16; ലൂക്കാ 1:12–20, 30–37 കാണുക. മേൽപറഞ്ഞ മൂന്നു ഭാഗങ്ങൾ നമ്മുടെ ഖണ്ഡികയിലെ 20–21 വാക്യങ്ങളിൽ കാണാൻ കഴിയും.

ഇവിടെ പ്രയോഗിച്ചിരിക്കുന്ന മറെറാരു സാഹിത്യരൂപം "ദൈവകല്പന – കല്പനാനിർവഹണം" എന്നതാണ്. രക്ഷാചരിത്രത്തിൽ ഒരു പ്രത്യേക ദൗത്യം ഒരു വ്യക്തിയെ ഭരമേല്പിക്കുന്നതും ആ വ്യക്തി അതു് നിർവഹിക്കുന്നതും കഴിയുന്നത്ര ഒരേ വാക്കുകളിൽ വിവരിക്കുക എന്നതാണ് ഈ സാഹിത്യരൂപത്തിന്റെ പ്രത്യേകത. ഉദാഹരണമായി ഉൽപ 46:1–7; പുറ 4:19–20; മത്താ 21:1–7 കാണുക. ഈ സാഹിത്യസങ്കേതം സുവിശേഷകൻ രണ്ടാമദ്ധ്യായത്തിൽ വീണ്ടും പ്രയോഗിക്കുന്നുണ്ട് (2:13–15, 19–23). നമ്മുടെ ഖണ്ഡികയിൽ കല്പനയും നിർവഹണവും തമ്മിലുള്ള സാമ്യം ശ്രദ്ധിക്കുക.

| | |
|---|---|
| ദൈവദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് യൗസേപ്പിനോടു പറഞ്ഞു (വാ 20) | യൗസേപ്പ് നിദ്രയിൽനിന്നുണര്ന്ന് ദൈവദൂതൻ ആജ്ഞാപിച്ചിരുന്നതുപോലെ പ്രവർത്തിച്ചു (വാ 24) |
| നിന്റെ ഭാര്യ മറിയത്തെ | തന്റെ ഭാര്യയെ അദ്ദേഹം |

www.malankaralibrary.com

| | |
|---|---|
| സ്വീകരിക്കാൻ ശങ്കിക്കേണ്ട (വാ 20) | അദ്ദേഹം സ്വീകരിച്ചു (വാ 24) |
| ശിശുവിനു് യേശു എന്നു് പേരിടണം (വാ 21) | ശിശുവിനു് അദ്ദേഹം യേശു എന്നു പേരിട്ടു. (വാ 24) |

സ്വപ്നത്തിലെ ദർശനങ്ങൾവഴി രക്ഷാചരിത്രത്തിലുള്ള ദൈവത്തിന്റെ ഇടപെടലിനെ ചിത്രീകരിക്കുന്ന രീതിയും പരമ്പരാഗതമാണു് (ഉദാ. ഉൽപ 20:3; 31:24;46:2). ശൈശവവിവരണത്തിൽ (Gospel of Infancy) സുവിശേഷകൻ ഈ രീതി പലതവണ ഉപയോഗിച്ചിരിക്കുന്നു (1:20;2:12–13 19.22)

ഖണ്ഡികയുടെ ഹൃദയഭാഗത്തു പ്രതിഷ്ഠിച്ചിരിക്കുന്ന ''വി. ലിഖിത പൂർത്തീകരണസാക്ഷ്യം'' സ്വന്തമായ രീതിയിലാണു സുവിശേഷകൻ നിർമ്മിച്ചിരിക്കുന്നതു്. ദൈവത്തിന്റെ രക്ഷാകരവാഗ്ദാനങ്ങളും പ്രവചനങ്ങളും യേശുവിന്റെ ജീവിതസംഭവങ്ങളിൽ എങ്ങനെ പൂർത്തിയാകുന്നു എന്നു് വി. ലിഖിതം ഉദ്ധരിച്ചു കാണിക്കുവാൻ ആദിമക്രിസ്ത്യാനികൾ ശ്രദ്ധിച്ചിരുന്നു. സുവിശേഷങ്ങളിൽ നിരവധി വി. ലിഖിത ഉദ്ധരണികളും സൂചനകളും കാണാൻ കഴിയും. ഉദ്ധരണിക്കു് ആമുഖമായി ദൈവവചന പൂർത്തീകരണത്തെ പ്രത്യക്ഷമായി ഊന്നിപ്പറയുന്ന ഒരു നിശ്ചിതവാക്യം കൂട്ടിച്ചേർക്കുക എന്നതു് മത്തായിയുടെ ഒരു പ്രത്യേകതയാണു്. 'ആമുഖവാക്യം-ഉദ്ധരണി' എന്ന ഈ പ്രത്യേകരൂപം മത്തായിയുടെ സുവിശേഷത്തിൽ 11 പ്രാവശ്യം പ്രയോഗിക്കപ്പെട്ടിരിക്കുന്നു. ശൈശവവിവരണത്തിൽ 4 പ്രാവശ്യം ഇതു് കാണാം (1:22–23;2:15,17–18,33). ഈ ഉദ്ധരണികൾ ഓരോ ഖണ്ഡികക്കും ദൈവശാസ്ത്രപരമായ ഒരു നിറം നൽകുന്നു. യേശുവിന്റെ ശൈശവസംഭവങ്ങൾ പ്രഥമദൃഷ്ട്യാ കേവലം സാധാരണങ്ങളെന്നു തോന്നാമെങ്കിലും വാസ്തവത്തിൽ ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ഭാഗമാണു് അവയെന്നു് ഈ ഉദ്ധരണികൾ ചൂണ്ടിക്കാണിക്കുന്നു.

ഇങ്ങനെ വിവിധ സാഹിത്യസങ്കേതങ്ങൾ കോർത്തിണക്കി നിർമ്മിച്ച ഈ ഖണ്ഡികയുടെ പൊതുവായ ഘടന ഇപ്രകാരമാണു്:

ശീർഷകം: ''യേശുമിശിഹായുടെ ജനനം''—വാ 18a

A സന്ദർഭം:

1 കന്യാഗർഭധാരണം—വാ 18b

www.malankaralibrary.com

2 യൗസേപ്പിന്റെ തീരുമാനം—വാ 19

B വെളിപാട്:

ദൈവദൂതൻ പ്രത്യക്ഷപ്പെടുന്നു—വാ 20a

1 സന്ദേശം: യൗസേപ്പിന്റെ തീരുമാനത്തിനു മറുപടി—വാ 20b

2 മംഗലവാർത്ത: പുത്രൻ ജനിക്കും—വാ 21a

3 കല്പന: നാമകരണം വാ 21b

4 പ്രവചനം: ശിശുവിന്റെ ദൗത്യം വാ 21c

C വി. ലിഖിതപൂർത്തീകരണസാക്ഷ്യം—വാ 22–23

D കല്പനാനിർവഹണം—വാ 24–25

ഈ ഖണ്ഡികയിൽ രണ്ടു പാരമ്പര്യങ്ങൾ സംയോജിപ്പിച്ചിരിക്കുന്നതായി കാണാം. ഒന്നാമത്തേതു് യൗസേപ്പിന്റെ സംശയവും (വാ 19) അതിന്റെ നിവാരണത്തിനായി നൽകപ്പെട്ട വെളിപാടും (വാ 20) ഉൾക്കൊള്ളുന്നു. മറിയത്തിന്റെ കന്യാഗർഭധാരണമാണു് ഇതിന്റെ പശ്ചാത്തലം. യേശുവിന്റെ കന്യാജനനത്തെ സംശയങ്ങൾക്കും ദൂഷണങ്ങൾക്കുമെതിരായി സുരക്ഷിതമാക്കുകയാണു് ഉദ്ദേശ്യം. യൗസേപ്പിന്റെ സംശയം വായനക്കാരുടെ സംശയത്തെ പ്രതിഫലിപ്പിക്കുന്നു. യൗസേപ്പിനു നൽകപ്പെട്ട ദൈവികസന്ദേശം (വാ 20) ഈ സംശയങ്ങളെ നിശേഷം ദൂരീകരിക്കുകയും കന്യാഗർഭധാരണം ദൈവാത്മാവിന്റെ ശക്തിയാൽ സംഭവിച്ചു എന്നു സംശയരഹിതമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. സംശയനിവാരണത്തിനു ശേഷം യൗസേപ്പ് മറിയത്തെ ഭാര്യയായി സ്വീകരിച്ചെന്നും യേശുവിന്റെ ജനനംവരെ വിരക്തനായി അവളോടൊത്തു് ജീവിച്ചെന്നുമുള്ള പ്രസ്താവനയോടുകൂടെ (വാ 24–25a) ഈ പാരമ്പര്യം അവസാനിക്കുന്നു.

രണ്ടാമത്തെ പാരമ്പര്യം ശിശുവിന്റെ ജനനത്തെയും നാമകരണത്തെയുംപററിയുള്ള "മംഗലവാർത്ത"യാണു്. ഇതു് യൗസേപ്പിനുള്ള ഒരു ദൈവകല്പനകൂടിയാണു്. ശിശുവിനു പേരിടുക എന്ന പിതാവിന്റെ അവകാശം "ദാവീദിന്റെ പുത്രനായ യൗസേപ്പിനെ" (വാ 20) ദൈവം ചുമതലപ്പെടുത്തുന്നു. ദൈവത്തിന്റെ കല്പനയെ സസന്തോഷം സ്വീകരിച്ചു് ദൈവം നൽകിയ പിതൃത്വാവകാശം ഉപയോഗിച്ചു് നാമകരണത്തിലൂടെ ശിശുവിന്റെ പിതൃത്വം യൗസേപ്പ് ഏറ്റെടുക്കുന്നു (വാ 25b). അങ്ങനെ കന്യകയായ മറിയത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലാണു് ഉത്ഭവിച്ചതെങ്കിലും യേശു ദൈവത്തിന്റെ ഹിതാനുസാരം യൗസേപ്പിന്റെ പുത്രനായി

www.malankaralibrary.com

ത്തീരുന്നു; അബ്രാഹത്തിൻെറയും ദാവീദിൻെറയും അവകാശിയും വാഗ്ദാനങ്ങളുടെ പൂർത്തീകരണവും ആയിത്തീരുന്നു. ഇക്കാര്യം വെളിപ്പെടുത്തുകയാണ് മത്തായിയെ സംബന്ധിച്ചിടത്തോളം ഈ ഖണ്ഡികയുടെ പ്രധാന ഉദ്ദേശ്യം.

മറിയത്തെ രഹസ്യത്തിൽ ഉപേക്ഷിക്കുവാനുള്ള യൗസേപ്പിൻെറ തീരുമാനത്തിന് സേവ്യർ ലെയോൺ ഡ്യൂഫ്ളർ (cf. op. cit) എന്ന പണ്ഡിതൻ ഒരു പുതിയ വ്യാഖ്യാനം നൽകുന്നുണ്ട്. യൗസേപ്പിൻെറ തീരുമാനത്തിൻെറ കാരണം മറിയത്തിൻെറ വിശ്വസ്തതയെപ്പററിയുള്ള സംശയമല്ല. വ്യഭിചാരിണിയെ പരസ്യമായി കുററമാരോപിച്ച് ശിക്ഷിപ്പിക്കുക മോശയുടെ നിയമമാണ്. യൗസേപ്പ് അതു ചെയ്യാതിരുന്നതിൽനിന്ന് അനുമാനിക്കേണ്ടതു് ഭാര്യയുടെ വിശ്വസ്തതയെപ്പററി അദ്ദേഹത്തിന് സംശയമില്ലായിരുന്നു എന്നതാണ്. ശിശുവിൻെറ ദൈവികമായ ഉത്ഭവത്തെപ്പററി മറിയത്തിൽനിന്നുതന്നെ യൗസേപ്പ് അറിഞ്ഞിരുന്നു. എന്നിട്ടും അവളെ രഹസ്യത്തിൽ പറഞ്ഞയയ്ക്കാൻ തീരുമാനിച്ചതിലാണ് അദ്ദേഹത്തിൻെറ ''നീതി'' (cf.വാ 19) വ്യക്തമാകുന്നതു്. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവളായ മറിയത്തിന് സ്വന്തമായ ഒരു ദൗത്യമുണ്ടെന്നും, ദൈവികപദ്ധതിയുടെ ഉപാധിയായ അവരം ദൈവം പ്രത്യേകമായി നിശ്ചയിച്ച വഴിയെ പോകണമെന്നും യൗസേപ്പ് മനസ്സിലാക്കി. എന്നാൽ ദൈവത്തിൻെറ പദ്ധതിയിൽ തൻെറ പങ്ക് എന്തെന്ന് അദ്ദേഹത്തിന് അജ്ഞാതമായിരുന്നു. മറിയത്തിൽ അവതീർണ്ണമായ ദൈവികരഹസ്യത്തെ ആദരപൂർവ്വം വീക്ഷിച്ച അദ്ദേഹം മറിയത്തെ തൻെറ ജീവിതവുമായി ബന്ധിച്ചിടാനും ദൈവികശിശുവിൻെറ പിതൃസ്ഥാനം സ്വീകരിക്കാനും ധൈര്യപ്പെട്ടില്ല. തന്നിമിത്തം ദൈവത്തിൻെറ പദ്ധതിയിൽ പരിപൂർണ്ണമായി സഹകരിക്കത്തക്കവണ്ണം മറിയത്തെ സ്വതന്ത്രയാക്കി അയയ്ക്കാൻ അദ്ദേഹം തീരുമാനിച്ചു. അവൾക്ക് അപമാനമുണ്ടാകാതിരിക്കാൻ അതു് രഹസ്യത്തിലാകട്ടെയെന്നും നിശ്ചയിച്ചു. യൗസേപ്പിൻെറ ''നീതി'' നിയമപാലനത്തിലല്ല ദൈവത്തിൻെറ പദ്ധതിയോടുള്ള പരിപൂർണ്ണ സഹകരണത്തിലാണ് അടങ്ങിയിരിക്കുന്നതു്. ദൈവദൂതനിൽനിന്ന് രക്ഷാപദ്ധതിയിൽ തൻെറ ദൗത്യമെന്തെന്ന് മനസ്സിലാക്കിയക്ഷണത്തിൽ ആദ്യനിശ്ചയം മാററി യൗസേപ്പ് മറിയത്തെ ഭാര്യയായി സ്വീകരിക്കുകയും ശിശുവിൻെറ പിതൃസ്ഥാനം ഏറെറടുക്കുകയും ചെയ്തു.

ഏശയ്യാ 7:14 ഉദ്ധരിച്ചുകൊണ്ടു് (വാ 22–23) സുവിശേഷകൻ മംഗലവാർത്തയെ അതിൻെറ പ്രവചനമായ മറെറാരു മംഗലവാർത്തയുമായി ബന്ധിക്കുകയും വി. ലിഖിത പൂർത്തീകരണമായി വ്യാഖ്യാനിക്കുകയും ചെയ്യുന്നു. ''എമ്മാനുഏൽ''–

www.malankaralibrary.com

ദൈവം നമ്മോടുകൂടെ—എന്ന ദൈവത്തിന്റെ രക്ഷാകര സാന്നി ദ്ധ്യത്തെ ദ്യോതിപ്പിക്കുന്ന നാമം "യേശു" എന്ന നാമത്തിന്റെ അർത്ഥസംപുഷ്ടമായ ഒരു വ്യാഖ്യാനമാണ്. 21-ാം വാക്യം "യേശു" എന്ന നാമത്തിന്റെ പൊരുൾ വിശദമാക്കുന്നു: "അവിടുന്നു തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു് രക്ഷിക്കും" യേശുവിന്റെ രക്ഷാചരിത്രപരമായ ദൗത്യത്തിന്റെ സാരസംഗ്രഹമാണത്.

B യേശുവിന്റെ ഭാവിയുടെ പ്രവചനാത്മകമായ ചിത്രീകരണം.

യേശുവിന്റെ ജനനത്തെപ്പററിയുള്ള ഒരാമുഖപ്രസ്താവനയോടുകൂടെയാണ് ശൈശവവിവരണത്തിന്റെ രണ്ടാംഭാഗം ആരംഭിക്കുന്നത്: "ഹേറോദേസ് രാജാവിന്റെ കാലത്തു് യൂദയായിലെ ബേത്ലഹെമിൽ യേശു പിറന്നപ്പോൾ. ."(2:1). ആദ്യഭാഗവുമായി ഈ ഭാഗത്തെ ബന്ധിക്കുന്ന കണ്ണിയുമാണത്. യേശുവിന്റെ ശൈശവത്തെപ്പററി തനിക്കു ലഭ്യമായ പാരമ്പര്യങ്ങൾ ദൈവശാസ്ത്രപരമായ ഉദ്ദേശ്യത്തോടുകൂടെ വൈദഗ്ദ്ധ്യപൂർവ്വം സുവിശേഷകൻ ഇവിടെ ക്രമീകരിച്ചിരിക്കുന്നു. 1:18-25 ൽ ഉപയോഗിച്ച സാഹിത്യസങ്കേതങ്ങൾ (സ്വപ്നത്തിൽ ദൈവദൂതൻവഴി നൽകുന്ന വെളിപാട്, ദൈവകല്പന-കല്പനാനിർവഹണം, വി. ലിഖിത പൂർത്തീകരണസാക്ഷ്യം) ഈ അദ്ധ്യായത്തിലും ഉപയോഗിച്ചിരിക്കുന്നു.

1 വിജ്ഞാനികളുടെ ആരാധന (2:1-12)

ഈ ഭാഗം നാലു രംഗങ്ങൾ ഉൾക്കൊള്ളുന്നു. മദ്ധ്യത്തിലായി വി. ലിഖിതത്തിൽനിന്നൊരു ഉദ്ധരണിയും.

ആമുഖം: വിജ്ഞാനികളുടെ വരവു് വാ 1—2

1-ാം: രംഗം വിജ്ഞാനികളുടെ ചോദ്യം ഹേറോദേസ് പ്രഭൃതികളുടെ പരിഭ്രാന്തി വാ 3

| | |
|---|---|
| 2-ാം രംഗം: ഹേറോദേസും യഹൂദാചാര്യന്മാരും | വാ 4-5a |
| വി. ലിഖിതത്തിൽനിന്നു് ഉദ്ധരണി | വാ 5b-6 |
| 3-ാം രംഗം: ഹേറോദേസും വിജ്ഞാനികളും | വാ 7—8 |
| 4-ാം രംഗം: വിജ്ഞാനികളും യേശുവും | വാ 9—11 |
| സമാപനം: ജ്ഞാനികളുടെ മടക്കയാത്ര | വാ 12 |

ഈ ഖണ്ഡിക വിജ്ഞാനികളുടേയും ഹേറോദേസ് പ്രഭൃതികളുടേയും പ്രതികരണങ്ങൾ തമ്മിലുള്ള വൈപരീത്യത്തെ ചിത്രീകരിക്കുന്നു. കിഴക്കു പ്രത്യക്ഷപ്പെട്ട നക്ഷത്രത്തിൽനിന്നു

www.malankaralibrary.com

പ്രതീക്ഷാവിഷയമായിരുന്ന യൂദന്മാരുടെ രാജാവിന്റെ ജനനത്തെപ്പററി സൂചന ലഭിച്ചയുടനെ വിജ്ഞാനികൾ അദ്ദേഹത്തെ ആരാധിക്കുന്നതിനായി ഓർശ്ലേം ലക്ഷ്യമാക്കി യാത്രതിരിക്കുന്നു. നക്ഷത്രോദയത്തിലടങ്ങിയിരിക്കുന്ന ദൈവകല്പന അവർ സ്വീകരിക്കുന്നു. എന്നാൽ ഹേറോദേസ് രാജാവിലും ഓർശ്ലേം നിവാസികളിലും ഈ സദ്വാർത്ത പരിഭ്രാന്തിയാണ് ഉളവാക്കിയതു്. തന്റെ പ്രതിയോഗിയെന്നു് ധരിച്ച് യേശുവിനെ നശിപ്പിക്കാൻ ഭയചകിതനായ ഹേറോദേസ് പ്ലാനിടുന്നു. അയാളുടെ വാക്കുകളിൽ (വാ 8) മറഞ്ഞിരിക്കുന്ന കപടത പിന്നീടാണു വ്യക്തമാകുന്നതു് (വാ 16). യേശുവിനും അദ്ദേഹത്തിന്റെ സാർവ്വത്രിക സുവിശേഷത്തിനും ഭാവിയിൽ വിജാതീയരിൽനിന്നു് ലഭിക്കാനിരുന്ന സ്വാഗതത്തെ വിജ്ഞാനികളുടെ ആരാധന സൂചിപ്പിക്കുമ്പോൾ സ്വജനങ്ങളിൽനിന്നു് ലഭിക്കാനിരുന്ന തിരസ്കരണത്തെയും പീഡനത്തെയും ഹേറോദേസിന്റെ ക്രൂരത സൂചിപ്പിക്കുന്നു.

ഈ ഖണ്ഡികയുടെ ഹൃദയസ്ഥാനത്തു നില്ക്കുന്നതു് വി. ലിഖിതത്തിൽനിന്നുള്ള (മിക്കാ 5:2) ഉദ്ധരണിയാണ് (വാ5b–6). "യഹൂദരുടെ ജനിച്ച രാജാവു് എവിടെയാണ്? എന്ന വിജ്ഞാനികളുടെ ചോദ്യത്തിനും (വാ 2) മിശിഹാ എവിടെയാണ് ജനിക്കുക?" എന്ന ഹേറോദേസിന്റെ ചോദ്യത്തിനും വി. ലിഖിതംതന്നെ മറുപടി പറയുന്നു. അങ്ങനെ യേശു ദാവീദിന്റെ ജന്മദേശമായ ബേത്ലഹത്തു ജനിച്ചതു് ദൈവവചന പൂർത്തീകരണമാണെന്നിവിടെ വ്യക്തമാകുന്നു. ഇസ്രായേൽ ജനത്തെ ഭരിക്കാനുള്ള രാജാവാണ് യേശു എന്ന ദൗത്യസൂചനയും പ്രവചനത്തിലുണ്ടു് (വാ 6b).

നക്ഷത്രോദയത്തിന്റെ അടിസ്ഥാനത്തിലുള്ള പൗരസ്ത്യവിജ്ഞാനികളുടെ വരവിന്റെ വിവരണം ചരിത്രപരമാണോ? മിശിഹായുടെ ജനനസമയത്തെ ഗ്രഹനിലയെ വിവരിക്കുന്ന ഒരു ഭാഗം ഖുറാൻ ലിഖിതങ്ങളിലുണ്ടു്. ആ രീതിയിലുള്ള ജ്യോതിഷസംബന്ധമായ കണക്കുക്കൂട്ടലുകൾ നടന്നിരുന്നു എന്നതിനു തെളിവാണതു്. സുവിശേഷത്തിലെ വിജ്ഞാനികൾ ജോത്സ്യരോ ജ്യോതിശാസ്ത്രജ്ഞന്മാരോ, ആയിരുന്നിരിക്കാം. എന്നാൽ മത്താ 2:1–12 ലെ വിവരണത്തിനു പുതിയ നിയമത്തിന്റെ ഇതരഭാഗങ്ങളിൽനിന്നോ മററു ചരിത്രസാക്ഷ്യങ്ങളിൽനിന്നോ

www.malankaralibrary.com

സ്ഥിരീകരണം ലഭിക്കുന്നില്ല. കേവലംചരിത്രപരമായി വീക്ഷിച്ചാൽ പരിഹരിക്കാനെളുപ്പമല്ലാത്ത പല പ്രശ്നങ്ങളും ഈ വിവരണത്തിലുണ്ട്. ദുഷ്ടനായ ഹേദോദേസിനെ വെറുത്തിരുന്ന ഓർശ്ലേംകാർ അയാളോടുകൂടെ പരിഭ്രമിച്ചു എന്നു കരുതുക എളുപ്പമല്ല. യഹൂദാധികാരികളിൽനിന്നു അകന്നു നിന്നിരുന്ന ഹേറോദേസ് യഹൂദപരമാധികാരസഭ വിളിച്ചുകൂട്ടി ആലോചന നടത്തുന്നതും വിചിത്രമായി തോന്നാം. തൻെറ എതിർ രാജാവു് ജനിച്ചിരിക്കുന്നു എന്ന ചിന്തയാൽ പരിഭ്രാന്തനായ ഹേറോദേസ് സ്വന്തമായി ചാരന്മാരെ അയയ്ക്കാതെ വിജ്ഞാനികളിൽനിന്നു് വിവരങ്ങളറിഞ്ഞുകൊള്ളാമെന്നു പ്രതീക്ഷിച്ചുകഴിയുക എന്നതും സ്വാഭാവികമല്ല. കൂടാതെ വിജ്ഞാനികൾ ആരാധനയ്ക്കുശേഷം പുതിയനിയമത്തിൽനിന്നു പരിപൂർണ്ണമായി തിരോധാനം ചെയ്യുന്നു എന്നതും ശ്രദ്ധേയമാണ്. ഇതെല്ലാം പരിഗണിക്കുമ്പോൾ കൃത്യമായ ചരിത്രവിവരണമെന്നതിനേക്കാൾ ദൈവശാസ്ത്രപരമായ പ്രബോധനത്തിൻെറ സ്ഥൂലാവതരണമാണിതെന്നു കരുതാൻ ന്യായം കാണുന്നുണ്ട്. യേശുവിൻെറ ശൈശവത്തിലെ ഒരു സംഭവത്തേക്കാൾ മിശിഹായ്ക്കും സുവിശേഷത്തിനും യഹൂദരിൽനിന്നും വിജാതീയരിൽനിന്നും ലഭിക്കാനിരുന്ന വിപരീതങ്ങളായ പ്രതികരണങ്ങളെ പ്രതീകാത്മകമായി ചിത്രീകരിക്കുകയായിരുന്നില്ലേ സുവിശേഷകൻെറ ഉദ്ദേശ്യമെന്ന ചോദ്യം പ്രസക്തമാണ്.

ഈ കാഴ്ചപ്പാടിൽ നോക്കുമ്പോൾ കിഴക്കു പ്രത്യക്ഷപ്പെട്ടു് മിശിഹായുടെ ജനനത്തെ വിജ്ഞാനികളെ അറിയിക്കുകയും (വാ 2) ഓർശ്ലേത്തുനിന്നു ബേത്ലഹംവരെ അവരെ നയിക്കുകയും യേശു കിടന്നിരുന്ന സ്ഥലത്തിനു മുകളിൽ നിലയുറപ്പിക്കുകയും ചെയ്ത (വാ 9) അത്ഭുതനക്ഷത്രം വിവരണത്തെ മോടിപിടിപ്പിക്കുന്ന ഒരു സങ്കേതമെന്നുവേണം കരുതാൻ.

## 2. ദൈവികസംരക്ഷണം 2:13–23

ഹേറോദേസിൻെറ ക്രൂരതയെപ്പററി മുൻഖണ്ഡികയിൽ കാണുന്ന സൂചനകൾ ഈ ഭാഗത്തു വിവരിക്കുന്ന സംഭവങ്ങൾക്കു പശ്ചാത്തലമൊരുക്കുന്നു. അതായതു് യഹൂദരാജശിശുവിൻെ ജനനത്തിൽ പരിഭ്രമം (വാ3), നക്ഷത്രോദയ സമയത്തെപ്പററി അന്വേഷണം (വാ7), കാപട്യം (വാ8), വിജ്ഞാനികൾക്കു് സ്വപ്നത്തിൽ ലഭിച്ച താക്കീതു് (വാ12) എന്നിവ. ഈ ഭാഗത്തെ പല വാക്യങ്ങൾക്കും പുറപ്പാടുപുസ്തകം മോശയെപ്പററി നൽകുന്ന പ്രതിപാദനങ്ങളോടു സാരമായ സാമ്യമുണ്ടു്.

www.malankaralibrary.com

| മത്തായി | പുറപ്പാട് |
|---|---|
| 2:13 ഈ ശിശുവിനെ നശിപ്പിക്കുന്നതിനുവേണ്ടി ഹേറോദേസ് അതിനെ അന്വേഷിക്കും | 2:15 മോശയെ കൊല്ലുന്നതിന് ഫറവോൻ അന്വേഷിച്ചു |
| 2:14 യൗസേപ്പ് മറിയത്തേയും യേശുവിനെയുംകൊണ്ട് ഹേറോദേസിൽനിന്നു് ഒളിച്ചോടുന്നു. | 2:15 മോശ ഫറവോനിൽനിന്നു് ഒളിച്ചോടുന്നു. |
| 2:16 എല്ലാ ആൺ കുട്ടികളേയും വധിപ്പിച്ചു. | 1:16 കുട്ടി ആണാണെങ്കിൽ അതിനെ കൊന്നുകളയണം<br>1:22 ഹെബ്രായർക്ക് ജനിക്കുന്ന എല്ലാ ആൺകുട്ടികളെയും നദിയിലെറിയുവിൻ |
| 2:13–18 ഹേറോദേസിന്റെ വധോദ്യമത്തിൽനിന്നു് യേശു രക്ഷപ്പെടുന്നു. | 2:1–10 ഫറവോന്റെ വധോദ്യമത്തിൽ നിന്നു് മോശ രക്ഷപെടുന്നു. |
| 2:19 ഹേറോദേസിന്റെ മരണത്തിനുശേഷം ഈജിപ്തിൽവച്ച് ദൈവദൂതൻ യൗസേപ്പിനോടു പറഞ്ഞു | 4:19 (Lxx) ഈജിപ്തിലെ രാജാവ് മരിച്ചു. മെദിയാനിൽവച്ച് ദൈവം മോശയോടു പറഞ്ഞു. |
| 2:20 ഇസ്രായേൽ ദേശത്തേക്ക് മടങ്ങുക. ശിശുവിന് ജീവഹാനി വരുത്താനുദ്ദേശിച്ചിരുന്നവരെല്ലാം മരിച്ചുപോയി | 4:19 ഈജിപ്തിലേക്ക് മടങ്ങുക, നിനക്ക് ജീവഹാനി വരുത്താനുദ്ദേശിച്ചിരുന്നവരെല്ലാം മരിച്ചുപോയി |
| 2:21 യൗസേപ്പ് ശിശുവിനേയും അമ്മയേയും കൂട്ടിക്കൊണ്ട് ഇസ്രായേൽ ദേശത്തേക്കു പോയി | 4:20 മോശ ഭാര്യയേയും പുത്രനേയും കൂട്ടിക്കൊണ്ട് ഈജിപ്തിലേക്ക് തിരിച്ചു പോയി |

ദൈവത്തിന്റെ പ്രവാചകനും പുറപ്പാടിലെ നേതാവും നിയമദാതാവുമായ മോശക്ക് യഹൂദചിന്തയിൽ അതുല്യമായ സ്ഥാനം ഉണ്ടായിരുന്നു. എന്നാൽ ക്രിസ്തീയചിന്തയിൽ യേശു രക്ഷാചരിത്ര പൂർത്തീകരണ ഘട്ടത്തിൽ വരുമെന്ന് മോശ പ്രവചിച്ച അന്ത്യപ്രവാചകനാണ് (ആവ 18:15). ദൈവം മോശയെ ഫറവോനിൽനിന്നു രക്ഷിച്ചതുപോലെ യേശുവിനെ ഹേറോദേസിൽ നിന്നു് അത്ഭുതകരമായി രക്ഷിക്കുന്നു. യേശുവിന്റെ ചരിത്രം മോശയുടെ ചരിത്രത്തിന്റെ മാതൃകയിൽ രചിച്ചിരിക്കുന്നതിന്റെ താല്പര്യം യേശു ദ്വിതീയ മോശയാണ്, മോശയെക്കാൾ വലിയവനാണ് എന്നു ധ്വനിപ്പിക്കുകയാണ്.

www.malankaralibrary.com

a) ഈജിപ്തിലേക്കുള്ള ഒളിച്ചോട്ടം.

പൗരസ്ത്യവിജ്ഞാനികൾ യേശുവിനെ വന്നാരാധിക്കുന്ന സന്തോഷകരമായ രംഗത്തിനുശേഷം സുവിശേഷകൻ വിവരിക്കുന്നതു് സ്വദേശത്തുനിന്നു് തിരുക്കുടുംബം ഒളിച്ചോടേണ്ടി വരുന്ന ശോകാത്മകരംഗമാണു്. ദിവ്യശിശുവിനെ ദൈവം അത്ഭുതകരമായി സംരക്ഷിക്കുകയും പീഡകരിൽനിന്നു് കാത്തു സൂക്ഷിക്കുകയും ചെയ്യുന്നു എന്നതാണു് ഈ ഖണ്ഡികയുടെ അർത്ഥം. തിരുക്കുടുംബതലവൻ എന്ന യൗസേപ്പിന്റെ ദൈവദത്തമായ സ്ഥാനം ശിശുവിന്റേയും മാതാവിന്റേയും മാതൃകാപരമായ സംരക്ഷണത്തിൽ അന്വർത്ഥമാകുന്നു. ഹേറോദേസിന്റെ മരണംവരെ മാത്രമേ ഇസ്രായേൽനാട്ടിൽനിന്നുള്ള വിപ്രവാസം നീളുകയുള്ളു എന്നസൂചനയും ഇവിടെയുണ്ടു് (വാ 13).

ഈ ഖണ്ഡികയിലും നാം മുമ്പുകണ്ട ദൈവകല്പന–കല്പനാനിർവഹണം എന്ന സാഹിത്യരൂപം കാണാം. സ്വപ്നത്തിൽ, യൗസേപ്പിനു് ദൈവദൂതൻ നൽകുന്ന കല്പനയും അതിന്റെ സത്വരവും കൃത്യവുമായ നിർവഹണവും സമാനമായ വാക്കുകളിൽ വിവരിച്ചിരിക്കുന്നു.

| 2:13 | 2:14 |
|---|---|
| എഴുന്നേററു് | യൗസേപ്പ് എഴുന്നേററു് |
| ശിശുവിനേയും മാതാവിനേയും | ശിശുവിനേയും മാതാവിനേയും |
| കൂട്ടിക്കൊണ്ടു് | കൂട്ടിക്കൊണ്ടു് |
| വേഗം | രാത്രിയിൽത്തന്നെ |
| ഈജിപ്തിലേക്കു പോകുക | ഈജിപ്തിലേക്കു പോയി |
| ഞാൻ വീണ്ടും അറിയിക്കുന്നതുവരെ | |
| | ഹേറോദേസിന്റെ മരണംവരെ |
| അവിടെ പാർക്കണം | അവിടെ പാർത്തു. |
| കാരണം ഹേറോദേസ് ശിശുവിനെ നശിപ്പിക്കാൻ അന്വേഷിക്കുന്നു. | |

ഈ പ്രത്യേക രചനവഴി സുവിശേഷകൻ വെളിപ്പെടുത്തുന്നതു് രക്ഷാചരിത്രത്തിൽ ദൈവത്തിന്റെ നിർണ്ണായക കർത്തൃത്വമാണു്. തന്റെ പദ്ധതികൾ മനുഷ്യർവഴി ദൈവം സാധിക്കുന്നു. ദൈവഹിതത്തെ തടയാൻ മനുഷ്യനു സാദ്ധ്യമല്ല. ദൈവഹിതാനുസാരമല്ലാത്ത ശ്രമങ്ങൾ നിഷ്ഫലങ്ങളാണു്.

www.malankaralibrary.com

അതുകൊണ്ടു് ദിവ്യശിശുവിനെ നശിപ്പിക്കാനുള്ള ഹേറോദേസിൻെറ തീവ്രശ്രമങ്ങളെല്ലാം പരാജയോന്മുഖമാണു്. രണ്ടാമദ്ധ്യായത്തിലെ സംഭവങ്ങൾ ഹേറോദേസിൻെറ തീരുമാനത്തിൻെറ ഫലങ്ങളാണെന്നു് പ്രഥമവീക്ഷണത്തിൽ തോന്നാമെങ്കിലും വാസ്തവത്തിൽ ദൈവത്തിൻെറ പദ്ധതികൾ മാത്രമാണ് ഇവിടെ നടക്കുന്നതു്.

ഈ ഖണ്ഡിക സമാപിക്കുന്നതു് വി. ലിഖിത പൂർത്തീകരണസാക്ഷ്യത്തോടുകൂടെയാണു് (വാ. 15). ഈജിപ്തിലെ വിപ്രവാസം യേശുവിൻെറ ജീവിതത്തിലെ അപ്രസക്തമായ ഒരു ദുരന്തസംഭവമല്ല, പ്രത്യുത, ഇസ്രായേൽ ചരിത്രത്തിലെ നിർണ്ണായകസംഭവവുമായി യേശുവിൻെറ ജീവിതത്തെ ബന്ധിക്കുന്ന തീകച്ചും അർത്ഥവത്തായ ഒരു കണ്ണിയാണെന്നു് സുവിശേഷകൻ ഊന്നിപ്പറയുന്നു. ഇസ്രായേൽ ജനത്തിൻെറ ദേശീയവും മതപരവുമായ ചരിത്രത്തിലെ മഹൽസംഭവവും, മിശിഹാചരിത്രത്തിലെ രക്ഷയുടെ പ്രതീകവുമായ പുറപ്പാടിനെ അനുസ്മരിക്കാതെ മോശയെപ്പററി ചിന്തിക്കുക സാദ്ധ്യമല്ല. യേശു പുതിയ മോശയാണു്, യേശുവിൻെറ രക്ഷാകാലം വന്നെത്തിയിരിക്കുന്നു എന്നു വിശ്വസിച്ചിരുന്ന ആദിമക്രിസ്ത്യാനികൾക്കു യേശുവിൻെറ ജീവിതത്തിലെ സംഭവങ്ങൾക്കു മോശയും പുറപ്പാടുമായുള്ള സാദൃശ്യങ്ങൾ പ്രത്യേകം ഹൃദ്യങ്ങളായിരുന്നു.

പ്രവാചകവചനം (ഹോസെ 11:1) ഇസ്രായേൽ ജനത്തെയും പുറപ്പാടിനെയും അർത്ഥസംപുഷ്ടമായ ഒരു വാക്യത്തിൽ സംഗ്രഹിക്കുന്നു (വാ 15). ദൈവപുത്രനായ ഇസ്രായേലിൻെറ (പുറ 4:22 f) ഈജിപ്തിൽനിന്നുള്ള വിളി സാക്ഷാൽ ദൈവപുത്രനായ യേശുവിൻെറ ഈജിപ്തിൽനിന്നുള്ള വിളിയുടെ പ്രതീകമാണു്, മുൻചിത്രീകരണമാണു്. പ്രതീകവും യാഥാർത്ഥ്യവും തമ്മിലുള്ള സാമ്യം വ്യക്തമാക്കുന്നതു് യേശുവിൻെറ ഈജിപ്തിലെ വിപ്രവാസം രക്ഷാചരിത്രത്തിൻെറ ഭാഗവും ദൈവഹിതത്തിൻെറ പൂർത്തീകരണവുമാണെന്നാണു്. ദൈവകല്പനാനുസാരമാണ് ഇസ്രായേലും യേശുവും തങ്ങളുടെ ദൗത്യനിർവഹണത്തിനായി ഈജിപ്തിൽനിന്ന് ഇസ്രായേൽ നാട്ടിൽ എത്തിച്ചേരുന്നതു് (cf വാ 19–23).

ഈജിപ്തിലേക്കുള്ള ഒളിച്ചോട്ടം ചരിത്രപരമായി അസാദ്ധ്യമായ ഒരു സംഭവമല്ല. ബേത്ലഹമിൽനിന്നു് ഈജിപ്തിലെത്താൻ

www.malankaralibrary.com

ഏകദേശം ഒരാഴ്ചത്തെ യാത്രയേ ആവശ്യമുള്ളു. നസ്രസിലെ ത്താനും അത്രയും യാത്രചെയ്യണം. ഹേറോദേസിൻെറ ക്രൂരത കുപ്രസിദ്ധവുമാണ്.

എന്നാൽ ഇങ്ങനെയൊരു സംഭവത്തെപ്പററി മററു യാതൊരു സാക്ഷ്യവുമില്ല. യേശുവിൻെറ ശൈശവത്തെ വിവരിക്കുന്ന ലൂക്കാ സുവിശേഷകൻപോലും ഈ സംഭവത്തെപ്പററി യാതൊരു സൂചനയും നൽകുന്നില്ല. മാത്രമല്ല ലൂക്കായുടെ വിവരണവുമായി (ബേത്ലഹത്തുനിന്നു നേരിട്ടു നസ്രസിലേക്കു ലൂക്കാ 2:39) ഇതു പൊരുത്തപ്പെടുന്നുമില്ല. മത്തായിയുടെ വിവരണത്തിൽ ചരിത്രത്തെക്കാരം നിർണ്ണായകമായതു് പഴയനിയമസൂചനകളും വി. ലിഖിത പൂർത്തീകരണവുമാണ്: മോശ ഫറവോനിൽനിന്ന് ഒളിച്ചോടുന്നു (പുറ 2:15). ഇസ്രായേൽ ജനത്തെ യാഹ്വെ ഈജിപ്തിൽനിന്നു വാഗ്ദത്ത നാട്ടിലേക്കു നയിക്കുന്നു. ഒരു പക്ഷേ തിരുക്കുടുംബം ബേത്ലഹത്തുനിന്നു നസ്രസിലേക്കു കഴിച്ച യാത്രയെ (ഹേറോദേസിൽനിന്നുള്ള ഒളിച്ചോട്ടത്തെ?) സുവിശേഷകൻ തൻേറതായ രീതിയിൽ ദൈവശാസ്ത്രപരമായ താല്പര്യങ്ങളോടെ പഴയനിയമ മാതൃകയിൽ തന്മയത്വപൂർവ്വം അവതരിപ്പിച്ചതാകാം ഈ വിവരണം.

## b) ശിശുവധം വാ. 16–18

യേശുവിനെ രഹസ്യത്തിൽ നശിപ്പിക്കാൻവേണ്ടിയാണ് ഹേറോദേസ് വിജ്ഞാനികളിൽനിന്ന് യേശുവിൻെറ വാസസ്ഥലം കൃത്യമായി ഗ്രഹിക്കാൻ ശ്രമം നടത്തിയതു് (വാ 8). ഈ ശ്രമം ദൈവത്തിൻെറ ഇടപെടൽമൂലം പരാജയപ്പെട്ടു (വാ 12). ഇതു് ഹേറോദേസിനെ ക്രുദ്ധനാക്കിത്തീർത്തു (വാ 16). ബേത്ലഹത്തും എല്ലാ പരിസരപ്രദേശങ്ങളിലുമുള്ള രണ്ടു വയസ്സിൽ താഴെയുള്ള എല്ലാ ആൺകുഞ്ഞുങ്ങളേയും അയാരം കൊലപ്പെടുത്തി. സംശയരഹിതമായി യേശുവും നശിക്കണം, യാതൊരു വിധത്തിലും രക്ഷപ്പെട്ടുകൂടാ, എന്ന നിർബന്ധബുദ്ധി ഇവിടെ പ്രകടമാകുന്നു. വധോദ്യമത്തെ സുവിശേഷകൻ വിവരിക്കുന്നതു് ശിശുവിൻെറ രക്ഷപെടലിൻെറ വിവരണത്തിനുശേഷമാണ്. ദൈവത്തിൻെറ പദ്ധതിക്കു കടകവിരുദ്ധമായ ഹേറോദേസിൻെറ തീവ്രയത്നം തുടങ്ങുന്നതിനുമുമ്പേതന്നെ ഫലശൂന്യമാണ് എന്ന് സുവിശേഷകൻ അങ്ങനെ ദ്യോതിപ്പിക്കുന്നു.

ഇവിടെ ഉദ്ധരിക്കുന്ന പ്രവാചകവചനം ഗോത്രമാതാവായ റാഹേൽ റാമായുടെ ഉയരത്തിൽനിന്നുകൊണ്ടു് അടിമത്തത്തി

www.malankaralibrary.com

ലേക്കു് നയിക്കപ്പെടുന്ന തൻെറ മക്കളെ (ബെഞ്ചമിൻ, എഫ്രേം ഗോത്രങ്ങളെ) നോക്കി പ്രലപിക്കുന്ന ചിത്രമാണു് അവതരിപ്പിക്കുന്നതു് (ഏറ 31:15). നഷ്ടപ്പെട്ടുപോയ മക്കളെപ്പററിയുള്ള റാഹേലിൻെറ പ്രലാപം ബേത്ലഹമിൽ വധിക്കപ്പെട്ട ശിശുക്കളുടെ അമ്മമാരുടെ പ്രലാപത്തിൽ ആവർത്തിക്കപ്പെടുന്നു എന്നു് സുവിശേഷകൻ സൂചിപ്പിക്കുന്നു.

ശിശുവധം ചരിത്രപരമായ ഒരു സംഭവമാണെന്നു വിചാരിക്കാൻ ന്യായങ്ങളുണ്ടു്. ഹേറോദേസിൻെറ ക്രൂരത കുപ്രസിദ്ധമാണു്. സ്ത്രീപുരുഷശിശുഭേദമെന്യേ എതിരാളികളെ മാത്രമല്ല സ്വന്തം ഭാര്യയേയും മൂന്നു മക്കളേയുംപോലും വധിച്ചവനാണു് ഹേറോദേസ്. തൻെറ മരണം പൊതുവായ വിലാപത്താൽ ബഹുമാനിക്കപ്പെടാൻവേണ്ടി യൂദയായിലെ പ്രഭുക്കളെ ജെറിക്കോയിലെ കോട്ടയിൽ അടച്ചുപൂട്ടാനും തൻെറ മരണനാഴികയിൽ അവരെ വധിക്കാനും ഉത്തരവിട്ടവനാണു് ഹേറോദേസ്. ബേത്ലഹത്തെ അഞ്ചോ ആറോ കുഞ്ഞുങ്ങളെ നശിപ്പിക്കുക അയാൾക്കു് ഒരു പ്രശ്നമേ ആയിരുന്നില്ല, പ്രത്യേകിച്ചു് താൻ ഏറെ ഭയപ്പെടുന്ന പ്രതിയോഗിയെ നശിപ്പിക്കുന്നതിനുവേണ്ടി. കൂടാതെ തിരുക്കുടുംബം ബേത്ലഹം ഉപേക്ഷിച്ചു് നസ്രസിൽ താമസമാക്കിയതു് ചരിത്രപരമായ കാരണങ്ങളാലാണെന്നുവേണം വിചാരിക്കാൻ. (എന്നാൽ ലൂക്കായുടെ സാക്ഷ്യമനുസരിച്ചു് നസ്രസായിരുന്നു തിരുക്കുടുംബത്തിൻെറ സ്വദേശം).

എന്നിരുന്നാലും ഈ വിവരണം ചരിത്രസംഭവത്തെക്കാൾ ദൈവശാസ്ത്രപരമായ ചിന്തകളാണുൾക്കൊള്ളുന്നതെന്നൂഹിക്കാനും കാരണങ്ങളുണ്ടു്. ബേത്ലഹത്തു് പൗരസ്ത്യവിജ്ഞാനികൾ സന്ദർശിച്ച ഭവനം കണ്ടുപിടിക്കാൻ ഹേറോദേസിനു് അത്ര വൈഷമ്യം ഉണ്ടായി എന്നു വിചാരിക്കുക എളുപ്പമല്ല. ഹേറോദേസ് സ്വന്തം ചാരന്മാരെ നിയോഗിക്കാതെ വിജ്ഞാനികൾ തിരിച്ചുവന്നു് റിപ്പോർട്ടുചെയ്യാൻ കാത്തിരുന്നു എന്നും കരുതാനാവില്ല. ഇപ്രകാരമൊരു ശിശുവധത്തെക്കുറിച്ചു് മത്തായിയുടെ സുവിശേഷത്തിലൊഴികെ മറെറങ്ങും സൂചനയില്ല. മോശയുടെ ചരിത്രത്തിലെ സമാനമായ സംഭവം (ഫറവോൻ യഹൂദരുടെ ആൺകുഞ്ഞുങ്ങളെ നദിയിൽ താഴ്ത്തി കൊന്നുകളയുന്ന പതിവു്) ഈ ഖണ്ഡികയുടെ രൂപീകരണത്തെ സ്വാധീനിച്ചിട്ടുണ്ടു് എന്നു് വിചാരിക്കാനും ന്യായങ്ങളുണ്ടു്. ഹേറോദേസിൻെറ കുപ്രസിദ്ധമായ ക്രൂരസ്വഭാവം ഇങ്ങനെയൊരു ചിത്രീകരണത്തിനു് പ്രേരണനൽകിക്കൂടായ്കയില്ല. ഈ ഖണ്ഡികയുടെ ശ്ലഷ്കമായ വിവരണരീതിയും വി. ഗ്രന്ഥപൂർത്തീകരണപ്പരാമർശവും ഉദ്ധരണിയും ചരിത്രസാക്ഷ്യത്തിൻെറതിനേക്കാൾ മതപഠനവിവരണത്തിൻെറ പ്രതീതിയാണു് ഉളവാക്കുന്നതു്.

www.malankaralibrary.com

c) ഈജിപ്തിൽ നിന്നു് നസ്രസിലേക്കു് (വാ19–23)

ശൈശവവിവരണത്തിൻെറ അന്ത്യഭാഗം ദൈവപരിപാലനയിൽ നടക്കുന്ന ഒരു യാത്രാ വിവരണമാണു്–ഈജിപ്തിൽ നിന്നു പുറപ്പെട്ടു് ഇസ്രായേൽ നാട്ടിൽക്കൂടെ നസ്രസിലേക്കുള്ള യാത്ര. യേശു "നസ്രായൻ" ആണെന്ന പാരമ്പര്യം സുവിശേഷങ്ങളിൽ പല തവണ ആവർത്തിച്ചിട്ടുണ്ടു്. ദാവീദിൻെറ ജന്മദേശമായ ബേത്ലഹേമിൽ ജനിച്ച യേശു ദൈവഹിതാനുസാരമാണു് നസ്രസിൽ താമസമാക്കിയതെന്നു് ഈ വിവരണം വ്യക്തമാക്കുന്നു. ഈ ഭാഗത്തിൻെറ ഘടന ഇപ്രകാരമാണു്.

| | |
|---|---|
| I കല്പന–വാ19–20<br>സ്വപ്നത്തിൽ കല്പന | III കല്പന–വാ 22ab<br>സ്വപ്നത്തിൽ നിർദ്ദേശം |
| II നിർവഹണം– വാ 21<br>ഇസ്രായേൽ നാട്ടിലേക്കു് | IV നിർവഹണം വാ 22c–23a<br>ഗലീലിയിലെ നസ്രസിലേക്കു് |

V വി. ലിഖിത പൂർത്തീകരണസാക്ഷ്യം വാ 23c

നാം മുമ്പുകണ്ട സാഹിത്യ രൂപങ്ങൾ തന്നെയാണു് ഇവിടെയും കാണുന്നതു്. രണ്ടു ഘട്ടങ്ങളിലായാണു് കല്പനയും നൽകപ്പെടുന്നതു്. ആദ്യത്തെ കല്പനയും കല്പനാനിർവഹണവും തിരുക്കുടുംബത്തെ ഇസ്രായേൽ നാട്ടിലെത്തിക്കുന്നു. ഇസ്രായേൽ ജനത്തിൻെറ പുറപ്പാടിനെയാണു് ഇതു് അനുസ്മരിപ്പിക്കുക. തിരുക്കുടുംബത്തെ ഗലീലിയിലേക്കു നയിക്കുന്നതു് രണ്ടാമത്തൊരു കല്പനയാണു്. ഗലീലിയിലെ നസ്രസിൽ താമസമുറപ്പിക്കാൻ കല്പനയുണ്ടായിരുന്നോ, അതോ അതു യൗസേപ്പിൻെറ തീരുമാനമായിരുന്നോ എന്നു് വ്യക്തമല്ല.

തിരുക്കുടുംബം നസ്രസിൽ പോയി താമസമുറപ്പിച്ചതു് പ്രവചനപൂർത്തീകരണമായി സുവിശേഷകൻ ചിത്രീകരിക്കുന്നു. ഉദ്ധരിക്കുന്ന വാക്യം– "അവിടുന്നു് നസ്രായൻ എന്നു വിളിക്കപ്പെടും"–പഴയ നിയമത്തിലെങ്ങും കാണുന്നില്ല. ന്യായാ. 13:5,7; 16:17 സാംസനെ "നസീർ" = ദൈവത്തിനു സമർപ്പിതൻ എന്നു വിളിക്കുന്നു. സംരക്ഷിതൻ എന്ന അർത്ഥത്തിൽ "നസൂർ" എന്ന പദം ഏശ 49:6; 42:6–ൽ കാണാം. ഏശ 14:1–ൽ ജെസ്സെയുടെ (ദാവീദിൻെറ പിതാവു്) വേരിൽ

www.malankaralibrary.com

നിന്നു് ഒരു "നേസെർ" (മുള) ഉയർന്നുവരും എന്ന പ്രസ്താവനയുണ്ടു്. സുവിശേഷകൻ ഈ വാക്യങ്ങളിലൊന്നോ എല്ലാമോ ഓർത്തിട്ടുണ്ടാകാം.

വളരെ സ്വതന്ത്രമായി സുവിശേഷകൻ പ്രവാചകവാക്യത്തിനു് രൂപം നൽകിയിരിക്കുന്നു. യേശു നസ്രസുകാരനായതു് ദൈവഹിതാനുസാരമാണെന്നു് സ്ഥാപിക്കുക മാത്രമാണു് സുവിശേഷകന്റെ ഉദ്ദേശ്യം. ദാവീദിന്റെ കുടുംബത്തിൽ പിറക്കുന്ന ഒരു രാജകുമാരനായ മിശിഹാ ദാവീദിന്റെ ജന്മദേശമായ ബേത്ലഹത്തു നിന്നോ, രാജകീയനഗരമായ ഓർശ്ലേത്തു നിന്നോ വരുമെന്നു് പ്രതീക്ഷിച്ചിരുന്ന യഹൂദർക്കു് വേദപുസ്തകത്തിൽ യാതൊരു സ്ഥാനവുമില്ലാത്ത കുഗ്രാമമായ നസ്രസിൽ നിന്നാണു് യേശു വന്നതെന്ന വസ്തുത ഇടർച്ചയ്ക്കു കാരണമായി അനുഭവപ്പെട്ടിരുന്നു. "നസ്രായനായ യേശു" എന്ന സംബോധന യഹൂദരെ സംബന്ധിച്ചിടത്തോളം പുച്ഛരസം കലർന്നതും (cf യോ1:46), യേശുവിന്റെ ദൗത്യത്തെ സംശയാസ്പദമാക്കുന്നതുമായ ഒന്നായിരുന്നു. ഈ മനോഭാവത്തെ നിരാകരിക്കുന്ന വാദഗതിയാണു് സുവിശേഷകന്റേതു്. ദാവീദിന്റെ ജന്മനാടായ ബത്ലഹെമിൽ പിറന്ന യേശു നസ്രായനായതു് ദൈവഹിതാനുസാരമായിരുന്നു എന്നു് ഈ ഉദ്ധരണിയിലൂടെ സുവിശേഷകൻ ഊന്നിപ്പറയുകയാണു്. യേശുവിന്റെ നസ്രായനെന്ന നാമത്തിൽ ധ്വനിക്കുന്ന താഴ്മ ഹീനതയല്ല, മഹത്വമാണു്– താഴ്മയിലൂടെ ദൗത്യം പൂർത്തിയാക്കുന്ന യാഹ്വെയുടെ ദാസന്റെ മഹത്വം (cf മത്താ 4:12–16; 8:17; 12:15–21).

ഹേറോദേസിന്റെ മരണവും യൂദയാപ്രദേശത്തിന്റെ അധിപനായുള്ള അർക്കലാവൂസിന്റെ സ്ഥാനാരോഹണവും B. C. 4–ൽ ആണു് നടന്നതു്. അർക്കലാവൂസിന്റെ ഭരണകാലത്തു (B.C.4—A.D. 6) യൂദയാ ലഹളകളും കലാപങ്ങളുംകൊണ്ടു് അസ്വസ്ഥമായിരുന്നു. ഹേറോദേസ് അന്തിപ്പാസ് ഭരിച്ചിരുന്ന B.C.4—A.D. 37) ഗലീലിയിലാകട്ടെ താരതമ്യേന ശാന്തമായ ഒരന്തരീക്ഷമാണു് നിലനിന്നിരുന്നതു്. ഈ സാഹചര്യത്തിൽ യൂദയാ നാടുപേക്ഷിച്ചു് ഗലീലിയിലെ അജ്ഞാതഗ്രാമമായ നസ്രസിൽ താമസമുറപ്പിക്കാനുള്ള യൗസേപ്പിന്റെ തീരുമാനം തികച്ചും സ്വാഭാവികമാണു്. യേശു ബേത്ലഹമിൽ ജനിച്ചുവെന്നും നസ്രസിൽ വളർന്നുവെന്നും പഴയ പാരമ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ മത്തായിയും ലൂക്കായും ഒരുപോലെ സാക്ഷ്യപ്പെടുത്തുന്നുണ്ടു്. തിരുക്കുടുംബം എന്തുകൊണ്ടു് നസ്രസിൽ താമസമാക്കിയെന്ന

www.malankaralibrary.com

കാര്യത്തിൽ സുവിശേഷകന്മാർ യോജിക്കുന്നില്ല. അക്ലൊവൂസിനെ ഭയന്ന തിരുക്കുടുംബം നസ്രസിൽ കുടിയേറിയെന്ന് മത്തായി പറയുമ്പോൾ ലൂക്കാ പറയുന്നത് സന്ദർഭവശാൽ ബേത്ലഹമിൽ വന്ന തിരുക്കുടുംബം സ്വദേശമായ നസ്രസിലേക്ക തിരിച്ചുപോയി എന്നാണ്. നമ്മുടെ ഖണ്ഡികയിൽ തിരുക്കുടുംബത്തെ നസ്രസിൽ എത്തിക്കാൻ രണ്ടു ദർശനങ്ങൾ വേണ്ടി വന്നു എന്നതും ചിന്തിക്കാൻ വക നൽകുന്നു.

## III മത്തായി 1–2ന്റെ സന്ദേശം

ചരിത്രപരമായ സംഭവങ്ങളുടെ കൃത്യമായ വിവരണമെന്ന ശൈശവവിവരണത്തെ വിശേഷിപ്പിക്കുക എളുപ്പമല്ലെന്ന് രണ്ടാം ഭാഗത്തു് നാം കണ്ടു. എന്നാൽ സുവിശേഷകൻ വെറും കെട്ടുകഥകൾ ചമച്ചുവിടുകയായിരുന്നു എന്ന് ഇതിനർത്ഥമില്ല. എന്നാൽ സുവിശേഷകന്റെ സാഹിത്യരൂപങ്ങളേയും രചനാരീതികളേയുംപ്പററിയുള്ള വിചിന്തനം ഇതു വ്യക്തമാക്കും.

യഹൂദസാഹിത്യത്തിൽ പരിചിതമായ ഒരു സാഹിത്യസങ്കേതമാണ് "മിദ്രാഷ്". പ്രബോധനം നൽകുക, പ്രചോദിപ്പിക്കുക മുതലായ ഉദ്ദേശ്യങ്ങളോടുകൂടെ പഴയനിയമസംഭവങ്ങളുടെ വെളിച്ചത്തിൽ സമകാലീനചരിത്രവസ്തുതകളെ പര്യാലോചിച്ച് വ്യാഖ്യാനിച്ച് പഴയനിയമസാഹിത്യസങ്കേതങ്ങളും രൂപങ്ങളുംവഴി അവതരിപ്പിക്കുന്ന ഒരു സാഹിത്യരൂപമാണ് ഇതു്. വിജ്ഞാനം 16–19 അദ്ധ്യായങ്ങൾ ഇതിനുദാഹരണമാണ്. പുറപ്പാടുമുതൽ ഇസ്രായേൽ ജനത്തോടുള്ള യാഹ്വെയുടെ കാരുണ്യത്തെ പുകഴ്ത്താനായി പുറപ്പാടു പുസ്തകത്തിലെ സംഭവങ്ങളെ വികസിപ്പിച്ചും വിശദാംശങ്ങൾ കൂട്ടിച്ചേർത്തു് മോടിപിടിപ്പിച്ചും സ്വന്തമായ രീതിയിൽ വ്യാഖ്യാനിച്ചു് ഗ്രന്ഥകാരൻ ഇവിടെ അവതരിപ്പിക്കുന്നു. മിദ്രാഷിനു് ചരിത്രസംഭവങ്ങളുമായി ബന്ധമുണ്ടു്. വിജ്ഞാനം 16–19 ന്റെ കാതൽ പുറപ്പാടിലെ സംഭവങ്ങളാണ്. ഗ്രന്ഥകാരൻ ഈ സംഭവങ്ങളെ പുതിയ സാഹചര്യങ്ങളിൽ ആത്മീയ ചൈതന്യത്തോടെ ധ്യാനിക്കുന്നു. ഭാവനവഴി വിശദാംശങ്ങൾചേർത്തു് വിപുലീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നു. പ്രബോധനപരമായ ഉദ്ദേശ്യത്തോടെ അവയെ പുതുതായി വ്യാഖ്യാനിക്കുന്നു. അങ്ങനെ, ചരിത്രമെഴുതുകയല്ല, ചരിത്രത്തെ സന്ദേശാവതരണത്തിനും പ്രബോധനത്തിനുമുള്ള ഉപാധിയാക്കുകയാണ് മിദ്രാഷ് എന്ന സാഹിത്യസങ്കേതംവഴി ഗ്രന്ഥ

www.malankaralibrary.com

കാരൻ ചെയ്യുന്നതു്. ഉദ്ദേശ്യം കണക്കിലെടുക്കുമ്പോൾ ഗ്രന്ഥകാരൻ ചരിത്രവസ്തുതകളെ വളച്ചൊടിക്കുന്നു എന്നു പറയുന്നതു ശരിയല്ല.

യേശുവിന്റെ ജനനത്തെയും ശൈശവത്തെയും കേന്ദ്രമാക്കിയുള്ള മത്തായി 1–2 അദ്ധ്യായങ്ങളിലെ ആഖ്യാനരീതി "മിദ്രാഷ്" എന്ന സാഹിത്യരൂപത്തിന്റേതാണെന്നു തോന്നുന്നു. യേശുവിന്റെ ജനനത്തെയും ശൈശവത്തെയുംപററി ലഭ്യമായിരുന്ന ചരിത്രപാരമ്പര്യസമാഹാരം (cf. പേജ് 5) മുൻപറഞ്ഞ രീതിയിൽ ധ്യാനിച്ചു് വ്യാഖ്യാനിച്ചു് വികസിപ്പിച്ചു് അവതരിപ്പിക്കുകയാണു് സുവിശേഷകനിവിടെ ചെയ്യുന്നതെന്നുപറയാം. തന്റെ വിവരണത്തിലെ ഓരോ സംഭവത്തെയും വി. ലിഖിതവാക്യങ്ങളും സൂചനകളുമായി ബന്ധിക്കാൻ സുവിശേഷകൻ ശ്രമിക്കുന്നതിൽനിന്നു് ഇതു് വ്യക്തമാകുന്നുണ്ടു്. ചുരുക്കത്തിൽ ആദിമക്രിസ്ത്യാനികളുടെ വിശ്വാസത്തെയും ജീവിതത്തെയും സംബന്ധിച്ചിടത്തോളം യേശുവിന്റെ ശൈശവസംഭവങ്ങൾക്കുള്ള അർത്ഥവും പ്രസക്തിയും വെളിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടു കൂടെ രചിച്ചതാണു് ഈ അദ്ധ്യായങ്ങൾ.

ഈ അദ്ധ്യായങ്ങളുടെ സന്ദേശം എന്താണു്?

യേശുവിന്റെ ജനനത്തിലും ശൈശവസംഭവങ്ങളിലും ദൈവത്തിന്റെ രക്ഷാകരമായ വാഗ്ദാനങ്ങൾ പൂർത്തിയാകുന്നു. രക്ഷാചരിത്രത്തിന്റെ പൂർത്തീകരണഘട്ടം ആഗതമായിരിക്കുന്നു. ആവർത്തിച്ചുള്ള വി. ലിഖിതപൂർത്തീകരണ സാക്ഷ്യങ്ങൾ വഴി സുവിശേഷകൻ ഊന്നിപ്പറയുന്നതു് ഇതാണു്. അങ്ങനെ, വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനാണു് യേശു എന്ന പ്രഖ്യാപനമാണു് ഈ അദ്ധ്യായങ്ങളിലെ മുഖ്യ ആശയം.

രക്ഷാചരിത്രത്തിലുള്ള യേശുവിന്റെ നിർണ്ണായകമായ ദൗത്യത്തെ വ്യക്തമാക്കുന്ന സ്ഥാനപ്പേരുകൾക്കു് ഈ അദ്ധ്യായങ്ങൾ പ്രത്യേക പ്രാധാന്യം നൽകുന്നുണ്ടു്: അബ്രാഹത്തിന്റെ പുത്രൻ (1:1), ദാവീദിന്റെ പുത്രൻ (1:1,18–25), ദൈവപുത്രൻ (1:18–25; 2:15), ഈശോ (=രക്ഷകൻ) (1:21), എമ്മാനുവൽ (1:23), യൂദന്മാരുടെ രാജാവു് (2:2), ഇസ്രായേലിനെ ഭരിക്കാനുള്ള രാജാവു് (2:6), നസ്രായൻ (2:13).

www.malankaralibrary.com

ദാവീദിന്റെ പുത്രൻ (=രാജകീയമെസയാ) എന്ന സ്ഥാനപ്പേരിന് പ്രത്യേക പ്രാധാന്യം നൽകപ്പെട്ടിരിക്കുന്നു. വംശാവലി ഊന്നിപ്പറയുന്നത് യേശു ദാവീദിന്റെ രാജകുടുംബാംഗവും അവകാശിയുമാണെന്നാണ്. ദാവീദിനു ലഭിച്ച വാഗ്ദാനത്തിന്റെ (2 സാമു 7:12–16) പൂർത്തീകരണമാണ് യേശു. ഇതുതന്നെയാണ് 1:18–25 ന്റേയും സന്ദേശം. മെസയാ ദാവീദിന്റെ പുത്രനായിരിക്കും എന്ന യഹൂദരുടെ പ്രതീക്ഷ യേശുവിൽ സഫലീകൃതമാകുന്നു എന്ന് സുവിശേഷകൻ പ്രഖ്യാപിക്കുന്നു. ഗണ്യമായ പ്രാധാന്യം യേശു (=രക്ഷകൻ) എന്ന നാമത്തിനും നൽകപ്പെട്ടിരിക്കുന്നു. ദൈവദത്തമായ ഈ നാമം യേശുവിന്റെ ഭാവിദൗത്യത്തെ അർത്ഥവത്തായി നിർവചിക്കുന്നു.

യേശു പുതിയ മോശയാണ് എന്ന സൂചനകൊണ്ട് സുവിശേഷകൻ ഉദ്ദേശിക്കുന്നത് മോശ പഴയ ഇസ്രായേൽ ജനത്തെ അടിമത്തത്തിൽനിന്ന് മോചിപ്പിച്ച് വാഗ്ദത്തനാട്ടിലേക്കു നയിച്ചതുപോലെ യേശു പുതിയ ഇസ്രായേൽ ജനത്തെ പാപത്തിൽ നിന്നു മോചിപ്പിച്ച് രക്ഷാചരിത്രപൂർത്തീകരണമായ ദൈവരാജ്യത്തിലേക്കു നയിക്കുമെന്നാണെന്നു തോന്നുന്നു. പുറപ്പാടു സംഭവങ്ങളുമായുള്ള ബന്ധത്തെ എടുത്തു പറയുമ്പോൾ (2:15 20f) രക്ഷപ്രാപിച്ച ഒരു പുതിയ ജനം യേശുവിൽ ആരംഭിക്കുന്നു എന്ന ചിന്ത സുവിശേഷകന്റെ മനസിലുണ്ടായിരുന്നിരിക്കാം.

രക്ഷാചരിത്രത്തിൽ പങ്കുവഹിച്ച മററു മഹൽവ്യക്തികളെപ്പോലെ യേശുവും പീഡിപ്പിക്കപ്പെടുന്നു. തന്റെ ദൗത്യനിർവഹണത്തിൽ നിരാകരണവും പീഡനവും അദ്ദേഹം ഇനിയും സഹിക്കേണ്ടിവരുമെന്ന് ശൈശവത്തിലെ ഈ പീഡനങ്ങൾ മുന്നറിവു നൽകുന്നു.

രക്ഷാചരിത്രത്തിൽ യഹൂദജനത്തിനുള്ള സ്ഥാനത്തെപ്പററിയും സുവിശേഷകൻ പരാമർശിക്കുന്നുണ്ട്. യഹൂദജനത്തോടുള്ള ദൈവത്തിന്റെ അചഞ്ചലമായ വാഗ്ദാനങ്ങളുടെ പൂർത്തീകരണമാണ് യേശു. തന്റെ ജനത്തോടുകൂടെയുള്ള ദൈവത്തിന്റെ സജീവസാന്നിധ്യം എമ്മാനുവേലായ യേശുവിൽ പൂർണ്ണത പ്രാപിക്കുന്നു. വിജാതീയർക്ക് മിശിഹായെ ലഭിക്കുന്നത് ഇസ്രായേൽ വഴിയാണ്. ഓർശ്ലേമത്തെ യഹൂദാ

www.malankaralibrary.com

ചാര്യന്മാരുടേയും മതഗ്രന്ഥങ്ങളുടേയും സഹായത്തോടുകൂടെയാണ് വിജാതീയർ യേശുവിൻെറ സവിധത്തിൽ എത്തുന്നതു്. എന്നാൽ യേശുവിനെ തിരസ്കരിക്കുന്ന സ്വജനങ്ങൾ സ്വന്തംകുററംകൊണ്ടു് തങ്ങളുടെ വിശേഷാവകാശങ്ങൾ നഷ്ടമാക്കിയെന്ന ധ്വനി രണ്ടാമദ്ധ്യായത്തിലുണ്ടു്. അതേ സമയം വിജാതീയർ യേശുവിനു നൽകുന്ന സ്വാഗതം ഹൃദയാവർജ്ജകമായി ചിത്രീകരിക്കപ്പെടുന്നു. ഈ വൈപരീത്യം സുവിശേഷത്തിൽ പലപ്പോഴും കാണപ്പെടുന്നുണ്ടു് (8:11–12; 20:16; 21:43; 22: 2–10). ഉത്ഥാനം ചെയ്ത യേശു തൻെറ ശിഷ്യരെ അയയ്ക്കുന്നതു് ഇസ്രായേൽ ജനത്തിൻെറ മദ്ധ്യത്തിലേക്കല്ല, വിശാലമായ ലോകത്തിലെ സകല ജനതകളുടേയും മദ്ധ്യത്തിലേക്കാണു്. ദൈവത്തിൻെറ രക്ഷാകരമായ സാന്നിദ്ധ്യം ഇനി യഹൂദജനത്തിൻെറ പരിധിയിൽ ഒതുങ്ങിനില്ക്കുന്നില്ല. രക്ഷകനായ മിശിഹാ സകല ജനതകളുടേയും എമ്മാനുവലാണു് (28: 16–20).

സുവിശേഷകൻെറ മറെറാരുലക്ഷ്യം രക്ഷാചരിത്രത്തിലുള്ള ദൈവത്തിൻെറ നിർണ്ണായകമായ കർത്തൃത്വം പ്രഖ്യാപിക്കുകയാണു്. മനുഷ്യർക്കു് ദൈവഹിതത്തെ തടയാൻ സാദ്ധ്യമല്ല. സ്വപ്നങ്ങളും ദൈവദൂതദർശനങ്ങളും വഴി ദൈവം തൻെറ കല്പനകൾ നൽകുന്നു. മനുഷ്യർ അനുസരിക്കുന്നു. 2:3 മുതൽ ഹേറോദേസ് (7തവണ ഈ പേരു് പ്രത്യക്ഷപ്പെടുന്നുണ്ടു്.) സംഭവങ്ങളെ നിയന്ത്രിക്കാൻ നടത്തുന്ന തീവ്രശ്രമങ്ങൾ ദൈവത്തിൻെറ ഇടപെടൽ നിമിത്തം ഫലശൂന്യങ്ങളായിത്തീരുന്നു. പീഡനമനുഭവിച്ചിരുന്ന ആദിമസഭയ്ക്കു് ഇതു് വലിയൊരു സന്ദേശമായിരുന്നു. മിശിഹായെ പീഡകരിൽനിന്നും സംരക്ഷിച്ച ദൈവം അദ്ദേഹത്തിൻെറ ശിഷ്യരെയും സംരക്ഷിക്കും.

ദൈവത്തിൻെറ വാഗ്ദാനങ്ങൾ പൂർത്തിയായിരിക്കുന്നു. രക്ഷാചരിത്രത്തിൻെറ പൂർത്തീകരണം ആസന്നമായിരിക്കുന്നു. കന്യകാമറിയത്തിൽനിന്നു് ബേതു്ലഹമിൽ ജനിച്ചു് നസ്രസിൽ വളർന്ന യേശു പ്രതീക്ഷാവിഷയമായ മെസയാസാണു്, എമ്മാനുവലാണു്, ലോകരക്ഷകനാണു്. അദ്ദേഹത്തിൻെറ ദൗത്യം ദൈവദത്തമാണു്. എല്ലാ ജനതകളുടേയും ആശാകേന്ദ്രം അദ്ദേഹമാണു്. യേശുവിലൂടെ പ്രകാശിതമായ ദൈവത്തിൻെറ സദ്വാർത്ത ഹൃദയം തുറന്നു സ്വീകരിക്കുവാനുള്ള ഒരാ

www.malankaralibrary.com

ഹ്വാനമാണ് ഈ അദ്ധ്യായങ്ങളിലൂടെ സുവിശേഷകൻ നമുക്ക നൽകുന്നതു്.

സെൻറു് തോമസ് സെമിനാരി ഡോ. ജോർജ്ജ് മങ്ങാട്ടു്
വടവാതൂർ

www.malankaralibrary.com

# വിഷയസൂചിക

## (1972)

ലക്കം **വാല്യം 1** പേജ്


I ദൈവവചനം

വിശുദ്ധ ലിഖിതം: ദൈവവചനം
ഡോ. തോമസ്: കയ്യാലപ്പറമ്പിൽ .. 1

ദൈവവചനം പഴയനിയമത്തിൽ
ഡോ. ജോർജ് മങ്ങാട്ട് .. ... 12

വചനം മാംസമായി
ഡോ. മാത്യു വെള്ളാനിക്കൽ .. 25

ദൈവവചനം സഭാപിതാക്കന്മാരുടെ വീക്ഷണത്തിൽ
ഡോ. തോമസ് ഇലവുങ്കൽ .. 43

വേദവാക്യം ഭാരതീയദർശനങ്ങളിൽ
ഡോ. ജേക്കബ് കട്ടക്കൽ .. .. 57

ദൈവവചനം ക്രിസ്റ്റീയവീക്ഷണത്തിൽ
ഡോ. ജോർജ് പുന്നക്കോട്ടിൽ .. 72

ഗ്രന്ഥനിരൂപണം
പഴയനിയമത്തിന് ഒരു ആമുഖം
ഡോ. കെ. ലൂക്ക് .. .. 92

II പാപം

ആദത്തിന്റെ പാപം
ഡോ. സി. എം. ചെറിയാൻ .. 97

പാപം– പ്രവാചകന്മാരുടെ വീക്ഷണത്തിൽ
ഡോ. മാത്യു കഴിവേലിൽ .. 118

പാപം– ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ
ഡോ. മാത്യു വെള്ളാനിക്കൽ .. .. 140

കാരുണ്യത്തിന്റെ ഉപമകൾ
ഡോ. ജോർജ് മങ്ങാട്ട് .. .. 164

പാപം–പൗലോസിന്റെ ദർശനത്തിൽ
ഫാ. ജേക്കബ് താന്നിയിൽ .. 185

വി. ഗ്രന്ഥപാരായണം
ഡോ. ജോർജ് പുന്നക്കോട്ടിൽ .. 207


www.malankaralibrary.com

III. രക്ഷകപ്രതീക്ഷ

രാജകീയമെസയാ
ഡോ. തോമസ് കയ്യാലപ്പറമ്പിൽ .. 233

യഹ്‌വേയുടെ ദാസൻ
ഡോ. ജോർജ് പുഞ്ചക്കുന്നേൽ .. 249

മനുഷ്യപുത്രൻ
ഡോ. ജോസഫ് കോട്ടയ്ക്കൽ .. .. 274

ഞാൻതന്നെയാകുന്നു മിശിഹാ
ഡോ. മാത്യു വെള്ളാനിക്കൽ .. .. 295

അപ്പസ്തോലികസഭയും അപ്രമാണ(?) ഗ്രന്ഥങ്ങളും
ഡോ. ജെ. എൻ. എം. വൈൻഗാർഡ്സ് 315

ബൈബിൾ: ഉള്ളടക്കം .. .. .. 330

കാലാനുക്രമണിക .. .. .. 334

IV രക്ഷ

രക്ഷ—പഴയനിയമത്തിൽ
ഫാ. കെ. എം. അലക്സാണ്ടർ .. .. 339

ജനതകളുടെ പരിത്രാണം: പഴയനിയമത്തിൽ
പ്രൊഫ. വാൻ ദെ വാല്ലെ എസ്. ജെ. .. 350

ദൈവരാജ്യം
ഡോ. സേവ്യർ കൂടപ്പുഴ .. .. 364

രക്ഷ—സെൻറ് പോളിൻെറ വീക്ഷണത്തിൽ
പ്രൊഫ. സീൻ കെല്ലഹർ .. 383

യേശുവിൻെറ ശൈശവം (മത്താ 1–2)
ഡോ. ജോർജ് മങ്ങാട്ട് .. .. 410

വിഷയസൂചിക .. .. .. 437

www.malankaralibrary.com

# അറിയിപ്പ്

ഭാഷ്യത്തിൻെറ വരിസംഖ്യ
ഇനിയും അടയ്ക്കാത്തവർ ഉടൻതന്നെ
വരിസംഖ്യ അടച്ച് സഹായിക്കണ
മെന്നു് അഭ്യർത്ഥിക്കുന്നു.

മാനേജർ

Printing: Mar Mathews Press, Muvattupuzha.
Cover Printing: John Mathew Bros. Kottayam.
Published from St. Thomas Ap. Seminary, Kottayam-10
By Dr. J. Pallikaparampil

www.malankaralibrary.com

BIBLE BHASHYAM
St. Thomas Ap. Seminary
P. B. No. 1
Kottayam-10

www.malankaralibrary.com

MALANKARA
LIBRARY
www.malankaralibrary.com